KILA
004212

ജനകീയാസൂത്രണ പ്രസ്ഥാനം

ഗ്രാമപഞ്ചായത്ത്

വികസന രേഖകൾ

വാല്യം 23

ബ്ലോക്ക് : മുഖത്തല

ജില്ല : കൊല്ലം

വാല്യം 23

മുഖത്തല ബ്ലോക്ക്

(കൊല്ലം ജില്ല)

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര


ഒൻപതാം പദ്ധതി ജനകീയ പദ്ധ



അധികാരം ജനങ്ങളിലേയ്ക്ക്

വികസനരേഖ

മയ്യനാട് ഗ്രാമപഞ്ചായത്ത്



എന്റെ
ജീവതമാണ്
എന്റെ
സന്ദേശം


MAYYANAD
GRAMA PANCHAYAT

കൊല്ലംജില്ല

മയ്യനാട് ഗ്രാമപഞ്ചായത്ത്








COVER ILLUSTRATIONS BY: KRISHNA.J
LAY OUT : AND an creative Angle

മയ്യനാട് പഞ്ചായത്ത് ഭരണഭൂപടം



നന്ദോട്ടോഷം


ബഹു: N.K. പ്രേമചന്ദ്രൻ M.P.
(കൊല്ലം മണ്ഡലം)

ബഹു: V.P. രാമകൃഷ്ണപിള്ള M.L.A.
(ഇരവിപുരം മണ്ഡലം)

ബഹു: M.K. ഭാസ്ക്കരൻ
(കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)

ബഹു: A യഹിയ
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)


ബഹു: കുമാരി ചിത്രാ ഗോവിന്ദ്
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)



A. സൈനുദ്ദീൻ,
വൈസ് പ്രസിഡന്റ്
കൊട്ടിയം, വാർഡ് X



K. ഇന്ദിരക്കുട്ടി
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർ പേഴ്സൺ
മയ്യനാട് ബി.
വാർഡ് II




T.K. രഘു
കുട്ടിക്കട
വാർഡ് XIV



G. രുഗ്മിണി, പ്രസിഡന്റ്
ആയിരംതെങ്ങ് എ.
വാർഡ് V




G. ഓമന
നടുവിലക്കര
വാർഡ് VIII




M. ഷാജഹാൻ
മയ്യനാട് ഡി
വാർഡ് IV




J. ഷാഹിദ
തെക്കുംകര
വാർഡ് VII



S. വിപിനചന്ദ്രൻ
പിണയ്ക്കൽ
വാർഡ് XIII



A. ഹനീഫാ കുഞ്ഞ്
ഉമയനല്ലൂർ
വാർഡ് XII




C. രാധാകൃഷ്ണൻ
മയ്യനാട് എ.
വാർഡ് I




G. സരോജിനി അമ്മ
ആയിരംതെങ്ങ് ബി
വാർഡ് VI



ജനോവാ ലോറൻസ്
മയ്യനാട് സി.
വാർഡ് IIII




ഡൊനാൽഡ് ക്രിസോസ്റ്റം
പുല്ലിച്ചിറ
വാർഡ് IX




M. നകുലൻ
വടക്കുംകര കിഴക്ക്
വാർഡ് XI

ഉള്ളടക്കം

ആമുഖം	2
ഭൂപ്രകൃതി – ജലപ്രകൃതി	6
കൃഷിയും ജലസേചനവും	17
മൃഗസംരക്ഷണവും – മത്സ്യബന്ധനവും	30
വിദ്യാഭ്യാസം	38
ആരോഗ്യം – കുടിവെള്ളം – പരിസര ശുചിത്വം	48
വ്യവസായം	56
റോഡുകൾ – ഊർജ്ജം	60
ഭവനനിർമ്മാണം – സാമൂഹ്യക്ഷേമം	72
സംസ്കാരം	78
വനിത	82
സഹകരണം	89
പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം	94
വിഭവസമാഹരണം	99
ഉപസംഹാരം	102




P. ബാലകൃഷ്ണപിള്ള
സെക്രട്ടറി &
ചീഫ് കോ-ഓർഡിനേറ്റർ



A. യഹിയ
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ



കുമാരി ചിത്രാഗോവിന്ദ്
ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ



T.R. സുകുമാരപിള്ള
ജനറൽ കൺവീനർ &
DRP

Computer Layout & Digital Typesetting

SREE COMPUTERS #2, S.N. Bldgs., Murinjapalam, Trivandrum - 11
Tel/Fax : 0471 - 440482, Pager 9622790656

ഒരു നിമിഷം.....



ബഹുമാന്യരെ,

"ഒൻപതാം പദ്ധതി ജനകീയ പദ്ധതി" അധികാരം ജനങ്ങളിലേയ്ക്കു എത്തിക്കുന്നതിന്റെ ഭാഗമായി രണ്ടുജില്ലാതല പരിശീലനവും, പഞ്ചായത്തുതലത്തിൽ രണ്ടു ഏകദിന ശില്പശാലയും 14 ഗ്രാമസഭകളും, ഉദ്യോഗസ്ഥ സംഗമങ്ങളും സമയബന്ധിതമായി ജനപങ്കാളിത്തത്തോടെ നടന്നു. ഗ്രാമ സഭകളിലെ ചർച്ചയിലൂടെ ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ദ്വിതീയ-തൃതീയ സ്ഥിതി വിവരകണക്കുശേഖരണവും പര്യടനവും വിഭവ ഭൂപട വിശകലനവും യാതൊരു പ്രതിഫലേച്ഛയും ഇല്ലാതെ അർപ്പണ ബോധത്തോടെ കൂട്ടായ്മയിൽ പ്രവർത്തിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വികസന രേഖ തയ്യാറാക്കാൻ കമ്മിറ്റിയെ സഹായിച്ച ദേശസ്നേഹികളായ ഓരോരുത്തർക്കും നന്ദി അർപ്പിച്ചുകൊണ്ട് സെമിനാറിലെ പ്രതിനിധികളുടെ വിലപ്പെട്ട ചർച്ചയ്ക്കായി ഈ രേഖ സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

പ്രസിഡന്റ്
ജീ. രുക്മിണി
മയ്യനാടു ഗ്രാമപഞ്ചായത്ത്

ചീഫ് കോ-ഓർഡിനേറ്റർ,
P. ബാലകൃഷ്ണപിള്ള
സെക്രട്ടറി
മയ്യനാടു ഗ്രാമപഞ്ചായത്ത്

ജനറൽ കൺവീനർ
ജനകീയാസൂത്രണം
(റ്റി. ആർ. സുകുമാരപിള്ള)

ആമുഖം

ജീവിതനിലവാരവും മനുഷ്യശക്തിയും അനുക്രമമായി ഉയർത്തുന്ന സാമൂഹ്യപ്രക്രീയയാണ് വികസനം. സാധനങ്ങളുടെ സമൃദ്ധിയോടോപ്പം മനുഷ്യന്റെ കഴിവും വളർത്തിയില്ലെങ്കിൽ വികസന പ്രവർത്തനങ്ങൾ ഒരു ന്യൂനപക്ഷത്തിന്റെ ധനികവൽക്കരണത്തിലും ഭൂരിപക്ഷത്തിന്റെ ദരിദ്രവൽക്കരണത്തിലും ചെന്നെത്തും.

കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളുടെ മുല്യനിർണ്ണയം നടത്തിയപ്പോൾ അവയുടെ ലക്ഷ്യവും മാർഗവും എത്രയൊക്കെ ഉന്നതവും സംശുദ്ധവുമായിരുന്നിട്ടുപോലും - മേൽത്തട്ടിലെ നിക്ഷേപം ഊർന്നിറങ്ങി അടിത്തട്ടിലെത്തുന്ന സിദ്ധാന്തവും ദാരിദ്ര്യത്തെ നേരിട്ടടിക്കുന്ന സൗജന്യവിഭവവിതരണങ്ങളും അവയുടെ നടത്തിപ്പിൽവന്ന വൈകല്യം നമ്മെ ഒരു സാമ്പത്തിക സാമൂഹിക പ്രതിസന്ധിയിലെത്തിച്ചതായി തെളിഞ്ഞു. ജനങ്ങളുടെ പങ്കാളിത്തമില്ലാത്ത കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വ പരവുമായ ആസൂത്രണമായിരുന്നു ഈ ദുരവസ്ഥയ്ക്ക് കാരണമായത്. സ്ഥലജല വിഭവങ്ങളേയും മനുഷ്യവിഭവത്തേയും സമന്വയിപ്പിച്ച് സമഗ്രമായ പരിപാടികൾക്കു പകരം വിവിധ വകുപ്പുകൾ പരസ്പര ബന്ധമില്ലാതെ തയ്യാറാക്കിയ പദ്ധതികളായിരുന്നു ഇതുവരെയുണ്ടായ ഇൻഡ്യൻ ആസൂത്രണത്തിന്റെ മുഖവുര.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ആവർത്തനച്ചെലവ്, ദുർബലമാകുന്ന പൊതുസംവിധാനം, അതിദ്രുതം ശോഷിക്കുന്ന പ്രകൃതി സമ്പത്ത്, സ്ഥായീ ഭാവമില്ലാത്ത സാമ്പത്തിക സ്ഥിതി, ഉന്നതങ്ങളിലെ അഴിമതി, വിഘടനവാദമതമൗലിക വാദികളുടെ ഭീഷണി ഇവയൊക്കെ ഒരുസാമൂഹ്യ രാഷ്ട്രീയ വെല്ലുവിളിയായിത്തീർന്നു.

ഈപ്രതിസന്ധികളിൽനിന്നും അല്പമെങ്കിലും കരകയറാൻ വികേന്ദ്രീകരണ ആസൂത്രണം സഹായകരമാകും. എല്ലാ കാര്യങ്ങളിലും താഴെത്തട്ടിൽ തന്നെ തീരുമാനമെടുക്കുന്നതല്ല ആസൂത്രണവികേന്ദ്രീകരണം. പല തട്ടുകളിലായി വികസനാസൂത്രണം നടത്താനും അവയെ ഏകോപിപ്പിച്ച് നമ്മുടെ വികസന പദ്ധതിക്കു രൂപം കൊടുക്കാനുംകഴിയും. 73.74 ഭരണഘടനാഭേദഗതിയോടെ നടപ്പിലാവുന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ പ്രാദേശികമായി ആസൂത്രണം ചെയ്യാവുന്ന പല മേഖലകളും ഉണ്ട്. ഓരോ പ്രദേശത്തേയും ഭൂപ്രകൃതിയുടെ സാധ്യതകളേയും ജനങ്ങളുടെ ആവശ്യങ്ങളേയും കണക്കിലെടുത്തും വിവിധ മേഖലകളുടെ പരസ്പര ബന്ധങ്ങൾ മനസിലാക്കി സംയോജിപ്പിച്ചും പ്രാദേശിക വിഭവ സമാഹരണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയും. വികേന്ദ്രീകൃത അധികാര ഘടനയിൽ തീരുമാനങ്ങളെടുക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു അധികാരമുണ്ട്. പ്രാദേശിക വികാരങ്ങളും പ്രശ്നങ്ങളും വേണ്ടത്ര ചർച്ചചെയ്യാൻ അവസരമുണ്ട്. ഉദ്യോഗസ്ഥ ഭരണത്തിന്റെ സ്വാധീനം ഏറെക്കുറയും. നടപടിക്രമങ്ങൾക്കു സുതാര്യതയുള്ളതിനാൽ അഴിമതി തടയാൻ കഴിയും. വികസന പ്രവർത്തനങ്ങളുടെ നേട്ട - കോട്ടങ്ങൾ തത്സമയം കണ്ടുപിടിക്കുകയും പരിഹരിക്കുകയും ചെയ്യാം.

അധികാര വികേന്ദ്രീകരണ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങൾ നിലവിലുണ്ടെങ്കിലും ഏറെ സാധ്യതകളും ഉണ്ട്. 1997 ഏപ്രിൽ മാസത്തിൽ തുടങ്ങുന്ന 9-ാം പഞ്ചവത്സര പദ്ധതിക്കു ജനപങ്കാളിത്തത്തോടെ വികേന്ദ്രീകരണ ആസൂത്രണം നടത്താനുള്ള തീവ്രയത്നത്തിലാണ് നാം. 9ാം പദ്ധതിവിഹിതത്തിന്റെ 35 - 40% തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്നാണ് കേരളാ പ്ളാനിഗ് ബോർഡിന്റെ കാഴ്ച്ചപ്പാട്. പ്രകൃതി - മനുഷ്യ വിഭവങ്ങൾ വൻതോതിൽ സമാഹരിച്ചാലെ പ്രാദേശിക വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയൂ. ഇതിന് വികസന പ്രവർത്തനങ്ങളോടു ജനങ്ങൾക്കുള്ള നിസംഗത മാറ്റി അവരെ ആത്മവിശ്വാസവും കർമ്മനിരതരുമാക്കിയെടുക്കുകയെന്ന വലിയ കർത്തവ്യം കൂടി ഏറ്റെടുക്കണം.

ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും പ്രശ്നങ്ങളും വിവിധ ആഫീസുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കാനും തരം തിരിക്കാനും സാധ്യതകൾ ആരായാനും സ്കീമുകൾ തയാറാക്കാനുമായി 12 വികസന സമിതികളെ ചുമതലപ്പെടുത്തി. ഈ പഞ്ചായത്തിന്റെഭൂപ്രകൃതിയേയും വിഭവങ്ങളേയും മനസിലാക്കാൻ ഒരു പഠനപര്യടനം നടത്തി ഒരു റിപ്പോർട്ടു തയ്യാറാക്കി. ജനിച്ചുവളർന്ന മണ്ണിന്റെ പൈതൃകത്തിന്റെ വേരുകൾ അന്വേഷിച്ചു ചെല്ലുമ്പോൾ

ശക്തരും ത്യാഗധനരുമായ പൂർവ്വസൂരികൾ ദൃഢമായ അടിത്തറയുണ്ടാക്കിയ തന്റെ അസ്തിത്വത്തിൽ ഊറ്റം കോള്ളാനും തന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഗൂരുത്വം മനസിലാക്കാനും ഇതോടൊപ്പം ഒരു പ്രാദേശിക ചരിത്രം കൂടിയുണ്ട്. ഈ വികസന റിപ്പോർട്ടു തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിച്ചു ചർച്ച ചെയ്തു. ആ ചർച്ചകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഭരണ ചരിത്രം

പ്രാദേശിക സംഘടനകളുടെ നിരന്തരമായ സമ്മർദങ്ങൾ കൊണ്ടു 40 കളിൽ തിരുവിതാംകൂറിൽ വളരെക്കുറച്ചു ഗ്രാമങ്ങളിൽ വില്ലേജ് യൂണിയൻ എന്ന പ്രാദേശിക ഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നു. മയ്യനാടിന്റെ ഭൗതിക പുരോഗതിക്കു ശ്ലാഘനീയമായ അനവധി സംഭാവനകൾ നൽകിയ സാംസ്കാരിക സംഘടനയാണ് ലിറ്റററി റിക്രിയേഷൻ ക്ലബ്ബ്. അതിന്റെ ശ്രമഫലമായി 1945 ൽ മയ്യനാടു വില്ലേജ് യൂണിയൻ സ്ഥാപിതമായി. ജില്ലാ ഭരണ മേധാവിയാണു ഭരണ സമിതിയെ നാമനിർദ്ദേശം ചെയ്യുന്നത്. പണയിൽ കൃഷ്ണൻ മുതലാളിയായിരുന്നു ആദ്യ പ്രസിഡന്റ്.

നിവർത്തന പ്രക്ഷോഭണം കൊടുമ്പിരികൊണ്ട 1935 – ൽ കോഴഞ്ചേരിയിൽ ശ്രീ. സി. കേശവൻ നടത്തിയ പ്രസംഗം രാജ്യദ്രോഹപരമാണെന്ന് വ്യാഖ്യാനിക്കപ്പെട്ടു. അദ്ദേഹത്തെ അറസ്റ്റു ചെയ്തു ജയിലിലടച്ചു. തുടർന്ന് 1936ൽ പി.എസ്.സി രൂപീകരിക്കപ്പെടുകയും പിൽക്കാലത്തു പിന്നോക്ക സമുദായംഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുവാൻ നിർബന്ധിതരാകുകയും ചെയ്തു. ജയിൽ മോചനാനന്തരം 1948ൽ ശ്രീ. പട്ടംതാണുപിള്ളയുടെ മന്ത്രിസഭയിൽ ശ്രീ. സി. കേശവൻ അംഗമാവുകയും 1951ൽ തിരുക്കൊച്ചി മുഖ്യമന്ത്രി ആവുകയും ചെയ്തു. 1948ൽ പട്ടികജാതി വിഭാഗം എം.എൽ.എ യായി നോമിനേറ്റ് ചെയ്യപ്പെട്ട ശ്രീ. പുല്ലൻ നാരായണൻ മയ്യനാട്ടു ഗ്രാമ സ്വദേശിയായിരുന്നെന്ന് എത്ര പേർക്കറിയാം.

1880-ൽ പോസ്റ്റാഫീസും, 1900-ൽ റെയിൽവേസ്റ്റേഷനും, 1946-ൽ ടെലിഗ്രാം ആഫീസും, 1948-ൽ ഒരു സർക്കാർ ആശുപത്രിയും ഈ ഗ്രാമത്തിൽ സ്ഥാപിതമായതിന്റെ പിന്നിൽ മയ്യനാട് ഗ്രാമത്തിന്റെ ഉത്പതിഷ്ണുക്കളായ പൊതു പ്രവർത്തകരുടെ പങ്കുണ്ട്.

1953-ൽ തിരുക്കൊച്ചിയിലെ എല്ലാ ഗ്രാമങ്ങളിലും ജനകീയ പഞ്ചായത്തുകൾ നിലവിൽ വന്നു. മയ്യനാടു വില്ലേജ് യൂണിയൻ മയ്യനാടു പഞ്ചായത്തായിമാറി. ജനങ്ങളായിരുന്നു പഞ്ചായത്തു സമിതിയെ തെരഞ്ഞെടുത്തത് പഞ്ചായത്തു രൂപീകരണം മുതൽ മയ്യനാടു പഞ്ചായത്തിൽ ഇടതുപക്ഷപ്രസ്ഥാനമാണ് ഭരണ നേതൃത്വം വഹിച്ചിട്ടുള്ളത്. പ്രൊഫസർ കെ. രവീന്ദ്രനായിരുന്നു ആദ്യ പഞ്ചായത്തു പ്രസിഡന്റ്. ഈസമിതിയാണ് പഞ്ചായത്തിനു സ്വന്തമായ ആസ്ഥാനം ഉണ്ടാക്കിയത്. (ഇപ്പോഴത്തെ നവരംഗം കെട്ടിടം)

1962-ൽ പഞ്ചായത്തു പുന:സംഘടന നടന്നു. മയ്യനാടു പഞ്ചായത്തിലെ ഒരു വാർഡ് ഇരവിപുരം പഞ്ചായത്തിൽ ചേർത്തു. 1963-ൽ നിലവിൽ വന്ന രണ്ടാമത്തെ ജനകീയ പഞ്ചായത്തു സമിതിയുടെ പ്രസിഡന്റ് അഡ്വ. കെ. ബാലകൃഷ്ണനായിരുന്നു. 16 വർഷം നീണ്ടുനിന്ന ദീർഘമായ ഭരണകാലം സമിതിക്കു ലഭിച്ചു.

മൂന്നാമത്തെ ജനകീയ പഞ്ചായത്തു ഭരണ സമിതി 1980-ൽ നിലവിൽ വന്നു. ശ്രീ. എം. യഹിയാ, ശ്രീ. കെ. വ്യാസൻ എന്നിവർ യഥാക്രമം പ്രസിഡന്റ് മാരായിരുന്നു. ശ്രീ. കെ. വ്യാസൻ പട്ടികജാതിയിൽ നിന്നും വന്ന ആദ്യത്തെ പ്രസിഡന്റാണ്. ഈ സമിതിയുടെ കാലഘട്ടത്തിലാണ് പഞ്ചായത്തു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കപ്പെട്ടത്. 1988 മുതൽ 1995 വരെ സർവ്വശ്രീ. ഡി. ബാലചന്ദ്രൻ പഞ്ചായത്തു കമ്മറ്റിയുടെ പ്രസിഡന്റും സർവ്വശ്രീ. എ. ഗോപാലകൃഷ്ണപിള്ള വൈസ്പ്രസിഡന്റുമായി. ശ്രീ. ഡി. ബാലചന്ദ്രൻ കേരളത്തിലെ പഞ്ചായത്തു പ്രസിഡന്റുമാരുടെ സംഘടനയായ ' കേരളാ പഞ്ചായത്തു അസോസിയേഷന്റെ ' ജനറൽ സെക്രട്ടറി ആയിരുന്നു. പ്രസ്തുത കാലയളവിൽ സാംസ്കാരിക നിലയം, പട്ടികജാതികോളനികളിൽ ടി.വി. കോസ്കറ്റുകൾ, വീടും മറ്റു അടിസ്ഥാന സൗകര്യങ്ങൾ(പ്രത്യേക പട്ടികജാതി വിഭാഗങ്ങൾക്ക്) പുതിയ റോഡുകളുൾപ്പടെ ഗതാഗത രംഗത്തുവന്ന മാറ്റങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും പുരോഗതി കൈവരിക്കാൻ കഴീഞ്ഞിട്ടുണ്ട്.

പഞ്ചായത്തുരാജ് ഭരണസംവിധാനത്തിൽ എല്ലാതലങ്ങളിലും 33% സ്ത്രീകൾക്കു സംവരണം ചെയ്യപ്പെട്ടു. തൽഫലമായി മയ്യനാടു പഞ്ചായത്തു പ്രസിഡന്റു സ്ഥാനം വനിതയ്ക്കായി. ശ്രീമതി. ജി. രുഗ്മിണി പ്രസിഡന്റും ശ്രീ. എ. സെയ്നുദ്ദീൻ വൈസ് പ്രസിഡന്റുമായുള്ള ഭരണസമിതിയാണ് നിലവിലുള്ളത്.

സാമൂഹ്യ ചരിത്രം

കൊല്ലം റെയിൽവേസ്റ്റേഷൻ നിൽക്കുന്ന സ്ഥലത്തു 16-ാം നൂറ്റാണ്ടിൽ പനങ്കാവു രാജകൊട്ടാരം സ്ഥിതി ചെയ്തിരുന്നു. അവിടെനിന്നും തിരുവനന്തപുരത്തു പോകുന്നതിനു ഇപ്പോഴത്തെ ' റെയിൽവേലൈൻ നിർമ്മിച്ച വഴി ചേരൂർ എന്ന

സ്ഥലത്തു എത്തി അവിടെ നിന്നും കിഴക്കോട്ടു ആലുംമൂടു വഴി ഉമയനല്ലൂർ ക്ഷേത്രത്തിനു തെക്കുഭാഗത്തുകൂടി ഒറ്റപ്ലാമൂട്ടിൽ ചെന്നു ഇത്തിക്കരയാറുകടന്ന് നെടുങ്ങോലം ചിറയ്ക്കര വഴി പോകുന്ന നടയ്ക്കാവിനെ' കൊല്ലം പെരുവഴി എന്നാണു വിളിച്ചിരുന്നത്.

ഡോ. തേഴ്സ്റ്റന്റെ 'കാസ്റ്റ്സ് ആൻഡ് ട്രൈബ്സ് ഇൻ സൗത്തിൻഡ്യ' എന്ന പുസ്തകത്തിൽ ഈഴവരുടെ പ്രബലമായ കേന്ദ്രമാണ് ശാസ്താം കോവിൽ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സമൂഹത്തെക്കുറിച്ച് സി.വി. കുഞ്ഞുരാമന്റെ ' ഗ്രാമസമുദായത്തിലും, സി. കേശവന്റെ ' ജീവിത സമരത്തിലും ' വിവരിക്കുന്നുണ്ട്. 1895ൽ 13000 ഈഴവർ ഒപ്പിട്ടു, സ്കൂൾ പ്രവേശനം സർക്കാരുദ്യോഗം എന്നീ കാര്യങ്ങളിൽ കിട്ടേണ്ട ന്യായമായ അവകാശങ്ങൾ കിട്ടണമെന്നു ഒരു സങ്കട ഹർജി ഡോ.പൽപ്പു രാജാവിനു സമർപ്പിച്ചു. സർക്കാർ സ്കൂൾ അയിത്തമാകാതെ ഈഴവർക്കു പഠിക്കാൻ സ്കൂൾ ഉണ്ടാക്കിയാൽ അതിനു ഗ്രാന്റ് കൊടുക്കാമെന്നു ഉത്തരവായി. 1896ൽ രണ്ടു സ്കൂളുകൾ അനുവദിച്ചു. ഒന്നു വെള്ളമണലിലും മറ്റൊന്ന് പരവൂരിലും. വെള്ളമണൽ സ്കൂളിലെ ആദ്യ ഹെഡ്മാസ്റ്റർ സി. വി. കുഞ്ഞുരാമൻ ആയിരുന്നു.

മയ്യനാടു ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പ്രോത്സാഹനം നൽകിയത് പോസ്റ്റ്മാസ്റ്ററായിരുന്നു. കോഴിക്കോട്ടുകാരൻ ജോഷ്വാസാറായിരുന്നു കുറ്റിക്കാട്ടു എൽ.എം.എസ്. സ്കൂളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പുച്ചിരുന്നത്. സി.വി. കുഞ്ഞുരാമൻ അവിടെയായിരുന്നു പഠിച്ചിരുന്നത്.

കേരളം മൂന്നാം ലോകത്തിനു മാതൃകയായതുപോലെ മയ്യനാട് കേരളത്തിന് മാതൃകയാണ്. മനുഷ്യനാണ് ഒരു രാജ്യത്തിന്റെ അമൂല്യസമ്പത്ത്. നാം സങ്കീർണ്ണ പ്രശ്നങ്ങളെ നേരിടാനുള്ള കരുത്തു ആർജിച്ചിട്ടുണ്ട്. പ്രവർത്തിയിൽ കാര്യശേഷിയുള്ളവരും മാനുഷിക മൂല്യങ്ങളെ ആദരിക്കുന്നവരുമാണ് മയ്യനാട്ടുകാർ. ഇവിടെ 47% ആളുകൾ അഭ്യസ്തവിദ്യരാണ്. 23% സേവനമേഖലയിൽ പണിയെടുക്കുന്നവരാണ്. 12% ബിരുദധാരികളും 2% പ്രൊഫഷണൽ ബിരുദം നേടിയവരുമാണ്. ആരോഗ്യ മേഖലയിലും നമ്മുടെ ശീലങ്ങൾ ശ്ലാഘിക്കപ്പെടുന്നു. ഒരു ജനതയെ ഈ നിലയിലെത്തിക്കാൻ കഠിനയത്നം നടത്തിയ ധീഷണാശാലികളും സർഗധനൻമാരുമായ പൂർവികരെ ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം സ്മരിക്കാം.

സാഹിത്യകാരൻ, പത്രാധിപർ, കവി, സമുദായ പരിഷ്കർത്താവ്, രാഷ്ട്രീയ നേതാവ് തുടങ്ങിയ നിലകളിൽ പ്രശസ്തനായ ശ്രീ. സി. വി. കുഞ്ഞുരാമൻ, സമുദായ നീതിയോടും രാജനീതിയോടും സന്ധിയില്ലാതെ പോരാടിയ വിപ്ലവകാരിയും ഭരണശേഷിയുള്ള മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. സി. കേശവൻ, സംസ്കൃത സാഹിത്യത്തിൽ അഗാധ പാണ്ഡിത്യം നേടിയ പ്രൊ. എൻ. ഗോപാലപിള്ള, ക്രിസ്തീയ സാഹിത്യ രചനയിൽ അദ്വിതീയ സ്ഥാനം നേടിയ മയ്യനാട് ശ്രീ. എ. ജോൺ ബി.എ, ചരിത്രകാരനും സാഹിത്യകാരനുമായിരുന്ന ശ്രീ. കെ. ദാമോദരൻ, കേരളകൗമുദി പത്രാധിപർ പ്രഗത്ഭനായ ശ്രീ. കെ. സുകുമാരൻ, കേരളം കണ്ട ഒരു ജീനിയസും, വാഗ്മിയുമായിരുന്ന ശ്രീ. കെ. ബാലകൃഷ്ണൻ തുടങ്ങിയവർ (എല്ലാവരുടെയും പേരു രേഖപ്പെടുത്തുക പ്രയാസമായതുകൊണ്ട് ഇവിടെ പ്രതിപാദിക്കുന്നില്ല). മയ്യനാടിന്റെ സാംസ്കാരിക നവോത്ഥാനത്തിനു നൽകിയ മഹത്തായ സേവനംവിസ്മരിക്കാവുന്നതല്ല. എല്ലാ വിജ്ഞാന മേഖലയിലും സമൂഹത്തിനു വിലപ്പെട്ട സംഭാവനകൾ നൽകിയ അനവധി പ്രഗത്ഭമതികൾ പ്രായം നൽകിയ ക്ഷീണത്തിൽ നിശബ്ദരായി ഇവിടെ ഉണ്ട്. സാഹിത്യവും ശാസ്ത്രവും കൈമുതലായി ഇല്ലായിരുന്നെങ്കിലും തങ്ങളുടെ ധന്യമായ ജീവചൈതന്യം ഈ നാടിന്റെ അന്തരാത്മാവിലേക്കു അമൃതുപോലെ പകർന്നു തന്നിരുന്ന മഹാൻമാർ ഇവിടെ ഉണ്ടായിരുന്നു. ആ ത്യാഗ ധനൻമാരുടെ സ്മരണക്കു മുന്നിൽ നാം നമ്രശിരസ്ക്കരാവുന്നു.

ഒന്നുമില്ലായ്മയിൽ നിന്നാണ് പൂർവ്വികർ ഈ നാടിനെ ഈ ഉൽക്കർഷത്തിലെത്തിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മയ്യനാട്ടുനിന്നും ധാരാളം പേർ വിദേശത്തുപോയി ജോലി ചെയ്തിരുന്നു. ഇവിടെയുള്ളവരിൽ ഏകദേശം 13000 പേർ ഈ ഗ്രാമത്തിനു പുറത്ത് ജോലി ചെയ്യുന്നു. 7000 പേർ ഇൻഡ്യക്കകത്തും 6000 പേർ വിദേശ രാജ്യങ്ങളിലുമാണ് എന്ന് അടുത്തകാലത്തു നടന്ന ഒരു സർവ്വേയിൽ സൂചിപ്പിക്കുന്നു. കഴിഞ്ഞ 23 വർഷമായി ഇവിടെ എത്തുന്ന പണം നാം എന്തിനു വേണ്ടി വിനിയോഗിച്ചു ? ഈ വരുമാനത്തിനു സ്ഥായീഭാവമില്ല. ഈ വരുമാനത്തിനു ഒരു ആശ്രിത സ്വഭാവമാണുള്ളത്. നമുക്കു അനുക്രമവും സുസ്ഥിരവും ആയ വികസനം വേണം. വിദേശപണം, കൃഷി, വ്യവസായം, ടെക്നോളജി എന്നിവയുടെ വികസനത്തിനെങ്ങനെ ഉപയോഗിക്കാമെന്നത് നമ്മുടെ ആസൂത്രണത്തിന്റെ ഭാഗമാകട്ടെ! 50 വർഷം കഴിയുമ്പോൾ സമൂഹം എങ്ങനെയായിരിക്കണമെന്നു ആസൂത്രണത്തിൽക്കൂടി ഇന്നേ വിഭാവനം ചെയ്യണം.

മയ്യനാട് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ
വില്ലേജ് യൂണിയൻ 1953 – 1963

സർവ്വശ്രീ. കെ. രവീന്ദ്രൻ (പ്രസിഡന്റ്)
എൻ. രാഘവൻ പിള്ള (വൈ. പ്രസിഡന്റ്)
കെ. കൊച്ചുകുഞ്ഞു വൈദ്യർ
എൻ. സുകുമാരൻ വൈദ്യർ
ഏണസ്റ്റ് ഡാനിയേൽ
എൽ. ഫിലിപ്പ്
എം. എ. മജീദ്
കെ.ജി. ഗോപിനാഥൻ
കെ.കരുണാകരൻ
എ. രാമൻ

1 – 1 – 63 മുതൽ 11 – 12 – 63 വരെ ഉദ്യോഗസ്ഥ ഭരണം
1963 ഡിസംബർ മുതൽ മയ്യനാട് പഞ്ചായത്ത് രൂപീകൃതമായി

ഭരണ സമിതി അംഗങ്ങൾ 1964 – 1980

സർവ്വശ്രീ. കെ. ബാലകൃഷ്ണൻ (പ്രസിഡന്റ്)
പി. മുഹമ്മദ് കുഞ്ഞ് (വൈ. പ്രസിഡന്റ്)
എ. ഹനീഫാകുഞ്ഞു, കുമ്പളം
ജി. ചക്രപാണി
പി. ഭാസ്കരൻ
ഡി. ബാലചന്ദ്രൻ
എം. അലിയാരു കുഞ്ഞ്
എസ്. ചെല്ലപ്പൻ പിള്ള
ജോസഫ് അലക്സ്
എ. യഹിയ
എ. കൊച്ചുരാമൻ
കെ.സി. മീനാക്ഷി(നോമിനേറ്റഡ്)

1980 – 87

സർവ്വശ്രീ. എ. യഹിയ (പ്രസിഡന്റ്)
കെ. വ്യാസൻ (പ്രസിഡന്റ്)
എം. അസനാരു കുഞ്ഞ് (വൈ. പ്രസിഡന്റ്)
റ്റി.കെ. രഘു
കെ. ബേബിസൻ
എ. ആന്റണി
ആർ. ശാന്തകുമാർ
മുഹമ്മദ് കുഞ്ഞ്
കെ.എൻ. ദേവകിഅമ്മ
ജോസഫ് അലക്സ്
കെ. ശ്രീധരൻ പിള്ള
കെ. രാമകൃഷ്ണപിള്ള


1987 –95

സർവ്വശ്രീ. ഡി. ബാലചന്ദ്രൻ (പ്രസിഡന്റ്)
എൻ. ഗോപാലകൃഷ്ണപിള്ള (വൈ. പ്രസിഡന്റ്)
എ. സൈനുദ്ദീൻ
പി. എസ്. അബ്ദുൾ ഖാദർ
എസ്. കുഞ്ഞുകൃഷ്ണപിള്ള
ഡി. ഫിലിപ്പ്
പി. ദേവകി
കെ. അബ്ദുൾ അസീസ് വൈദ്യർ
റ്റി. കെ. രഘു
എ. അബ്ദുൾ അസീസ്
സോഫിയാ വർഗ്ഗീസ്
കെ. വ്യാസൻ
പി. രാമകൃഷ്ണപിള്ള

30 – 9 – 1995 മുതൽ ഗ്രാമപഞ്ചായത്ത്

സർവ്വശ്രീ. ജി. രുഗ്മിണി (പ്രസിഡന്റ്)
എ. സൈനുദ്ദീൻ (വൈ. പ്രസിഡന്റ്)
കെ. ഇന്ദിരക്കുട്ടി (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ)
എം. ഷാജഹാൻ
എ. ഹനീഫാകുഞ്ഞ്
ജി. ഓമന
ജെ. ഷാഹിത
ജി. സരോജിനി അമ്മ
ജെനോവ ലോറൻസ്
റ്റി.കെ. രഘു
എസ്. വിപിനചന്ദ്രൻ
സി. രാധാകൃഷ്ണൻ
ഡൊണാൾഡ് ക്രിസോസ്റ്റം
എം. നകുലൻ

ഭൂപ്രകൃതി ജലസമ്പത്ത്




ഭൂപ്രകൃതി പഠനമാണ് സ്ഥലജല വിഭവങ്ങളുടെ വിന്യാസത്തെക്കുറിച്ചുള്ളള വിശാലമായ അറിവിലേക്ക് വെളിച്ചം വീശുന്നത്. ഭൂപ്രകൃതിയിലുണ്ടാകുന്ന നേരിയ മാറ്റങ്ങൾ പോലും ഒരു പ്രദേശത്തു ലഭിക്കുന്ന അടിസ്ഥാന വിഭവങ്ങളായ മണ്ണനേയും ജലത്തേയും വളരെ അധികം ബാധിക്കുന്നു. എന്നാൽ ഇന്ന് നമുക്ക് ലഭ്യമാകുന്ന ഭൂപ്രകൃതിയെക്കുറിച്ചുള്ള അറിവ് കേവലം പൊതുവായ അറിവ് ആകയാൽ ഈ മേഖലകളിൽ നടപ്പിലാക്കുന്ന ആസൂത്രണങ്ങൾ പലപ്പോഴും ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നില്ല. മേൽപറഞ്ഞ വസ്തുതകൾ വിരൽ ചൂണ്ടിയാണ് ഭൂപ്രകൃതിയെക്കുറിച്ചും അതുമായി ബന്ധപ്പെട്ടുകിടക്കുന്ന മറ്റു ഭൗതിക ഘടകങ്ങളെ (പ്രധാനമായും മണ്ണും ജലവും) കുറിച്ചും വേണ്ടുന്ന പ്രാദേശിക തലത്തിലുള്ള സമഗ്രമായ അറിവിന്റെ ആവശ്യകതയിലേക്കാണ്. അത്തരത്തിലുള്ളള അറിവിന്റെ അടിസ്ഥാനത്തിൽ ചിട്ട പ്പെടുത്തുന്ന പദ്ധതികൾ മാത്രമേ സ്ഥായിയായ വികസനം ഉറപ്പാക്കുകയുള്ളൂ. ഇക്കാരണങ്ങളാൽ പ്രാദേശികാസൂത്രണത്തിൽ ഭൂപ്രകൃതി പഠനം പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു.

കൊല്ലം ജില്ലയിലെ മുഖത്തലല ബ്ലോക്കിൽപെടുന്ന പഞ്ചായത്താണ് മയ്യനാട് പഞ്ചായത്ത്. ഏക ദേശം 17.21 ച.കി. വിസ്തൃതിയുള്ള ഈ പഞ്ചായത്ത് തീരപ്രദേശവുമായി വളരെ ചേർന്നു സ്ഥിതിചെ യ്യുന്നു. ഇരവിപുരം കായലും പരവൂർ കായലും ഒത്തു ചേരുന്ന പ്രകൃതി രമണീയമായ പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.


മയ്യനാട് പഞ്ചായത്തിന്റെ അതിർത്തികൾ ഇപ്രകാരമാകുന്നു. വടക്ക് തൃക്കോവിൽ വട്ടം പഞ്ചാ യത്തും വടക്ക് കിഴക്ക് ആദിച്ചനെല്ലൂർ പഞ്ചായത്തും കിഴക്കും തെക്കുകിഴക്കും ഇത്തിക്കരയാറും പര വൂർ മുനിസിപ്പാലിറ്റിയിൽ നിന്നും വേർതിരിക്കുന്ന പരവൂർ കായലും, തെക്ക് പടിഞ്ഞാറ് ലക്ഷദ്വീപ് കടലും പടിഞ്ഞാറ് ഇരവിപുരം പഞ്ചായത്തുമാകുന്നു. (ചിത്രം 1)

നിമ്നോതി അടിസ്ഥാനത്തിൽ മൊത്തം പ്രദേശങ്ങൾ മൂന്ന് മേഖലകളായി തരം തിരിച്ചിരിക്കുന്നു. അത് ഇപ്രകാരമാണ്.


മയ്യനാട് പഞ്ചായത്ത് നിമ്നോന്നതി



മയ്യനാട് പഞ്ചായത്ത് ഭൂപ്രകൃതി



പഠന പര്യടനം



	A	B	C
ഭൂരൂപം	സമതലം	നിലം	ചെങ്കുത്തായ ചരിവ്
മണ്ണ്	മണൽ മണ്ണ്	എക്കൽ മണ്ണ്	ചെമ്മണ്ണ് / മണൽ മണ്ണ്
ജല-ലഭ്യത	കുറവ് / കാലികം	കൂടുതൽ	—
ഭൂവിനിയോഗം	വിശ്രിത കൃഷി	നെൽകൃഷി / തെങ്ങ്	—

പഠന പര്യടന ചിത്രം

പട്ടിക 1. നിമ്നോന്നതി മേഖലകൾ

നിമ്നോന്നത മേഖലകൾ	വിസ്തൃതി ചതു.കി.	വിസ്തൃതി ഹെക്ടർ	ശതമാനം
20 മി. താഴെ	12.84	1214	70.5
20-30 മി. ഇടക്ക്	4.20	420	24.4
30 മി. മുകളിൽ	0.87	87	5.1
ആകെ	17.21	1721	100.0

അവലംബം CESS DATA

ഭൂപ്രകൃതി അനുസരിച്ച് മയ്യനാട് പഞ്ചായത്തിനെ തീരപ്രദേശ വിഭാഗത്തിൽ പെടുത്താമെങ്കിലും വടക്ക് കിഴക്ക് മേഖലകൾ പൊതുവെ ഇടനാടിന്റെ സ്വഭാവമാണ് പ്രദർശിപ്പിക്കുന്നത്. ഇരവിപുരം കായലിന് പടിഞ്ഞാറുഭാഗത്തെ പ്രദേശങ്ങൾ മാത്രമാണ് പൂർണ്ണമായും തീരപ്രദേശങ്ങളുടെ സ്വഭാവം പ്രകടമാക്കുന്നത്. മദ്ധ്യഭാഗങ്ങൾക്കുള്ള പ്രദേശങ്ങൾക്കാകട്ടെ ഒരു സമതലത്തിനെ പ്രതിബിംപ്പിക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും താണ സ്ഥലം ഇരവിപുരം കായലിനു പടിഞ്ഞാറായി കാണുന്ന തീര പ്രദേശങ്ങളും ഏറ്റവും ഉയർന്ന സ്ഥലം വടക്കുകിഴക്കൻ മേഖലകളുമാണ്. നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ ഏറ്റവും താണ പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും 20m താഴെയും ഏറ്റവും ഉയർന്ന ഭാഗങ്ങൾ 30m ഉയരത്തിലും സ്ഥിതിചെയ്യുന്നു. (ചിത്രം 2) ഏറ്റവും കൂടുതൽ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത് പത്ത് മീറ്ററിനും ഇരുപതു മീറ്ററിനും ഇടയ്ക്കാണ്. വടക്ക് കിഴക്ക് ഭാഗം ഉയർന്നും തെക്കു പടിഞ്ഞാറു ഭാഗം താഴ്ന്നും കിടക്കുന്ന ഈ പ്രദേശം സ്വാഭികമായും തെക്കു പടിഞ്ഞാറോട്ടുള്ള ചരിവ് പ്രദർശിപ്പിക്കുന്നു.

പഠന പര്യടനത്തിലൂടെയും വിഭവഭൂപടങ്ങളുടെയും സഹായത്തോടെ ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയെക്കുറിച്ചുള്ള വിശദമായ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരണങ്ങൾ ചുവടെ ചേർക്കുന്നു.

സമതലങ്ങളും അവയുടെ നേരിയ ചരിവ് താരതമ്യേന താണ നിലങ്ങളുമായി ചേരുന്ന പ്രദേശങ്ങളും കായലും സമതലങ്ങളുമായി ചേരുന്ന ചെങ്കുത്തായ പ്രദേശങ്ങളും തീര സമതലങ്ങളും ചേർന്നതാണ് ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി. ഭൂപ്രകൃതി പഠനത്തിനായി നടത്തിയ പഠന പര്യടനത്തിലൂടെ തയ്യാറാക്കിയ ചിത്രവും (ചിത്രം) തിരുവനന്തപുരത്തെ ഭൗമശാസ്ത്ര പഠനകേന്ദ്രം തയ്യാറാക്കിയ ഭൂപ്രകൃതി ഭൂപടവും (ചിത്രം) ചുവടെ കാണുന്നു.

ഓരോ ഭൂപ്രകൃതി ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വിസ്തൃതിയും മറ്റുവിവരങ്ങളും ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 2 ഭൂപ്രകൃതി മേഖലകൾ

ക്രമ നമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം ച.കി.മി.	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1.	തീരദേശം	0.365	36.5	2.12
2.	സമതലം	13.644	1364.4	79.28
3.	താരതമ്യേന താണ പ്രദേശങ്ങൾ	1.81	181	10.52
4.	മുകൾപ്പരപ്പ്	0.087	8.7	0.50
5.	കായൽ	1.304	130.4	7.58
	ആകെ	17.21	1721	100

അവലംബം CESS DATA

ഉപരിതല മൺതരങ്ങൾ

പ്രധാനമായും നാലു തരത്തിലുള്ള മേൽ മണ്ണാണ് ഈ പഞ്ചായത്തിൽ കാണുന്നത്. ഏറ്റവും കൂടുതലായി കാണുന്നത് സമതലങ്ങൾ കാണുന്ന മണൽ മണ്ണാണ്. പൂഴി മണ്ണിന്റെയും മണലിന്റെയും മിശ്രിതമായിട്ടാണ് ഈ മണ്ണ് കാണപ്പെടുന്നത്. രണ്ടാമത് കൂടുതലായി കാണുന്നത് എക്കൽ മണ്ണാണ്. ഈ മണ്ണ് മിക്കവാറും നെൽകൃഷി നടത്തുന്ന വയലുകളിൽ മാത്രമായി കാണുന്നു. ഇരവിപുരം കായലിനു പടിഞ്ഞാറായി കാണുന്ന തീരസമതലങ്ങളിൽ കാണുന്ന മേൽമണ്ണാണ് മൂന്നാമത്തെ വിഭാഗത്തിൽ പെടുന്നത്. ഇത് മിക്കവാറും തിരമാലകളുടെ പ്രവർത്തനം മൂലം അടിയുന്ന മണ്ണാകയാൽ കടൽതീര എക്കൽ മണ്ണ് എന്ന വിഭാഗത്തിൽപ്പെടുത്താവുന്നതാണ്. നാലാമതായി ഉൾപ്പെടുത്തിയിരിക്കുന്നത് ചെമ്മണ്ണാണ്. ഇത് വടക്ക് കിഴക്ക് പ്രദേശങ്ങളിൽ മാത്രമായി കാണുന്നു. വെട്ടുകല്ലിൽ നിന്നും വേർതിരിയുന്നതാണത്രെ ഈ മണ്ണ്. ഓരോ തരത്തിലുള്ള മണ്ണും അവ ഉൾപ്പെടുന്ന ഭൂപ്രകൃതിയും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 3. മൺതരങ്ങൾ

ക്രമ നമ്പർ	മൺതരങ്ങൾ	ഭൂപ്രകൃതി	വിസ്തീർണ്ണം ച.കി.മി.
1.	മണൽ മണ്ണ്	സമലങ്ങൾ	13.64
2.	എക്കൽ മണ്ണ്	നിലങ്ങൾ (താരതമ്യേന താണ പ്രദേശങ്ങൾ	1.81
3.	കടൽതീര എക്കൽ മണ്ണ് (മണൽ)	തീരസമതലം	0.365
4.	ചരൽ ചേർന്ന മണ്ണ്	കുന്ന്	0.087

വലംബം CESS DATA

ജലപ്രകൃതി

തീരദേശവുമായി ചേർന്നു കിടക്കുന്നതിനാലും മണ്ണിന്റെ ഘടനയിലുള്ള പ്രത്യേകതകളാലും ജല സ്രോതസ്സിന്റെ കാര്യത്തിൽ മയ്യടനാട് പഞ്ചായത്ത് പിന്നോക്കമല്ല. എങ്കിലും മിക്കവാറും പ്രദേശങ്ങളിൽ വേനൽക്കാലം തുടങ്ങുന്നതോടുകൂടി കിണറുകൾ വറ്റുന്നതായി വിഭവഭൂപടങ്ങളിൽ നിന്നും മനസ്സിലാക്കാം. ജല പ്രകൃതിയുടെ വിശദാംശങ്ങൾ മനസ്സിലാക്കുന്നതിനായി പഞ്ചായത്തിലെ ജല സ്രോതസ്സുകളെ രണ്ടായി തിരിക്കുന്നു.

1. ഉപരിതല ജല സ്രോതസ്സ്
2. ഭൂഗർഭ സ്രോതസ്സ്

ഉപരിതല ജല വിഭവങ്ങളുടെ പ്രധാന സ്രോതസ്സുകളായി വർത്തിക്കുന്നത് 3.2 കി.മി. നീളത്തിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകുന്ന ഉമയനെല്ലൂർ തോടും അതേ ദിശയിൽതന്നെ 2 കി.മി. ഒഴുകി മേൽപറഞ്ഞ തോടുമായി ചേരുന്ന കോവുചിറ തോടുമാണ്. ഇവ രണ്ടും കുഴിവാരത്തു വച്ച് കൂട്ടിമുട്ടി അവിടെ നിന്നും ഏകദേശം 1.7കി.മി. തെക്കോട്ട് ഒഴുകി മയ്യനാടിനും പടിഞ്ഞാറ് വച്ച് ധവളക്കുഴി ഏലായിൽ നിന്നുമുള്ള തോടുമായി കൂട്ടിമുട്ടി പടിഞ്ഞാറോട്ടു തിരിഞ്ഞ് ഏകദേശം 1 കി.മി. കൂടി ഒഴുകി ഇരവി പുരം പഞ്ചായത്തിൽ കടക്കുകയും ഒടുവിൽ താന്നി കായലിൽ ചെന്നു പതിക്കുകയും ചെയ്യുന്നു. മേൽ വിവരിച്ച തോടുകൾക്കു പുറമെ ഏകദേശം 3 കി.മി. നീളത്തിൽ ഏതാനും ചെറിയ തോടുകളും മയ്യനാടിന്റെ ഭൂപ്രകൃതിയെ മുറിച്ചുകൊണ്ട് തലങ്ങും വിലങ്ങും ഒഴുകുന്നു. പ്രധാനപ്പെട്ട തോടുകളിലും ചിറകൾകെട്ടി ജലം സംരക്ഷിക്കുന്നുണ്ട്. ആകെ മൂന്നു ചിറകളാണ് ഈ പഞ്ചായത്തിലെ ഉപരിതല ജല സംഭരണം നടത്തുന്നത്. 1. കോവുചിറ 2. തലച്ചിറ 3. ഏറത്തുചിറ. ഈ മൂന്നു ചിറകളുമായി ബന്ധപ്പെട്ട എല്ലാ തോടുകളും വേനൽ തുടങ്ങുമ്പോൾതന്നെ വറ്റിപോകുന്നു. എന്നാൽ ചരിത്ര പരിശോധന നടത്തുകയാണെങ്കിൽ മുപ്പതോ നാൽപ്പതോ വർഷങ്ങൾക്കുമുമ്പ് എല്ലാക്കാലത്തും ജല ലഭ്യതയുള്ളള തോടുകളായിരുന്നു ഇവ എന്നു മനസ്സിലാക്കാം. മേൽപറഞ്ഞ എല്ലാ ജല സ്രോതസ്സുകളിലും ശുദ്ധജലം ലഭ്യമാകുമ്പോൾ വിശാലമായ ഇരവിപുരം കായലും പരവൂർ കായലും ഉപ്പുജലമാണ് ലഭ്യമാക്കുന്നത്. ഇരവിപുരം കായൽ ഏതാണ്ട് 0.825 ച.കി. വിസ്തൃതിയിലും പരവൂർ കായൽ .426 ച.കി.മി. വിസ്തൃതിയിലും പരന്നു കിടക്കുന്നു.

മേൽ വിവരിച്ച ജല സ്രോതസ്സുകൾക്കു പുറമെ കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ ഇടതുകര കനാൽ ഈ പഞ്ചായത്തിൽ ഏകദേശം 18 km നീളത്തിൽ വ്യാപിച്ചു കിടക്കുന്നു. എന്നാൽ പണി പൂർത്തിയാകാത്തതിനാൽ ഈ കനാലിന്റെ ശരിയായ ഉപയോഗം ഇന്നാട്ടുകാർക്ക് ഇതേവരെ .ഉണ്ടായിട്ടില്ല.

കുളങ്ങൾ

ഏകദേശം 42 കുളങ്ങൾ പഞ്ചായത്തിന്റെ വിവധ വാർഡുകളിലായി കാണപ്പെടുന്നു.

പ്രധാനപ്പെട്ട കുളങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4. കുളങ്ങളുടെ വിവരം

ക്രമ നമ്പർ	കുളം	വറ്റുന്നത്/ വറ്റാത്തത്	സ്ഥാന നിർണ്ണയം	ഉപയോഗം
1.	ആറാട്ടുകുളം	വറ്റാത്തത്	XIV	മൃഗസംരക്ഷണം
2.	മുക്കുളം	"	III	താമരവളർത്തൽ
3.	ശാർക്കര	"		
4.	കുറ്റിക്കാട്ടുകുളം	"	VII	കാർഷികോപയോഗം
5.	പറക്കുളം ഏലിക്കുളം	വറ്റുന്നു	X	
6.	കാണ്ടശ്ശേരി	"		
7.	തുണ്ടുകുളം	"	VIII	
8.	മാടച്ചിറക്കുളം	"	X	
9.	പട്ടരുകുളം	"		
10.	വാഴപ്പള്ളിക്കുളം	"	XI	
11.	മറ്റപ്പള്ളിക്കുളം	"	XII	
12.	വെളുത്തേടത്തുകുളം	"	XII	
13.	ഈരിഴക്കുളം	"	XIII	
14.	കളീയ്ക്കൽ കുളം	"	XIV	
15.	ഇടഞ്ഞിങ്ങൾക്കുളം	"		
16.	കാര്യത്തുകുളം	"	VII	

ഭൂഗർഭ ജല ലഭ്യതയിൽ വളരെയധികം വ്യതിയാനങ്ങളാണ് ഈ ചെറിയ പഞ്ചായത്തിൽ അനുഭവപ്പെടുന്നത്. ഏകദേശം കിണറുകൾ പഠനവിധേയമാക്കിയതിൽ (ഭൂപട നിർമ്മാണ സർവ്വെ) 80% വറ്റുന്നതും 20% വറ്റാത്തതുമായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. 1994-95 ൽ ശേഖരിച്ച വിവരപ്രകാരം ഓരോ വാർഡിലുമുള്ള കിണറുകളുടെ സ്വഭാവവും മറ്റും ചുവടെ ചേർക്കുന്നു. (പുനർ വിഭജനം വരുന്നതിന് മുമ്പുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

പട്ടിക – 5

വാർഡ്	വറ്റുന്നത്	വറ്റാത്തത്	ആകെ	ശതമാനം വറ്റുന്നത്	ശതമാനം വറ്റാത്ത്
I	0	335	335	0	100
II	0	270	270	0	100
III	95	193	288	32.98	67.01
IV	30	326	356	8.43	91.57
V	92	304	396	23.23	76.77
VI	119	229	348	34.19	65.81

VII	480	41	521	92.13	7.87
VIII	60	30	90	66.67	33.33
IX	503	94	597	84.25	15.75
X	307	11	318	96.54	3.46
XI	437	69	506	86.36	13.64
XII	200	70	270	74.07	25.93
XIII	1	338	339	0.29	99.71
	2324	2310	4634	50.15	49.85

അവലംബം CESS DATA

ഇരവിപുരം കായലിനോടുചേർന്ന പ്രദേശങ്ങൾ ഉപ്പുവെള്ളം കയറുന്നതാകയാൽ അവിടെ കിണറുകൾ ഉപയോഗശൂന്യമാണ്. ഇവിടെ ഭൂമിയുടെ ഉള്ളറകളിൽ നിന്നു ഫിൽറ്റർ പമ്പുകൾ മുഖേന ലഭിച്ച ജലവും ഉപ്പുരസമുള്ളതാകയാൽ ഉപയോഗ ശൂന്യമായി മാറി.

ഈ പഞ്ചായത്തിലെ മിക്കവാറും കിണറുകൾ ശരാശരി 10നും 12മീറ്ററിനും ഇടക്ക് താഴ്ച കാണിക്കുന്നു. ചില മേഖലകളിൽ ഈ താഴ്ച പര്യാപ്തമാണ്. കാരണം കടുത്ത വേനലിലും ഈ പ്രദേശങ്ങളിൽ ജലം വറ്റുന്നില്ല എന്നതുതന്നെ. എന്നാൽ ചില മേഖലകളിൽ സ്ഥിതി വിപരീതമാണ്. ഉദാ: മായി VII, VIII, IX, X, XI, XII എന്നീ വാർഡുകളിൽ കൂടി 65% മുതൽ 93% വരെ കിണറുകളും വറ്റുന്നതായാണ് കാണുന്നതാണ്. ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഒരന്വേഷണം നടത്തുകയാണെങ്കിൽ ചില കൗതുകകരമായ വസ്തുതകൾ മനസ്സിലാക്കാവുന്നതാണ്.

ഈ മേഖലകളിൽ ജല ലഭ്യതയെ നിർണ്ണയിക്കുന്നത് ഇവിടത്തെ ഭൂഗർഭത്തിലുള്ള അവസാദശിലകളുടെ തരവും അവയുടെ സ്വഭാവവുമാണ്. പല തരത്തിലുള്ള അവസാദ ശിലകൾ അട്ടിയട്ടിയായി അടുക്കിവച്ചിരിക്കുന്നതുപോലെയാണ് ഭൂമിക്കടിയിൽ കാണപ്പെടുന്നത്. ഇതിൽ ചില അട്ടികൾ അഥവാ പാളികൾ വളരെ വിശാലമായി പരന്നു കിടക്കും. എന്നാൽ, ചിലത് ഇടവിട്ടോ, അല്ലെങ്കിൽ ചില പ്രത്യേക മേഖലകളിൽ മാത്രം പരന്നു കിടക്കുന്നതായും കാണാം. കൊട്ടിയത്തുനിന്നും തുടങ്ങി ഇരവിപുരം കായൽവരെ ദിശയിൽക്കൂടി പഞ്ചായത്തിന്റെ ഭൂഗർഭ പ്രകൃതി പഠിക്കുമ്പോൾ ഇനിപ്പറയുന്ന രീതിയിലുള്ള കനത്തിലും സ്വഭാവത്തിലുമുള്ള അവസാദശിലകളും അവ ഈ പ്രദേശത്തിന്റെ ജല ലഭ്യതയെ എത്രമാത്രം നിർണ്ണയിക്കുന്നുവെന്നും മനസ്സിലാക്കാം.

ഭൂവിനിയോഗം

ഈ പഞ്ചായത്തിലെ ഓരോ പ്രദേശത്തും അനുവർത്തിക്കുന്ന കൃഷിരീതികളെയാണ് ഭൂവിനിയോഗംകൊണ്ട് അർത്ഥമാക്കുന്നത്. 1994ൽ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച സന്നദ്ധ സേവകരാൽ നിർമ്മിക്കപ്പെട്ട ഭൂവിനിയോഗ ഭൂപടത്തിൽ നിന്നും മയ്യനാട് പഞ്ചായത്തിലെ മൊത്തത്തിലുള്ള കൃഷിരീതികളെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ലഭ്യമാണ്. പഞ്ചായത്തിലെ മുഖ്യമായ കൃഷി തെങ്ങും മറ്റു ഫല വൃക്ഷങ്ങളും ഉൾപ്പെടുന്ന മിശ്രിത കൃഷിയാണ്. ഇത് ഏകദേശം 14.03 ച.കി.മി വിസ്തൃതിയിൽ കാണുന്നു. രണ്ടാമതായി നെൽകൃഷി. ഏകദേശം 1.24 ച.കി.മി വിസ്തൃതിയിൽ കാണുന്നു. കായൽ നികത്തും നിലം നികത്തും ഈ പഞ്ചായത്തിൽ വളരെ സാർവത്രികമായി കണ്ടുവരുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ കൃഷിക്കാവശ്യത്തിനു ലഭിക്കുന്നത് 92.18%. ഭൂമിയാണ്.

ബാക്കി കായൽ പ്രദേശങ്ങളാണ്. കൃഷി രീതിയും അവ ഉൾക്കൊള്ളുന്ന ഭൂമിയുടെ വിസ്തൃതിയും മറ്റു വിവരങ്ങളും താഴെ കൊടുക്കുന്നു.

പട്ടിക – 6

ക്രമ നമ്പർ	കൃഷി രീതി	വിസ്തൃതി ച.കി.മി.	ഹെക്ടർ	ശതമാനം
1.	മിശ്രിത കൃഷി	14.03	1403	81.52
2.	നെൽകൃഷി	1.24	124	7.2
3.	തെങ്ങ്	0.068	6.8	0.39
4.	കായൽ നികത്ത്	0.27	2.7	1.568
5.	നിലം നികത്ത്	0.537	53.7	3.12
6.	വെള്ളകെട്ട്	0.0328	3.28	0.19
7.	കായൽ	1.034	103.4	6.00
	ആകെ	17.21	1721	99.98

അവലംബം: വിഭവഭൂപടം CESS (1994)

പരിസ്ഥിതി മേഖലകൾ

ഭൂപ്രകൃതിയും മറ്റു ഭൗതിക ഘടകങ്ങളായ മണ്ണ്, ജലം മുതലായവയുടെ വിന്യാസം ഓരോ പ്രദേശത്തും എപ്രകാരമാണെന്നു മനസ്സിലാക്കി ഒരേ സ്വഭാവത്തിൽപ്പെടുന്ന മേഖലകളെ പ്രത്യേകം വേർതിരിക്കുമ്പോൾ അതിനെ ഓരോ പരിസ്ഥിതി മേഖലകളായി വിളിക്കാവുന്നതാണ്. ഇത്തരത്തിൽ വേർതിരിക്കുന്ന പരിസ്ഥിതി മേഖലകൾക്ക് തനതായ ഗുണങ്ങളും പ്രശ്നങ്ങളും ഉണ്ടാകും. അങ്ങനെ ഓരോ പരിസ്ഥിതി മേഖലയിലെയും പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കി അതു പരിഹരിക്കാൻ വേണ്ട ചെലവു ചുരുങ്ങിയതും ജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഭൂപ്രകൃതി പഠനത്തിന്റെ പ്രാഥമിക ഉദ്ദേശ്യം.

മയ്യനാട് പഞ്ചായത്തിന്റെ മൊത്തം പ്രദേശത്തെ നാല് പരിസ്ഥിതി മേഖലയായി തിരിക്കാം.

പരിസ്ഥിതി മേഖലല ഒന്ന്. ഈ പ്രദേശങ്ങൾ പഞ്ചായത്തിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്ന പ്രദേശങ്ങളെയാണ് കാണുന്നത്. ഇവിടത്തെ മണ്ണ് ചെമ്മണ്ണും (വെട്ടുകല്ലിൽ നിന്നും വേർതിരിയുന്നത് 60-90 സെ.മി. കനത്തിൽ കാണുന്നു) ജല ലഭ്യത വളരെ കുറവായും കാണുന്നു. കൃഷി പ്രധാനമായും തെങ്ങകളും മറ്റു ഫല വൃക്ഷങ്ങളും ഇടവിളകളും ചേർന്നുള്ളള മിശ്രിത കൃഷി. മേൽ വിവരിച്ച പ്രകാരം ഭൗതിക ഘടകങ്ങളുടെ ഐക്യരൂപതയുള്ളള പ്രദേശങ്ങളെ എല്ലാം ചേർന്ന് "പരിസ്ഥിതി മേഖല ഒന്ന്" വേർതിരിച്ചിരിക്കുന്നു.

ഈ പ്രദേശങ്ങളുടെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായ ജല ക്ഷാമവും ഒരു പരിധിവരെയുള്ള മണ്ണൊലിപ്പ്. കാർഷിക വിളകളുടെ ഉത്പാദന ക്ഷമത കുറവ്, തെങ്ങിനുണ്ടാകുന്ന കാറ്റ് വീഴ്ച, മേൽ മണ്ണിൽ ജലാംശം വേഗത്തിൽ നഷ്ടപ്പെടുന്നു മുതലായവയാണ്.

ജലക്ഷാമം രൂക്ഷമാണെന്ന് മുകളിൽ വിവരിച്ചിരിക്കുന്നത് വിഭവ ഭൂപട സർവ്വെയിലൂടെ പഠന വിധേയമാക്കിയ ആയിരത്തിൽപ്പരം കിണറുകളുടെ സ്വഭാവം മനസ്സിലാക്കിയിട്ടാണ്. ഏകദേശം 10 മീറ്ററും 15 മീറ്ററും ഇടക്ക് ഈ പ്രദേശങ്ങളിൽ ജലം ലഭിക്കുന്നുണ്ട് എങ്കിലും അത് വേനൽക്കാലം തുടങ്ങുന്നതിനു മുമ്പ് തന്നെ പൂർണ്ണമായും വറ്റുന്നതായാണ് കാണുന്നത്. ഈ പ്രദേശങ്ങളിലെ കിണറുകളുടെ അടിഭാഗം വെള്ള നിറത്തിലുള്ള കളിമണ്ണായതിനാൽ ഭൂഗർഭജലം വേണ്ടുവോളം ഒഴുകി കിണറുകളിൽ നിറയുന്നില്ല എന്നതാണ് വാസ്തവം. എന്നാൽ കിണർ വീണ്ടും താഴ്ത്തി ഉപരിതലത്തിൽ നിന്നും ഏകദേശം 80നും 85മീറ്ററിനും ഇടക്ക് എത്തുമ്പോൾ ശുദ്ധജലം വേണ്ടുവോളം കിട്ടുമെന്നതിൽ സംശയമില്ല.

ഈ പഞ്ചായത്തിന്റെ പൂർവ്വ ചരിത്രം പരിശോധിക്കുകയാണെങ്കിൽ 15 മീറ്റർ താഴ്ചയിൽതന്നെ പര്യാപ്തമായ ജലം ലഭിച്ചിരിന്നു എന്നു മനസ്സിലാക്കാം. എന്നാൽ പിൽക്കാലത്തുണ്ടായ ജനസംഖ്യാ വർദ്ധനവും അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ പ്രധാനമായും ഭൂവിനിയോഗ ക്രമങ്ങൾ തികച്ചും അശാസ്ത്രീയമാകുകയും അത് ക്രമാതീതമായ വിഭവ ശോഷണത്തിനു വഴിയൊരുക്കുകയും ചെയ്തു. മഴ ജലം അല്പ സമയം പോലും മണ്ണിൽ തങ്ങിനിൽക്കാതെ അത് എത്രയും വേഗം ഒഴുകി നദികളിലും കായലുകളിലും പതിക്കുന്ന ചിത്രമാണ് എവിടെയും കാണാൻ കഴിയുന്നത്. ഇത് ജല ലഭ്യതയെ മാത്രമല്ല മണ്ണിന്റെ കാര്യക്ഷമതയെയും വളരെയധികം പ്രതികൂലമായി ബാധിക്കുന്നു. ജൈവാംശം അടങ്ങിയ മേൽമണ്ണ് ഒലിച്ചു പോകുന്നതുമൂലം മണ്ണിന്റെ കാര്യക്ഷമത നഷ്ടപ്പെട്ട് കാർഷികവിളകളുടെ ഉത്പാദന ശേഷിയേയും ബാധിക്കുന്നു. ഇങ്ങനെ പ്രകൃതിയുടെ താളം മനസ്സിലാക്കാതെയുള്ള ഓരോ പ്രവർത്തിയും ഗുരുതരവും സങ്കീർണ്ണവുമായ ധാരാളം പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുകയാണ് ചെയ്യുന്നത്.

ഈ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ട നിർദ്ദേശങ്ങൾ ഇനി വിവരിക്കുന്നു. പ്രധാന പരിസ്ഥിതി പ്രശ്നം ജലക്ഷാമമാകയാൽ ജല സംരംക്ഷണ നടപടികൾക്ക് മുൻതൂക്കം നൽകുന്ന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും വേണം മുൻഗണന നൽകേണ്ടത്. ജല സംരംക്ഷണം ഉറപ്പുവരുത്താൻ വേണ്ട മാർഗ്ഗങ്ങൾ ഇനിപ്പറയുന്നു.

വർഷകാലത്തു ലഭിക്കുന്ന ജലത്തിന്റെ നല്ലൊരു ശതമാനം അതാതു പ്രദേശത്തുതന്നെ തങ്ങിനിൽക്കാൻ ഉതകുന്ന ചെറുകുഴികൾ നിർമ്മിക്കുക. ഇത് ഓരോ സ്വകാര്യ വ്യക്തികളുടെ ഭൂമിയിലും അനുയോജ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ വലിപ്പത്തിൽ (കുറഞ്ഞത് 1 മി. നീളം x 50 cm വീതി x 1 മീ. താഴ്ച) നിർമ്മിക്കു. മഴജലം വിശാലമായി അല്ലെങ്കിൽ നിരന്ന് ഒഴുകുന്ന പ്രദേശങ്ങളിൽ ചെറിയ ചെറിയ വരമ്പുകൾ കെട്ടി ജലം സംരക്ഷിക്കുകയും അതോടൊപ്പം മണ്ണ് സംരക്ഷണവും ഉറപ്പുവരുത്തുക. ജലാംശം മണ്ണിൽ കൂടുതൽ സമയം തങ്ങിനിൽക്കാൻ അല്ലെങ്കിൽ ബാഷ്പീകരണം മൂലം നഷ്ടപ്പെടുന്നത് തടയാൻ മിശ്രിത കൃഷിഭൂമികളിൽ കാലിത്തീറ്റ പുല്ല്, പുറുത്തി മുതലായ ചെടികൾ നട്ട് നല്ലൊരു സസ്യാവരണം നിർമ്മിക്കുക.

വീടുകളിൽ നിന്നും പുറത്ത് കളയുന്ന പാഴ് ജലം ചെറിയ ചെറിയ കുഴികൾ കുത്തി അതിൽ തന്നെ സംഭരിക്കുന്നതുവഴി മണ്ണിലെ ജലാംശം കൂടുതൽ സമയത്തേക്ക് തങ്ങി നിറുത്താൻ സഹായിക്കുക. പച്ചക്കറി തോട്ടങ്ങളും, പൂന്തോട്ടങ്ങളും നിർമ്മിച്ച്, പാഴാക്കി കളയുന്ന ജലത്തിന്റെ നല്ലൊരു ശതമാനം മണ്ണിൽ തങ്ങി നിറുത്തുന്നതിനും അതിലുപരി കാർഷിക നേട്ടങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

കല്ലട ജലസേചന പദ്ധതിയുടെ നേട്ടങ്ങൾ ലഭിച്ചു തുടങ്ങിയാൽ ഈ പ്രദേശങ്ങളിൽ കൂടുതൽ ജല ലഭ്യത അനുഭവപ്പെടുമെന്നതിൽ തർക്കമില്ല. ജലസേചന പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുവാനും അതിന്റെ നേട്ടങ്ങൾ പഞ്ചായത്തിൽ ഉറപ്പുവരുത്താനും വേണ്ട നടപടികൾ എത്രയും വേഗം കൈക്കൊള്ളേണ്ടതാണ്.

ഈ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കൃഷിയാവശ്യങ്ങൾക്കുവേണ്ട വെള്ളം ലഭ്യമാക്കുന്നതിനും ഇവിടെത്തന്നെയുള്ള കോവുചിറയും തലച്ചിറയും ഏറത്തുചിറയും പുനരുജ്ജീവിപ്പിക്കുകയാണ് വേണ്ടത്. ചിരകാലമായി മണ്ണിടിഞ്ഞും ശ്രദ്ധിക്കാതെയും ഈ ചിറകളുടെ ക്ഷമത നശിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതിനുള്ളിൽ അടിഞ്ഞിരിക്കുന്ന ചെളിയും മറ്റു മാലിന്യങ്ങളും മാറ്റി വൃത്തിയാക്കുകയാണെങ്കിൽ ഇതിൽ നിന്ന് സംഭരിക്കുന്ന ജലത്തിന്റെ അളവ് നല്ലൊരു പരിധിവരെ ഉയർത്താനും അത് കൃഷിയാവശ്യങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കാനും സാധിക്കും. കൂടുതൽ ജലം സംഭരിക്കുന്നതുവഴി അടുത്തുള്ള പ്രദേശങ്ങളിലെ ഭൂഗർഭജല നിരപ്പ് ഉയരുവാനും ഇത് സഹായകരമാകുന്നു.

മേൽ വിവരിച്ച ജല സംരക്ഷണ മാർഗ്ഗങ്ങൾക്കുപരിയായി ഈ പ്രദേശത്ത് (കൊട്ടിയം Jn.ന് പടിഞ്ഞാറ്) കാണുന്ന ഒരു പ്രത്യേകതരത്തിലുള്ള നിർമറി പ്രദേശം പ്രത്യേകം പഠന വിധേയമാക്കി അനുയോജ്യമായ രീതിയിൽ ഭൂവിനിയോഗം നടത്തിയും മറ്റു മാർഗ്ഗങ്ങൾ അവലംബിച്ചും ജല സംഭരണവും സംരക്ഷണവും ഉറപ്പുവരുത്താവുന്നതാണ്. പ്രത്യേക തരത്തിൽ എന്നുദ്ദേശിക്കുന്നത് ഇതിന് ഒരു സോസറിന്റെ ആകൃതിയും വൃഷ്ടി പ്രദേശത്തു ലഭിക്കുന്ന ജലം ഒരു കേന്ദ്ര ബിന്ദുവിലേക്ക് ഒഴുകിയെത്തുകയും ചെയ്യുന്നു എന്നതാണ്. ഇത്തരം നിർമറി പ്രദേശങ്ങളെ "സോസർ ഷേപ്പ്ഡ് ബേസിൽ" എന്നാണ് അറിയപ്പെടുന്നത്. സോസർ ആകൃതിയിൽ ഈ പ്രദേശത്തു കാണുന്നത് ഏകദേശം 0.56 S q. km. വിസ്തൃതിയുള്ള വയൽ പ്രദേശങ്ങളാണ്. ആസ്തി ഭൂപടത്തിൽ നിന്നും ഇവിടെ ഒരു കുളം ഉണ്ടെന്ന് മനസ്സിലാക്കാം. ഈ കുളം വേണ്ട രീതിയിൽ പരിപാലിക്കുകയും ഒരു തടയണ കെട്ടി വെള്ളം വാർന്നു പോകുന്നത് തടയുകയും ചെയ്യുകയാണെങ്കിൽ ജലസംരക്ഷണം ഉറപ്പു വരുത്താവുന്നതാണ്.

ജല സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ഒരു ചുരുങ്ങിയ വിവരണമാണ് മുകളിൽ വിവരിച്ചതെങ്കിലും ഇതെല്ലാം ദീർഘകാലാടിസ്ഥാനത്തിൽ ഫലം കണ്ടെത്തുന്നതാകയാൽ നിലവിലുള്ള കിണറുകൾ ആഴം കൂട്ടി ഉള്ളറകളിലെ ജല സമ്പത്ത് ഉപയോഗിക്കയാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ട ക്രിയാത്മക നിർദ്ദേശം.

പരിസ്ഥിതി മേഖല – രണ്ട് : നിരന്ന സമതലങ്ങളും ഒരു മീറ്ററിനു മുകളിൽ കനമുള്ള മേൽമണ്ണും മിശ്രിത കൃഷിയും, ഭേദപ്പെട്ട ജലലഭ്യതയും ഒത്തു ചേരുന്ന മേഖലകളെയാണ് രണ്ടാം വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടത്തെ മേൽമണ്ണ് മിക്കവാറും മണൽ എന്ന വിഭാഗത്തിൽ പെടുന്നു. കൃഷി രീതികൾ നേരത്തെ വിവരിച്ച പ്രകാരം മിശ്രിത കൃഷി തന്നെയാണ്. ഇവിടെ പ്രത്യേകിച്ച് പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും തന്നെയില്ല. എങ്കിലും ചില കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ കാർഷിക മേഖലയിൽ നല്ലൊരു കുതിച്ചു കയറ്റം ഉണ്ടാക്കാമെന്നതിൽ സംശയമില്ല.

പരിസ്ഥിതി മേഖല – മൂന്ന് : താരതമ്യേന താണ പ്രദേശങ്ങൾ അഥവാ നിലങ്ങൾ, അവിടെക്കാണുന്ന എക്കൽ മണ്ണ് എന്ന മേൽ മണ്ണ്, നെൽക്കൃഷി, സാമാന്യം നല്ല തോതിലുള്ള ജല ലഭ്യത ഇത്തരത്തിൽ ഏകീകൃത സ്വഭാവ പ്രദേശങ്ങളെ എല്ലാം ചേർത്ത് മൂന്നാം പരിസ്ഥിതി മേഖലയുടെ അതിർത്തി നിർണ്ണയിച്ചിരിക്കുന്നു.

ആകെ ഹെക്ടർ പ്രദേശമാണ് ഈ വിഭാഗത്തിൽ വരുന്നത്. കൃഷി പ്രധാനമായും നെൽക്കൃഷിയാണെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. മിക്കവാറും രണ്ടു കൃഷി നടത്താറുണ്ട്. എങ്കിലും ഈ പ്രദേശങ്ങൾ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളിലേക്കാണ് അനുദിനം നീങ്ങിക്കൊണ്ടിരിക്കുന്നത്. പല പ്രശ്നങ്ങൾക്കും കാരണം ഇവിടെ മനുഷ്യൻ നടത്തുന്ന വിവേചനമില്ലാത്ത ഇടപെടൽ തന്നെയാണ്.

ജല ലഭ്യതയാണ് ഈ മേഖലകളിലെയും പ്രധാന പ്രശ്നം. ഇവിടത്തെ പ്രധാന നീരൊഴുക്കുകളായ ഏറാത്തു ചിറത്തോടും (ഏറാത്തു ചിറയിൽ നിന്നും തുടങ്ങുന്നത്) കോവുചിറത്തോടും (കോവുചിറയിൽ നിന്നും തുടങ്ങുന്നത്) സ്ഥിരമായ നീരൊഴുക്കില്ലാതെ വർഷത്തിൽ അഞ്ചുമുതൽ ആറുമാസം വരെ വറ്റിക്കിടക്കുന്നതായാണ് കാണുന്നത്. എന്നാൽ പത്തു പതിനഞ്ചുവർഷങ്ങൾക്കു മുമ്പുള്ള സ്ഥിതി ഇതല്ലായിരുന്നു. എല്ലാക്കാലത്തും ഈ തോടുകളിൽക്കൂടി ജലം ഒഴുകിയിരുന്നതായിട്ടാണ് മുതിർന്നവർ പറയുന്നത്. കൃഷി ആവശ്യങ്ങൾക്കു മാത്രമായി വളരെ ശാസ്ത്രീയമായി വെട്ടിയെടുത്ത തോടുകളാണെന്ന അഭിപ്രായവും ഉണ്ട്. അതായത് ഏറാത്ത് ചിറയിൽ നിന്നും ആരംഭിക്കുന്ന തോട് കൃഷിഭൂമിയുടെ നിരപ്പിൽ നിന്നും ഉയർന്നും എന്നാൽ കോവുചിറ തോട് കൃഷിഭൂമിയുടെ നിരപ്പിൽ നിന്നും താണും ഒഴുകിയിരുന്നത്രെ. ഇതു വളരെ ദീർഘവീക്ഷണത്തോടുകൂടി ഏർപ്പെടുത്തിയ ഒരു പ്രത്യേക സംവിധാനം എന്ന് വിശേഷിപ്പിക്കാവുന്നതാണ്. കാരണം ഏറാത്തുചിറ തോടിലൂടെ വരുന്ന ജലം ഏറാത്തു ചിറയിലും ഉമയന്നെല്ലൂർ ചിറയിലും സംഭരിക്കുവാനും പറഞ്ഞ മാസങ്ങളിൽ വയലുകളിലേയ്ക്കു തിരിച്ചു വിടാൻ സാധിക്കുമ്പോൾ വർഷകാലത്ത് അമിതമാകുന്ന ജലം കോവുചിറ തോടിലൂടെ പുറത്തുപോകുന്ന സംവിധാനമാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ ഇന്ന് ഈ സ്ഥിതി പൂർണ്ണമായും മാറിയിരിക്കുന്നു. അമിതമായ മണൽ വാരൽ മൂലം ഏറാത്തുചിറ പൂർണ്ണമായും വയൽ നിരപ്പിൽ നിന്നും താഴുകയും പല സ്ഥലങ്ങളിലും തോടിന്റെ ഗതി തന്നെ മുറിഞ്ഞുപോയിരിക്കുന്നതായും കാണാവുന്നതാണ്. കോവുചിറയിൽ നിന്നും ഒഴുകുന്ന തോടിന്റെയും അവസ്ഥ വിഭിന്നമല്ല. ഇത്തരത്തിലുള്ള വിവേചനമില്ലാത്ത പ്രവർത്തനങ്ങൾ ഈ മേഖലകളിൽ (ആയിരത്തിനുരിയ പറ നിലങ്ങളിൽ) രൂക്ഷമായ ജലക്ഷാമത്തിനു വഴി തെളിച്ചപ്പോൾ കോവുചിറത്തോടും ഏറാത്തുചിറത്തോടും കൂട്ടിമുട്ടുന്ന കുഴിവാരം ഭാഗങ്ങൾ ചതുപ്പുമായി മാറിക്കൊണ്ടിരിക്കയാണ്. ഇതു വയലുകളിലുള്ള ജല നിരപ്പ് താഴ്ന്നതിന്റെ വ്യക്തമായ സൂചന കൂടിയാണ്. കല്ലട ജലസേചന പദ്ധതിയുടെ ഗുണം ലഭിച്ചുതുടങ്ങുമ്പോൾ കുഴിവാരം ഭാഗങ്ങളിൽ കൂടുതൽ ചതുപ്പുനിലങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

ഈ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട ചില നിർദ്ദേശങ്ങൽ ഇനിപ്പറയുന്നു.

ഒന്നാമതായി ശോചനീയ സ്ഥിതിയിലായ രണ്ടു തോടുകളും പൂർവ്വസ്ഥിതിയിലെത്തിക്കുക എന്നതാണ്. ഇതു വളരെ ശ്രമകരമായ ഒന്നാണ് എങ്കിലും ചില ചെലവു ചുരുങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

നിലവിലുള്ള മൂന്നു ചിറകളും പുനരുജ്ജീവിപ്പിക്കുക എന്നതാണ് ആദ്യം സ്വീകരിക്കേണ്ട നടപടി. വർഷങ്ങളായി അടിഞ്ഞുകൂടിയ ചെളിയും മറ്റു പല മാലിന്യങ്ങളും മാറ്റുകവഴി ചിറകളുടെ കാര്യക്ഷമത ഇന്നുള്ളതിനേക്കാൾ എത്രയോ മടങ്ങ് വർദ്ധിപ്പിക്കാനാകും. രണ്ടാമതായി വേണ്ടതും തോടുകളുടെ പാർശ്വഭിത്തി ഭംഗിയായി കെട്ടി സുഖമമായ ജല പ്രവാഹത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക എന്നതാണ്. കൃത്യമായ ഇടവേളകളിൽ ചിലവു ചുരുങ്ങിയ തടയണകൾ നിർമ്മിച്ച് ജലം പരന്നൊഴുകാനും മണ്ണൊലിപ്പു തടയാനും വേണ്ട നടപടികൾ സ്വീകരിക്കുക. വയലിൽ നിന്നും തോടുകളിൽ നിന്നും മണ്ണു വരുന്ന രീതി ബോധവൽക്കരണത്തിലൂടെയും നിയമങ്ങൾ മുഖേനയും തടയുക. കൃഷിക്കാവശ്യമായ ജലം ചിറകളിലും മറ്റ് ഉപരിതല സ്രോതസ്സുകളിലും ലഭ്യമാക്കുന്നിടത്തോളം ഉപയോഗിക്കുക. അതിനുശേഷം മാത്രം ഭൂഗർഭ ജലത്തെ ആശ്രയിക്കുക. അത്തരത്തിലുള്ള വിവേകപൂർവ്വമായ ഉപയോഗം ജല സമ്പത്തിന്റെ സ്ഥായിയായ ഉപയോഗം ഉറപ്പുവരുത്തുന്നു.

പരിസ്ഥിതിമേഖല – നാല് :കടൽ തീരവും കായലലും ഒത്തുചേരുന്ന പ്രദേശങ്ങളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തീര പ്രദേശങ്ങളിൽ മിക്കവാറും കടൽതീര എക്കൽമണ്ണും തെങ്ങു കൃഷിയു

മാണ് കണ്ടു വരുന്നത്. ജല ലഭ്യത വളരെ കൂടുതലാണെങ്കിലും ശുദ്ധജല ലഭ്യത ഈ മേഖലകളിൽ ഇല്ല തന്നെ. ഉപ്പുവെള്ളം കയറുന്നതിനാൽ കിണർ കുത്തുന്നത് ആശാസ്യമല്ല. ഈ മേഖലകളൽ കുടിവെള്ള ത്തിനായി മറ്റു പല മേഖലകളെയും ആശ്രയിക്കേണ്ടതായിരിക്കുന്നു. വെള്ളപ്പൊക്കവും കടലാക്രമണവു മാണ് മറ്റു രണ്ട് പ്രധാന പരിമിതികൾ.

എന്നാൽ (ഇൻലാൻഡ് ഫിഷറീസ്) ഉൾനാടൻ മത്സ്യബന്ധനം അനുയോജ്യമായ മേഖലകളാണ് ഇത്. ഈ മേഖലയിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് ഇവിടത്തെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ശാശ്വത പരി ഹാരം അസാദ്ധ്യമാണ്. എന്നാൽ മറ്റു പരിസ്ഥിതി മേഖലകൾ കൂടി ഉൾപ്പെടുത്തി ഒരു സമഗ്രമായ കർമ പദ്ധതിക്ക് രൂപം നൽകുകയാണെങ്കിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാ നാവുമെന്നതിൽ തർക്കമില്ല.

ജനകീയാസൂത്രണം

സംസ്ഥാന റിസോഴ്സ് പേഴ്സൺസ് :

സർവ്വശ്രീ : M. ഭാസ്ക്കരൻ
D. ബാലചന്ദ്രൻ
D. ആന്റണി


ജില്ലാ റിസോഴ്സ് പേഴ്സൺസ് :

സർവ്വശ്രീ : T.R. സുകുമാരപിള്ള (കൺവീനർ)
S. സോമൻ പിള്ള
N. ചന്ദ്രബാബു
A. മാധവൻ പിള്ള
K.G. ഗോപിനാഥൻ
K. ഇന്ദിരക്കുട്ടി
G. ഓമന
V. യശോധരനുണ്ണി
A. കാസിംപിള്ള
A. യഹിയ
കുമാരി ചിത്രാഗോവിന്ദ്
A. സൈനുദ്ദീൻ
J. ഷാഹിദ
S. സുനിൽ കുമാർ
G. സരോജനി അമ്മ
K. രാമചന്ദ്രൻ നായർ
K. നാസ്സർ
M. ബദറുദ്ദീൻ
A. ഹനീഫാകുഞ്ഞ്
സുശീല ഈപ്പൻ
K. പവിത്രൻ
M. പ്രഭാകരൻ തമ്പി
K. കൃഷ്ണൻ കുട്ടി

കൃഷിയും ജലസേചനവും







കാർഷികപരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് മയ്യനാട് പഞ്ചായത്ത്. അതുകൊണ്ടുതന്നെ ഇവിടെ വികസനം ആവശ്യമായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖലയും കാർഷിക മേഖല തന്നെ. ദീർഘകാലത്തേയ്ക്കുള്ള ഒരു കാഴ്ചപ്പാടിൽ മയ്യനാട്ടുപഞ്ചായത്തിലെ കൃഷിയും ജലസേചനവും ഉൾപ്പെട്ട കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് സുദീർഘമായ ചർച്ചകൾ നടത്തി തയ്യാറാക്കിയ രൂപരേഖയാണിത്. ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും ജനവാസപരവുമായ പ്രത്യേകതകൾ, സാമൂഹ്യ സാമ്പത്തിക രംഗത്തെ സവിശേഷതകൾ, ജലസമ്പത്ത്, വായ്പാ സൗകര്യങ്ങൾ, ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ ആവശ്യമായ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുവാനുള്ള സൗകര്യങ്ങൾ, അഭ്യസ്തവിദ്യരായ സ്ത്രീ പുരുഷന്മാരുടെ സുലഭത, കർഷകത്തൊഴിലാളികളുടെ ലഭ്യത, ഉല്പാദന ചെലവ്, മറ്റ് ഉല്പാദനോപാധികളുടെ ലഭ്യത, സർവ്വോപരി ഉല്പാദന സംഭരണ സംസ്ക്കരണ വിതരണ സംവിധാനം എന്നിവ മുഴുവൻ കണക്കിലെടുത്തുകൊണ്ട് ഫലപ്രദമായ ഗ്രൂപ്പുചർച്ചകൾ ഈ പഞ്ചായത്തിലെ പതിനാലു വാർഡിലും കൂടിയ സ്പെഷ്യൽ ഗ്രാമസഭാ സമ്മേളനങ്ങളിൽ നടത്തുകയുണ്ടായി. വളരെക്കാലമായി ഈ മേഖലകളിൽ പണിയെടുക്കുന്ന പരിചയ സമ്പന്നരായ കർഷകരുടെ അനുഭവ സമ്പത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ചർച്ചയിലൂടെ അവർ മുന്നോട്ടു വച്ച വികസനപ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ടാണ് കാർഷിക ജലസേചന മേഖലയിലേയ്ക്കുള്ള ഈ വികസന റിപ്പോർട്ടുതയ്യാറാക്കിയിരിക്കുന്നത്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിലെ മയ്യനാടുപഞ്ചായത്തിന്റെ കാർഷികചരിത്രവും കൃഷിമുറകളും പരിശോധിക്കുന്ന ആർക്കും ഈ മേഖല ഒട്ടേറെ മാറ്റങ്ങൾക്കുവിധേയമായി തീർന്നിരിക്കുന്നു എന്ന വസ്തുത മനസ്സിലാക്കാൻ കഴിയും. അതിലേറെ അത്ഭുതം ഉളവാക്കുന്ന വസ്തുത ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ വളർച്ച സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ കാർഷിക രംഗത്ത് അഭൂതപൂർവ്വമായ പുരോഗതി കൈവരിച്ചപ്പോഴും, ഈ നേട്ടങ്ങൾ ഒന്നും കൈവരിക്കുവാൻ നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് കഴിഞ്ഞില്ല എന്നു മാത്രമല്ല നെല്ല്, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, പയറ്, പഴവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യ വിളകളുടെ ഉല്പാദന കാര്യത്തിൽ നമ്മുടെ പഞ്ചായത്തുവളരെയധികം പിന്നോക്കം പോയി എന്ന ദുഃഖകരമായ സത്യത്തിലേയ്ക്കാണ് അന്വേഷണങ്ങൾ എത്തിച്ചേരുന്നത്. പണ്ട് ഈ ഭൂവിഭാഗത്തിന്റെ കര പ്രദേശങ്ങളിൽ എല്ലാം തന്നെ മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, കപ്പക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും, കൂവരക്, മുതിര, ഉഴുന്ന്, ചെറുപയർ തുടങ്ങി എല്ലാത്തരം പയർ വർഗ്ഗങ്ങളും, മാവ്, പ്ലാവ്, കശുമാവ്, വാഴ, കപ്പയ്ക്ക തുടങ്ങിയ പഴവർഗ്ഗചെടികളും മരങ്ങളും, തെങ്ങിൻ തോപ്പിൽ ഇടവിളയായും വിള പ്രദേശങ്ങളിൽ മൊത്തമായും സമൃദ്ധിയായി കൃഷിചെയ്തിരുന്നു. വൃശ്ചികമാസത്തിലെ കാർത്തിക രാത്രിയിൽ സ്വന്തം പുരയിടത്തിൽ നിന്നും വിളവെടുത്ത കിഴങ്ങുകളും, പയർവർഗ്ഗങ്ങളും പുഴുങ്ങി വിളമ്പാത്ത വീടുകൾ അന്നുവിരളമായിരുന്നു. ഇന്ന് ഈ ആവശ്യം കടയിൽ നിന്നും വാങ്ങി നിർവ്വഹിക്കുന്നു. കശുമാവ്, നാടൻ മാവിനങ്ങൾ, പ്ലാവ്, പുളി എന്നീ വൃക്ഷങ്ങൾ

കൊണ്ടു നിബിഡമായിരുന്നു മയ്യനാട് പഞ്ചായത്തിന്റെ പല പ്രദേശങ്ങളും. എന്നാൽ ഇന്നത്തെ സ്ഥിതിയോ?

ചിലവീടുകളിൽ കശുമാവ് ഒരലങ്കാര വൃക്ഷമായി വളർത്തുന്നു. മാവ്, പ്ലാവ്, പുളി തുടങ്ങിയ മറ്റ് വൃക്ഷങ്ങളെല്ലാം വിറകിനും, വാസസ്ഥല നിർമ്മാണത്തിനുമായി വെട്ടി മാറ്റപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ ഇപ്പോൾ അവശേഷിക്കുന്നതു കറവപശുവിനെപ്പോലെ വെറും തെങ്ങിൻ തോപ്പുകൾ മാത്രം. അങ്ങിങ്ങുവിരളമായി കുറച്ചുവാഴയും, കിഴങ്ങുവർഗ്ഗങ്ങളും മറ്റേതാനും വിളകളും കാണാം.

നെൽകൃഷി മേഖലയുടെ രംഗത്തും മാറ്റങ്ങൾ വളരെയുണ്ടായി. പണ്ടുനിലങ്ങളിലെ കൃഷി മുഴുവനും കാളയും കലപ്പയും മനുഷ്യശക്തിയും ഉപയോഗിച്ചുള്ളതായിരുന്നു. നല്ലൊരുശതമാനം കർഷകരും അന്ന് സ്വന്തമായി കൃഷിപ്പണികൾ ചെയ്തിരുന്നു. നാടൻ വിത്തിനങ്ങൾ മാത്രമാണ് അന്ന് ഉപയോഗിച്ചിരുന്നതെങ്കിലും ഇന്നത്തെ നെൽകൃഷിയ്ക്കുള്ള റിസ്ക്ക് അന്നില്ലായിരുന്നു. കർഷകത്തൊഴിലാളികൾക്ക് ഭക്ഷണമായിരുന്നു കൂലിയെക്കാൾ കൂടുതൽ ആകർഷണം. കൂലി വളരെ കുറവായിരുന്നു എങ്കിലും കുടിയാൻ-ഭൂഉടമ ബന്ധം വളരെ ദൃഢമായിരുന്നു. കാർഷിക പ്രവർത്തനങ്ങളൊക്കെ തന്നെ ഉത്സവ പ്രതീതിയോടെ ആയിരുന്നു ചെയ്തിരുന്നത്. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അരിയുടെ കുറവും, അന്നു നിലനിന്നിരുന്ന സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക പരിമിതികളുമായിരുന്നു കൃഷിയിലും അധ്വാനത്തിലും അന്നു കൂടുതൽ താല്പര്യം ഉണ്ടാക്കാൻ കാരണമായി ചൂണ്ടിക്കാണിക്കുന്നത്. കാലം മാറിയതോടെ ജനങ്ങൾ കൂടുതൽ വിദ്യാസമ്പന്നരാകുകയും വിദേശജോലികളിലും, സർക്കാർ ഉദ്യോഗങ്ങളിലും, ബിസ്സിനസ്സുകളിലും, ഒക്കെ ഏർപ്പെടുകയും ചെയ്തതോടെ കൃഷിയോടുള്ള അഭിവാഞ്ച കുറയാൻ കാരണമായി. കൂട്ടുകുടുംബ വ്യവസ്ഥിതിയായിരുന്നു പണ്ടു നിലനിന്നിരുന്നത്. എന്നാൽ പിൽക്കാലത്ത് ജനസംഖ്യാവർദ്ധനവ് ഉണ്ടായതുമൂലവും, സാമൂഹ്യ സാമ്പത്തിക രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വന്നതിന്റെയും ഫലമായി കൂട്ടുകുടുംബവ്യവസ്ഥിതിയ്ക്ക് മാറ്റം വരുകയും, ന്യൂക്ലീയർ കുടുംബങ്ങൾ സ്ഥാപിതമാകാൻ തുടങ്ങിയതോടെ വാസസ്ഥലങ്ങൾക്ക് വേണ്ടിയുള്ള സമ്മർദ്ദം വർദ്ധിച്ചു. ഇങ്ങനെ ജനജീവിതത്തിന്റെ കടന്നുകയറ്റം വൃക്ഷങ്ങളുടെ നാശത്തിനും, കൃഷിഭൂമിയുടെ വിസ്തൃതിക്ക് കുറവും സംഭവിക്കാൻ തുടങ്ങി. ഈ പ്രക്രീയ അനുസ്യൂതം തുടർന്നു കൊണ്ടിരുന്നു. ക്രമേണ ജീവിതത്തോതും, കൂലി ചെലവും വർദ്ധിച്ചതിന്റെ ഫലമായും, കൂടുതൽ ആകർഷണീയമായ മറ്റ് വിവിധ മേഖലകളിലേയ്ക്ക് ജനങ്ങളുടെ ശ്രദ്ധയും പ്രവർത്തനവും തിരിഞ്ഞതിന്റെ ഫലമായി കാർഷിക മേഖല പിൻതള്ളപ്പെട്ടു. ഈ മേഖലയുടെ വികസനത്തിന് ഇത്തരം കാരണങ്ങൾ പ്രതിബന്ധങ്ങളായി. അങ്ങനെ വികസനം മരവിച്ച് നില്ക്കുന്ന ഇന്നത്തെ സ്ഥിതി വിശേഷത്തിലേയ്ക്ക് കാർഷിക മേഖല എത്തിച്ചേർന്നു.

ഇപ്പോൾ ഇവിടുത്തെ പ്രധാന കാർഷിക വിളകൾ തെങ്ങും നെല്ലുമാണ്. മരച്ചീനി, വാഴ, കുരുമുളക്, കമുക്, മറ്റ് പഴവർഗ്ഗങ്ങൾ, കശുമാവ്, മാവ്, പ്ലാവ്, പുളി, പച്ചക്കറികൾ തുടങ്ങിയവ ചെറിയ തോതിൽ പഞ്ചായത്തിലെ പതിനാല് വാർഡുകളിലും കൃഷിചെയ്തുവരുന്നു. ഓരോ വിളകളുടെയും വിസ്തൃതിയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക ഒന്നിൽ ചേർക്കുന്നു.

പട്ടിക 1 - ഭൂവിനിയോഗം

നമ്പർ	വിളകളുടെ പേര്	വിസ്തീർണ്ണം ഹെക്ടറിൽ
1	തെങ്ങ്	1134
2	നെല്ല്	125
3	കമുക്	16
4	പ്ലാവ്	82
5	മാവ്	75
6	കശുമാവ്	40
7	പുളി	10
8	മുരിങ്ങ	20
9	വാഴ	35
10	കുരുമുളക്	53
11	മരച്ചീനി	128
12	മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ	17
13	മറ്റ് വിളകൾ	73

മയ്യനാട് പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതി 1762 ഹെക്ടർ ആകുന്നു. ഇതിൽ കൃഷിചെയ്യാവുന്ന ഭൂമിയുടെ വിസ്തൃതി 1247 ഹെക്ടർ ആണ്. ചില നെൽപ്പാടങ്ങളിൽ വർഷത്തിൽ രണ്ട് പ്രാവശ്യം കൃഷി ചെയ്യുന്നതുകൊണ്ടും, കര പ്രദേശത്ത് ഭാഗികമായി ബഹുവിളകൃഷി സമ്പ്രദായം സ്വീകരിച്ചിരിക്കുന്നതിനാലും മൊത്തം 1860 ഹെക്ടർ സ്ഥലത്ത് വർഷം തോറും കൃഷി നടന്നു വരുന്നതായി കാണാം. അങ്ങനെ നോക്കുമ്പോൾ പഞ്ചായത്തിലെ വിള സാന്ദ്രത 149% ആണെന്ന് മനസ്സിലാക്കാം. തെങ്ങുകൃഷിയിൽ മാത്രമാണ് ഇവിടെ കൃഷിഭൂമിയുടെ വ്യാപ്തി വർദ്ധിച്ചിട്ടുള്ളത്. അതേ സമയം നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി 250 ഹെക്ടറിൽ നിന്നും 125 ഹെക്ടറായി കുറഞ്ഞിരിക്കുകയാണ്. പഞ്ചായത്തിലെ മൊത്തം നെല്പ്പാടങ്ങളും അവയ്ക്ക് പണ്ട് ഉണ്ടായിരുന്നതും ഇപ്പോൾ അവശേഷിക്കുന്നതുമായ വിസ്തൃതി വിവരകണക്ക് പട്ടിക രണ്ടിൽ ചേർക്കുന്നു.

പട്ടിക - 2

നമ്പർ	ഏലായുടെ പേര്	മുമ്പ് ഉണ്ടായിരുന്ന വിസ്തൃതി (ഹെക്ടർ)	ഇപ്പോൾ വിസ്തൃതി (ഹെക്ടർ)
1	ഉമയനല്ലൂർ ഏല	120	105
2	പണയിൽ "	25	2
3	ഏറത്ത് "	40	2
4	പറക്കുളം "	10	പൂർണ്ണമായും നികഴ്ത്തി
5	പന്നിമൺ "	15	5
6	മുണ്ടു ചിറ "	15	5
7	ഓലിക്കര "	10	4
8	കാരിക്കുഴി "	15	2
		250	125

ഇങ്ങനെ മാറ്റപ്പെട്ട നെൽകൃഷി സ്ഥലത്ത് പുതിയതായി തെങ്ങുകൃഷി ആരംഭിച്ചതും, നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിലലും നിലം നികത്തിയും കൂടുതൽ തൈകൾ വച്ചു പിടിപ്പിച്ചതാണ് തെങ്ങു കൃഷിയിൽ വർദ്ധനവുണ്ടാകാൻ കാരണങ്ങൾ. ഇടവിളകളുടെ കാര്യത്തിലും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. മുൻപ് സമൃദ്ധിയായി കൃഷിചെയ്തിരുന്ന മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും, വാഴ, മുതിര, പയർ, ഉഴുന്ന് തുടങ്ങിയ കൃഷികളിലുമാണ് ഗണ്യമായ കുറവ് വന്നിട്ടുള്ളത്. കൃഷി ചിലവ് ക്രമാതീതമായി വർദ്ധിച്ചതും, കർഷകത്തൊഴിലാളികളെ സമയത്ത് കിട്ടാത്തതുമാണ് ഈ മാറ്റത്തിന് പ്രധാന കാരണങ്ങൾ.

തെങ്ങ് ഒഴിച്ചാൽ മറ്റെല്ലാ വിളകളുടെയും ഉല്പാദനക്ഷമത സംസ്ഥാനത്തിന്റെ ശരാശരി ഉല്പാദനക്ഷമതയിൽ താഴെയാണ് എന്ന് കാണുവാൻ കഴിയും. പഞ്ചായത്തിലെ പ്രധാന കാർഷികവിളകളുടെ ഉല്പാദനക്ഷമതയും സംസ്ഥാനത്തെ ശരാശരി ഉല്പാദനക്ഷമതയും തമ്മിലുള്ള ഒരു താരതമ്യ പഠനം പട്ടിക മൂന്നിൽ ചേർക്കുന്നു.

പട്ടിക - 3

നമ്പർ	വിളയുടെ പേര്	യൂണിറ്റ്	പഞ്ചായത്തിലെ ഉല്പാദനക്ഷമത	സംസ്ഥാനത്തെ ഉല്പാദനക്ഷമത
1	തെങ്ങ്	ഒന്ന്	35 നാളികേരം	33 നാളികേരം
2	നെല്ല്	ഹെക്ടർ	1600 കിലോ	2924 കിലോ
3	വാഴ	"	6400 "	7951 "
4	കുരുമുളക്	"	250 "	270 "
5	മരച്ചീനി	"	12 ടൺ	20 ടൺ
6	കശുമാവ്	"	650 കിലോ	820 കിലോ.

ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന വിവിധ ഘടകങ്ങളെപ്പറ്റി വിശദമായ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ വസ്തുതകൾ തുടർന്ന് വിവരിക്കുന്നു. ജലസമ്പത്ത് കൊണ്ട്

അനുഗ്രഹീതമായിരുന്നു ഒരു കാലത്ത് മയ്യനാട് പ്രദേശം. തലങ്ങും വിലങ്ങും കുതുച്ചോടുന്ന ഒട്ടേറെ തോടുകൾ, നീർച്ചാലുകൾ, ഒരിക്കലും വറ്റാത്ത കുളങ്ങൾ, ഇവയൊക്കെ പണ്ടുകാലത്ത് ഈ നാടിന്റെ സമ്പത്തായിരുന്നു. പക്ഷേ ജനജീവിതത്തിന്റെ കടന്നുകയറ്റം മൂലവും മഴയുടെ കുറവും കാരണം ഇന്ന് പലതോടുകളും, കുളങ്ങളും, നാമമാത്രമായി അവശേഷിക്കുന്നു. ഇപ്പോൾ ഉള്ള പ്രധാന തോടുകൾ താഴെപ്പറയുന്നു.

1. ഉമയനല്ലൂർ ചിറ – കാരിക്കുഴി തോട്.
2. കോവൂർ ചിറ – കാരിക്കുഴി തോട്.
3. തെറ്റിക്കുഴി മാടച്ചിറ – മുണ്ടുചിറ തോട്.
4. പറന്തി – കോവൂർ ചിറ തോട്.
5. പറക്കുളം – ഏറത്ത് ചിറ – ഉമയനല്ലൂർ തോട്.
6. കീഴ്ചിറ – കായാവിൽ – കല്ലറാം തോട്.
7. ചെന്നിക്കൽ – ആറാട്ടുകുളം – കുഴിയിൽ പാലം തോട്.
8. നീരാവിൽ – മണ്ണാടിക്കുളം – ഉമയനല്ലൂർ തോട്.
9. കണ്ണാട്ടുകുളം – കാരിക്കുഴി തോട്.
10. ആലുംമൂട് – ഒലിക്കരം തോട്.
11. മേപ്പാട്ട് ഏല – അഞ്ചുകോയിക്കൽ – ഓലിക്കര തോട്.
12. കല്ലുകുഴി – കോട്ടമുറി തോട്.
13. ഒലിക്കര – പെരുംകുളം തോട്.
14. കോലാം തോടം – കായൽ തോട്.
15. കോട്ടവയൽ – ചണിവയൽ – പരവൂർ കായൽ
16. കുഴിത്തടി – കാവടി തോട്.
17. ശാസ്താം കോവിൽ – കായൽ തോട്.
18. വെടിവയൽ തോട് – പരവൂർ കായൽ.

ജൂണിൽ കാലവർഷം ആരംഭിക്കുന്നതുമുതൽ നവംബറിൽ തുലാവർഷം അവസാനിക്കുന്നതുവരെ തോടുകളിൽ വെള്ളം ഒഴുക്കുണ്ടായിരിക്കും. വേനൽക്കാലത്ത് ഒഴുക്ക് നിലച്ച് വെള്ളം ലഭ്യം അല്ലാതെ വരുന്നു. ആയതിനാൽ വേനൽക്കാലത്ത് ജലസേചനം നടത്തുവാൻ ഈ തോടുകൾ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നില്ല. ഉമയനല്ലൂർ ഏലായുടെ പടിഞ്ഞാറുഭാഗത്ത് രണ്ട് ക്രോസ്ബാറുകൾ ഉണ്ടെങ്കിലും അവ ഇപ്പോൾ ഉപയോഗയോഗ്യമല്ല. ഉമയനല്ലൂർ ഏലായുടെ തലച്ചിറകളായ ഉമയനല്ലൂർ ചിറ, കോവൂർ ചിറ, ഏറത്ത് ഏലായുടെ തലച്ചിറകളായ ഏറത്ത് ചിറ, 7- ാം വാർഡിലെ കുറ്റിക്കാട്ടുകുളം, പട്ടരുകുളം, 8-ാം വാർഡിലെ തുണ്ടിൽ കുളം, 12-ാം വാർഡിലെ വെളുത്തേടത്തു കുളം, 13-ാം വാർഡിലെ ശാർക്കര കുളം, 14-ാം വാർഡിലെ ആറാട്ട് കുളം, ആലേക്കുളം എന്നിവ ഈ പഞ്ചായത്ത് പ്രദേശത്തെ സാധാരണ വറ്റാത്ത കുളങ്ങളാണ്. ഇതു കൂടാതെ പൊതു മേഖലയിലും, സ്വകാര്യമേഖലകളിലുമായി 42 കുളങ്ങൾ വിവിധ വാർഡുകളിലായി സ്ഥിതിചെയ്യുന്നുണ്ടെങ്കിലും വേനൽക്കാലത്ത് ഇവയെല്ലാം വറ്റിപ്പോകാറുണ്ട്. പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനേക്കാൾ ആവശ്യം, നിലവിലുള്ളവ കുഴിച്ച് സൈഡുകൾ കെട്ടി സുരക്ഷിതമാക്കുകയാണ് കൂടുതൽ ആവശ്യം. ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കൃഷിവകുപ്പിലൂടെ കഴിഞ്ഞ 5 വർഷക്കാലത്തിനിടയ്ക്ക് 36 പമ്പുസെറ്റുകളും 42 കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും പഞ്ചായത്തിലെ ഒന്നും, രണ്ടും വാർഡുകളിൽ ഭാഗികമായും മറ്റെല്ലാ വാർഡുകളിലും രൂക്ഷമായും ജലദൗർലഭ്യം വേനൽക്കാലത്ത് അനുഭവപ്പെടുന്നുണ്ട്. അതേ സമയം 11-ാം വാർഡിലെ മുണ്ടിച്ചിറ ഏലാ, 13-ലെ ഓലിക്കര, മണ്ണാടിക്കുളം ഏലാകൾ, 1-ാം വാർഡിലെ കാരിക്കുഴി ഏലായുടെ പടിഞ്ഞാറു ഭാഗങ്ങൾ 5-ാം വാർഡിലെ ധവളക്കുഴി തുടങ്ങിയ പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളം ഒലിച്ചുപോകുവാൻ തടസ്സമുള്ളതുകൊണ്ട് നീർക്കെട്ട് അനുഭവപ്പെടുന്നു.

ജൈവവസ്തുക്കളും രാസവളങ്ങളും ഈ പഞ്ചായത്തിലെ വിളകൾക്ക് വളരെ കുറഞ്ഞ തോതിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ജൈവവളങ്ങളുടെ ലഭ്യതക്കുറവും, എല്ലാ വളങ്ങൾക്കും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിലയുമാണ് ഇവ വേണ്ട അളവിൽ ഉപയോഗിക്കുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കുന്ന കാരണങ്ങൾ. ഉമയനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, കൂട്ടിക്കടയിലെ മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക്, മയ്യനാട് റീജിയണൽ കോപ്പറേറ്റീവ് ബാങ്ക് എന്നിവയായിരുന്നു സഹകരണ മേഖലയിൽ രാസ

വളം വിതരണം നടത്തിയിരുന്ന സ്ഥാപനങ്ങൾ. ഇതിൽ മയ്യനാട് R.C.B. രണ്ടുവർഷമായി രാസവളം വില്പന നടത്തുന്നില്ല. കാരണം ലൈസൻസ് പുതുക്കാത്തതാണ്. കൊട്ടിയത്ത് രണ്ട് പ്രൈവറ്റ് സ്ഥാപനങ്ങളും രാസവളവിതരണം നടത്തുന്നുണ്ട്. ഈ നാലുസ്ഥാപനങ്ങളിൽ കൂടി കഴിഞ്ഞ വർഷം 37 ടൺ രാസവളങ്ങൾ പഞ്ചായത്ത് പ്രദേശത്തെ വിളകൾക്ക് ലഭ്യമാക്കി. യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വെറും 6% സ്ഥലത്തു മാത്രമാണ് രാസവളപ്രയോഗം നടന്നിട്ടുള്ളത് എന്ന് കാണാൻ കഴിയും.

കഴിഞ്ഞ മൂന്ന് വർഷക്കാലത്ത് 712 മണ്ണ് സാമ്പിളുകൾ പരിശോധിച്ചതായാണ് കൃഷിഭവൻ റിക്കാർഡുകളിൽ സൂചിപ്പിക്കുന്നത്. എന്നാൽ ഗ്രാമസഭായോഗങ്ങളിൽ നടന്ന ചർച്ചകളിൽ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തിയിട്ടുള്ള കർഷകരുടെ എണ്ണം വളരെ പരിമിതമായിരുന്നു. സംഘടിതമായ രീതിയിൽ എല്ലാ കർഷകരുടെയും മണ്ണുസാമ്പിളുകൾ പരിശോധിച്ച് ഏതേത് വളങ്ങൾ എപ്പോൾ എത്ര അളവിൽ ചേർക്കണം എന്ന് കർഷകന് മനസ്സിലാക്കിക്കൊടുക്കണം. അതിനായി ഒരു മണ്ണ് പരിശോധനാകേന്ദ്രം പഞ്ചായത്തിൽ അടിയന്തിരമായും ഉണ്ടാക്കണം.

തെങ്ങിനുണ്ടാകുന്ന കാറ്റുവീഴ്ച രോഗം, ഓല രോഗം, മണ്ട ചീയൽ രോഗം, വെള്ളയ്ക്കാ പൊഴിച്ചിൽ, ചെല്ലിക്കുത്ത്, നെല്ലിനുണ്ടാകുന്ന തണ്ടുതുരപ്പൻ പുഴു, ഓല ചുരുട്ടി പ്പുഴു, കുഴൽപ്പുഴു, മുഞ്ഞ, ബ്ലാസ്റ്റ് രോഗം, വാഴയ്ക്കുണ്ടാകുന്ന മണ്ടയടപ്പൻ, കുരുമുളകിനുണ്ടാകുന്ന വാട്ട രോഗം, മരച്ചീനിയിലയിലെ മഞ്ഞളിപ്പും, കുരടിപ്പും എന്നിവയാണ് വിളകളെ ബാധിക്കുന്ന പ്രധാന രോഗ കീട ആക്രമണ സ്വഭാവം.

ഇവിടെ സ്ത്രീകർഷകത്തൊഴിലാളികൾക്ക് 65 രൂപയും പുരുഷകർഷകത്തൊഴിലാളികൾക്ക് 100 രൂപയുമാണ് സാധാരണയായി നിലവിലുള്ള കൂലി നിരക്ക്. ജോലിയുടെ സ്വഭാവം അനുസരിച്ചും, തൊഴിലാളി–ഭൂവുടമാ ബന്ധങ്ങൾ അനുസരിച്ചും ഇതിന് അല്പം ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. കാർഷിക പ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ നടത്തുവാൻ വേണ്ടത്ര ആവശ്യമുള്ളതും, അറിവുള്ളതുമായ കർഷകത്തൊഴിലാളികളെ കിട്ടുന്നില്ല എന്നാണ് പൊതുവിൽ വന്ന ചർച്ച.

പഞ്ചായത്ത് പ്രദേശത്ത് വിപണന സൗകര്യങ്ങൾ ഉണ്ടെങ്കിൽ പോലും വളരെ തുച്ഛമായ അളവിൽ മാത്രമെ കാർഷിക ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തുന്നുള്ളൂ. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാളികേരമാണ് പ്രധാനമായി വില്ക്കപ്പെടുന്ന കാർഷിക ഉല്പന്നം. എന്നാൽ അതു മധ്യവൃത്തികളായ കച്ചവടക്കാർ മുഖേനയാണ് പ്രധാനകച്ചവടം നടത്തുന്നത്. സ്വാഭാവികമായി കർഷകർ ഒട്ടേറെ ചൂഷണങ്ങൾക്ക് വിധേയമാകുന്നു. ചർച്ചകളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത് ഉപഭോക്താവ് നൽകുന്ന തുകയുടെ 50 മുതൽ 60% വരെ മാത്രമെ കർഷകർക്ക് ലഭിക്കുന്നുള്ളൂ. ബാക്കി വിവിധ ഇടത്തട്ടുകാർ കൈക്കലാക്കുന്നു എന്നതാണ്. നിയന്ത്രിത വിപണികളോ, മാർക്കറ്റിംഗ് സംഘങ്ങളോ ഇല്ലാത്തതാണ് ഇത്തരം ചൂഷണങ്ങൾക്ക് ഇടവരുത്തുന്നത്. ആയതിനാൽ പഞ്ചായത്തിൽ ഇതിനാവശ്യമായ മേൽ പറഞ്ഞ സൊസൈറ്റികൾ ഉണ്ടാകണം. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കാർഷിക ആഴ്ച ചന്ത ഉണ്ടാകണം. കർഷകന് ഉല്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് വില്ക്കുവാൻ കഴിയും.

പഞ്ചായത്തിലെ കൃഷിഭവൻ റിക്കാർഡുകൾ അനുസരിച്ച കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ കാർഷിക പുരോഗതിയെ ലക്ഷ്യമാക്കി വലുതും, ചെറുതുമായ ഒട്ടേറെ പദ്ധതികൾ നടപ്പാക്കാൻ സാധിച്ചു എന്നു മനസ്സിലാക്കാം. ഇതിൽ പ്രധാനപ്പെട്ട പദ്ധതികൾ താഴെച്ചേർക്കുന്നു.

1. നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് പദ്ധതി
2. സമഗ്ര തെങ്ങുകൃഷി വികസന "
3. പച്ചക്കറി വികസന "
4. സുഗന്ധവിള വികസന "
5. കശുമാവ് കൃഷിവികസന "
6. പഴവർഗ്ഗ കൃഷി വികസന "

7. ജൈവവള വികസന പദ്ധതി
8. പ്രത്യേക ഘടക പദ്ധതി
9. മണ്ണ് സംരക്ഷണ പദ്ധതി
10. പൊതു ജനസമ്പർക്ക പദ്ധതി

ഇതിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കുറച്ചുകൂടി ശക്തിപ്പെടുത്തി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഗുണകരമായിരിക്കും. എന്നാൽ ഇപ്പോഴത്തെ സമിതിയിൽ എല്ലാ നെൽകൃഷിക്കാരും അംഗങ്ങളായി വരാത്തതുകൊണ്ടും, സമിതിയ്ക്ക് ആവശ്യമായ സാമ്പത്തിക ആസ്തി കിട്ടാത്തതിനാലും ഈ പദ്ധതി ഭാഗികമായി മാത്രമെ വിജയിച്ചിട്ടുള്ളൂ.

തെങ്ങ്കൃഷി വികസന പദ്ധതി സമഗ്രമായിരുന്നുവെങ്കിലും സാമ്പത്തിക പരിമിതിമൂലം യഥാർത്ഥ ആവശ്യത്തിന്റെ നേരിയ ശതമാനം മാത്രമെ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കേരസംരക്ഷണസമിതിയിൽ എല്ലാ കേരകർഷകരെയും അംഗങ്ങളാക്കുകയും ആവശ്യമായ സാമ്പത്തിക സഹായം നേടിക്കൊണ്ടും കൂട്ടായ്മയുടെ കരുത്ത് ആർജ്ജിച്ചും കേരസംരക്ഷണസമിതിയുടെ പ്രവർത്തനം കർഷകർക്ക് കൂടുതൽ ഗുണകരമാക്കാൻ കഴിയും എന്നാണ് പൊതുവെ അഭിപ്രായം ഉണ്ടായത്.

പച്ചക്കറി കൃഷി വികസനത്തിന് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ വളരെ തുച്ഛമായ ചില പരിപാടികൾ മാത്രമെ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സ്ക്കൂൾ കുട്ടികൾ വഴി 3000 പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തതും, 5 മഹിളാ സമാജങ്ങൾക്ക് പച്ചക്കറി വിത്തുകൾ നൽകിയതും, 15 കർഷകർക്ക് പച്ചക്കറി കിറ്റും കീടനാശിനിയും വിതരണം ചെയ്തതും മാത്രമാണ് പച്ചക്കറി കൃഷിയുടെ വികസനത്തിനുവേണ്ടി നടപ്പാക്കിയ പദ്ധതികൾ. ഇതിൽ സ്ക്കൂൾ കുട്ടികൾ വഴി വിതരണം നടത്തിയ പച്ചക്കറി വിത്തുകൾ ഉദ്ദേശിച്ച ഫലം ലഭ്യക്കായില്ല. വളരെ ബൃഹത്തായ, സമഗ്രമായ ഒരു പച്ചക്കറി കൃഷിവികസന പരിപാടിയാണ് കർഷകർ ആവശ്യപ്പെടുന്നത്. പച്ചക്കറി കൃഷി വ്യാപകമായി നടത്തുവാൻ പറ്റിയ പ്രദേശമാണ് മയ്യനാട്.

സുഗന്ധവിള വികസനപദ്ധതി അനുസരിച്ച് 200 ഗ്രാമ്പൂതൈകളും, 400 ജാതിതൈകളും, 100 കിലോ ഇഞ്ചി വിത്തും വിതരണം നടത്തുകയുണ്ടായി. വളരെ കുറച്ച് കർഷകർക്ക് മാത്രം ഇതിന്റെ ഗുണം കിട്ടിയിട്ടുള്ളൂ. കൂടുതൽ സാമ്പത്തിക സഹായത്തോടെ വ്യാപകമായി ഈ പരിപാടി നടപ്പാക്കണം എന്നാണ് അഭിപ്രായം.

കശുമാവ് കൃഷി വികസനപദ്ധതിയും വളരെ നാമമാത്രമായി മാത്രമെ നടപ്പാക്കിയിരുന്നുള്ളൂ. നിലവിലുള്ള തരിശുഭൂമിയിലും, മറ്റ് പാഴ് വൃക്ഷങ്ങൾ മുറിച്ചു മാറ്റിയും, K.I.P. പൊന്നുവിലയ്ക്കെടുത്ത് ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിലും, ഒരു വീട്ടുവളപ്പിൽ രണ്ട് കശുമാവ് എങ്കിലും എന്ന ക്രമത്തിലും ഈ കൃഷി വ്യാപിപ്പിച്ചാൽ കർഷകന് കൂടുതൽ ആദായവും, നാട്ടിൽ കശുവണ്ടി വ്യവസായ സ്ഥിരതയും ഉണ്ടാകും.

പഴവർഗ്ഗ കൃഷി, സാമ്പത്തിക പരിമിതിമൂലം കുറഞ്ഞതോതിൽ മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ. വാഴകൃഷി സാദ്ധ്യതകൾ ചൂഷണം ചെയ്തിട്ടില്ലാത്ത ഒട്ടേറെ പ്രദേശങ്ങൾ പഞ്ചായത്തിൽ ഉള്ളതുകൊണ്ട് ഈ പദ്ധതി കൂടുതൽ സ്ഥലത്തെയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിയും എന്നാണ് വിലയിരുത്തൽ.

ജൈവവള വികസനത്തിൽ കംമ്പോസ്റ്റും, പച്ചില വളവും ഉല്പാദിപ്പിക്കുവാനുള്ള പരിപാടികളായിരുന്നു നടപ്പിലാക്കിയതും കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള ധനസഹായം തുച്ഛമായിരുന്നു. യഥാർത്ഥത്തിൽ താല്പര്യവും, സാദ്ധ്യതയും ഉള്ള കർഷകർക്ക് കൂടുതലായി ആനുകൂല്യം നൽകാൻ സാധിച്ചിട്ടില്ല. അതേ സമയം ചെറിയതോതിൽ ആണെങ്കിലും പച്ചില വളം കർഷകർക്ക് ഗുണം ഉണ്ടാക്കിയ ഒരു പരിപാടിയായിരുന്നു.

പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ 15 കിണറുകൾ കുഴിക്കുന്നതിനുള്ള ധനസഹായം നൽകിയും, കുറ്റിമുല്ല കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കിയും, തെങ്ങിൻ തൈകൾ വിതരണം നടത്തിയും പരിമി

തമായ തോതിൽ മാത്രമെ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

മണ്ണ് സംരക്ഷണ പദ്ധതി അനുസരിച്ച് പഞ്ചായത്തിൽ തൊഴിൽ സേന രൂപീകരിച്ച് കയ്യാല വെട്ടുക, കല്ല് കയ്യാലുകൾ കെട്ടുക, കിണറുകൾ, കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക, തെങ്ങിൻ തോട്ടത്തിൽ ഇടനികത്തൽ തുടങ്ങിയ അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ നടപ്പാക്കിയത് കർഷകർക്ക് പ്രയോജനം ഉണ്ടാക്കിയതായിട്ടാണ് അഭിപ്രായം.

പൊതു ജനസമ്പർക്ക പരിപാടി അനുസരിച്ച് നടത്തിയ കർഷക സെമിനാറുകൾ വിജയമായിരുന്നു. കർഷകരെ ആദരിക്കുന്നതിന് അവാർഡ് നൽകുന്ന പരിപാടിയും പ്രോത്സാഹജനകമാണ് എന്നാണ് അഭിപ്രായം. ജനങ്ങൾക്കാകമാനവും അവരുടെ വളർത്തുമൃഗങ്ങൾക്ക് മുഴുവനും മുഖ്യാഹാരമായ ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കുന്ന, വ്യവസായങ്ങൾക്കാവശ്യമായ ഒട്ടേറെ അസംസ്കൃത സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന, രാജ്യത്തിന് ഒട്ടേറെ വിദേശനാണ്യം നേടിത്തരുന്ന കാർഷികോല്പന്നങ്ങൾ പ്രകൃതിയോട് മല്ലടിച്ച് ഉല്പാദിപ്പിക്കുന്ന കർഷകർ തീർച്ചയായും ആദരിക്കപ്പെടേണ്ടതാണ്. "ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന സേനാ ഭടനെപ്പോലെ". കൂടുതൽ ആകർഷണീയമായ അവാർഡുകൾ അവർക്ക് ലഭ്യമാക്കട്ടെ എന്നാണ് പൊതുജനാഭിപ്രായം.

മയ്യനാട് പഞ്ചായത്ത് പ്രദേശത്ത് കാർഷിക മേഖലയിലെ ഇന്നത്തെ സ്ഥിതിവിശേഷം സമഗ്രമായി ചർച്ചചെയ്തതിലൂടെ ഈ മേഖലയിലെ വികസനപ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

വികസനപ്രശ്നങ്ങൾ

1. പ്രധാനപ്പെട്ട എല്ലാ വിളകൾക്കും, രോഗങ്ങളുടെയും, കീടങ്ങളുടെയും ആക്രമണം, ഇവയെ തിരിച്ചറിഞ്ഞു സമയാസമയങ്ങളിൽ ഫലപ്രദമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സംവിധാനമില്ല.

2. വർദ്ധിച്ച കൂലിചെലവ് അതിനോടൊപ്പം മറ്റെല്ലാ ഉല്പാദനോപാധികൾക്കും (വിത്ത്, വളം, വെള്ളം, കീടനാശിനി തുടങ്ങിയവയ്ക്ക്) അനുദിനം വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

3. ശാസ്ത്രീയമായി കൃഷിനടത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങളോ, മാർഗ്ഗനിർദ്ദേശങ്ങളോ, ഉല്പാദനോപാധികളോ ലഭ്യമല്ല.

4. കർഷകത്തൊഴിലാളികളെ സമയത്തിന് ലഭ്യമല്ല.

5. പ്രദേശത്തിന്റെ 86% മേഖലയിലും ജലദൗർലഭ്യം രൂക്ഷമാണ്. K.I.P. പോലുള്ള വൻകിട പദ്ധതിയുടെ ഗുണം ഇവിടത്തെ കർഷകന് ഇതുവരെയും ലഭ്യമായിട്ടില്ല. തുടങ്ങി വച്ച ചില ജലസേചന പദ്ധതികൾപോലും മുടങ്ങിക്കിടക്കുന്നു.

6. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കവും, ഉണക്കും, കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

7. തീരദേശമായതിനാൽ ഇവിടത്തെ മണ്ണിന് ഫലഭൂയിഷ്ഠതയും, ജല സംഭരണശേഷിയും വളരെ കുറവാണ്. ഇത് ഉല്പാദനക്ഷമത കുറയാൻ കാരണമാകുന്നു.

8. ജൈവവളങ്ങളുടെ ലഭ്യത ക്കുറവ് എല്ലാ വളങ്ങൾക്കും വർദ്ധിച്ച വില.

9. ട്രാക്ടർ, സ്പ്രേയർ, ഡസ്റ്റർ തുടങ്ങിയ ആധുനിക കൃഷി ഉപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.

10. നല്ലതരം വിത്തുകളും, തൈകളും സമയത്തിന് ലഭ്യമല്ല.

11. ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് മൂലം ജൈവാംശം നഷ്ടപ്പെടുന്നു. കൃഷിക്ക് നാശമുണ്ടാവുന്നു.

12. നെല്പാടങ്ങൾ നികഴ്ത്തുന്നു. ചിലത് തരിശ് ഇടുന്നു. ഇത് തൊട്ടടുത്തുള്ള കൃഷിയെ പ്രതികൂല മായി ബാധിക്കുന്നു.

13. വായ്പാ സൗകര്യം ആവശ്യത്തിനനുസരിച്ച് ലഭ്യമല്ല. കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഒട്ടേറെ നിബന്ധനകൾ മൂലം വായ്പാ സ്ഥാപന ങ്ങളിൽ നിന്നും ഉദ്ദേശിക്കുന്ന രീതിയിൽ വായ്പ കിട്ടുന്നില്ല.

14. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല വള പ്രയോഗം.

15. കാർഷികോല്പന്നങ്ങളുടെ സംഭരണം സംസ്ക്കരണ വിപണനത്തിന് ഒരു സംവിധാനവും ഇല്ല.

16. ഉല്പന്നങ്ങൾക്ക് കൃഷിചിലവുമായി സാമ്യപ്പെ ടുത്തി വേണ്ടത്ര വില ലഭിക്കന്നില്ല. ഇടനിലക്കാർ ചൂഷണം ചെയ്യുന്നു.

17. ശാസ്ത്രീയ കൃഷി നടപ്പാക്കുന്നതിനുള്ള അടി സ്ഥാന സൗകര്യങ്ങൾ നെല്പാടങ്ങളിൽ ഇല്ല.

18. ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെയും, കേരസംരക്ഷ ണസമിതിയുടെയും പ്രവർത്തനം ശക്തമല്ല.

19. വ്യവസായങ്ങൾക്കാവശ്യമായ ഒട്ടനവധി അസംസ്കൃത സാധനങ്ങൾ കേരോല്പന്നങ്ങ ളായും മറ്റ് കാർഷികോല്പന്നങ്ങളായും ഉണ്ടു. പക്ഷേ പല ഉല്പന്നങ്ങളും ഇവിടെ വ്യവസായസം രംഭങ്ങൾ ഇല്ലാത്തത് കൊണ്ട് നശിക്കുന്നു.

20. കൃഷി ഉദ്യോഗസ്ഥന്മാരുടെ സേവനം സമയ ത്തിന് ലഭ്യമല്ല.

21. സാമ്പത്തിക നേട്ടമുള്ള പുതിയ കാർഷിക വിള കൾ ഈ പ്രദേശത്ത് വ്യാപിക്കുവാൻ തീവ്രശ്രമ ങ്ങളൊന്നും നടന്നിട്ടില്ല.

കാർഷിക മേഖലയിലെ മേൽവിവരിച്ച പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനും സ്ഥിതിമെച്ചപ്പെടുത്ത ന്നതിനും കർഷകർ മുന്നോട്ട് വച്ച നിർദ്ദേശങ്ങളാ തുടർന്ന് വിവരിക്കുന്നത്.

നിർദ്ദേശങ്ങൾ

തെങ്ങുകൃഷി

1. കേരരോഗങ്ങൾക്ക് എതിരേയുള്ള ശാസ്ത്ര മായ മരുന്ന് തളി പഞ്ചായത്തിന്റെ നേതൃത്വത്തി സംഘടിതാടിസ്ഥാനത്തിൽ നിർബന്ധമായി തെ എല്ലാ തെങ്ങുകൾക്കും ആണ്ടിൽ രണ്ടുപ്രാവശ നടത്തുക. അതോടൊപ്പം കൃഷികീടങ്ങളുടെ ആ മണം തക്കസമയത്ത് കണ്ടുപിടിച്ച് അവയെ ന ന്ത്രിക്കാൻ ആവശ്യമായ എല്ലാ സാമ്പത്തിക സാ തിക സഹായവും കർഷകന് ലഭ്യമാക്കണം.

2. രോഗം ബാധിച്ചതും, ഉല്പാദനക്ഷമത വള കുറഞ്ഞതുമായ എല്ലാ തെങ്ങുകളും വെട്ടിമാ പകരം രോഗപ്രതിരോധശക്തിയുള്ള തൈകൾ ന ന്നതിന് ആവശ്യമായ സാമ്പത്തിക സഹായവ തൈകളും വിതരണം നടത്തുക.

3. ഈ പഞ്ചായത്ത് പ്രദേശത്ത് എലിശല്യം ക്ര തീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തി സംഘടിതമായി എലികളെ നശിപ്പിക്കുവാൻ നടപ സ്വീകരിക്കുക.

4. ജലസേചന കിണറുകൾ കുഴിക്കുന്നതിന പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും, ഡ്രിപ്പ് ഇ ഗേഷൻ യൂണിറ്റുകൾ, സാമൂഹ്യജലസേചന പ തികൾ എന്നിവ നടപ്പാക്കുന്നതിനും, ഉദാരമാ സാമ്പത്തിക സഹായം ലഭ്യമാക്കണം. K.I.P. മുഖേ ജലം ലഭ്യമാക്കാൻ ഇനിയും വൈകാതെ നടപ കൾ ഉണ്ടാക്കണം.

5. പമ്പുസെറ്റുകൾക്ക് ബാങ്ക് വായ്പ ലഭ്യമാക വാൻ 30 സെന്റ് ഭൂമി വേണം എന്നത്, ഇടവിളക കൂടുതൽ കൃഷിനടത്തുവാൻ പോകുന്ന സാഹ ര്യത്തിൽ 10 സെന്റായി കുറയ്ക്കുക. മാർജിന കർഷകർക്കുവേണ്ടി 4-5 പേർക്ക് ഒരു പമ്പിം

യൂണിറ്റ് നൽകാനുള്ള സംവിധാനം ഉണ്ടാകണം. ശാസ്ത്രീയ കൃഷിക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കണം.

6. ജൈവവളം കൂടുതൽ ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പാക്കണം, കമ്പോസ്റ്റ് കുഴിഎടുക്കുന്നതിനും, ഉല്പാദിപ്പിക്കുന്നതിനും സാദ്ധ്യതയുള്ള എല്ലാ വീടുകളിലും ഇതിനാവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശവും ലഭ്യമാക്കണം. പച്ചില വളങ്ങളുടെ ഉല്പാദനത്തിനുവേണ്ടി ആവശ്യമായ വിത്ത് സൗജന്യനിരക്കിൽ യഥാസമയത്ത് നല്കണം. വേപ്പിൻ പിണ്ണാക്ക്, ബയോ ഫെർട്ടിലൈസർ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടികളെടുക്കണം. രാസവളങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. രാസവളം വില്പനയ്ക്ക് ചില്ലറ വില്പനകേന്ദ്രങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ ആരംഭിക്കുക. കീടനാശിനികൾ 50% സബ്സിഡി റേറ്റിൽ ആവശ്യാനുസരണം വിതരണം നടത്തുക.

7. നിലവിലുള്ള തെങ്ങുകളിൽ നിന്നും ഉല്പാദനം വർദ്ധിപ്പിക്കുക, മണ്ണിൽ വളരെ കുറവായി ലഘുമൂലകങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മഗ്നീഷ്യം സൽഫേറ്റ്, കുമ്മായം എന്നിവ സബ്സിഡി നിരക്കിൽ വിതരണം നടത്തിയിരുന്ന പദ്ധതി പുനരാവിഷ്ക്കരിച്ച് കൂടുതൽ സബ്സിഡിയോടെ വ്യാപകമായി നടപ്പാക്കണം.

8. നല്ല ഇനം തെങ്ങിൻ തൈകളും, തെങ്ങിൻ തോട്ടത്തിൽ ഇടവിളയായ- വാഴ, ചേന, ചേമ്പ്, മരച്ചീനി, കാച്ചിൽ, കുരുമുളക് തുടങ്ങിയവ കൃഷിചെയ്യുന്നതിനാവശ്യമായ തൈകളും വിത്തുകളും സമയാസമയങ്ങളിൽ കർഷകർക്ക് വിതരണം നടത്തുന്നതിന് ഉള്ള സംവിധാനം ഉണ്ടാകണം. ഇതിനാവശ്യമായ അംഗീകൃത നഴ്സറികൾ കൃഷിഭവന്റെ മേൽ നോട്ടത്തിൽ പഞ്ചായത്ത് ലെവലിൽ തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

9. നാളികേരത്തിന് ന്യായമായ വില ലഭിക്കുവാൻ യുക്തമായ തറവില നിശ്ചയിക്കുകയും, കാലാ കാലങ്ങളിൽ അവ പരിഷ്ക്കരിക്കുകയും ചെയ്യേണ്ടതാണ്. അതൊടൊപ്പം തേങ്ങായുടെ സംഭരണം, സംസ്ക്കരണം, വിപണനം ഇവ ഏറ്റെടുത്ത് നടപ്പാക്കാൻ അപ്കോസ് മോഡൽ സൊസൈറ്റികൾ പഞ്ചായത്ത് ലെവലിൽ ഉണ്ടാകണം.

10. കേരസംരക്ഷണസമിതിയിൽ എല്ലാ കേരകർഷകരെയും അംഗങ്ങൾ ആക്കണം. കൂട്ടായ്മയുടെ കരുത്ത് ആർജ്ജിച്ച് കൊണ്ട് കേരസംരക്ഷണസമിതിയുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന കേരസംരക്ഷണസമിതിയ്ക്ക് ജില്ലാ തലത്തിൽ അംഗീകാരവും പ്രോത്സാഹനസമ്മാനങ്ങളും നല്കണം.

11. തെങ്ങുകൃഷിയുടെ ശാസ്ത്രീയ വശങ്ങൾ കർഷകരെ പറഞ്ഞ് മനസ്സിലാക്കുന്നതിനും, പ്രത്യേകിച്ച് രോഗകീട ആക്രമണങ്ങളെക്കുറിച്ച് ശരിയായ ബോധവത്ക്കരണം നടത്താൻ വാർഡുകൾ തോറും പഞ്ചായത്ത് നേതൃത്വത്തിൽ സെമിനാറുകൾ സംഘടിപ്പിക്കണം.

12. തെങ്ങിൽ നിന്നുള്ള ഉല്പന്നങ്ങൾ ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങിയാൽ തേങ്ങയ്ക്ക് കൂടുതൽ വില കിട്ടും. അങ്ങനെ കൂടുതൽ തൊഴിൽ അവസരങ്ങളും ഉണ്ടാകും.

13. **ചകിരി** ചോറുപയോഗിച്ച് ബയോ കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യ കയർ ബോർഡുമായി ബന്ധപ്പെട്ടു ലഭ്യമാക്കണം. കയർ തൊഴിലാളി കുടുംബങ്ങൾക്ക് ബയോ കമ്പോസ്റ്റ് ഉണ്ടാക്കാൻ സഹായധനം നൽകണം.

14. മണ്ണ് പരിശോധന നടത്തി വിവരങ്ങൾ കാലതാമസം കൂടാതെ കർഷകരെ അറിയിക്കുന്നതിനും, ഓരോ കൃഷിയ്ക്കും ഏതെല്ലാം വളങ്ങൾ, എത്ര സമയത്ത് നല്കണമെന്നും മറ്റുമുള്ള വിവരങ്ങൾ കർഷകർക്ക് അറിയാൻ സംവിധാനം ഉണ്ടാകണം.

15. സ്പ്രേയർ, ഇൻജക്ടർ, ഡസ്റ്റർ, ട്രാക്ടർ, ട്രില്ലർ തുടങ്ങിയ ആധുനിക കാർഷികോപകരണങ്ങൾ ഉദാരമായ സബ്സിഡി വ്യവസ്ഥയിൽ കർഷകർക്ക് നൽകണം.

16. കൃഷി ഭവൻ ഉദ്യോഗസ്ഥന്മാരുടെ സേവനം എല്ലാ വീടുകളിലും മാസത്തിൽ ഒരു ദിവസമെങ്കിലും കിട്ടത്തക്ക വിധത്തിൽ ഫീൽഡുവർക്കിന് കൂടുതൽ പ്രാധാന്യം നൽകി കൊണ്ടുള്ള സംവിധാനം ഉണ്ടാകണം. തെങ്ങുകൾക്ക് ഉണ്ടാകുന്ന രോഗം നിർണ്ണയിച്ച് വിവരം കർഷകരെ അറിയിക്കണം.

നെൽകൃഷി വികസനം

ഉമയനല്ലൂർ ഏല :

മയ്യനാട് പഞ്ചായത്തിൽ തെങ്ങുകൃഷി കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട വിള നെല്ല് തന്നെയാണ്. നെൽകൃഷി ചെയ്യുന്ന ഏറ്റവും വലിയതും പ്രകൃതിരമണീയവുമായ നെൽപ്പാടം ഉമയനല്ലൂർ ഏല തന്നെയാണ്. പലകാരണങ്ങൾ കൊണ്ടും ഉമയനല്ലൂർ ഏലായിലെ നെൽകൃഷി ഓരോ വർഷം കഴിയും തോറും കുറഞ്ഞുകുറഞ്ഞുവരുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് കർഷകർ ഉന്നയിക്കുന്നത്.

1. ജലദൗർലഭ്യം മൂലം നെൽകൃഷി നശിക്കുന്നു. അനുയോജ്യമായ സ്ഥലം കണ്ടെത്തി രണ്ട് റ്റ്യൂബ് വെൽ നിർമ്മിച്ച് ആവശ്യമായകൈത്തോടുകൾ കെട്ടി ഏലായുടെ എല്ലാ ഭാഗത്തും വെള്ളം എത്തിക്കുവാൻ നടപടി ഉണ്ടാകണം. അതോടൊപ്പം മൂന്ന് തലച്ചിറകളിലും വെള്ളം സംഭരിച്ച് നിറുത്തുവാൻ പറ്റിയ രീതിയിൽ പണികൾ ചെയ്ത് ശരിപ്പെടുത്തണം. നടയിൽ ചിറ ദേവസ്വം ബോർഡിൽ നിന്നും പഞ്ചായത്ത് ഏറ്റെടുക്കണം. പ്രസ്തുത ചിറയിലെ ചീപ്പ് പൊളിച്ച് പണിത് ജലം തടഞ്ഞുനിറുത്തുവാൻ പര്യാപ്തമാക്കണം.

2. കല്ലട ജല സേചനപദ്ധതിയുടെ ഇടതുകര മെയിൻ കനാലിൽ നിന്നും വേർപിരിയുന്ന കൊട്ടിയം ബ്രാഞ്ച് കനാലും, അതിന്റെ ഉപശാഖയായ കൂട്ടിക്കട ഡിസ്ട്രിബ്യൂട്ടറിയുമാണ് മയ്യനാട് പഞ്ചായത്തിൽ എത്തി നിൽക്കുന്നത്. പ്രസ്തുത ബ്രാഞ്ചുകനാലിന്റെ എഴുകോൺ മിയ്യന്നൂർ ഭാഗങ്ങളിൽ റോഡുക്രോസ്സിങ്ങ് പണിതീർത്തുകിട്ടിയാൽ കനാലിൽ കൂടി ജലം കടത്തിവിടാവുന്നതാണ്. ഇത് ഉമയല്ലൂർ ഏലായിലെ നെൽകൃഷിക്ക് ഉപകരിക്കും.

3. തലച്ചിറകളിൽ സ്ഥാപിച്ചിരിക്കുന്ന പമ്പുസെറ്റുകൾ പ്രവർത്തനക്ഷമമാക്കിയോ പുതിയ പമ്പുസെറ്റുകൾ സ്ഥാപിച്ചോ നെൽപ്പാടസമിതിയെ ഏല്പിക്കേണ്ടതാണ്.

4. ഏലായുടെ നാലുവശങ്ങളിലും സ്ഥിതിചെയ്തിരുന്ന 15-ൽ പരം കുളങ്ങൾ അന്യാധീനപ്പെട്ടു കൊണ്ടിരിക്കുന്നു. ഇതിന്റെ അതിർത്തികൾ നിർണ്ണയിച്ച്, വെള്ളം സംഭരിച്ച് നിറുത്തുവാൻ പറ്റുന്ന തരത്തിൽ പണികൾ നടത്തി സൂക്ഷിക്കുക.

5. നെൽകൃഷിക്ക് ആവശ്യമായ സാധനങ്ങൾ കൊണ്ടുവരുന്നതിനും, കൊയ്ത്തുകഴിഞ്ഞ് കറ്റകൾ പാടത്തുനിന്ന് കൊണ്ട് പോകുന്നതിനും ട്രില്ലർ, ട്രാക്ടർ മുതലായവ കൊണ്ടുപോകുവാൻ താഴെപ്പറയുന്ന പണികൾ അടിയന്തിരമായി ചെയ്യുക.

6. കാര്യത്തുകുളം മുക്കുമുതൽ തുണ്ടിൽ മുക്കുവരെ നടവരമ്പ് വീതികൂട്ടി റോഡു നിർമ്മിക്കുക.

7. കണിയാന്റിറക്കം മുതൽ കളിക്കൽ ഇറക്കം വരെയുള്ള നടവരമ്പ് വീതികൂട്ടി റോഡ് ആക്കുക.

8. ആമ്പലിൽ മുക്കുമുതൽ ഈരഴ ഇറക്കം വരെയുള്ള നടവരമ്പും വീതി കൂട്ടി റോഡാക്കുക.

9. കോവൂർ ചിറ, നടയിൽ ചിറ എന്നിവയിൽ നിന്നും പുറപ്പെടുന്ന തോടുകളുടെ ഓരോ നടവരമ്പ് വീതികൂട്ടി തോടിന് സമാന്തരമായി രണ്ട് റോഡുകൾ നിർമ്മിക്കുക.

10. തോടിന്റെ സൈഡുകളിൽ ഇപ്പോൾ കെട്ടിയിട്ടുള്ള സൈഡുവാളുകൾ പലഭാഗങ്ങളിലും ഇടിഞ്ഞുകിടക്കുന്നു. അവ അറ്റകുറ്റപണികൾ ചെയ്ത് ശരിയാക്കുക.

11. തോടുകളിൽ 100 മീറ്റർ അകലങ്ങളിൽ തടയണകൾ സ്ഥാപിക്കുക. ഏലായുടെ പടിഞ്ഞാറ്

ഭാഗത്ത് കുളങ്ങര വാതുക്കൽ ഒരു ചീപ്പ് നിർമ്മിക്കുക. ഈ പ്രവർത്തനങ്ങൾ ജലം തടഞ്ഞുനിർത്തുവാൻ ഉപകരിക്കും.

12. ഏകീകൃത കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനും, കൃഷി ചെലവ് കുറയ്ക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. സമയത്ത് കൃഷിയിറക്കുന്നതിന് രണ്ട് ട്രാക്ടറുകൾ സൗജന്യമായി ഗ്രൂപ്പ് ഫാമിംഗ് സമിതിയെ ഏല്പിക്കണം.

13. യഥാർത്ഥത്തിൽ നെൽകൃഷിക്കാരെ കണ്ടുപിടിച്ച് കാർഡ് സിസ്റ്റം നടപ്പാക്കി നെൽകൃഷിക്ക് ഗവൺമെന്റു നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ നെൽകൃഷിക്കാർക്ക് തന്നെ കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുക.

14. നെൽകൃഷി നടത്താതെ പാടം തരിശ് ഇടുന്നത് കർശനമായും നിയന്ത്രിക്കുക. തരിശിടുന്ന കൃഷിഭൂമി ഏലാ സമിതി ഏറ്റെടുത്ത് കൃഷി നടത്തുക്ക വിധത്തിൽ നിയമനിർമ്മാണം ഉണ്ടാക്കുക.

15. ജലസേചനം ലഭ്യമാകുന്നതോടെ മൂന്നാം വിളയായി നെല്ലോ, പച്ചക്കറിയോ സംഘടിതമായി കൃഷിചെയ്യുവാൻ ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുക.

16. ഈ ഏലായിലേയ്ക്ക് ആവശ്യമായ അത്യുല്പാദനശേഷിയുള്ള നെൽവിത്ത് ഇവിടെ തന്നെ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് അംഗീകൃത വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുകയും, അതിന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം നൽകുകയും ചെയ്യുക.

17. കുളങ്ങര കിഴക്ക് ഭാഗം മുതൽ കാരിക്കുഴിവരെയുള്ള തോടിന്റെ സൈഡുകൾ കെട്ടി ബലപ്പെടുത്തുക.

കാരിക്കുഴി ഏല :

1. ഇരവിപുരം ചപ്പാത്തുവഴി ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന പൈപ്പിലൂടെ വെള്ളം നിർബാധം ഒഴുകിപോകുന്നതിന് തടസ്സമായതിനാൽ ഏലായിൽ വെള്ളം കെട്ടുകയും, ബണ്ടുകൾ പൊട്ടി കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. വെള്ളം ഒഴുകിപോകാത്തവിധത്തിൽ കലുങ്കോടുകൂടിയ റോഡു സംവിധാനം അടിയന്തിരമായും ചെയ്യേണ്ടതാണ്.

2. ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ട് ഏകീകൃത കൃഷിസമ്പ്രദായം നടപ്പിലാക്കുവാൻ നടപടിയുണ്ടാകണം.

3. കൃഷിക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ ഗ്രൂപ്പ് ഫാമിംഗ് സമിതി വഴി സമയാസമയങ്ങളിൽ കർഷകർക്ക് കൊടുക്കുക.

4. മൂന്നാം വിളയായി എള്ള്, പയർ, കപ്പക്കിഴങ്ങ്, പച്ചക്കറി തുടങ്ങിയവ കൃഷിചെയ്യുവാൻ ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ഉണ്ടാക്കുക.

5. കാരിക്കുഴി ഏലായുടെ മേൽഭാഗത്ത് വയലിൽ മാടൻ നടയ്ക്ക് മുൻവശം തോട്ടിന് കുറുകെ ഒരു ചീപ്പ് കെട്ടി ഈ ഏലായിലെ ജലസേചനത്തിന് സൗകര്യമുണ്ടാക്കുക.

ഓലിക്കര ഏല :

1. ഓലിക്കര ഏലായുടെ സമീപം സ്ഥിതിചെയ്യുന്ന സ്വാകാര്യ അറവുശാലയിൽ നിന്നും അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതിനാൽ കൃഷിചെയ്യുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് അടിയന്തിരമായി നിരോധിക്കുക.

2. കല്ലുവെട്ടാം കുഴിമുതൽ ഓലിക്കര ഏലാവരെയുള്ള ഓടതെളിച്ച് സ്ലാബ് ഇട്ട് ശരിയാക്കുക. അതോടൊപ്പം നെൽകൃഷിചെയ്യുന്നതിന് ആവശ്യമായ ജല നിർഗ്ഗമന സംവിധാനം ഉണ്ടാക്കുക. ഏലായിലേയ്ക്കുള്ള വഴി തടസ്സം മാറ്റി ഗതാഗതയോഗ്യമാക്കുക.

3. ഓലിക്കരപ്രദേശത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ശാർക്കര കുളത്തിന് അനുബന്ധമായി നിർവ്വഹിച്ചിട്ടുള്ള ഓടയുടെ പണിയുടെ അറ്റ കുറ്റപണികൾ നടത്തുക.

പറക്കുളം ഏല :

പൂർണ്ണമായും നികഴ്ത്തിക്കഴിഞ്ഞു. ശേഷിക്കുന്ന മാടച്ചിറ ഏലാ നികഴ്ത്തുന്നത് നിരോധിക്കുക.

മുണ്ടുചിറ ഏല :

1. ഇവിടെ വെള്ളം വാർന്നുപോകാൻ നിർവ്വാഹമില്ല. ഉപാസനാ ആശുപത്രിക്ക് വേണ്ടി വാങ്ങിയിട്ടിരിക്കുന്ന സ്ഥലത്ത് തോട് സൈഡ് കെട്ടി സ്ലാബ് ഇട്ടതിനാൽ കൊട്ടിയം മുതൽ ഒഴുകി വരുന്ന വെള്ളം വാർന്നു പോകുവാൻ താമസം നേരിടുന്നു. ആവശ്യമായ നീർവാർച്ചാസൗകര്യം ഉണ്ടാക്കണം.

2. പാടങ്ങളുടെ അരികിൽ താമസിക്കുന്നവർ വിസർജ്ജനസ്ഥലമായി പാടശഖരം ഉപയോഗിക്കുന്നതിനാൽ കൃഷിയിറക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഇതിന് ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുക.

3. നടുവത്തറ ഏലായുടെ മദ്ധ്യഭാഗത്തുകൂടി പെരുംകുളത്തേയ്ക്കുപോകുന്ന തോടു ശരിപ്പെടുത്തുക.

4. മാടച്ചിറ മുതൽ മുണ്ടുചിറവരെയുള്ള തോട് സൈഡ് കെട്ടി ആവശ്യമുള്ള ഭാഗങ്ങൾ സ്ലാബ് ഇട്ട് ശരിപ്പെടുത്തുക.

പന്നിമൺ ഏല :

1. ഈ ഏലായുടെ നടുവിലൂടെ ഉള്ള തോട് സൈഡ് കെട്ടി ശരിപ്പെടുത്തുക.

2. ജലസേചനചത്തിന് വേണ്ടി കല്ലുകുഴിയിൽ സ്ഥാപിച്ചിട്ടുള്ള പമ്പുസെറ്റും, കുഴൽ കിണറും പ്രവർത്തനക്ഷമം അല്ല. അടിയന്തിരമായി ശരിപ്പെടുത്തുക.

3. ഗ്രൂപ്പ് ഫാമിംഗ് സമിതിയെ ശക്തിപ്പെടുത്തുക.

ചണിയിൽ ഏല :

1. ഏലായുടെ നടുവിലൂടെ ഉള്ള തോട് റോഡാക്കിയതിനാൽ ജലം ഒഴുകിപ്പോകുന്നതിന് തടസ്സം ഉണ്ടാകുന്നു. പരിഹാരം ഉണ്ടാക്കുക.

2. നിലം നികത്ത് തടയുന്നതിനുള്ള നിയമം കർശനമായും നടപ്പിലാക്കുക.

3. കൃഷിപ്പണി ഒരേ സമയത്ത് ചെയ്യുവാൻ ആവശ്യമായ ഒരു ട്രാക്ടർ കർഷകസമിതിക്ക് സൗജന്യമായും നൽകണം.

4. ധവളക്കുഴി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘത്തിന് നൽകിയിരുന്ന ട്രാക്ടർ കൃഷിപ്പണിക്ക് ഉപയോഗിക്കുവാൻ കഴിയാതെ കേടായിക്കിടക്കുന്നു. ട്രാക്ടർ കൃഷിഭവൻ ഏറ്റെടുത്ത് പാടശ്ശേഖരസമിതിയെ ഏൽപ്പിക്കുക.

5. മുന്നാം വിളയായി എള്ള്, പയർ ഇവ കൃഷി ചെയ്യുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക.

ഏറാത്ത് ഏല :

1. ഏലായുടെ നടുവിലൂടെ ഉള്ള തോട് സൈഡ് കെട്ടി ശരിപ്പെടുത്തുക.

2. ഗ്രൂപ്പ് ഫാമിംഗ് സമിതി ശക്തമാക്കുക.

3. നിലം നികത്തുന്നതും, തരിശ് ഇടുന്നതും തടയുക.

നിർദ്ദേശങ്ങൾ

1. കോട്ടയ്ക്കാവയൽ - ചാണിത്തോട്, ചെമ്പോട്ട് വയൽ - മണ്ണാന്തയിൽ തൊടി എന്നീ തോടുകൾ ശരിപ്പെടുത്തി ജലനിർഗമനത്തിന് അനുയോജ്യമാക്കണം.
2. കാർഷിക ഉല്പന്നങ്ങൾ സംഭരണ വിപണനം നടത്തുവാൻ കാർഷിക സഹകരണ സംഘങ്ങൾ ഉണ്ടാക്കണം.

പച്ചക്കറി കൃഷി

മയ്യനാട് പഞ്ചായത്തിൽ പച്ചക്കറികൃഷി വ്യാപകമായി നടത്തുവാൻ പറ്റിയ സാഹചര്യം നിലവിലുണ്ട്. എല്ലാ വീടുകളിലും അത്യാവശ്യം വേണ്ട പച്ചക്കറികൾ അവിടെത്തന്നെ ഉല്പാദിപ്പിക്കുവാൻ

നല്ലയിനം വിത്തുകളും, സാങ്കേതിക ഉപദേശങ്ങളും ഉണ്ടാകണം. സംഘടിതാടിസ്ഥാനത്തിലും ഈ കൃഷി നടത്തുവാൻ വേണ്ട നടപടികളും ഉണ്ടാകണം.

പുഷ്പകൃഷി

വിദ്യാഭ്യാസമുള്ള തൊഴിൽരഹിതരായ യുവതീ-യുവാക്കൾ താമസിക്കുന്ന പ്രദേശമായതിനാലും, അലങ്കാരപുഷ്പങ്ങളുടെ കൃഷിക്ക് വളരെയേറെ സാധ്യതയുള്ള സ്ഥലമായതുകൊണ്ടും ഇതിനാവശ്യമുള്ള ബോധവത്ക്കരണവും, തൈകളും, സാമ്പത്തിക സഹായവും ഉണ്ടാകേണ്ടതാണ്. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നീ കൃഷികൾ പരിഗണിക്കാവുന്നതാണ്.

കുരുമുളക് കൃഷി

പഞ്ചായത്തിൽ ഇപ്പോൾ തന്നെ ഈ കൃഷി നടക്കുന്നുണ്ട്. കുരുമുളക് കൃഷി വ്യാപിപ്പിക്കുവാൻ നേരത്തേ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തൈകളുടെയും കിറ്റുകളുടെയും വിതരണം പുനരാവിഷ്ക്കരിച്ച് കൂടുതൽ വ്യാപകമായ രീതിയിൽ ഈ കൃഷി നടപ്പാക്കണം. കുരുമുളക് തൈകൾ നമുക്ക് ഈ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയും. അതിനുള്ള സാങ്കേതിക സഹായം ഉണ്ടാകണം.

കശുമാവ് കൃഷി

ഈ കൃഷി വ്യാപകമായി ചെയ്യുവാൻ കഴിയണം. നേരത്തെ കായ്ക്കുന്ന പുതിയ ഇനം തൈകൾ വിതരണം നടത്തണം. K.I.P. കനാലിന്റെ സൈഡുകളിൽ ഈ കൃഷി നടത്തുവാൻ കൂടുതൽ സൗകര്യം ഉണ്ട്. പഞ്ചായത്ത് മുൻകൈ എടുത്ത് ഇതിനുവേണ്ടി നടപടി സ്വീകരിക്കണം.

കൂൺ കൃഷി

ഈ കൃഷിയ്ക്കുള്ള സാങ്കേതിക വിദ്യയും, വിത്തും സൗജന്യമായി നൽകണം. അതോടൊപ്പം രണ്ടാമത്തെ കൃഷി ഇറക്കുന്നതിന് ആവശ്യമായ വിത്തുകൾ ഇവിടത്തന്നെ ഉല്പാദിപ്പിച്ച് വിതരണം നടത്തണം.

വെറ്റില കൃഷി

വെറ്റിലക്കൊടി കൃഷി വ്യാപിപ്പിക്കുന്നതിന് കൂടുതൽ സാധ്യതയുണ്ട്. ആവശ്യമായ സാമ്പത്തിക സഹായവും, സാങ്കേതിക സഹായവും, ബാങ്ക് വായ്പയും ലഭിക്കുവാൻ നടപടിയുണ്ടാകണം.

തീറ്റപ്പുൽ കൃഷി

പുൽകൃഷി നടത്തുവാൻ പറ്റിയ മേഖലയാണ്. കാലിത്തീറ്റയായ പുൽകൃഷി വ്യാപകമായ രീതിയിൽ നടത്തുവാൻ ആവശ്യമായ വിത്തും, സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കണം.

ഇൻഷ്വറൻസ് പദ്ധതി

കൃഷിയെ സംരക്ഷിക്കുന്നതിനും, കർഷകർക്ക് ഈ മേഖലയിൽ ഉറച്ച് നിൽക്കുന്നതിനും, വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പ്രദായം നടപ്പിലാക്കുന്നത് നല്ലതാണ്. പഞ്ചായത്തുലവലിൽ അതിനുള്ള മാർഗ്ഗങ്ങൾ തേടി നടപ്പാക്കണം.

മയ്യനാട് പഞ്ചായത്ത് പ്രദേശത്ത് ജലലവൽ താഴാതെ നിലനിർത്തുന്നതിന് പരവൂർ പൊഴിക്കര ചീപ്പിന്റെ പ്രവർത്തനം കാര്യക്ഷമം ആക്കണം. പഞ്ചായത്തിൽ കർഷകത്തൊഴിലാളികളുടെ കൂലിക്ക് ഒരു ഏകീകൃത ടാർജറ്റ് അത്യാവശ്യമായും പ്രഖ്യാപിക്കണം. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും കാർഷിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും നന്നായിരിക്കും. ഇത്തരത്തിലുള്ള കാർഷിക വികസന പരിപാടികൾക്ക് ഒരു മോണിറ്ററിംഗ് സമ്പ്രദായവും നടപ്പിലാക്കാവുന്നതാണ്.

മൃഗസംരക്ഷണം മത്സ്യബന്ധനം



ആമുഖം

ഒരു കാർഷിക ഗ്രാമമായ മയ്യനാട് പഞ്ചായത്ത് കൃഷിക്കും മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കും ഏറ്റവും അനുയോജ്യമായ സ്ഥലമാണ്. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഇവിടെയുണ്ട്. കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിലായതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പത്ത് വ്യവസ്ഥ ശക്തമാക്കും.

പോഷകപ്രധാനമായ പാൽ, മുട്ട, മാംസം, വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, കൊഴുപ്പ്, ഔഷധ വ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ എന്നിവയുടെ ഉല്പാദനം കർഷക മേഖലയ്ക്ക് ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും, ഭാരം വലിയ്ക്കുന്നതിനുമുള്ള മൃഗശക്തി എന്നിവയുടെ വർദ്ധനവിനും മൃഗസംരക്ഷണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടത് ആവശ്യമാണ്.

മയ്യനാട് ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന പ്രധാന വളർത്തുമൃഗങ്ങൾ പശു, എരുമ, കാള, പോത്ത്, ആട് എന്നിവയും പക്ഷികളിൽ പ്രധാനമായും കോഴികളും ആയിരുന്നു. കാളകൾ ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത് മയ്യനാടായിരുന്നു. ഇവയെ വണ്ടിവലിക്കുന്നതിനും, നിലം ഉഴുന്നതിനും, നാടൻ ചെക്കിൽ എണ്ണ ആട്ടുന്നതിനും, വിത്തുകാളകളായും ഉപയോഗിച്ചിരുന്നു. മരമടിയ്ക്ക് ഉപയോഗിച്ചിരുന്ന കാളകൾ അന്ന് ഗ്രാമത്തിന് ഒരു മുതൽക്കൂട്ടായിരുന്നു. മരമടിമത്സരം ഗ്രാമപഞ്ചായത്തിന്റെ പ്രധാന ഉത്സവമായിരുന്നു. 1982-ൽ ആശ്രമം മൈതാനത്ത് നടത്തിയ വിത്തുകാള മത്സരത്തിൽ ദേശീയ തലത്തിൽ ഒന്നാം സ്ഥാനം കിട്ടിയത് മയ്യനാട്ടുകാരൻ ശ്രീ. ജി. ചക്രപാണി വളർത്തിയ വിത്തുകാളയ്ക്കായിരുന്നു. ആദ്യകാലങ്ങളിൽ നാടൻ പശുക്കളായിരുന്നു ഗ്രാമത്തിൽ വളർത്തിയിരുന്നത്. എന്നാൽ സങ്കരയിനം പശുക്കളുടെ വരവോടുകൂടി ക്ഷീരോത്പാദനത്തിൽ വർദ്ധനവുണ്ടായി. ആട്, മുയൽ, വെരുക്, താറാവ് എന്നിവയും വീടുകളിൽ ധാരാളമായി വളർത്തിയിരുന്നു. കോഴിമുട്ട ഗ്രാമത്തിൽ ആവശ്യത്തിലും അധികമായിരുന്നു. കന്നുകാലികൾക്കും വളർത്തുപക്ഷികൾക്കും രോഗം വന്നാൽ പാരമ്പര്യവൈദ്യന്മാർ ആയിരുന്നു ചികിത്സിച്ചിരുന്നത്.

ഇന്നത്തെ സ്ഥിതിയനുസരിച്ച് ഗ്രാമത്തിൽ നാടൻ പശുക്കളുടെ എണ്ണം ഗണ്യമായി കുറയുകയും എന്നാൽ സങ്കരയിനം പശുക്കളുടെ എണ്ണം ഗണ്യമായി കൂടുകയും ചെയ്തതിനാൽ ക്ഷീരോല്പാദനത്തിൽ ഗണ്യമായ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാള, എരുമ, പോത്ത് എന്നിവയുടെ എണ്ണം ഗണ്യമായി കുറഞ്ഞതായി കാണാം. കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതാണ് കാരണം.

2. പഞ്ചായത്തിലെ മൃഗസംരക്ഷണസ്ഥാപനങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള മൃഗസം

രക്ഷണ സ്ഥാപനം 31.1.96-ൽ സ്ഥാപിതമായ വെറ്റിനറി ഡിസ്പെൻസറി ആണ്. നേരത്തെ ഉണ്ടായിരുന്ന ICDP ഉപകേന്ദ്രവും വെറ്റിനറി ഡിസ്പെൻസറിയും ഇപ്പോൾ ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആശുപത്രിയിൽ കന്നുകാലികൾക്ക് ചികിത്സ, കൃത്രിമ ബീജദാനം, വന്ധ്യതാ നിവാരണം, പ്രതിരോധ കുത്തിവെയ്പ്പ് എന്നിവ നടത്തപ്പെടുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി മൃഗാശുപത്രിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക. പഞ്ചായത്തിലുടനീളം മൃഗാശുപത്രിയുടെ സേവനം ലഭ്യമാക്കുവാൻ വാഹനസൗകര്യം ഏർപ്പാടുചെയ്യുക. വാക്സിനുകൾ സൂക്ഷിക്കുവാൻ റഫ്രിജറേറ്റർ വിര, പകർച്ച വ്യാധികൾ തുടങ്ങിയവ കൃത്യമമായി കണ്ടുപിടിക്കുന്നതിന് മൈക്രോസ്ക്കോപ്പും മറ്റ് അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക.

3. മൃഗസംരക്ഷണ മേഖലയുടെ മുഴുവൻ സാദ്ധ്യതകൾ

ഉല്പാദന മേഖല

1. **പാലുല്പാദന രംഗം :** - മയ്യനാട് പഞ്ചായത്തിൽ മേവറം, നടുവിലക്കര, പുറ്റിച്ചിറ, കല്ലുംമൂട്, മയ്യനാട്, കൂട്ടുക്കട എന്നിവിടങ്ങളിലായി ആറ് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ദിനം പ്രതി രണ്ടായിരത്തി ഇരുന്നൂറ് ലിറ്റർ പാൽ മേൽപറഞ്ഞ സംഘങ്ങൾ വഴി ശേഖരിക്കുന്നു. ഇതിൽ നല്ലൊരുഭാഗം ഗ്രാമത്തിൽ വില്ക്കപ്പെടുകയും ബാക്കി കൊല്ലം ഡയറിയിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്നു.

പാലുല്പാദനത്തിലെ പ്രധാന പ്രശ്നങ്ങൾ :

1. ഉല്പാദകന് കിട്ടുന്ന പാൽ വില ഉല്പാദന ചിലവിന് അനുസൃതമല്ല.
2. വിപണന രംഗത്തെ അപര്യാപ്തത.
3. ഭാരിച്ച ചികിത്സാ ചിലവ്.
4. ചുരുങ്ങുന്ന തീറ്റ പുൽകൃഷി.
5. കാലിത്തീറ്റയുടെ വില വർദ്ധനവ്.

പരിഹാര മാർഗ്ഗങ്ങൾ

ഉല്പാദനക്ഷമതയുടെ വർദ്ധനയും ഉല്പാദന ചെലവിലെ ചുരുക്കലുമാണ് പ്രധാനം.

1. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ മെച്ചപ്പെട്ട വിത്തുകാളകളുടെ ബീജം കൃത്രിമ ബീജസങ്കലനത്തിനുപയോഗിക്കുകയും ആധുനിക മൃഗസംരക്ഷണ രീതികൾ അവലംബിക്കുകയുമാണ്. ഇതിന് ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

2. ഉൽപാദന ചിലവിന്റെ 75% തീറ്റ ചെലവാണ്. പുൽകൃഷി വ്യാപകമായി നടപ്പാക്കി ഇത് ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്. പുല്ലുകൾ തീറ്റയിൽ ഉൾപ്പെടുത്തി; വയ്ക്കോൽ പൂർണ്ണമായും, പിണ്ണാക്കുകൾ ഭാഗികമായും ഉൽപാദനക്ഷമതയെ ബാധിക്കാതെ ഒഴിവാക്കാവുന്നതാണ്. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും തരിശുഭൂമികളിലും പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങളിലും സഹകരണമേഖലയുടെ പങ്കാളിത്തത്തോടുകൂടി തീറ്റപ്പുൽകൃഷി ഊർജ്ജിതമാക്കുക. കൂടാതെ ഉണക്കപ്പുൽ തയ്യാറാക്കാൻ, സൈലേജ് നിർമ്മാണം, യൂറിയാട്രീറ്റ്മെന്റ് എന്നിവയിലൂടെ തൊഴിൽ സാദ്ധ്യതകളും വർദ്ധിപ്പിക്കാം.

3. പഞ്ചായത്ത് തലത്തിൽ കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുക.

4. കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുക.

5. വിരമരുന്ന് സൗജന്യമായോ സബ്സിഡി നിരക്കിലോ നൽകി യഥാസമയങ്ങളിൽ പശുക്കളേയും കുട്ടികളേയും വിരയിളക്കേണ്ടത് പാൽ ഉത്പാദനം കൂട്ടാനും ശരിയായ വളർച്ചാനിരക്ക് കിടാവുകൾക്കും കിടാരികൾക്കും ലഭിക്കാനും വളരെയധികം പ്രയോജനം നല്കുന്നു.

6. കന്നുകാലികൾക്കുള്ള വായ്പാ തുക 10000 രൂപായായി ഉയർത്തുക.

7. കന്നുകാലിയുടെ മുഴുവൻ വിലയ്ക്കുള്ള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

8. പഞ്ചായത്തിലെ എല്ലാ വാർഡുകൾക്കും പ്രയോജനം ലഭിക്കത്തക്ക വിധം പുതിയ ICDP യൂണിറ്റുകൾ തുടങ്ങുക.

9. ഗ്രാമപഞ്ചായത്തിന്റെ വടക്കുപ്രദേശത്തുള്ള X, XI വാർഡുകൾ കേന്ദ്രീകരിച്ച് APCS മാതൃകയിൽ ക്ഷീരോല്പാദന സഹകരണ സംഘം രൂപീകരിച്ച് ഗുണഭോക്താക്കളെ സംരക്ഷിക്കുക.

2. **മുട്ടയുത്പാദന രംഗം:-** മൃഗസംരക്ഷണ മേഖലയിൽ കോഴി വളർത്തലിന് ഗണ്യമായ പങ്കുണ്ട്.

വിവിധപദ്ധതികൾ

a. **അടുക്കള മുറ്റത്തെ കോഴിവളർത്തൽ :** മുട്ടയുത്പാദനം കുറഞ്ഞ ചിലവിൽ നേടാൻ സഹായകരമാണ് ഈ പദ്ധതി. വീട്ടാവശ്യത്തിനുള്ള മുട്ടയും അധികമുള്ളവ വിൽക്കുന്നതിനും വഴിയുള്ള ആദായവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 8 ആഴ്ച പ്രായമായ 5 കോഴിക്കുഞ്ഞുങ്ങളെ വീതം ഗുണഭോക്താക്കൾക്ക് നല്കുക. ഇതോടൊപ്പം കൂടുനിർമ്മാണത്തിനാവശ്യമായ ധനസഹായവും നൽകുക.

b. **എഗ്ഗർ നഴ്സറി :** ഗുണമേന്മയുള്ള മുട്ട കോഴിക്കുഞ്ഞുങ്ങളെലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതി.

c. **സ്ക്കൂൾ പൗൾട്രി ക്ലബ് :** വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും ജനിപ്പിക്കുന്നതാണ് ലക്ഷ്യം. 5 രൂപാ അംഗത്വ ഫീസ് നൽകി സ്ക്കൂൾ പൗൾട്രി ക്ലബിൽ അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്താം. ഒരു അദ്ധ്യാപകനാകണം ക്ലബിന്റെ ചുമതല. 60 ദിവസം പ്രായമുള്ള മുട്ടകോഴികളെ സൗജന്യമായി നൽകാവുന്നതാണ്.

d. **താറാവ് വളർത്തൽ :** താറാവ് വളർത്തലിന് സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തി താറാവിൻ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകുക. മുട്ടയുടെയും ഇറച്ചിയുടെയും ആവശ്യത്തിനുവേണ്ടി താറാവിനെ വളർത്താം. 5 താറാവുകൾ ഉൾപ്പെട്ട ചെറിയ യൂണിറ്റുകൾ ആയോ, 100 പെൺതാറാവും 10 ആൺ താറാവും ഉൾപ്പെട്ട വലിയ യൂണിറ്റുകളായോ വിതരണം നടത്താം.

e. **കാട കോഴി വളർത്തൽ :** കാട ഇറച്ചിയും മുട്ടയും ഔഷധ മൂല്യമുള്ളതാണ്. സർക്കാർ ഉടമയിലുള്ള ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നോ തൃശ്ശൂർ വെറ്റിനറി കോളേജിൽ നിന്നോ കാടക്കുഞ്ഞുങ്ങളെ വാങ്ങാൻ കഴിയും. 40 കുഞ്ഞുങ്ങളുള്ള ഒരു യൂണിറ്റിന് 850 രൂപാ വരും. 50% സബ്സിഡിയോടുകൂടി നൽകാവുന്നതാണ്.

3. **മാംസോല്പാദന രംഗം**

a. **ആടുവളർത്തൽ :** പാവപ്പെട്ടവന്റെ പശു' എന്ന പേരു തന്നെ ആടുവളർത്തലിലെ ലാളിത്യത്തിലെ സൂചനയാണ്. കുറഞ്ഞ സംരക്ഷണചിലവും കുട്ടികൾക്കുപോലും സംരക്ഷിക്കാവുന്നതുമാണ് ആടുകൾ. മാംസവും പാലും ഔഷധ പ്രാധാന്യമുള്ളതാണ്. പച്ചിലകൾ ധാരാളമായി ലഭിക്കുന്ന ഈ പഞ്ചായത്തിൽ വളരെ ഭംഗിയായി നടത്താവുന്ന പദ്ധതിയാണിത്. 3 പെണ്ണാടുകൾ അടങ്ങുന്ന ഓരോ യൂണിറ്റുകൾ വീതം 50% സബ്സിഡിയോടുകൂടി നൽകുക. തിരഞ്ഞെടുക്കുന്ന കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനന യൂണിറ്റുകൾ സ്ഥാപിക്കാം. മേഖലാടിസ്ഥാനത്തിൽ മാംസ സംസ്ക്കരണ വിപണ സഹകരണ സംഘങ്ങൾ ഉണ്ടാക്കാം.

b. **പന്നി വളർത്തൽ :** മാംസം മാത്രമാണ് ഉൽപ്പന്നം. മാംസോല്പാദനത്തിനായി ഗുണമേന്മയുള്ളതും പെട്ടെന്ന് തടി വയ്ക്കുന്നതുമായ പന്നികളുടെ വ്യാപനമാണ് വേണ്ടത്. ഒരു വർഷം 10-20 വരെ പന്നിക്കുഞ്ഞുങ്ങൾ ഒരു പെൺപന്നിയിൽ നിന്നുണ്ടാകുന്നു. ഹോട്ടൽ വേസ്റ്റുകൾ, ധാന്യ സംസ്ക്കരണ യൂണിറ്റുകളിലെ വേസ്റ്റ്, അറവ് ശാല വേസ്റ്റ് തുടങ്ങിയവയുടെ ലഭ്യതയനുസരിച്ച് കുറഞ്ഞ ചിലവിൽ തീറ്റ ലഭ്യമാക്കാമെങ്കിൽ വളരെ ആദായകരമാണ് പന്നി വളർത്തൽ. 5 പെൺ പന്നികളും ഒരു ആൺ പന്നിയുമടങ്ങിയ ഒരു യൂണിറ്റ് പകുതി വിലയ്ക്ക് ലഭ്യമാക്കുക.

c. **ഇറച്ചി മുയൽ വളർത്തൽ :** മാംസാവശ്യത്തിനും മൃദുരോമചർമ്മത്തിനും ആയി മുയലുകളെ ഉപയോഗിക്കുന്നു. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഇറച്ചിമുയലുകൾ ലഭ്യമാണ്. കുറഞ്ഞ ഗർഭകാലം മൂലം ഒരു പെൺമുയലിൽ നിന്ന് പ്രതിവർഷം 50 കുഞ്ഞുങ്ങളെ ലഭ്യമാണ്. 10 പെൺമുയലും 2 ആൺ മുയലും കൂടും മറ്റും 6000 രൂപാ നിരക്കിൽ 50% സബ്സിഡിയോടെ നല്കുക.

d. **മൂരിക്കുട്ടികളെ/പോത്തിൻകുട്ടികളെ വളർത്തൽ :** 5 മൂരിക്കുട്ടികളെയും കാലിതീറ്റയും വീതം തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ നൽകി ഗുണമേന്മയുള്ള മാംസോല്പാദനം പ്രോത്സാഹിപ്പിക്കുക.

e. **ഇറച്ചികോഴി വളർത്തൽ :** മത്സ്യത്തിന്റെ വിലവർദ്ധനവും ഭക്ഷണ രീതിയിലുള്ള മാറ്റങ്ങളും ഇറച്ചി കോഴി വളർത്തൽ പ്രചാരത്തിലാക്കിയിട്ടുണ്ട്. സ്വയം തൊഴിൽ മേഖലയിലെ ഗുണഭോക്താക്കൾക്ക് സബ്സിഡിയുള്ള വായ്പകൾ ലഭ്യമാണ്. കോഴിക്കുഞ്ഞുങ്ങളുടെ അമിത വിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖലയെ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

പരിഹാര മാർഗ്ഗങ്ങൾ:

1. വൈദ്യുതിയുടെ ലഭ്യതയും ഗുണനിലവാരമുള്ള കോഴിത്തീറ്റയുടെ ലഭ്യതയും വർദ്ധിപ്പിക്കുക.

2. പഞ്ചായത്തുതലത്തിൽ കോഴിത്തീറ്റ നിർമ്മാണത്തിന് പ്രാധാന്യം നൽകുക.

3. ഇടത്തട്ടുകാരെ ഒഴിവാക്കാനും കോഴിയിറച്ചിയുടെ വിപണനത്തിനുമായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

4. കന്നുകാലി പരിപാലന പദ്ധതി: സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ, കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട നാമമാത്രകർഷകരെയും കർഷകത്തൊഴിലാളികളെയും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. സങ്കരയിനം പശുക്കുട്ടികൾക്ക് 4 മാസം മുതൽ 32 മാസം വരെയോ കന്നുക്കുട്ടി പ്രസവിക്കുന്നതുവരെയോ ഏതാണ് ആദ്യം വരുന്നതെന്നുവച്ചാൽ അതുവരെ ഗുണമേന്മയുള്ള കാലിത്തീറ്റ നിശ്ചിത അളവിൽ സബ്സിഡി നിരക്കിൽ നല്കുന്നു. കൂടാതെ പ്രതിരോധ കുത്തിവെയ്പും വിരമരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കുക. ഇൻഷ്വറൻസ് സുരക്ഷ നല്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

5. അറവ് ശാല മാംസ പരിശോധന : ശാസ്ത്രീയമായ അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കുകയും മാംസപരിശോധന കർശനമാക്കുകയും ചെയ്യുന്നതിലൂടെ മാംസകച്ചവടത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നു. അറവ് ശാലയോടനുബന്ധിച്ച് മാംസ സംസ്ക്കരണ വിപണന കേന്ദ്രം, തുകൽ ഉല്പാദക കേന്ദ്രം, ഉപോല്പന്നങ്ങളുടെ യൂണിറ്റ് എന്നിവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

6. ഊർജ്ജം (ബയോഗ്യാസ് പ്ലാന്റ്): ഇന്ധനക്ഷാമം പരിഹരിക്കുന്നതിനും ആഭ്യന്തര ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കാനുമായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക. രണ്ടു പശുക്കളിൽ നിന്നു കിട്ടുന്ന ചാണകം കൊണ്ട് ഒരു ചെറിയ കുടുംബത്തിനാവശ്യമുള്ള പാചക ഗ്യാസ് ലഭിക്കും. ഉപയോഗിച്ചുകഴിഞ്ഞ ചാണകം ഗുണം ഒട്ടും നഷ്ടപ്പെടാതെ വളമായി ഉപയോഗിക്കാം. ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം പതിനായിരം രൂപയോളം ചിലവുവരും. പദ്ധതിയുടെ 50% സബ്സിഡിയായും 25% ബാങ്ക് ലോണായും 25% ഗുണഭോക്താവിന്റെ വിഹിതമായും കണ്ടെത്താവുന്നതാണ്.

സേവനമേഖല

1. പേവിഷ നിർമ്മാർജ്ജന പദ്ധതി

പേവിഷബാധ നിയന്ത്രിക്കുന്നതിനായി പ്രാദേശികതലത്തിൽ വളർത്തുനായ്ക്കൾക്ക് ലൈസൻസ് കർശനമാക്കുക. വർഷംതോറും നായ്ക്കളെ പ്രതിരോധ കുത്തിവയ്പിന് വിധേയ

മാക്കുക. ഇതിനാവശ്യമായ വാക്സിൻ പകുതി വിലയ്ക്ക് മൃഗാശുപത്രികളിലൂടെ ലഭ്യമാക്കുക. തെരുവുനായ്ക്കളെ നശിപ്പിക്കുക, ചപ്പുചവറുകളും, ഭക്ഷണാവശിഷ്ടങ്ങളും തെരുവുകളിൽ വലിച്ചെറിയുന്നത് വിലക്കുക, അറവ് ശാലകളിലെ അവശിഷ്ടങ്ങൾ യഥാവിധം മറവ് ചെയ്യുക, പേവിഷ ബാധയെപറ്റി ജനങ്ങളെ ബോധവത്ക്കരിക്കുക, പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ, ശ്വാനപ്രദർശനങ്ങൾ, പ്രസംഗമത്സരങ്ങൾ, കിസ് പ്രോഗ്രാം മുതലായവ നടത്തുക.

2. കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ

1. നിലവിലുള്ള ഇൻഷ്വറൻസ് പ്രീമിയം വളരെ വലുതായതിനാൽ പാവപ്പെട്ട ക്ഷീര കർഷകന് തന്റെ ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ സാധിക്കാതെ വരുന്നു. തന്മൂലം കന്നുകാലികളുടെ ആകസ്മിക മരണം കർഷകന് വൻ നഷ്ടം വരുത്തുന്നു. ആയതിനാൽ പഞ്ചായത്ത് തലത്തിൽ പക്ഷി മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക.

2. ആകസ്മിക അപകടങ്ങൾക്ക് ഉടനടി ആശ്വാസം പകരാൻ ഒരു ദുരിതാശ്വാസനിധി പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ പദ്ധതി എന്ന പേരിൽ സമാഹരിക്കാവുന്നതാണ്.

3. കാലിരോഗ നിയന്ത്രണ പദ്ധതി: കന്നുകാലികൾക്ക് പ്രതിരോധകുത്തിവയ്പ്പുകളും വന്ധ്യതാനിവാരണ ക്യാമ്പുകളും സംഘടിപ്പിക്കുക.

4. കർഷക പരിശീലനം: മൃഗസംരക്ഷണ മേഖലയിൽ താല്പര്യമുള്ളവർ നമ്മുടെ നാട്ടിൽ നിരവധിയുണ്ടെങ്കിലും പ്രസ്തുത രംഗത്തെപ്പറ്റിയുള്ള അജ്ഞതയും ആവശ്യമായ ശാസ്ത്രസാങ്കേതിക സഹായങ്ങളുടെ അഭാവവും കാരണം പലരും ഇവിടേയ്ക്ക് കടന്നുവരാൻ വൈമുഖ്യം കാണിക്കുന്നു. അതിനാൽ വിദ്യാ സമ്പന്നരായ യുവതീ യുവാക്കളെ കണ്ടെത്തി പരിശീലനം നല്കേണ്ടതാണ്. കൊട്ടിയം മൃഗാശുപത്രിയോടനുബന്ധിച്ച് പുതുതായി ഒരു കർഷക പരിശീലന കേന്ദ്രം നിലവിലുണ്ട്.

5. കർഷകർക്ക് അവാർഡ്/അംഗീകാരം: മൃഗസംരക്ഷണമേഖലയിലുള്ള അർഹരായ കർഷകരെ കണ്ടെത്തി പഞ്ചായത്തുതലത്തിൽ അവരെ ആദരിക്കുന്ന പദ്ധതി നടപ്പിലാക്കുക.

III. ആസൂത്രിത മേഖല

പഞ്ചായത്തു തലത്തിൽ ആസൂത്രണ സെൽ രൂപീകരിക്കുക. പഞ്ചായത്ത് രാജ് സെമിനാറിൽ സമഗ്രപദ്ധതി അവതരിപ്പിക്കുക, പ്രാദേശിക തലത്തിൽ വിജയിക്കുന്ന പദ്ധതികൾ തെരെഞ്ഞെടുക്കുക, അതാത് പ്രദേശങ്ങളിലെ ജനങ്ങൾ, ഭൂപ്രകൃതി മുതലായവയ്ക്ക് അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകി വിജയിപ്പിക്കുക, മറ്റ് വകുപ്പുകളുമായി മെച്ചപ്പെട്ട സഹകരണം ഉറപ്പുവരുത്തുക. മൃഗസംരക്ഷണമേഖലയിൽ വനിതാ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ മഹിളാസംഘങ്ങൾ വഴി പശുവളർത്തൽ പദ്ധതി, ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്, എന്നിവ നടപ്പിലാക്കുക.

മൃഗസംരക്ഷണമേഖലയിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ സ്ത്രീകളെയും, ചെറുകിട നാമമാത്രകർഷകരെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക, കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ഉല്പാദിപ്പിക്കുക, മൃഗചികിത്സാകേന്ദ്രങ്ങൾ ആധുനികവത്ക്കരിക്കുക, പേവിഷനിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയായിരിക്കണം ഈ മേഖലയിൽ ഊന്നൽ നൽകേണ്ട പദ്ധതികൾ.

സ്ഥാപിതമായ വർഷം		അംഗങ്ങൾ	യഥാർത്ഥ കർഷകർ	അംഗങ്ങൾ അല്ലാത്ത പാൽ തരുന്നവർ	പശുക്കൾ	ഉല്പാദനം	പാൽ വില മിൽമ	സ്വന്തം വില്പന വില
മേവറം	1994	23	23	32	150	250 ലിറ്റർ	8.30	10.00
പടനിലം	1993	85	65	35	205	300 ലിറ്റർ	8.50	10.00
പുല്ലിച്ചിറ	1988	290	100	75	300	500 ലിറ്റർ	8.50	10.50
കല്ലുംമൂട്	1988	154	40	30	150	250 ലിറ്റർ	8.20	10.00
മയ്യനാട്	1991	110	50	60	250	350 ലിറ്റർ	8.70	10.50
വെൺപാലക്കര	1987	135	75	75	125	300 ലിറ്റർ	8.25	10.00

മത്സ്യബന്ധനം

മയ്യനാട് പഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്താണ്. മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. $2^1/_2$ കി.മീറ്റർ നീളത്തിൽ കടലോരപ്രദേശമുണ്ട്. പരവൂർകായൽ, ലക്ഷദീപ് കടൽ, തോടുകൾ, കുളങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവയാണ് ഇവിടത്തെ ജലസ്ത്രോതസ്സുകൾ. മത്സ്യബന്ധന സാദ്ധ്യതകൾ ഈ ജലസ്ത്രോതസ്സുകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. നൂൽകൊണ്ട് നിർമ്മിച്ച കോരുവലയും ചെറുതോണികളും ഉപയോഗിച്ചാണ് മുൻകാലങ്ങളിൽ കായലിൽ നിന്നും മത്സ്യബന്ധനം നടത്തിയിരുന്നത്. കടലിൽ മത്സ്യബന്ധനത്തിനുപോകുന്നത് വഞ്ചിയിലായിരുന്നു. കമ്പാവലയാണ് കടലിൽ മീൻപിടിക്കാൻ ഉപയോഗിച്ചിരുന്നത്. ചാളത്തടിയും ഉപയോഗിച്ചിരുന്നു. വീശുവല ഉപയോഗിച്ച് കുളങ്ങളിൽ നിന്നും, തോടുകളിൽ നിന്നും കായൽതീരങ്ങളിൽ നിന്നും മത്സ്യബന്ധനം നടത്തിയിരുന്നു. കടലിൽ നിന്നും വേളാവ്, ചൂര നെയ്മീൻ, പരവ, താട, നെത്തോലി തുടങ്ങിയ മത്സ്യങ്ങളും, കരിമീൻ, കണമ്പ്, പ്രാച്ചി, ചെമ്മീൻ മുതലായവ കായലിൽ നിന്നും, വരാൽ, കാരി, ഇരൽ എന്നിവ കുളങ്ങളിൽ നിന്നും, കൊറുവാ, കൂരി മുതലായ മത്സ്യങ്ങൾ തോടുകളിൽ നിന്നും ലഭിച്ചിരുന്നു. തലചുമടായി കൊണ്ടുപോയാണ് വിപണനം നടത്തിയിരുന്നത്. മത്സ്യം നമ്മുടെ ആഹാരത്തിന്റെ ഒരു പ്രധാനപങ്കുവഹിക്കുന്നു.

ജലാശയങ്ങളിൽ നിന്നും ലഭിക്കുന്ന ജൈവസമ്പത്തുകളിൽ പ്രധാനപ്പെട്ടവ മത്സ്യം, ചെമ്മീൻ, ഞണ്ട്, കക്ക, ചിപ്പി മുതലായ ജലജീവികളാണ്. കുറഞ്ഞ ചിലവിൽ കിട്ടുന്ന പോഷക പ്രധാന്യമുള്ള മാംസ്യാഹാരം, കയറ്റുമതി സാധ്യതയുള്ള വാണിജ്യവിഭവം എന്നീ നിലകളിലാണ് ജലജീവികൾക്ക് പ്രാധാന്യം അർഹിക്കുന്നത്. ജലകൃഷി സംരംഭങ്ങളിൽ വച്ച് ഏറ്റവും പ്രാധാന്യം മത്സ്യകൃഷിയാണ്. കടൽ മത്സ്യങ്ങൾ, കായൽ മത്സ്യങ്ങൾ, അലങ്കാര മത്സ്യങ്ങൾ, ശുദ്ധജല മത്സ്യങ്ങൾ എന്നിവ കൃഷി ചെയ്യപ്പെടാറുണ്ട്. ഇവയ്ക്കുപുറമെ ചെമ്മീൻ തുടങ്ങിയ വിവിധ തരം ജലകൃഷികളും ആദായകരമായ രീതിയിൽ കൃഷിചെയ്തുവരുന്നു.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ 380 പേരാണ് ഗ്രാമത്തിലുള്ളതെന്ന് സാമൂഹ്യസാമ്പത്തിക സർവ്വെ വെളിപ്പെടുത്തുന്നു. ഇവരിൽ സ്വന്തമായി വലയും വള്ളവും ഉള്ളവർ വളരെ കുറച്ചേ വരൂ. മത്സ്യവിപണനം പ്രാദേശികമായി നടത്തുന്നു. ശുദ്ധജല മത്സ്യകൃഷി ചെയ്യാൻ പറ്റിയ കുളങ്ങൾ കുറവല്ല. എന്നാൽ വലിയ കുളങ്ങൾ എല്ലാംതന്നെ പൊതുകുളങ്ങളോ ക്ഷേത്രക്കുളങ്ങളോ ആണെന്നത് മത്സ്യ കൃഷിയുടെ സാധ്യത കുറയ്ക്കുന്നു. മത്സ്യവിപണനത്തിന് പൊതുസംവിധാനങ്ങൾ താരതമ്യേന കുറവാണ്. പഞ്ചായത്തിലാകെ അഞ്ചുമത്സ്യമാർക്കറ്റുകളാണ് ഉള്ളത്.

ഇപ്പോൾ കടലിൽ പോകുമ്പോൾ പഴയ കമ്പാവലയ്ക്ക് പകരം നൈലോൺ വലയാണ് ഉപയോഗിക്കുന്നത്. അതുപോലെ കായലിൽ പട്ടുനൂൽകൊണ്ട് നിർമ്മിതമായ വലകളാണ് ഉപയോഗിക്കുന്നത്. വീശുവലയും പട്ടുനൂൽ നിർമ്മിതമാണ്. ഫിഷറീസ് ഹാർബർ ഇല്ലാത്തതിനാൽ യന്ത്രവത്കൃത മത്സ്യബന്ധനം ഇവിടെ നടക്കുന്നില്ല. ഇവിടത്തെ മത്സ്യസമ്പത്ത് അപര്യാപ്തമാണ്. മറ്റ് സ്ഥലങ്ങളിൽ നിന്നും വാഹനങ്ങളിൽ മത്സ്യം കൊണ്ടുവന്ന് ഗ്രാമത്തിൽ വിപണനം നടത്തുന്നു. മത്സ്യത്തിന്റെ ഉപയോഗം വർദ്ധിച്ചിരിക്കുന്നു. വിലയും ഉയർന്നിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം മൂലം പഴയതുപോലെ നെയ്മീൻ, വേളാവ് തുടങ്ങിയ മത്സ്യങ്ങളെ കമ്പവലക്കാർക്ക് ലഭിക്കുന്നില്ല. ഈ പഞ്ചായത്തിൽ മൂന്നുസ്ഥലങ്ങളിൽ ചെമ്മീൻകൃഷി നടത്തുന്നുണ്ട്, പ്രതീക്ഷിച്ചത്ര ലാഭകരമല്ല. കോവൂർ ചിറയിൽ മത്സ്യകൃഷി ഉണ്ടായിരുന്നു. ഇപ്പോൾ ഇല്ല. മത്സ്യവിത്ത്, വളം, തീറ്റ, കൃഷി ഉപകരണങ്ങൾ എന്നിവ യഥാസമയം ലഭിച്ചാലെ മത്സ്യകൃഷി വിജയിക്കുകയുള്ളൂ.

കൊല്ലം തങ്കശ്ശേരി ബ്രേക്ക് വാട്ടർ പദ്ധതി മൂലം കടലിലെ ഒഴുക്ക് നേരെ വന്ന് മുട്ടുന്നത് മയ്യനാടിന്റെ തീരപ്രദേശത്താണ്. അരിഞ്ഞാണം പോലെ കിടക്കുന്ന തീരപ്രദേശം അപകടഭീഷണിയെ നേരിടുന്നു. അതുപോലെ കായലിൽ നിന്നും വളരെ ആഴത്തിൽ മണൽ വാരുന്നതിനാൽ കടലിൽ നിന്നുള്ള അടിയൂറ്റും, സമ്മർദ്ധവും ഈ ഭാഗത്തിന് ഒരു ഭീഷ


ണിയാണ്. തീരദേശത്തുകൂടി 9-ൽ പരം ബസ് സർവ്വീസ് ഉണ്ടായിരിരുന്നതാണ്. പരവൂർ, വർക്കല, കടയ്ക്കാവൂർ ഭാഗങ്ങളിലേയ്ക്ക് പോകുന്നതിന് ഒരു എളുപ്പ വഴിയായിരുന്നു ഇത്. കാലവർഷക്കെടുതിയിൽ ഈ പ്രദേശത്തിന്റെ പലഭാഗങ്ങളും ഒലിച്ചുപോയതിനാൽ കഴിഞ്ഞ 4 വർഷമായി വാഹന ഗതാഗതം നടക്കുന്നില്ല. ഒലിച്ചുപോയ ഭാഗങ്ങൾ യോജിപ്പിക്കുന്നതിന് ഇതുവരേയും അധികാരികൾ ശ്രമിച്ചിട്ടില്ല. ഈ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്കായിട്ടുള്ള ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. 259 അംഗങ്ങൾ ഉള്ള ഈ സംഘം രണ്ടരലക്ഷം രൂപ മുടക്കി രണ്ട് വള്ളവും വലയും തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട്. തലചുമടായി മത്സ്യവിപണനം നടത്തുന്ന പത്ത് വനിതകൾക്ക് 1000 രൂപവീതം ധനസഹായം ചെയ്തിട്ടുണ്ട്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട രണ്ടു സർക്കാർ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മത്സ്യഫെഡ്, മത്സ്യക്ഷേമ ബോർഡ് എന്നിവയുടേതാണ് ഈ സ്ഥാപനങ്ങൾ. ഉടൻതന്നെ ഒരു മത്സ്യഭവൻ ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതാണ്. ഇരവിപുരം, പരവൂർ, മയ്യനാട് മേഖലകളുടെ ക്ഷേമനിധി ആഫീസ് നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

ഗ്രാമസഭയിൽ ഉയർന്നത്

കായലിലെ മണ്ണുവാരൽ പൂർണ്ണമായി നിരോധിച്ച് മത്സ്യസമ്പത്തിന്റെ വംശവർദ്ധനവിന് തടസ്സം ഒഴിവാക്കുക. ഉൾനാടൻ മത്സ്യകൃഷി നടത്താനാവശ്യമായ മത്സ്യകുഞ്ഞുങ്ങളേയും സാമ്പത്തിക സഹായവും ലഭ്യമാക്കുക. ഒന്നാം വാർഡിനോട് ചേർന്നുകിടക്കുന്ന കായലിലും, നാലാം വാർഡിലെ മുസ്ലീംപള്ളിക്ക് സമീപമുള്ള കായലിലും ചെമ്മീൻ കൃഷി സാദ്ധ്യതയുണ്ട്. ഇതിന് ആവശ്യമായ സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും ലഭ്യമാക്കുക. ദേവസ്വം ബോർഡിന്റെ വകയായ "തലച്ചിറ" പഞ്ചായത്തിന് ലഭ്യമാക്കി അവിടെ മത്സ്യകൃഷി നടത്തുക. മൂന്നാം വാർഡിനോട് ചേർന്നുകിടക്കുന്ന കായൽ പ്രദേശത്തുള്ള ഞണ്ട്, കൃഷിയും തിലോപ്പിയ തുടങ്ങി മത്സ്യകൃഷിക്കും സാധ്യതകളുള്ളത് പ്രയോജനപ്പെടുത്തുക. മത്സ്യ കൃഷി നടത്തുന്നതിന് പഞ്ചായത്ത് കുളങ്ങൾ തൊഴിൽ രഹിതർക്ക് നൽകുക.

നിർദ്ദേശങ്ങൾ

മയ്യനാട് തീരത്ത് പൊഴിമുറിയുന്ന ഭാഗത്ത് ഒരു പുലിമുട്ട് സ്ഥാപിച്ച് പരവൂർ കായലിൽ ഒരു ഫിഷറീസ് ഹാർബർ സ്ഥാപിക്കുക. ഇത് മൂലം ആഴക്കടൽ മത്സ്യബന്ധനം യന്ത്രവൽകൃതമാക്കാം. മത്സ്യവിപണന സംസ്ക്കരണ രംഗങ്ങളിൽ കൂടുതൽ തൊഴിൽ സാധ്യതയും ഇത് മൂലം രീതദേശത്തിന്റെ അപകടഭീഷണിയും ഒരു പരിധിവരെ ഒഴിവാക്കാം. തീരദേശത്ത് കടൽഭിത്തി കോൺക്രീറ്റ് ഉപയോഗിച്ച് നിർമ്മിച്ച് റോഡ് പുന:സ്ഥാപിച്ച് മത്സ്യവിപണനത്തെ സഹായിക്കുക. മുക്കം ഭാഗത്ത് ഐസ്പ്ലാന്റും സംസ്ക്കരണ യൂണിറ്റും സഹകരണ സംഘം വഴി സ്ഥാപിക്കുക. തീരദേശ സംരക്ഷണ നിയമം മൂലം മയ്യനാടിന്റെ തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം ഒരു പ്രശ്നമാണ്. അതുകൊണ്ട് ഈ നിയമത്തിൽ ദൂരപരിധി കുറച്ച് മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം നടത്താനും, കൈവശ ഭൂമിയ്ക്ക് പട്ടയം കൊടുക്കാനുമുള്ള നടപടികൾ നടത്തുക. അഞ്ചുപേർ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് യന്ത്രവത്ക്കരണ വള്ളങ്ങൾ വാങ്ങുന്നതിന് മത്സ്യഫെഡ് മുഖാന്തരം സബ്സിഡിയോടുകൂടി ധനസഹായം നൽകുക, മത്സ്യത്തൊഴിലാളി മേഖലയായ തീരപ്രദേശത്ത് സാക്ഷരതാപരിപാടി കുറഞ്ഞുപോയതിനാലാണ് പഞ്ചായത്തിന്റെ സാക്ഷരതാ ശതമാനം പൂർണ്ണമാകാത്തത്. ആയതിനാൽ ഈ മേഖലയിൽ ജനവിദ്യാകേന്ദ്രം സ്ഥാപിച്ച് സാക്ഷരതാ പ്രവർത്തനം ത്വരിതപ്പെടുത്തുക. സഹകരണ സംഘം വഴി വലനിർമ്മാണത്തിന് വനിതകൾക്ക് സാമ്പത്തിക സഹായം നൽകുക. തീരപ്രദേശത്ത് പ്രവർത്തിച്ചിരുന്ന ഫീഡിംഗ് സെന്റർ പുന:സ്ഥാപിക്കുക. കൂടാതെ ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ സ്ക്കീമുകളും പദ്ധതികളും ആക്കണമെങ്കിൽ ഇവിടത്തെ മത്സ്യകൃഷിയും മത്സ്യബന്ധനവും മെച്ചപ്പെടുത്തുകയും അതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാവുകയും ചെയ്യും.



വിദ്യാഭ്യാസം

ഒരു നൂറ്റാണ്ടിനുമുമ്പ് :

ഇന്ന് മയ്യനാട് തൊണ്ണൂറ് ശതമാനത്തിനുമേൽ സാക്ഷരത നേടിയ ഗ്രാമപഞ്ചായത്താണ്. മാത്രമല്ല, വിവിധ വിഷയങ്ങളിൽ ഉന്നത ബിരുദം നേടി അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെ എണ്ണം കൊണ്ട് സമ്പന്നവുമാണ്. ആൽഗകൾ എന്ന സസ്യജന്യത്തിൽ പെട്ട അപൂർവ്വ ഉപഗണങ്ങളെ മയ്യനാട്ടുപ്രദേശത്ത് കണ്ടുപിടിച്ച് ലോകശാസ്ത്ര ഭൂപടത്തിൽ ഈ ഗ്രാമത്തിന് സ്ഥാനം നേടിക്കൊടുത്ത ശാസ്ത്രജ്ഞരുണ്ട്. ഇവർ കൈവരിച്ച നേട്ടം അനന്തര തലമുറയ്ക്ക് ഗവേഷണ പഠനത്തിന് പ്രേരകമാകാൻ കാരണമായിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഇത്രയേറെ നേട്ടം കൈവരിക്കാൻ കഴിഞ്ഞ മയ്യനാടിന്റെ ഒരു നൂറ്റാണ്ടിന് മുമ്പുണ്ടായിരുന്ന വിദ്യാഭ്യാസരംഗം എങ്ങനെയായിരുന്നു എന്നറിയുക കൗതുകമുണർത്തുന്നതായിരിക്കും. മയ്യനാട് അന്നും ഇന്നും ഈഴവ മുസ്ലീം ക്രിസ്ത്യൻ വിഭാഗത്തിൽ പെട്ടവർ ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് എണ്ണത്തിൽ കൂടുതലുള്ള പ്രദേശമാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം, ക്ഷേത്രപ്രവേശനം അതുപോലുള്ള മറ്റ് സാമൂഹ്യ സ്വാതന്ത്ര്യങ്ങൾ എന്നിവ നിഷേധിക്കപ്പെട്ട ഈഴവർ തിങ്ങിപാർക്കുന്ന ഈ പ്രദേശത്ത് സർക്കാർ വിദ്യാലയങ്ങൾ ഇല്ലായിരുന്നു. സർക്കാർ വിദ്യാലയങ്ങൾ അന്ന് നടത്തിയിരുന്നത് മേൽജാതിക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടി മാത്രമായിരുന്നല്ലോ...? അന്ന് നാടൻ നെല്ലിന്റെ ചുവന്ന തവിടുള്ള അരി ആഹാരമാക്കാൻ കൂടി അവർണ്ണർക്ക് അവകാശമില്ലായിരുന്നു എന്നാണ് ചരിത്രരേഖകളിൽ കാണുന്നത്.

ഏതാണ്ട് നൂറ്റിയിരുപത്തഞ്ച് വർഷങ്ങൾക്കു മുമ്പ് മയ്യനാടിന്റെ കിഴക്ക് തെക്കുമാറിയുള്ള കാക്കോട്ടുമൂലയിലാണ് ചെറ്റപ്പുരയിൽ ഒരു വിദ്യാലയം ആദ്യമായി തുടങ്ങിയത്. കിഴക്കും തെക്കും കായൽ അതിരിടുന്ന ഈ പ്രദേശത്തുനിന്നും ചില സമ്പന്നകുടുംബങ്ങളിലെ ചെറുപ്പക്കാർ അക്ഷരം പഠിക്കാൻ അന്നത്തെ തപാൽ വള്ളങ്ങളെ ആശ്രയിച്ച് ദൂരെയുള്ള പാതിരി പള്ളിക്കൂടങ്ങളിൽ പോകാൻ സന്നദ്ധരായി. അങ്ങനെ അക്ഷരം പഠിച്ചു കുറച്ച് ചെറുപ്പക്കാർ കൂടിച്ചേർന്നാണ് ആദ്യം സൂചിപ്പിച്ച ചെറ്റപ്പള്ളിക്കൂടം തുടങ്ങിയത്. അവർക്കൊക്കെ തൊഴിൽ കിട്ടി പലവഴിക്കും പോയപ്പോൾ പള്ളിക്കൂടം അനാഥമായി. അന്ന് പോർച്ചുഗീസിലെ ജെസ്യൂട്ട് പാതിരിമാർ പുല്ലിച്ചിറയിൽ പള്ളിസ്ഥാപിച്ച് മതപ്രചരണം നടത്തുന്ന കാലം. മതപ്രചരണത്തോടൊപ്പം അന്നവർ വിദ്യാഭ്യാസ പ്രവർത്തനവും നടത്തിയിരുന്നു. ചെറ്റപ്പള്ളിക്കൂടത്തിന്റെ അനാഥത്വം കേട്ടറിഞ്ഞ അവർ അതിന്റെ നടത്തിപ്പ് ഏറ്റെടുത്തു. അങ്ങനെ അതൊരു ഇംഗ്ലീഷ് വിദ്യാലയമായി പരിവർത്തനപ്പെട്ടു. ഇവിടെയാണ് നവോത്ഥാനത്തിന്റെ തീപ്പന്തം, സരസ ഗദ്യകാരൻ, യുക്തിവാദി, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിച്ച് അന്നത്തെ തിരുവിതാംകൂർ ചരിത്രത്തിന്റെ ഭാഗമായിമാറിയ മയ്യനാ

ടിന്റെ സാംസ്ക്കാരിക പൈതൃകത്തിനു അടിക്കല്ലിട്ട ശ്രീ. സി.വി. കുഞ്ഞിരാമൻ പഠിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയത്. അക്കാലത്ത് മയ്യനാടിന്റെ വിവിധഭാഗങ്ങളിൽ അനേകം കുടിപ്പള്ളിക്കൂടങ്ങളുണ്ടായിരുന്നു.

സി.വി. യുടെ മേൽകയ്യോടെയാണ് ഈ ഗ്രാമത്തിൽ വെള്ളി പോലെ വെളുത്ത മണലുണ്ടായിരുന്ന വെള്ളമണലിൽ ആദ്യമായി മൂന്നാം ക്ലാസ്സുവരെയുള്ള ഒരു ഗ്രാന്റ്റ് പള്ളിക്കൂടം തുടങ്ങിയതും. അതിനുമുണ്ടൊരു ചരിത്ര പശ്ചാത്തലം. അവർണ്ണർക്ക് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. പള്ളിക്കൂട പ്രവേശനം വേണമെന്ന ആവശ്യമുന്നയിച്ച് നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായി സമരം അതിന്റെ ഉഗ്രാവസ്ഥയിൽ നടക്കുന്ന കാലം. അതിന്റെ ഫലമായി അന്നത്തെ ദിവാൻ ശ്രീ. ശങ്കര സുബ്ബയ്യൻ ഒരു കല്പന പുറപ്പെടുവിച്ചു. "ഈഴവർക്കുപഠിക്കണമെങ്കിൽ സ്ക്കൂൾ അവർ തുടങ്ങട്ടെ സർക്കാർ ഗ്രാന്റു കൊടുക്കാം". അങ്ങിനെയായാൽ സവർണ്ണർ പഠിക്കുന്ന പള്ളിക്കൂടങ്ങൾ അയിത്തമാകാതിരിക്കുമല്ലോ എന്ന് ആ കുശാഗ്ര ബുദ്ധി ആശ്വസിച്ചിട്ടുണ്ടാവും. ഏതായാലും സി.വി.യുടെ നേതൃത്വത്തിൽ ഈഴവരെ സംഘടിപ്പിച്ച് കല്ല്യാണപ്പണം പിരിച്ച് വെള്ളമണലിൽ മൂന്നാം ക്ലാസ്സുവരെയുള്ള ഒരു ഗ്രാന്റ് പള്ളിക്കൂടം തുടങ്ങി. സി.വി. ആദ്യഹെഡ്മാസ്റ്ററുമായി. ഈ സ്ക്കൂളിലാണ് തിരുവിതാംകൂറിന്റെയും, തിരുകൊച്ചിയുടെയും ചരിത്രത്തിന്റെ നടുമുറിക്കർഹനായി മാറിയ തിരുവിതാംകൂർ-കൊച്ചിയുടെ ആദ്യമുഖ്യമന്ത്രി ശ്രീ.സി. കേശവൻ അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം നേടിയത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കൊല്ലത്തും. അന്ന് കൊല്ലം വരെ നടന്നായിരുന്നു യാത്ര. സി.വി. കുഞ്ഞിരാമൻ, സി.കേശവൻ തുടങ്ങിയുള്ള ഈ ഗ്രാമത്തിലെ ഒട്ടേറെ മഹത്വ്യക്തികളെക്കുറിച്ച് മറ്റ് വിഷയങ്ങളുമായി ബന്ധപ്പെടുത്തി വിശദമായി പരാമർശിക്കുമെന്നതിനാൽ ചുരുക്കുന്നു. എന്നാൽ പഴയകാല വിദ്യാഭ്യാസത്തിൽ അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുണ്ടായിരുന്ന ആത്മസ്പർശിയായ ബന്ധം, വിദ്യാലയ പരിശുദ്ധി, ഭയഭക്ത്യാദരങ്ങളോടെ വിദ്യാർത്ഥികൾ ഗുരുക്കന്മാരെ കണ്ടിരുന്നത്, അധ്യാപകരിൽ കണ്ടിരുന്ന വിദ്യയുടെ നിറവ് ഇന്നത്തെ തലമുറയിലെ പ്രായംചെന്നവരിൽ മധുരസ്മരണ പകരുന്നു. വീട്ടിലെ ജോലികളിൽ - നെയ്ത്തിലും, കൃഷിയിലും മറ്റ് പാരമ്പര്യ തൊഴിലിലും - മാതാപിതാക്കളെ സഹായിച്ചിട്ടുവേണം പഠിക്കാൻ. കഷ്ടിച്ചൊരു ഒറ്റതോർത്തുമുടുത്ത് നിലത്തിരുന്നാണ് അന്നത്തെ പഠിത്തം. ഇതിനെക്കുറിച്ച് സരസവും, വിജ്ഞാനപ്രദവുമായ പരാമർശം ശ്രീ.സി. കേശവന്റെ "ജീവിത സമരം" എന്ന പുസ്തകത്തിലുണ്ട്. അന്നൊരു കുട്ടിയ്ക്ക് സ്ലേറ്റുണ്ടാവുക എന്തഭിമാനാർഹമായ കാര്യമായിരുന്നെന്നോ....? അന്ന് നാട്ടിൻ പുറത്തെ മിക്ക ഊടുവഴികളും കുട്ടികൾക്ക് നല്ല തിട്ടമായിരുന്നു. പറങ്കിമാങ്ങ, മറ്റ് നാട്ടുമാവിൻ പഴങ്ങൾ, കാട്ടുപഴങ്ങൾ ഇവയൊന്നും അന്ന് പാഴായി പോയിരുന്നില്ല. എല്ലാം അന്നത്തെ ദാരിദ്ര്യമെന്തെന്നറിഞ്ഞ കുട്ടികളുടെ വിശിഷ്ടഭോജ്യങ്ങളായിരുന്നു.

നമ്മുടെ ഇന്നത്തെ ഔപചാരിക വിദ്യാഭ്യാസം

മയ്യനാട് ഗ്രാമപഞ്ചായത്തിൽ ഒരു കോളേജും രണ്ട് ഹൈസ്ക്കൂളുകളും, ഒരപ്പർപ്രൈമറിയും എട്ട് പ്രൈമറി വിദ്യാലയങ്ങളുമാണുള്ളത്. കോളേജ് എൻ.എസ്.എസ്സിന്റെ വക സ്വകാര്യകോളേജാണ്. മന്നം മെമ്മോറിയൽ എൻ.എസ്.എസ്സ്. കോളേജ്, കൊട്ടിയം എന്ന പേരിൽ അറിയപ്പെടുന്നു. ഹൈസ്ക്കൂളിൽ ഒന്ന് സ്വകാര്യമേഖലയിലും മറ്റൊന്ന് സർക്കാർ ഉടമയിലും. അപ്പർ പ്രൈമറി ഒന്നുള്ളത് സർക്കാരിന്റേതുമാണ്. പ്രൈമറി സ്ക്കൂളുകൾ എട്ടുള്ളതിൽ അഞ്ചെണ്ണം സ്വകാര്യ മേഖലയിലും മുന്നെണ്ണം സർക്കാരിന്റേതുമാണ്.

ഹൈസ്ക്കൂളുകളുള്ളതിൽ സർക്കാരിന്റെ വെള്ളമണൽ സ്കൂൾ സി.വി. മുൻ നിന്ന് സ്ഥാപിച്ച പഴയ ഗ്രാന്റ് സ്ക്കൂളുമാണ്. പഴയ വെള്ളിപോലെ വെളുത്ത മണലിന് നിറഭേദം വന്നിട്ടുണ്ടെങ്കിലും പരിസരമാകെ മണലാണ്. ഘട്ടം ഘട്ടമായിട്ടായിരുന്നു സ്ക്കൂളിന്റെ വികാസം. പ്രൈമറി-മിഡിൽ-ഹൈസ്കൂൾ എന്നിങ്ങനെ. ഇപ്പോൾ കെട്ടിട സൗകര്യം വേണ്ടുവോളമുള്ള സ്ക്കൂളാണിത്. എന്നാൽ, അവശ്യം വേണ്ട കളിസ്ഥലത്തിന്റെ അപ

കുട്ടികളെയും അധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ.

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര് മാനേജ്മെന്റ്	വിദ്യാർത്ഥികളുടെ എണ്ണം									അധ്യാപകരുടെ എണ്ണം								
		പ്രൈമറി			യു.പി.			എച്ച്.എസ്സ്.			പ്രൈമറി			യു.പി.			എച്ച്.എസ്സ്.		
		ആ	പെ	ആകെ	ആ.	പെ	ആകെ	ആ.	പെ.	ആകെ	ആ.	പെ.	ആകെ	ആ.	പെ.	ആകെ.	ആ.	പെ.	ആകെ.
1	എച്ച്.എസ്സ്. മയ്യനാട് സ്വകാര്യം				556	347	903	609	388	997	-	-	-	11	18	29	6	28	34
2	ഗവ. എച്ച്.എസ്സ്. വെള്ളിമണൽ സർക്കാർ	59	51	110	154	110	264	197	192	389	1	5	6	3	7	10	7	13	20
3	ഗവ.യു.പി.എസ്സ്. കാക്കോട്ടുമൂല, സർക്കാർ	19	33	52	27	31	58	-	-	-	-	4	4	1	2	3			
4	ഗവ. എൽ.പി.ബി. എസ്സ്. കാക്കോട്ടുമൂല, സർക്കാർ	28	34	62							-	2	2						
5	എൽ.എം. എസ്സ്. എൽ.പി.എസ്സ്. മയ്യനാട്, സ്വകാര്യം	121	140	261							3	2	5						
6	ഗവ. മോഡൽ എൽ.വി.എസ്സ്.	88	105	193							-	5	5						
	ശാസ്താംകോവിൽ പ്രീ-പ്രൈമറി, സർക്കാർ	13	16	29															
7	ഗവ. ന്യൂ. എൽ.പി.എസ്സ്. ഇരവിപുരം, കൂട്ടിക്കട, സർക്കാർ	152	149	301							-	10	10						
8	എൽ.പി.എസ്സ്. കണിച്ചേരി (അഞ്ചാം സ്റ്റാന്റേർഡുണ്ട്) സ്വകാര്യം	209	236	445							1	11	12						
9	എൽ.പി.എസ്സ്. വാഴപ്പള്ളി, സ്വകാര്യം	312	274	586							4	10	14						
10	സെന്റ് മേരി എൽ. പി.എസ്സ്. പുല്ലിച്ചിറ, സ്വകാര്യം	89	44	133								5	5						
11	എൽ.പി.എസ്സ്. ആലുംമൂട്, സ്വകാര്യം	123	93	216							1	6	7						
	ആകെ			2388			1225			1386			70			42			54

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	കെട്ടിട സൗകര്യം	പഠന ഉപ കരണങ്ങൾ	ഗ്രന്ഥാലയം	ലാബ്	റേഡിയോ	ടേപ് റിക്കാർഡർ
1.	H.S. മയ്യനാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	ഗവ: H.S. വെള്ളളമണൽ	ഉണ്ട്	വേണ്ട ത്രയില്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3.	ഗവ: U.P.S. കാക്കോട്ടുമൂല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	ഗവ: L.P.B.S. കാക്കോട്ടുമൂല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
5.	L.M.S.L.P.S. മയ്യനാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
6.	ഗവ: മോഡൽ L.P.S. ശാസ്താംകോവിൽ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
7.	ഗവ: ന്യൂ L.P.S. ഇരവിപുരം, കുട്ടിക്കട	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉപയോഗശൂന്യം	
8.	L.P.S. കണിച്ചേരി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
9.	L.P.S. വാഴപ്പള്ളി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
10.	സെന്റ് മേരി L.P.S. പുല്ലിച്ചിറ 1 to V	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
11.	L.P.S. ആലുംമൂട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്

ടെലിവിഷൻ	കമ്പ്യൂട്ടർ	ബ്ലാക്ക് ബോർഡ്	കളിസ്ഥലം	വൈദ്യുതി	കുടിവെള്ളം	കക്കൂസ് മൂത്രപ്പുര	പാചകമുറി	സ്റ്റാഫ് റൂം	രക്ഷാകർത്തൃ സമിതി	മാതൃസമിതി
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	–	ഉണ്ട്	ഉണ്ട്	സജീവം	സജീവം
ഇല്ല	ഇല്ല	അപ ര്യപ്തം	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉപയോഗ യോഗ്യമല്ല	ഉണ്ട്	ഉണ്ട്	സജീവ മല്ല
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്		ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	പ്രവർ ത്തനമില്ല
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല ഉണ്ട്	ഉണ്ട്	ഉണ്ട്	സജീവം	സജീവം
ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്ഉണ്ട്	ഉണ്ട്	ഉണ്ട്		
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്ഉണ്ട്	ഉണ്ട്	ഉണ്ട്		
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	–	ഉണ്ട്	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഒന്ന്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	–	–
ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	പ്രവർത്ത നക്ഷമം	ഉണ്ട്

ര്യാപ്തതയുണ്ട്. സ്വകാര്യസ്ക്കൂളായ മയ്യനാട് ഹൈസ്ക്കൂൾ ഇന്നത്തെ മയ്യനാടിന്റെ വിദ്യാഭ്യാസ സാംസ്ക്കാരികാഭിവൃദ്ധിക്ക് ഈടുറ്റ സംഭാവനകൾ നല്കിയ ശാരദാക്ഷേത്രമാണ്. അതിന്റെ പഴയ പാരമ്പര്യം അദ്ധ്യയനത്തിലും അച്ചടക്കത്തിലും അധ്യാപകരിലെ അർപ്പിത സേവനത്തിലും കൊല്ലം ജില്ലയ്ക്കാകെ മാതൃകയായിരുന്നു. വിവിധ വിഷയങ്ങളിൽ വിദ്വാന്മാരുടെ ഒരു കേന്ദ്രമായിരുന്നു. കൊല്ലം ജില്ലയിലെ തന്നെ നളന്ദയെന്ന് മുമ്പ് അതിനെ ആരെങ്കിലും വിശേഷിപ്പിച്ചിട്ടുണ്ടെങ്കിൽ അത് സാർത്ഥകമാണ്. കാക്കോട്ടുമൂലയിലുള്ള യു.പി.എസ്സ്, മറ്റ് പ്രൈമറി വിദ്യാലയങ്ങൾ എന്നിവയെക്കുറിച്ച് വർത്തമാനകാല സ്ഥിതിയെന്തെന്ന് കാണിക്കുന്ന ചില പട്ടികകൾ ഇതോടൊപ്പം ചേർക്കുന്നു.

പട്ടിക ഒരു അവലോകനം

എൽ.പി., യു.പി., എച്ച്.എസ്സ്. വിഭാഗങ്ങളിലായി അഞ്ച് സർക്കാർ വിദ്യാലയങ്ങളും ആറ് എയിഡഡ് വിദ്യാലയങ്ങളുമാണുള്ളത്. ഇവയിലെല്ലാം കൂടി 4999 വിദ്യാർത്ഥികൾ പഠിക്കുന്നു. 1458 പേർ സർക്കാർ മേഖലയിലും 3541 പേർ എയിഡഡ് മേഖലയിലും. ഭൗതിക സാഹചര്യങ്ങൾ അവശ്യം വേണ്ട അളവിൽ മിക്ക സ്ക്കൂളുകളിലുമുണ്ട്. ചില സ്ക്കൂളുകളിൽ സ്ഥലസൗകര്യം കൂടുതലും കുട്ടികൾ വളരെ കുറവുമാണ്. ഉദാഹരണങ്ങൾ കാക്കോട്ടുമൂല എൽ.പി.എസ്സും കാക്കോട്ടുമൂല യു.പി.എസ്സുമാണ്. ഈ രീതിയിൽ മുന്നോട്ടുപോയാൽ സ്ക്കൂൾ അടച്ചുപൂട്ടേണ്ട സ്ഥിതിയിലാവും. കണക്കുകൾ വിശദമാക്കുന്നതുപോലെ സർക്കാർ സ്ക്കൂളുകളിൽ കുട്ടികൾ കുറവും എയിഡഡ് സ്ക്കൂളുകളിൽ താരതമ്യേന കൂടുതലും കാണുന്നു. സർക്കാർ സ്ക്കൂളുകളിൽ കുട്ടികളെ ചേർക്കാൻ രക്ഷിതാക്കൾ വിമുഖത കാണിക്കുന്നു. കുട്ടികളുടെ ജീവിത നിലവാരത്തകർച്ച തന്നെയാണ് ഇതിനുകാരണം. കുട്ടികൾ കുറഞ്ഞാൽ ഡിവിഷൻ കുറയും, അതുമൂലം തസ്തിക കുറയും എന്ന ഭീഷണി ആ സ്ക്കൂളുകളിൽ അധ്യയന നിലവാരം വളരെ താഴാതെ നോക്കുന്നതിന് വേണ്ടപ്പെട്ടവർ ഈ അടുത്ത കാലത്തായി ശ്രദ്ധപതിപ്പിച്ചതിനാലാകണം ഒരു വിധം പിടിച്ചു നിൽക്കുന്നത്.

ഇതേ സ്വഭാവത്തിൽ തന്നെയാണ് രണ്ടുഹൈസ്ക്കൂളുകളിലേയും എസ്സ്. എസ്സ്. എൽ. സി. യുടെയും കഴിഞ്ഞ അഞ്ചുവർഷത്തെ പട്ടിക പരിശോധിച്ചാലും കാണാൻ കഴിയും. ഇടത്തരവും അതിന് മേലോട്ടുമുള്ള രക്ഷകർത്താക്കൾ അവരുടെ കുട്ടികളെ സർക്കാർ സ്ക്കൂളുകളിൽ അയച്ചുപഠിപ്പിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അതിന്റെ മുഖ്യ കാരണം കുട്ടികളുടെ നിലവാരത്തകർച്ച തന്നെയാണ്. അതോടൊപ്പം ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതമായ താല്പര്യം, എൽ.കെ.ജി., യു.കെ.ജി. തൊട്ടു വിദ്യാഭ്യാസം തുടങ്ങണമെന്നത് കുട്ടികളുടെ വേഷസംവിധാനം, ആകർഷകമായ വിദ്യാലയാന്തരീക്ഷം പഠനത്തിലും, പാഠ്യേതര പ്രവർത്തനത്തിലും, അച്ചടക്കത്തിലും പബ്ലിക് സ്കൂളുകൾ കാണിയ്ക്കുന്ന പ്രത്യേക നിഷ്കർഷ എന്നിവയാകാം രക്ഷിതാക്കളുടെ മറ്റ് ആകർഷണ ഘടകങ്ങൾ.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

ഒരു വ്യക്തിയുടെ ബൗദ്ധിക വികാസം, ഒപ്പം സാംസ്ക്കാരിക വളർച്ചയും. ഇവ രണ്ടുമാണ് ഏതു സമൂഹത്തിന്റെയും വിദ്യാഭ്യാസത്തിലൂന്നിയുള്ള ലക്ഷ്യം. ശാരീരികവും മാനസ്സികവുമായ കഴിവുകളെ സാംസ്ക്കാരികാടിത്തറയിൽ വികസിപ്പിക്കുക, അതുവഴി രാഷ്ട്രീയത്തിന്റെ സാമ്പത്തിക, സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും നാടിന്റെ വികസനത്തിന് അടിത്തറയിടാൻ ഓരോ വ്യക്തിയേയും പ്രാപ്തനാക്കുക എന്നത് വിദ്യാഭ്യാസനേട്ടങ്ങളിൽ പ്രധാനമാണ്. ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിന് ഇന്ന് ഔപചാരിക വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കും സാധ്യമായ പരിഹാര നിർദ്ദേശങ്ങളെന്ന നിലയിൽ ചില കാര്യങ്ങൾ പരിശോധിക്കാം.

വിദ്യാലയങ്ങൾക്ക് ഇന്നുള്ള പരിമിതമോ, തീരെ അപര്യാപ്തമോ ആയ ഭൗതിക സാഹചര്യം വേണ്ട അളവിലുണ്ടാവണം. കെട്ടിടങ്ങൾ, ലൈബ്രറി, ലബോറട്ടറി, കളിസ്ഥലം, പാചകപ്പുര, കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര മുതലായ ഏതൊരു വിദ്യാലയത്തിന്റെ അടിസ്ഥാനാവശ്യങ്ങളാണ്.

അധ്യയന നിലവാരമുയരണമെങ്കിൽ അധ്യയന രീതിയുടെ പുതിയ സങ്കേതങ്ങളെക്കുറിച്ച് അധ്യാപകർക്ക് വേണ്ടത്ര പരിജ്ഞാനമുണ്ടാവണം. അവർക്ക് കാലാനുസൃതവും, വേണ്ട അളവിലും ഫലപ്രദവുമായ പരിശീലനം ലഭ്യമാവണം. ഇന്നു നൽകുന്ന ആചാര രീതിയിലുള്ള അശാസ്ത്രീയമായ ഇൻസർവ്വീസ് കോഴ്സുകളുടെ സ്ഥാനത്ത് ക്രീയാത്മക പരിശീലനമാണ് വേണ്ടത്.

പേരിന് വേണ്ടിമാത്രമാണ് ഇന്ന് രക്ഷകർത്തൃ സമിതിയും മാതൃസമിതിയുമൊക്കെ തട്ടിക്കൂട്ടിവച്ചിരിക്കുന്നത്. ഒരു വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് സാമാന്യേനയെങ്കിലും അവയ്ക്ക് പരിഹാരം കാണാൻ കെല്പുള്ള പി.ടി.എ. കളാണ് രൂപം കൊള്ളേണ്ടത്. കുട്ടികളുടെ സ്വഭാവരൂപീകരണത്തെയും ആരോഗ്യത്തെയും, ഒരു പരിധിവരെ അധ്യയനത്തെയും കാര്യമായി സ്വാധീനിക്കുന്ന ഒരു ഘടകമാണ് അമ്മമാർ. അവരുൾക്കൊള്ളുന്ന മാതൃസമിതി പ്രവർത്തനം ഇന്നത്തെപ്പോലെ പോര. മൂന്നുമാസത്തിലൊരിക്കലെങ്കിലും അമ്മമാരുടെ പൂർണ്ണ സമ്മേളനമുണ്ടാവണം. ഈ യോഗത്തിൽ ചില വിദഗ്ദരുടെ പങ്കാളിത്തവും സേവനവും ഉറപ്പുവരുത്തണം. അമ്മമാരുടെ ബോധവത്ക്കരണം കാര്യമായി നടക്കണം. അധ്യാപകർക്ക് ഇതിൽ നല്ലൊരുപങ്ക് വഹിക്കാനുണ്ടാവും. ഇത്തരം സമ്മേളനങ്ങൾ ആശയങ്ങളുടെയും അറിവുകളുടെയും പങ്കുവയ്ക്കൽ ആയാൽ നന്ന്.

പാഴ് വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങളുണ്ടാക്കാനുള്ള ശില്പശാല അധ്യാപകരെയും തെരെഞ്ഞെടുത്ത വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്താം. ഇതിന് ഈ വിഷയത്തിൽ ഒരു പ്രഗത്ഭന്റെ സേവനം ഉറപ്പുവരുത്തണം.

നിലവിലുള്ള അധ്യാപകന്റെ ഏകപക്ഷീയമായ ക്ലാസ്സ്റും ഇടപെടൽ കുട്ടികളുടെ മനംമടുപ്പിന് ഇടയാക്കുന്നതാണ്. അറിവ് നേടുന്നതിൽ അവരുടെയും കൂടി ക്രീയാത്മകമായ ഇടപെടൽ അനിവാര്യമാണ്. ചുരുക്കിപ്പറഞ്ഞാൽ ചോദ്യം ചോദിക്കാനുള്ള അവസരമെങ്കിലും കുട്ടികൾക്കുണ്ടാവണം. ഇന്നത്തെ ഓർമ്മപ്പരീക്ഷകളുടെ സ്ഥാനത്ത് പ്രായോഗിക പരിജ്ഞാനം വിലയിരുത്താൻ അവസരമുണ്ടാവണം. ചിറകിട്ടടിക്കുന്ന കൂട്ടിലെ കിളികളെപ്പോലെയുള്ള കുരുന്നുമനസ്സുകളെ ചിന്തയുടെയും ബുദ്ധിയുടെയും വിശാലതയിലേയ്ക്ക് തുറന്നുവിടുവാൻ സഹായകമാവണം വിദ്യാഭ്യാസം.

ആധുനികമായി പല ബോധനാ പരീക്ഷാസമ്പ്രദായങ്ങൾ പരീക്ഷിച്ച് വിലയിരുത്തിയിട്ടുണ്ട്. അവ ഫലപ്രദമാണെന്ന് രക്ഷകർത്താക്കൾക്കും അഭിപ്രായമുണ്ട്. കാരണം, അവരുടെയും കൂട്ടി സാന്നിദ്ധ്യത്തിലാണ് ഇത്തരം പരിപാടികൾ നടക്കുക. ഉദാഹരണമായി പഠനം പാൽപ്പായസം, വിജ്ഞാനോത്സവം, കണക്കുമൂല, ശാസ്ത്രമൂല, ചരിത്രമൂല, കള്ളനും പോലീസും കളി എന്നിവ സൂചിപ്പിക്കുകമാത്രം ചെയ്യുന്നു.

ഒരു വിദ്യാലയത്തോട് ചേർന്ന് ശാസ്ത്രീയമായി പ്രവർത്തിക്കുന്ന പ്രീ- പ്രൈമറി അനുപേക്ഷണീയമാണ്. അധ്യാപകരുടെയും, രക്ഷകർത്താക്കളുടെയും, നാട്ടുമ്പുറത്തെ സാമൂഹ്യപ്രവർത്തകരുടെയും കൂട്ടായ ശ്രമമുണ്ടെങ്കിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന ഏതൊരു കുട്ടിയെയും നാലാം തരം കഴിയുമ്പോഴേയ്ക്കും അക്ഷരബോധവും അക്കബോധവും ഉണ്ടാക്കിയെടുക്കാൻ കഴിയും. ഒരു കുട്ടിയെ നാം തോൽപ്പിക്കുകയല്ല വേണ്ടത്. അവന്റെ പ്രാപ്തിക്കുറവ് ഏതിനാണെന്ന് തിരിച്ചറിഞ്ഞ് പരിഹാരം കാണുകയാണ് വേണ്ടത്. ജനകീയാസൂത്രണത്തിൽ ജനപങ്കാളിത്തമുണ്ടെങ്കിൽ ക്രീയാത്മകമായ ഇടപെടൽ കൊണ്ട് പരിഹരിക്കാൻ പ്രയാസമുള്ളതല്ല.

കുട്ടികളുടെ കലാകായിക സിദ്ധികളെ വികസിപ്പിക്കാനും പ്രദേശത്തുള്ള സ്പോർട്ട്സ് ക്ലബുകളുടെയും, കലാകേന്ദ്രങ്ങളുടേയും ഇടപെടൽ സഹായകമാണ്. ഇന്നുള്ള സ്ക്കൂളുകളിലെ കലാകായികാഭ്യാസങ്ങൾ ഗുണപരമായി വിലയിരുത്തി അർഹതയുള്ള കുട്ടികൾക്ക് ജനകീയ ഇടപെടലിലൂടെ ഫലപ്രദമായ ശിക്ഷണം നൽകാൻ കഴിയും.

ഒരു വിദ്യാലയത്തിൽ വർഷത്തിൽ ഒരിക്കലെങ്കിലും കാർഷിക പ്രദർശനവും, മേൽത്തരം വിത്തു

കളുടെ പ്രദർശനവും നടത്തേണ്ടതുണ്ട്. കാർഷിക വിദഗ്ദർ ഇതിൽ പങ്കെടുത്ത് വിവിധതരം വിത്തുകളുടെ കൃഷിരീതി, അവയുടെ വളപ്രയോഗം, സംരക്ഷണം എന്നിവയെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തുന്നത് കുട്ടികളിൽ കൃഷിയെക്കുറിച്ച് അറിയാനും അതനുസരിച്ച് പ്രയോഗിച്ചുനോക്കാനും താല്പര്യമുണ്ടാകും.

ഒരു സ്ക്കൂളിലുള്ള കുട്ടികളെ അഞ്ചോ ആറോ ഗ്രൂപ്പുകളായിതിരിച്ച് വേണമെങ്കിൽ കൂടുതൽ കുട്ടികളുള്ള സ്ക്കൂളുകൾക്ക് എണ്ണം വർദ്ധിപ്പിച്ച് – തൊട്ടടുത്തുള്ളതോ, അല്പം ദൂരെയുള്ളതോ ആയ വിവിധ തൊഴിൽ സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടത്തെ പ്രവർത്തനം നിരീക്ഷിക്കാം. ഇക്കാര്യത്തിൽ പ്രദേശത്തെ സന്നദ്ധപ്രവർത്തകരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കാം.

ആരോഗ്യ സംബന്ധമായ വിഷയങ്ങൾ പാഠ്യേതര വിഷമായി അധ്യാപകർക്ക് കൈകാര്യം ചെയ്യാം. അതിനവർക്ക് ദിശാബോധത്തോടെയുള്ള പരിശീലനം ഉറപ്പാക്കണം. ആഹാര രീതി, ദിനചര്യ, വസ്ത്രധാരണം, ദന്തശുദ്ധി എന്നിവയുടെ ആവശ്യകത, പുകവലി മദ്യപാനം ഇവയുടെ അപകടങ്ങൾ എന്നിത്യാദിവിഷയങ്ങളെ അധികരിച്ച് ബോധവത്ക്കരണം നടത്താം.

ഇന്നത്തെ വിദ്യാർത്ഥികളിൽ മത ഭക്തി, പിതൃഭക്തി, ഗുരുഭക്തി, മുതിർന്നവരെ ആദരിക്കൽ, അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കൽ, കൂടെ പഠിക്കുന്നവരോടുള്ള സ്നേഹം, മനുഷ്യാദ്ധ്വാനം കൊണ്ട് ഉണ്ടായിട്ടുള്ള പൊതുവോ, സ്വകാര്യമോ ആയ വസ്തുക്കളോടോ, സ്ഥാപനങ്ങളോടോ അവ സംരക്ഷിക്കേണ്ടവയാണെന്നുള്ള ബോധം ഇവ നിശേഷം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഏതും എന്തും ആർക്കും എപ്പോൾ വേണമെങ്കിലും നശിപ്പിക്കാമെന്ന ഒരവസ്ഥയുണ്ട്. ഇത് ശരിയായ പൗരബോധത്തിന്റെയോ, ധാർമ്മിക ബോധത്തിന്റെയോ ലക്ഷണമല്ല. ഇവ കുട്ടികളിൽ ഉറപ്പിക്കുന്നതിന് പൗരധർമ്മം, സാന്മാർഗ്ഗിക പഠനം ഇവയിലേതെങ്കിലും ഒരുപേരിൽ പാഠ്യേതര വിഷയമായി തെരെഞ്ഞെടുത്ത് പഠിപ്പിക്കാവുന്നതാണ്. ഇതിനും ജനപങ്കാളിത്തം വേണം. സമൂഹത്തിലെ പരിണിതപ്രജ്ഞരായ മഹത്വ്യക്തികളുടെ പ്രഭാഷണം മാസത്തിൽ ഒന്നെന്ന കണക്കിന് സംഘടിപ്പിക്കാവുന്നതേയുള്ളു.

ലക്ഷ്യനിരീക്ഷണവും മൂല്യനിർണ്ണയവും

ഇന്നത്തെ വിദ്യാലയാന്തരീക്ഷത്തിന് ഒരു മാറ്റമുണ്ടാവണമെന്ന് വിലയിരുത്തിയാണ് ചില നിർദ്ദേശങ്ങൾ മുകളിൽ സൂചിപ്പിച്ചത്. ഇവ പ്രയോഗത്തിൽ വന്നാൽ അതിന്റെ ലക്ഷ്യനിരീക്ഷണവും അത് ഏത ളവിൽ ഗുണപരമായി നേടി എന്നും വിലയിരുത്തുന്ന അധികാരകേന്ദ്രം ആവശ്യമാണ്. അത് ഇന്നത്തെ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ ചുമലിലാകാൻ പാടില്ല. തികച്ചും ജനകീയമായ ശൈലിയിലാവണം.

അതിന് ഗ്രാമപതി അദ്ധ്യക്ഷനായുള്ള ഒരു സമിതി ആകാം. എ.ഇ.ഒ., ഡി.ഇ.ഒ. എന്നീ മേലധികാരികൾ, വിദ്യാഭ്യാസ വിദഗ്ദൻ, ഒരു പൊതു സമ്മതനായ സാമൂഹ്യ പ്രവർത്തകൻ, പ്രഥമാധ്യാപകർ എന്നിവർ സമിതിയിലെ അംഗങ്ങളാകാം. അധികാരമുപയോഗിച്ച് കീഴ്പ്പെടുത്തുകയല്ല, പരസ്പരം ആശയവിനിമയത്തിലൂടെ പ്രശ്നങ്ങൾക്ക് സാധ്യമായ പരിഹാരം കാണാനുതകുന്ന നയസമീപനമാണ് സ്വീകരിക്കേണ്ടത്.

സ്ക്കൂൾ കോംപ്ലെക്സുകൾ

വിദ്യാലയ സമുച്ചയം എന്നാണ് ഇതിന്റെ മലയാളം. H.S. ഓ, U.P.S. ഓ ആയ ന്യൂക്ലിയസ് സ്ക്കൂൾ, പരിസരത്തുള്ള എട്ടോ പത്തോ ഫീഡർ സ്ക്കൂളുകൾ. ഇവ ഓരോന്നും ഇന്ന് ഓരോ അറകളായി പരസ്പരബന്ധമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇവ പരസ്പരം യോജിച്ച് ഭൗതിക ബൗദ്ധിക വിഭവങ്ങൾ കൈമാറി അധ്യാപക അധ്യേതാക്കളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വപരമായ പങ്കുണ്ടാകണം. ഒമ്പതാം പദ്ധതിയിൽ ജനപങ്കാളിത്തം കൂടി ഉറപ്പാവുന്നതോടെ ഇന്നുള്ള അതിന്റെ കഷ്ടകാലം മാറുമെന്നാശിക്കാം.

അനൗപചാരിക വിദ്യാലയ വിവരങ്ങൾ

വാർഡ് നമ്പർ	വിദ്യാലയത്തി -ന്റെ പേര്	ക്ലാസ്സുകൾ	കുട്ടികളുടെ എണ്ണം			പഞ്ചായത്തിന് പുറത്ത് പോകുന്നവർ (ഊഹക്കണക്ക്)
			ആൺ	പെൺ	ആകെ	
1	ചാച്ചാജി	L.K.G-IV	60	90	150	30
2	ബ്ലൂസ്റ്റാർ	Do	71	92	163	47
3	സെയിന്റ് സേവിയേഴ്സ്	Do	92	163	255	73
4	ലിറ്റിൽ സ്റ്റാർ	LKG-UKG	17	16	33	34
5	-	-	-	-	-	128
6	കെ.എം.വൈ.എഫ്	LKG-UKG	39	34	73	46
7	റോസ്ഡേൽ	LKG-	86	128	214	
	ബ്ലൂസ്റ്റാർ	IV	88	113	201	15
8	മഹാത്മാ	"	36	33	69	28
9	അക്ഷര ഉദയം	"	42	44	86	
		"	30	35	65	
	അസീസി	LKG-UKG	30	30	60	62
	സലേസിയൻ	Do	80	40	120	
10	അക്ഷര	LKG-IV	36	32	68	
	എം.ഇ എസ്സ്.	Do	126	96	222	45
11	അറഫാ	LKG&UKG	32	23	55	22
12	റോസ്ഡേൽ	LKG-IV	82	124	206	
	കരുണാനഴ്സറി	LKG	15	14	29	35
13	ചെട്ടിസംഘം	LKG	18	28	46	20
14	ഹോളി ഏഞ്ചൽസ്	LKG-IV	145	158	303	60
	ആകെ		1125	1293	2418	651

അനൗപചാരിക വിദ്യാഭ്യാസ മേഖല

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ രണ്ട് പാരലൽ കോളേജും ഒമ്പത് ട്യൂട്ടോറിയൽ സ്ഥാപനങ്ങള മുണ്ട്. എൽ.കെ.ജി.യും യു.കെ.ജി.യും ചേർന്നുള്ള പ്രൈമറി അൺ-എയിഡഡ് സ്ക്കൂളുകൾ പന്ത്രണ്ടും എൽ.കെ.ജി.യും എൽ.കെ.ജി., യു.കെ.ജി. മാത്രമുള്ളവ ആറെണ്ണവുമാണ്. ഈ വിദ്യാലയങ്ങളിലെല്ലാം കൂടി 1125 ആൺകുട്ടികളും 1293 പെൺകുട്ടികളും ചേർന്ന് ആകെ 2418 വിദ്യാർത്ഥികൾ പഠിക്കുന്നു. പഞ്ചായത്തിനുപുറത്തുപോയി പഠിക്കുന്നവർ ഏതാണ്ട് 651 വരും. പഞ്ചായത്തിനകത്തും പുറത്തുമായി പബ്ലിക് സ്കൂളിൽ പോകുന്നവരുടെ എണ്ണം3040. ഔപചാ

രിക വിദ്യാലയങ്ങളിൽ 4999 പേർ പഞ്ചായത്തിന കത്ത് ചേർന്ന് പഠിക്കുമ്പോൾ പത്തൊമ്പതോളം അൺഎയിഡഡ് സ്കൂളുകളിൽ നഴ്സറിമുതൽ നാലാം തരം വരെയോ അഥവാ അപൂർവ്വമായി ആറാം തരം വരെയോ, ചേർന്ന് പഠിക്കുന്നവർ 2418-ഉം പഞ്ചായത്തിനുപുറത്തുപോയി പഠിക്കുന്നവ രുൾപ്പെടെ 3040-ഉം ആണ്. ഔപചാരികരംഗത്ത് പത്താംതരം വരെ ഉണ്ടെന്നത് പ്രത്യേകം ശ്രദ്ധി ക്കണം. പത്താംതരം വരെ ആകെ പഠിക്കുന്നവരുടെ സംഖ്യ 4999. ഇത് വലിയ ഒരു അന്തരത്തെ സൂചി പ്പിക്കുന്നു. ഈ രീതിയിൽ തുടർന്നാൽ സർക്കാർ മേഖലയിലും എയിഡഡ് മേഖലയിലും കുട്ടികളുടെ ലഭ്യത ഒരു പ്രതിസന്ധിയിലേയ്ക്കു നീങ്ങും. മറ്റൊന്നു വിലയിരുത്താനുള്ളത് പബ്ലിക് സ്കൂളു കളിൽ പഠിക്കുന്ന കുട്ടികളുടെ ചെലവ് വർഷം തോറും കൂടുകയാണ്. ഔപചാരിക സ്കൂളുകളിലെ കുട്ടികൾക്കുവേണ്ട ചെലവുമായി തട്ടിച്ചുനോക്കു മ്പോൾ രാവും പകലും പോലെ വ്യത്യാസമുണ്ട്. പബ്ലിക് സ്കൂളുകളിൽ അയച്ചുപഠിപ്പിക്കുന്നത് മാന്യതയുടെ ഒരു സിമ്പലായി കാണുന്നവരുമുണ്ട്. സാമ്പത്തിക ഞെരുക്കമുള്ള രക്ഷകർത്താക്കളും ഇതിനോട് ആവേശവും താത്പര്യവും കാണിച്ചു തുടങ്ങിയിട്ടുണ്ട്. എങ്ങിനെയെങ്കിലും ഒന്നല്ലെങ്കിൽ രണ്ടുമാത്രമായുള്ള അവരുടെ കുഞ്ഞുങ്ങളെ ഉന്ന തശ്രേണിയിൽ എത്തിക്കാനുള്ള തത്രപ്പാടിലാണ്. എന്നാൽ അഖിലേന്ത്യാനിലവാരത്തിൽ കേരളം ഏറെക്കാലമായി പിന്നിലാണ്.

സാങ്കേതിക വിദ്യാലയങ്ങൾ

സാക്ഷരരുടെയും, ഉന്നത വിദ്യാഭ്യാസം ലഭിച്ച വരുടെയും ശതമാനം മറ്റേതൊരു ഗ്രാമപഞ്ചായ ത്തിനും അസൂയ തോന്നത്തക്കവിധമുള്ളതാണ് മയ്യ നാടിന്റേത്. എന്നാൽ അതിന് അനുപൂരകമാകാത്ത വിധം ഉന്നത പഠനത്തിനുള്ള സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാസ്ഥാപനങ്ങളോ, ഒരു പ്ലസ് ടൂ പോലുമോ ഇല്ല എന്നത് വലിയ ഒരു ന്യൂനതയായി കാണേണ്ടിയിരിക്കുന്നു. അതിന് പരിഹാരമായി അടിയന്തിരമായി തന്നെ രണ്ടുഹൈസ്ക്കൂളുകളും പ്ലസ് ടൂ ആക്കി ഉയർത്തുക. പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്ത് ഒരു ജൂനിയർ ടെക്നിക്കൽ സ്ക്കൂൾ തുടങ്ങുക. ഇലക്ട്രോണിക്സിന്റെയും കമ്പ്യൂട്ടറിന്റെയും യുഗമായ ഇന്ന് മയ്യനാടിനെ പോലെ വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രദേശത്തിന് അത്തരം കാര്യങ്ങ ളിൽ വിദഗ്ദപരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഒഴിവാക്കാൻ പാടില്ല. അതിനുള്ള സാധ്യത വില യിരുത്തേണ്ടതുണ്ട്.

സാംസ്ക്കാരിക പ്രവർത്തനങ്ങൾ

ഈ രംഗത്ത് സാംസ്ക്കാരികം എന്ന വിഷയ ത്തിൽ സവിസ്തരം പ്രതിപാദിക്കുമെന്നതിനാൽ ചില സൂചനകൾ മാത്രം നൽകുന്നു. ദേശീയ പ്രസ്ഥാനം, ഉത്തരവാദ ഭരണം, നവോത്ഥാനം എന്നീ രംഗങ്ങളിൽ ചരിത്രത്തിന്റെ ഭാഗമായിത്തീരത്തക്ക വിധം ജീവിതം ഉഴിഞ്ഞുവച്ചു പ്രവർത്തിച്ച ചില മഹത്വ്യക്തികളുടെ നാടാണ് മയ്യനാട്. അതിന്റെ ഭാഗമായി വളർന്നുവികസിച്ച് മുക്കാൽ നൂറ്റാ ണ്ടോളം പഴക്കമുള്ള സാംസ്ക്കാരിക സ്ഥാപന ങ്ങളും നമുക്കുണ്ട്. അവയെല്ലാം തന്നെ മതേതര സംസ്ക്കാരം പരിപോഷിപ്പിക്കുന്നതിന് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ കാല ഘട്ടത്തിന്റെ വിളി ഉൾക്കൊണ്ടുകൊണ്ട് ഇന്നത്തെ ഭീഷണിയായ മത മൗലികതയ്ക്കെതിരെ ശക്തമായ സാംസ്ക്കാരിക പ്രവർത്തനം സംഘടിപ്പിക്കുന്ന തിൽ ഇനിയും നമ്മുടെ സാംസ്ക്കാരിക കേന്ദ്രങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സാക്ഷരതാ പ്രവർത്തനം

1990-ൽ ഇന്ത്യയ്ക്കാകെ മാതൃകയായ സാക്ഷ രതാപ്രവർത്തനത്തിൽ സനനദ്ധപ്രവർത്തകർ ഫല പ്രദമായി ഇടപെട്ട ഒരു ഗ്രാമപഞ്ചായത്താണ് നമ്മു ടേത്. എല്ലാ വാർഡുകളിലും അരിച്ചുപെറുക്കി നിര ക്ഷരരെ പട്ടികപ്പെടുത്തുന്നതിനും, പത്തും പതി നഞ്ചും നിരക്ഷരർക്ക് ഒരു അധ്യാപകൻ എന്ന കണ ക്കിൽ ക്ലാസ്സുകൾ ക്രമീകരിക്കാനും, ക്ലാസ്സുകൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ അധ്യാ പകരെ പരിശീലിപ്പിക്കുന്നതിനും, അങ്ങിനെ അതൊരു നേട്ടമാക്കിമാറ്റാനും സാധിച്ചു.

ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ തുടർവിദ്യാ ഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പുതിയ തന്ത്രങ്ങൾ വേണ്ടിയിരിക്കുന്നു. ഒപ്പം ജന

വിദ്യാകേന്ദ്രങ്ങളും. ജനവിദ്യാകേന്ദ്രങ്ങൾ അറിവിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെയും കേന്ദ്രങ്ങളായി മാറണം.

സമാപനക്കുറിപ്പ് :

എല്ലാ വിധ വികസനത്തിന്റെയും അടിത്തറ വിദ്യാഭ്യാസമാണ്. കാരണം, വിദ്യകൊണ്ട് പ്രബുദ്ധമാകാത്ത ഒരു സമൂഹത്തിന് കാലഘട്ടത്തിന്റെ വെല്ലുവിളി ഏറ്റെടുക്കാൻ കഴിയില്ല. വെല്ലുവിളി ഏറ്റെടുക്കാൻ കഴിയുക എന്നത് പ്രശ്നങ്ങളെ സാധ്യതകളുടെ വെളിച്ചത്തിൽ വിലയിരുത്തുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുക എന്നതാണ്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആവുകയും ജനാധികാരവും സമ്പത്തും വർദ്ധിപ്പിക്കുകയും ചെയ്യുന്ന അനുകൂല സാഹചര്യത്തിൽ വികസനത്തിന്റെ മേഖല എല്ലാ നിക്ഷിപ്ത താല്പര്യങ്ങളേയും മുറിച്ചുകടന്ന് ജാതിമത രാഷ്ട്രീയഭേദമന്യേ ജനങ്ങളൊന്നാകെ വഴിയിൽ നിൽക്കുന്ന വികസനത്തിന്റെ മാർഗ്ഗം ജനങ്ങളുടെ ഇച്ഛാശക്തിയാൽ തുറക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസരംഗം അതിന്റെ മുൻനിരയിൽ ആവുകയും വേണം. ആ ലക്ഷ്യം കണ്ടുകൊണ്ട് പ്രശ്നങ്ങളെ സത്യസന്ധമായി വിലയിരുത്തുകയും, സാധ്യതകൾ പരിശോധിച്ച് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞു എന്ന് കരുതുന്നു. ഓരോരുത്തരുടെയും ആശയപരവും ദർശനപരവുമായ ഭിന്നതകൾ നിലനിർത്തിക്കൊണ്ടുതന്നെ, നമുക്ക് നമ്മുടെ വരും തലമുറയ്ക്കും ഒഴിച്ചുകൂടാൻ പാടില്ലാത്ത വികസനത്തിന്റെ മാർഗ്ഗത്തിൽ എല്ലാം മറന്ന് നമ്മുക്കൊത്തുചേരാം. അതിന് ഈ റിപ്പോർട്ടിലെ പരാമർശങ്ങൾ പ്രേരകമാകുമെന്ന് ആശിക്കുന്നു.

നിർദ്ദേശങ്ങൾ

1. വെള്ളമണൽ ഗവ:ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളായി ഉയർത്തുക.
2. മയ്യനാട് ഹൈ സ്ക്കൂൾ ഹയർ സെക്കന്ററി (10+2) സ്ക്കൂളായി ഉയർത്തുക.
3. കാക്കോട്ടുമൂല മോഡൽ U.P.S. ജൂനിയർ ടെക്നിക്കൽ സ്ക്കൂളായി ഉയർത്തുക.
4. പഞ്ചായത്തിൽ നിലവിലുള്ള കന്നിച്ചേരി L.P.S., പുല്ലിച്ചിറ L.P.S., വാഴപ്പള്ളി L.P.S., ആലുംമൂട് L.P.S., ഇരവിപുരം ന്യൂ L.P.S. ഇവ U.P.S. കളായി ഉയർത്തുക.
5. ഇരവിപുരം ന്യൂ L.P.S., ശാസ്താംകോവിൽ L.P.S. ഇവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
6. വിദ്യാർത്ഥികളിൽ ഹൈസ്ക്കൂൾ തലം മുതൽ വിദ്യാഭ്യാസ പാഠ്യപദ്ധതികളിൽ കാർഷികാഭിരുചി വളർത്തിയെടുക്കാൻ തക്കവിധം പ്രത്യേക പാഠ്യപദ്ധതികൾ രൂപപ്പെടുത്തുക.
7. പ്രൈമറി തലം മുതൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കുക.
8. പഞ്ചായത്ത് പ്രദേശത്ത് നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. മയ്യനാട് പഞ്ചായത്തിലെ VIII, X, XII വാർഡുകൾ കേന്ദ്രീകരിച്ച് L.P. സ്ക്കൂളുകൾ ആരംഭിക്കുക.
10. സർക്കാർ സ്ക്കൂളുകളിൽ വിദ്യാഭ്യാസക്ഷമത കൈവരിക്കുവാൻ മാതൃ, അധ്യാപക രക്ഷകർത്തൃസമിതികൾ സംഘടിപ്പിച്ച് വിദ്യാഭ്യാസനിലവാരം ഉയർത്തുക.

ആരോഗ്യം - കുടിവെള്ളം - പരിസരശുചിത്വം



പൊതുജനാരോഗ്യം

പൊതുജനാരോഗ്യ രംഗത്ത് അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് ഗോവസൂരി പ്രയോഗം നടപ്പാക്കിപ്പോൾ അറച്ചുനിന്ന ജനതയെ അതിന് പ്രേരിപ്പിച്ചത് സ്വയം രാജാവ് തന്നെ ഗോവസൂരി പ്രയോഗത്തിന് വിധേയനായികൊണ്ടാണ്. വസൂരി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുമ്പുതന്നെ നമുക്ക് നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചതും ഈ മാതൃക തുടർന്ന നേതൃത്വഗുണമാർന്ന ജനനതിമൂലമാണ്. അതുപോലെ മിഷനറിമാരുടെ വരവും പ്രവർത്തനങ്ങളും സംസ്ഥാനത്ത് വിദ്യാഭ്യാസ നിലവാരം ഉയർത്താനും തദ്വാര ആരോഗ്യ പരിപാലനരംഗത്ത് പുരോഗതി ഉളവാക്കാനും സാധിച്ചു.

അതേസമയം മയ്യനാട് പ്രദേശത്ത് ജീവിച്ചിരുന്ന പാരമ്പര്യ വൈദ്യൻമാരെ സ്മരിക്കാതിരിക്കാൻ സാധ്യമല്ല. അന്ന് പ്രസിദ്ധികേട്ട ചേറുകുളത്ത് ശിവരാമൻ വൈദ്യൻ, അനുജൻ S.K. നാണു ആശാൻ, വിളയിൽ കൊച്ചുകുഞ്ഞു വൈദ്യൻ, മുള്ളനഴികത്ത് കാസിംവൈദ്യൻ, ആമ്പലിൽ കുഞ്ഞുപിള്ള വൈദ്യൻ, കീഴ്ച്ചിറ സുകുമാരൻ വൈദ്യൻ എന്നിവർ പ്രസിദ്ധരായിരുന്നു. അന്ന് കുഞ്ഞുങ്ങൾക്കുണ്ടാകുന്ന കരപ്പൻ എന്ന രോഗം ഭേദമാക്കുന്നതിനുപയോഗിച്ചിരുന്ന ചെറുകുളത്ത് വൈദ്യന്മാരുടെ ചികിത്സാരീതി ഇന്നും പ്രസിദ്ധമാണ്. അന്യദേശങ്ങളിൽ നിന്നും അനേകം പേർ കുട്ടികളുടെ ചികിത്സക്കായി ഇവിടെ എത്താറുണ്ടായിരുന്നു. ഈ അവസരത്തിൽ അന്തരിച്ച നമ്മുടെ ശ്രീ.വി.എസ്. ആനന്ദൻ സാറിനെ ഓർക്കാതിരിക്കാൻ സാധ്യമല്ല. മർമ്മ ചികിത്സയിൽ വിദഗ്ദ്ധനായിരുന്ന അദ്ദേഹത്തിന്റെ പ്രതിഫലം ആഗ്രഹിക്കാത്ത സേവനം ലഭിക്കുന്നതിനുവേണ്ടി മയ്യനാടിനു പുറമേ പല സ്ഥലത്തുനിന്നും രോഗികൾ ഇവിടെ വരാറുണ്ടായിരുന്നു.

ദേശീയതലത്തിൽ പൊതുജനാരോഗ്യ രംഗത്ത് വമ്പിച്ച പുരോഗതി സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചെങ്കിൽ അതിനുപരിയായ നേട്ടങ്ങൾ സ്വായത്തമാക്കുവാൻ 17.41 ച.കി.മീറ്ററിൽ അധിവസിക്കുന്ന 42011 ജനങ്ങൾ ഉൾക്കൊണ്ട മയ്യനാടിന് സാധിച്ചിട്ടുണ്ടെന്ന് അഭിമാനപുരസരം നമുക്ക് പറയാൻ കഴിയും. മാരകമായ രോഗം നിർമ്മാർജ്ജനം ചെയ്യാനും മാതൃമരണ നിരക്കിലലും ശിശുമരണ നിരക്കിലും കാര്യമായ കുറവു വരുത്തുവാനും ജീവിത ദൈർഘ്യം 77 നുമേൽ ഉയർത്താനും നമുക്കു സാധിച്ചു. ജനസംഖ്യാ വർദ്ധനവ് 0.6%മായി കുറയ്ക്കാനും ഗർഭ നിരോധന മാർഗ്ഗം ഉപയോഗിക്കുന്നു. ദമ്പതികളുടെ എണ്ണം സാരമായി ഉയർത്താനും സാധിച്ചിട്ടുണ്ട്. ആരോഗ്യ പരിപാടികളിലെല്ലാം ജനപങ്കാളിത്വം ഏറെക്കുറെ ഉറപ്പാക്കി. ചുരുക്കത്തിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുംവിധം വളർന്ന നമ്മുടെസംസ്ഥാനത്തെക്കാൾ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ ഗ്രാമത്തിന് സാധിച്ചു. ആരോഗ്യ സംബന്ധമായ നിരക്കുകളുടെ താരതമ്യ പഠനം ഈ വസ്തുത കൂടുതൽ വ്യക്തമാക്കുന്നു.

ചാർട്ട് 1

പ്രധാന ആരോഗ്യ നിരക്കുകളുടെ താരതമ്യ പഠനം

നിരക്കുകൾ		ഇൻഡ്യ	കേരളം	മയ്യനാട്
ജനനനിരക്ക്		28.5	17.5	9
മരണ നിരക്ക്		9.2	6	3
ശിശുമരണ നിരക്ക്		74	16	7
മാതൃമരണ നിരക്ക്		3.4	0.80	-
കുടുംബാസൂത്രണം സ്വീകരിച്ച ദമ്പതികൾ		43.4	55.4	65
സാക്ഷരതാ നിരക്ക്		52.2	89.81	91
ആയുർ ദൈർഘ്യം	M	60.6	69	91
	F	61.7	71	77

2000-ാം മാണ്ടിൽ ഏവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കാൻ ചെയ്തിട്ടുള്ള പ്രവർ ങ്ങളുടെ നിരക്കുകളുമായി താരതമ്യപ്പെടുത്തിയാൽ ഇപ്പോൾതന്നെ നാം ബഹുദൂരം മുന്നിലാ കാണാം.

ചാർട്ട് – 2

ഇന്നത്തെ നിലവാരവും 2000-ാം മാണ്ട് ലക്ഷ്യം ഇട്ടവയും

നിരക്കുകൾ	കേരളം	മയ്യനാട്	2000-ാം മാണ്ടിലെ ലക്ഷ്യം
ജനനം	17.3	9	21-ന് താഴെ
മരണം	6	3	9ന് താഴെ
ശിശുമരണം	16	7	60-ന് താഴെ
മാതൃമരണം	0.80	-	2

ഏതാണ്ട് 115 വർഷങ്ങൾക്കു മുമ്പ് L.M.S. മിഷന്റെ ആഭിമുഖ്യത്തിൽ കാക്കോട്ടുമൂല ആരംഭിച്ച വ ഭ്യാസ സ്ഥാപനവും അനുബന്ധ പ്രവർത്തനങ്ങളും ഈ നേട്ടം കൈവരിക്കുന്നതിൽ ഒരു സുപ്രധാന കമാണ്. ശതാബ്ദി അഘോഷിച്ച വെള്ളമണൽ ഹൈസ്ക്കൂൾ 1905 ൽ ആരംഭിച്ച മയ്യനാട് ഹൈസ്ക ഗ്രാമപഞ്ചായത്തിൽ ഇന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവയെല്ലാം ഈ നേട്ടം കൈവരിക്കുന അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്. അതോടൊപ്പം ഈ നാടിന് നൂറ്റാണ്ടുകളായി വികസിത രാജ്യങ്ങ കൊളംബോ, സിംഗപ്പൂർ, ബോർണിയൊ തുടങ്ങിയ രാജ്യങ്ങളുമായി ഉണ്ടായിരുന്ന അടുത്ത ബന്ധ തദ്വാര സാമ്പത്തിക ഭദ്രതയുള്ള ഒരു സമൂഹം സൃഷ്ടിക്കാൻ സാധിച്ചതും പ്രേരക ഘടകങ്ങളാണ്.

വിവിധോദ്ദേശ ആരോഗ്യ പരിപാടി

പൊതുജനാരോഗ്യ പരിപാടികളുടെ അടിത്തറ ഓരോ 5000 ആളുകൾ ഉൾപ്പെട്ട സമൂഹത്തിൽ പ്രവർത്തിക്കുന്ന ഓരോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സും ആണ്. ഈ രണ്ട് പ്രവർത്തകരും ഭവന സന്ദർശനത്തിലൂടെ മാസത്തിൽ ഒരു പ്രവശ്യം എല്ലാ ഭവനങ്ങളും സന്ദർശിച്ച് വിവിധ ആരോഗ്യപരിപാടികളെ സംബന്ധിച്ച അവബോധം വളർത്തുകയും മാതൃസംഗമങ്ങളിലൂടെയും നേതൃയോഗങ്ങളിലൂടെയും ആരോഗ്യ വിദ്യാഭ്യസ പ്രക്രിയ നിർവഹിക്കേണ്ടതാണ്. 4 ആരോഗ്യ പ്രവർത്തകരുടെ മേൽനോട്ടം വഹിക്കുവാൻ ഒരു ഹെൽത്ത് സൂപ്രവൈഴ്സും മെഡിക്കൽ ആഫീസേഴ്സും കൂടി ഉൾപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്ര ഉദ്യോഗതലത്തിലൂടെയാണ് വിവിധ ആരോഗ്യ പരിപാടികൾ പ്രാവർത്തികമാക്കപ്പെടുക.

ദേശീയതല ആരോഗ്യ പരിപാടികൾ

1. ദേശീയ ക്ഷയരോഗ നിവാരണ പദ്ധതി

കഴിയുന്നിടത്തോളം ക്ഷയരോഗികളെ കണ്ടെത്തി ചികിത്സിച്ച് രോഗം പകരാത്ത അവസ്ഥ അവരിൽ ഉളവാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഏതാണ്ട് 3.72 ലക്ഷം ക്ഷയരോഗികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതിൽ 93000 പേർ രോഗം പരത്തുന്നവരുമാണ്. മയ്യനാട് സ്ഥായിയായ ക്ഷയരോഗ ബാധ ഉള്ളവരുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് ഇതിൽ ഊർജ്ജിത ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2. ദേശീയ മന്ത് നിവാരണ പദ്ധതി

ചില പ്രത്യേക പ്രദേശത്ത് ഒതുങ്ങി നിൽക്കുന്ന രോഗം ആയതിനാൽ നമ്മുടെ ഗ്രാമത്തിൽ ഇത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല.

3. ദേശീയ മലമ്പനി നിർമ്മാർജ്ജന പദ്ധതി

കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗമാണ് മലമ്പനി എന്നിരുന്നാലും രോഗ ബാധിത സ്റ്റേറ്റുകളിൽപോയി വരുന്നവർ മുഖേന രോഗം പകരുന്നുണ്ട്. കഴിഞ്ഞ വർഷം 20 മലമ്പനി രോഗികൾ ഇവിടെ ഉണ്ടായി. ഇവ ചികിത്സിച്ച് ഭേദിമാക്കുകയും ചെയ്തു.

4. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

കഴിഞ്ഞ കാല കണക്കുകൾ പ്രകാരം 1000 പേരിൽ 57 പേർക്ക് അസുഖം കാണുന്നു. മയ്യനാട്ട് 5 പേരിൽ രോഗമുണ്ട്. 2000-ാം മാണ്ടിൽ കുഷ്ഠം പകരാൻ സ്ദ്ധ്യതയില്ലാത്ത രോഗമാക്കാനാണ് ലക്ഷ്യമിടുന്നത്.

5. കുടുംബക്ഷേമ പദ്ധതി

ജനനനിരക്ക് ദേശീയതലത്തിൽ 25 ആയി കുറച്ചുകൊണ്ടുവരാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. പാലത്തറ പ്രാഥമികാരോഗ്യ പ്രദേശത്തുള്ള 6659 ദമ്പതിമാരിൽ 5579 പേരും കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചവരായി കാണുന്നു. ഇവരിൽ 413 പേർക്ക് ഒന്നും 2733 പേർക്ക് രണ്ടും 2453 പേർക്ക് രണ്ടിൽ കൂടുതൽ കുട്ടികൾ വീതമുണ്ട്. ഈ പ്രദേശത്ത് ജനനനിരക്ക് ഇപ്പോൾതന്നെ 9 ആണ്. ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ തുടർന്നു ഉണ്ടാകണം.

ചാർട്ട് – 3

കഴിഞ്ഞ 3 വർഷത്തെ നേട്ടങ്ങൾ

വർഷം	വന്ധീകരണം	ലൂപ്പ്	ഗുളിക	താൽക്കാലിക മാർഗ്ഗം
94-95	94	81	938	25880
95-96	55	79	820	17580
96-11/96	39	51	615	28000

മയ്യനാട് പ്രദേശത്തെ 41011 പേരിൽ 37 പേർ അന്ധരും 54 പേർ ബധിരരും 87 പേർ മൂകരും 7 പേർ ബധിരമൂകരും 131 പേർ ചലന വൈകല്യമുള്ളവരും 15 പേർ മന്ദബുദ്ധികളളും ആണ്.

6. ദേശീയ അന്ധതാ നിവാരണ പദ്ധതി

പോഷകാഹാരക്കുറവു മൂലം അന്ധത ബാധിക്കുന്ന കുഞ്ഞുങ്ങൾ ഇൻഡ്യയിൽ ഏറെയാണ്. ഗ്രാമ സഭകളിൽ ഒരു പ്രശ്മനായി ഇത് വന്നിട്ടില്ല.

7. ജല ജന്യരോഗങ്ങൾ

മഞ്ഞപിത്തം, പോളിയോ, കോളറ, ടൈഫോയിഡ്, വയറിളക്കം, അമീബിയാസിസ് തുടങ്ങിയ രോഗങ്ങൾ ജലത്തിൽകൂടി പകരുന്നവയാണ്. നമ്മുടെ പഞ്ചായത്തിൽ പകുതിയിലധികം രോഗങ്ങളും ഇവയാണ്. കഴിഞ്ഞ 3 വർഷത്തിൽ 5959 പേർ ജലജന്യരോഗബാധിതരായി. അതായത് പാലത്തറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 8471 പകർച്ച ബാധിതർ 707 പേർ ജലജന്യ രോഗ ബാധിതരായിരുന്നു.

ചാർട്ട് 4

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
93-94	784	600	16	2
94-95	2419	890	8	1
95-96	2756	980	14	1

ശുദ്ധജല വിതരണം കാര്യക്ഷമമാക്കുകയും വിസർജ്ജ്യങ്ങൾ ശരിയായി സംസ്കരിക്കുകയും ചെയ്താലെ ഈ അവസ്ഥാവിശേഷം മാറ്റാൻ സാധിക്കു. മയ്യനാട് പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത 25% ഭവനങ്ങൾ ഉണ്ടുതാനും. മറ്റേതു പരിപാടികളെക്കാളും പ്രാമുഖ്യം നൽകി വിസർജ്ജ്യ വസ്തുക്കളുടെ സംസ്ക്കരണം ത്വരിതപ്പെടുത്തണം.

ചാർട്ട് 5

കക്കൂസുകളെ സംബന്ധിച്ച വിവരം

ആകെ ഭവനങ്ങൾ	കക്കൂസില്ലാത്ത ഭവനങ്ങൾ	വിവിധ പദ്ധതികളിലായി അനുവദിച്ചത്	പൂർത്തിക്കിയവ
11448	2950	280	240

8. എയ്ഡ്സ് നിവാരണം

നമ്മുടെ പഞ്ചായത്തിൽ ഈ രോഗം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. വ്യാപകമായ ആരോഗ്യ വിദ്യാഭ്യാസം ഈ മേഖലയിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

9. ലൈംഗിക രോഗങ്ങൾ

പകർച്ച വ്യാധികളുടെ കൂട്ടത്തിൽ മുന്നാം സ്ഥാനം ഇതിനുണ്ട്. ഇതിന് ബോധവൽക്കരണം ആവശ്യമാണ്.

10. വിദ്യാഭ്യാസ ആരോഗ്യ പരിപാടി

പ്രധാനമായും വിദ്യാർത്ഥികളിൽ ആരോഗ്യ സംബന്ധമായ അവബോധം ഉളവാക്കാനുള്ളതാണ് ഈ പദ്ധതി. പരിശീലനം സിദ്ധിച്ച അദ്ധ്യാപകരാണ് ഇതിൽ മുഖ്യ പങ്കു വഹിക്കേണ്ടത്. അതോടൊപ്പം പല അസുഖങ്ങളുളും വരാതെ നോക്കാനും ഉള്ളവ നേരത്തെ കണ്ടുപിടിച്ചു ചികിത്സിക്കാനും സാധിക്കും. കഴിഞ്ഞ ഒരു വർഷത്തെ സ്ക്കൂളുകളിലെ ആരോഗ്യപരിശോധനയിൽ 41% രോഗമുള്ളവരൽ 15% കുട്ടികളിൽ ദന്തസംബന്ധമായ അസുഖങ്ങളും കാണുന്നു. സത്വരശ്രദ്ധ വിദ്യാർത്ഥികളുടെ ആരോഗ്യ സ്ഥിതിയിൽ ഉണ്ടാകേണ്ടിയിരിക്കുന്നുയെന്ന് ഇത് വിരൽ ചുണ്ടുന്നു.

ചാർട്ട് – 6

വിദ്യാലയ ആരോഗ്യ പരിപാടി

പരിശോധനക്കു വിധേയരായ കുട്ടികൾ	അസുഖം ബാധിച്ചവർ				
	കണ്ണ്	ENT	ദന്തം	ത്വക്ക്	ആകെ
736	20	22	116	50	208

11. മായം ചേർക്കൽ

ആഹാര സാധനങ്ങളിൽ മായം ചേർക്കൽമൂലം പലവിധ രോഗങ്ങൾക്കും കാരണം ആകും. ഇതിനെ സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണവും ശിക്ഷാർഹരെ മാതൃകാപരമായ നടപടികൾക്ക് വിധേയരാക്കാൻ ശ്രദ്ധിക്കുകയും വേണം.

നാടിനെ സംബന്ധിച്ച നേട്ടങ്ങൾ നിരവധിയാണെങ്കിൽകൂടി സത്വര ശ്രദ്ധ അർഹിക്കുന്ന പല ആരോഗ്യ പ്രശ്നങ്ങളും ഇനിയും നില നിൽക്കുന്നു. ഇവ കണ്ടുപിടിച്ച് നിർദ്ദേശങ്ങൾ വയ്ക്കുവാനായി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി നടന്ന ഗ്രാമ സഭകളിൽ കൂട്ടായി ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു നൽകുകയാണ്. ആയുർവ്വേദ ചികിത്സാ രീതിയെപ്പറ്റി ചിന്തിക്കുമ്പോൾ പാരമ്പര്യവൈദ്യന്മാർ കാണിച്ച പ്രാഗത്ഭ്യം ഇന്നു നിലനിൽക്കുന്നില്ല എന്ന ദുഃഖസത്യം നാം മറച്ചു വച്ചിട്ടു കാര്യമില്ല. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒരു ഗവ: ആയുർവ്വേദ ഡിസ്പെൻസറിയുണ്ട്. അവിടത്തെ അവസ്ഥ വളരെ ദയനീയമാണ്. 18.2.1982 ൽ ആരംഭിച്ച ഈ ഡിസ്പെൻസറി ഒരു വാടകകെട്ടിടത്തിൽ സ്ഥിതിചെയ്യുന്നു. ഇവിടെ പ്രതിദിനം 90 മുതൽ 100 വരെ രോഗികൾ വരുന്നു. 50 പേരെ ചികിത്സിക്കാനുള്ള സൗകര്യമേ ഇവിടെയുള്ളു. ഇവിടെ മരുന്ന്, റിക്കാർഡുകൾ എന്നിവ സൂക്ഷിക്കുന്നതിന് യാതൊരു സൗകര്യവുമില്ല. ആയുർ ദൈർഘ്യത്തിൽ 77ന് മുകളിലുള്ള മയ്യനാട് പഞ്ചായത്തിൽ ആയുർവ്വേദ ചികിത്സയ്ക്ക് മുൻഗണന നൽകി സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. അതുപോലെ ഹോമിയോ ചികിത്സ അഭിവൃദ്ധിപ്പെട്ടുവരുന്ന ഈ കാലയളവിൽ മയ്യനാടിന് ഒരു ഹോമിയോ ആശുപത്രിയുടെ ആഭാവം ഉണ്ട്. ഇത് പരിഹരിക്കപ്പെടണം.

സമയബന്ധിതമായി പഞ്ചായത്തിലൽ അറവുശാല നിർമ്മിക്കുകയും അവശിഷ്ടങ്ങൾ സംസ്ക്കരിക്കാനുള്ള ആധുനിക സംവിധാനം ചെയ്തു പഞ്ചായത്ത് വാർഡുകളിലെ പരിസര ശുചിത്വം ഉറപ്പാക്കുക. ആയതിന് അടിയന്തിരമായി അനധികൃത അറവുശാലകളുടെ പ്രവർത്തനം നിയന്ത്രിക്കുക.

കുടിവെള്ളം

മയ്യനാട്ട് ഏകദേശം 10 വാർഡുകളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാകുന്നു. ഇന്നുള്ള സംവിധാനങ്ങൾ ഒട്ടും പര്യാപ്തമല്ല. ഇപ്പോൾ പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നത് രണ്ടു കുഴൽകിണറിലൂടെയാണ്. ഇപ്പോൾ ഇതിൽ നിന്നും ലഭിക്കുന്ന ജലം പഞ്ചായത്തിലെ ആവശ്യത്തിന് അപര്യാപ്തമാണ്. ഇത്രയും സൗകര്യങ്ങൾ ഉണ്ടെങ്കിലും പലപല അപാകതകളൾ മൂലം നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇവ പരിഹരിക്കുകയും പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

ചാർട്ട് – 7

പ്രധാനമായും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ്	പ്രദേശങ്ങൾ
3	മുക്കം, താന്നി (തീരപ്രദേശങ്ങൾ)
5	ധവളക്കുഴി, കാക്കോട്ട് മൂല
6	പീടികമുക്ക്, ആയിരംതെങ്ങ് ഭാഗങ്ങൾ
7	ആലുംമൂട്, മങ്ങാട്ടുവിള കോളനി
8	കുന്നുവിളക്കു പടിഞ്ഞാറ്, നടുവിലക്കര
9	പുല്ലിച്ചിറ, പത്തായക്കോടി ഭാഗങ്ങൾ
10	ഉമയനല്ലൂർ പള്ളിക്കു വടക്കുവശം, മാഞ്ഞാലിമുക്ക് കോളനി
11	പൊലിയിടത്ത്, പാർക്കുമുക്ക്, മുണ്ടിച്ചിറ, പന്നിമൺ
12	കൊട്ടിയം, ഉമയനല്ലൂർ, പട്ടരുമുക്ക്
13	പടനിലം, മേവരം, തുണ്ടിൽ മുക്ക്.

5 കുഴൽ കിണർ പഞ്ചായത്തിലുണ്ടെങ്കിലും 2 എണ്ണം മാത്രമാണ് അല്പമെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. ഒരു കിണർ 5 കൊല്ലത്തിൽ കൂടുതൽ ഫലപ്രദമല്ല. ചെലവും കൂടുതലാണ്. പരിസ്ഥിതി പ്രശ്നങ്ങളും ഉളവാക്കും.

ചാർട്ട് – 8

കുടിവെള്ളത്തിന് ഇപ്പോഴുള്ള സംവിധാനം

കുഴൽകിണർ	പൊതു ടാപ്പ് എണ്ണം	വീട്ടുകണക്ഷൻ
പുല്ലിച്ചിറ – 2	250	1500
പടനിലം – 1	8	
തെറ്റിക്കുഴി – 1	4	
പുല്ലാകുഴി – 1	15	

പൊതു നിർദ്ദേശങ്ങൾ

1. ലോകബാങ്കിന്റെ സഹായത്തോടെ പഴയാറ്റിൻകുഴിയിൽ സ്ഥാപിച്ചിട്ടുള്ള ഓവർ ഹെഡ് വാട്ടർ ടാങ്കിൽ നിന്നുള്ള ജലവിതരണം മയ്യനാട് പഞ്ചായത്തിലേയ്ക്ക് കൂടി വ്യാപിപ്പിക്കുക. ആയതിലേയ്ക്ക് ആവശ്യമായ വിതരണ ലൈൻ 6" വ്യാസത്തിൽ കൊട്ടിയംവരെ സ്ഥാപിയ്ക്കുക.

2. ഇപ്പോൾ പരിഗണനയിൽ ഇരിക്കുന്ന ചൂരൽ പൊയ്കാ പദ്ധതി കഴിവതും പെട്ടെന്ന് നടപ്പിലാക്കുക. കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കുക. ഇവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി ഉറപ്പാക്കണം. പമ്പു സെറ്റുകൾ കേടാകുമ്പോൾ അവ ശരിയായി വരുന്നതുവരെ പമ്പിംഗ് മുടങ്ങാതിരിക്കാൻ 20HP, 15HP, 10HP പുതിയ പമ്പുസെറ്റുകൾ വാങ്ങുന്നതിന് മുൻഗണന നൽകണം. കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയ PVC പൈപ്പുകൾ സ്ഥാപിക്കുക. പെരുംകുളം ഏലായുടെ കിഴക്ക് തെക്കുഭാഗത്ത് (പൊലിയിടത്ത് ഈ ആവശ്യത്തിനായി ഭൂമി സൗജന്യമായി കൊടുത്തിട്ടുണ്ട്) ഉമയനല്ലൂർ ഏലായുടെ കിഴക്കു വടക്കുഭാഗത്തും (കൂതറ) ഓരോ ഓപ്പൺ വെൽ സ്ഥാപിച്ച് ഓവർഹെഡ് ടാങ്ക് കെട്ടിയാൽ ജലക്ഷാമം പരിഹരിക്കാം. പൊഴിക്കര ഭാഗത്തുനിന്നും മുക്കംവഴി താന്നിവരെ ഇന്നുള്ള ജലവിതരണ സൗകര്യം നീട്ടുക. മീനാട് പദ്ധതി പെട്ടെന്ന് നടപ്പിലാക്കുക.

3. കടുത്ത വേനൽക്കാലത്തും മഴക്കാലാരംഭത്തിലും വയറിളക്ക രോഗങ്ങൾ പകരുന്നു. കുടിവെള്ള ശുചിത്വമില്ലായ്മയും വിസർജ്ജ്യ വസ്തുക്കളുടെ നിർമ്മാർജ്ജന വൈകല്യങ്ങളുമാണ് ഇതിനു കാരണം. എല്ലാ വീടുകളിലും കക്കൂസും 24 കോളനികളിലും പൊതുകക്കൂസുകളും ഉണ്ടായേ തീരൂ. പഞ്ചായത്ത് തലത്തിൽ സമഗ്ര പദ്ധതി ഇതിനായി ഉണ്ടാകണം. വളരെകൂടുതൽ ആളുകളും ആഫീസുകളും, മാർക്കറ്റും, റെയിൽവേസ്റ്റേഷനും ഉള്ള 2, 4, 5 വാർഡുകളുടെ ഭാഗമായ മയ്യനാട് ഗവ: ആശുപത്രി ജംഗ്ഷനും വെള്ളമണൽ സ്കൂൾ ജംഗ്ഷനും, ജന്മംകുളം പാർക്കിനും ഇടയിൽ PWD റോഡിന്റെ ഏതെങ്കിലും ഭാഗത്ത് പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ഉണ്ടാവണം.

4. ചികിത്സാ രംഗത്തെ പ്രധാനപ്പെട്ട രണ്ടു സ്ഥാപനങ്ങളാണ് പാലത്തറ പ്രാഥമികാരോഗ്യകേന്ദ്രവും,

സി. കേശവൻ മെമ്മോറിയൽ ആശുപത്രിയും. രണ്ടിനും ഇല്ലായ്മകളുടെ നീണ്ട പട്ടിക സമർപ്പിക്കാനുണ്ട്. ഇവ പരിഹരിക്കുന്നതിനോടൊപ്പം PH സെന്ററിന്റെ പ്രവർത്തന പരിധി മയ്യനാട് പഞ്ചായത്തിൽ മാത്രം ആക്കുക. സി. കേശവൻ മെമ്മോറിയൽ ആശുപത്രി താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രിയായും വികസിപ്പിക്കണം. ആഫീസ് സൗകര്യം എല്ലാ സബ്സെന്ററുകൾക്കും ലഭ്യമാക്കേണ്ടതാണ്. ഉമയനെല്ലൂരിലെ ഗവ: ആയൂർവ്വേദ ഡിസ്പെൻസറി കൂടക്കകളോടുകൂടി ആശുപത്രിയായി ഉയർത്തണം.

5. ഒരു പൊതു അറവുശാല നിർമ്മിച്ച് ശുചിത്വം ഉറപ്പു വരുത്തണം.

6. ഒരു പൊതു ശ്മശാനം ഉണ്ടാവണം. ആവശ്യമായ സ്ഥല സൗകര്യം 5, 8 വാർഡുകളിൽ ലഭ്യമാണ്.

7. വർദ്ധിച്ചുവരുന്ന കൊതുക് ശല്യം വലിയ ആരോഗ്യപ്രശ്നമായി മാറുകയാണ്. നിയന്ത്രണ മാർഗ്ഗവും ബോധവൽക്കരണവും ഉണ്ടാകണം.

8. 65 വയസ്സ് കഴിഞ്ഞവർ സമൂഹത്തിൽ ഏറിവരികയാണ്. ഒരു വൃദ്ധമന്ദിരം ഉണ്ടാവണം.

9. വാർഡ് 5, 6, 13 എന്നിവയിൽ ജലമലിനീകരണം കൂടുതലാണ്. പരിഹാരം ഉണ്ടാവണം.

10. വിദ്യാലയ ആരോഗ്യ പരിപാടിയിൽ ശുഷ്കാന്തിയുളവാക്കുകയും ഈ വർഷം മുതൽ സ്റ്റേറ്റ് ഒട്ടുക്ക് നടപ്പാക്കാൻ തീരുമാനിച്ച I.C.D.S. പ്രോഗ്രാം ഈ പ്രദേശത്ത് കൂടി നടപ്പാക്കുകയും വേണം.


11. അംഗീകൃതമായി 3 ചന്തകളും നിരവധി പ്രൈവറ്റ് മാർക്കറ്റുകളും പഞ്ചായത്തിലുണ്ട്. ഒന്നിലും കാര്യക്ഷമമായ ശുചീകരണം നടക്കുന്നില്ല.യ ശുചീകരണം ഉറപ്പാക്കണം. 3-ാം വാർഡിൽ ചന്ത പുതിയതായി ആരംഭിക്കണം.

12. ഒരു ഹോമിയോ ആശുപത്രി പഞ്ചായത്ത് തലത്തിലുണ്ടാവണം.

13. വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വരേണ്ടതാണ്. എല്ലാ പഞ്ചായത്ത് തല ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി വർഷാരംഭത്തിൽ ഒരു പ്ലാനിംഗ് സെഷനും പിരിയോടിക്കലായി വിലയിരുത്തലും ഉണ്ടാവണം. അവലോകനത്തെ ആസ്പദമാക്കി പരിപാടികളിൽ വേണ്ടുന്ന വ്യതിയാനം ഉണ്ടാവുകയും വേണം.

14. ഈ ഗ്രൂപ്പിന്റെ ചർച്ചയ്ക്കിടയിൽ ഉരുത്തിരിഞ്ഞുവന്ന ഒരു അഭിപ്രായം കൂടിച്ചേർക്കുയാണ് ആരോഗ്യസ്ഥിതി വിവര കണക്കുകൾ സൂക്ഷിക്കാൻ ബന്ധപ്പെട്ട അധികാരികൾ കൂടുതൽ ശുഷ്കാന്തി കാണിക്കണം. അതോടൊപ്പംതന്നെ എല്ലാ വസ്തുതകളും ഭാവി പദ്ധതി സംബന്ധിച്ച വിവരങ്ങളും നൽകിയ K.W.A. ചാത്തന്നൂർ യൂണിറ്റിനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

വ്യവസായം



വ്യാവസായികമായി ഒരു മികച്ച പാരമ്പര്യം ഈ ഗ്രാമത്തിന് അവകാശപ്പെടാനില്ല. എങ്കിലും 85 വർഷങ്ങൾക്ക് മുമ്പ് ഉദീപ പ്രകാശം, വർണ്ണപ്രകാശം എന്നീ പേരുകളിൽ രണ്ട് അച്ചടിശാലകൾ ഇവിടെ–ഇപ്പോഴത്തെ ഒന്നാം വാർഡിൽ– പ്രവർത്തിച്ചിരുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. ഏതാണ്ട് അതേ കാലഘട്ടത്തിൽ തന്നെ മുളയ്ക്കൽ കാവ് ഭാഗത്ത് ഒരു കശുവണ്ടി ഫാക്ടറി പ്രവർത്തിച്ചിരുന്നു എന്നും പഴമക്കാർ പറയുന്നു. 1920-30 കാലഘട്ടത്തിൽ താന്നി ഭാഗത്ത് മധുരക്കള്ളിൽ നിന്നും വെള്ളച്ചക്കര നിർമ്മിച്ചിരുന്നു. സർക്കാരിന്റെ നയംമാറ്റം നിമിത്തം അതിന്റെ നിർമ്മാണം നിർത്തേണ്ടിവന്നുവെന്ന് 31-ലെ സെൻസസ് റിപ്പോർട്ടിൽ വിമർശനപരമായി രേഖപ്പെടുത്തിയിട്ടുണ്ടത്രെ! കൈത്തറി നെയ്ത്തും കയർ പിരിപ്പും ഈ ഗ്രാമത്തിലെ ജനങ്ങളുടെ പ്രധാന ജീവിതമാർഗ്ഗമായിരുന്നു. 1960 വരെ ഈ പരമ്പരാഗത വ്യവസായങ്ങൾ പച്ചപിടിച്ചിരുന്നു എന്നുമാത്രമല്ല ഈ തുറയിലെ ഉല്പന്നങ്ങൾ ഉന്നതനിലവാരം പുലർത്തിയിരുന്നു എന്നതും ഒരു വസ്തുതയാണ്. പുല്ലിച്ചിറ, കാക്കോട്ടമൂല ഭാഗത്ത് റേന്ത നിർമ്മാണം സ്ത്രീകളുടെ കൈത്തൊഴിലായിരുന്നു. കർഷകത്തൊഴിലാളികൾ ഒഴിവുസമയങ്ങളിൽ ഈർക്കിലും പൊളിയുമുപയോഗിച്ച് കുട്ട, വട്ടി തുടങ്ങിയ സാധനങ്ങൾ നിർമ്മിച്ചിരുന്നു. എന്നാൽ കാലാന്തരങ്ങളിൽ ഇവയിൽ പലതും വേരറ്റുപോയി. 50-കളിൽ കൊല്ലം ജില്ലയിലെ ഒന്നാംകിട വെളിച്ചെണ്ണ ഉത്പാദകനായിരുന്ന ശ്രീ. ചെല്ലപ്പൻ ചെട്ടിയാരെയും വെള്ളൂമണലിന്റെ തെക്കുഭാഗത്തുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഓയിൽ മിൽ സമുച്ചയത്തേയും മറക്കാറായിട്ടില്ല.

കൈത്തറി മേഖലയിൽ തെക്കും കര കൈത്തറി സഹ:സംഘം മാത്രമാണ് നിലനിൽക്കുന്നത്. ഇപ്പോൾ 27 തറികൾ പ്രവർത്തിക്കുന്നു. 82മുതൽ 93 വരെ 68 തറികൾ പ്രവർത്തിച്ചിരുന്നു. കൂലിക്കുറവ്, അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധന തുടങ്ങിയ കാരണങ്ങളാൽ ഈ മേഖല തളർച്ചയിലാണ്. ആസ്ഥാനം ഇരവിപുരത്താണെങ്കിലും മയ്യനാട്, വെൺപാലക്കര സംഘങ്ങളുടെ പ്രവർത്തനം മയ്യനാട്ട് പ്രദേശത്ത് വ്യാപിച്ചുകിടക്കുന്നു.

കയർ മേഖലയിൽ ഒരു സഹ:സംഘം താന്നിമുക്കിൽ പ്രവർത്തിക്കുന്നു. 49-ൽ ആരംഭിച്ച ഈ സംഘത്തിൽ 719 അംഗങ്ങളുണ്ട്. ഓഹരി മൂലധനം 673424 രൂപയാണ്. 25 റാട്ടുകളിൽ 100 തൊഴിലാളികൾ പണിയെടുക്കുന്നു. മൂന്നരലക്ഷം തൊണ്ട് മൂടിയിട്ടുണ്ട്.

20 ലക്ഷം രൂപയുടെ വികസനപ്രവർത്തനം നടന്നുവരുന്നു. അതു പൂർത്തിയാവുമ്പോൾ 100 പിരിയന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും 100 പേർക്ക് ജോലി നൽകാനും കഴിയും. എന്നിരുന്നാലും പഴയ പ്രതാപം വീണ്ടെടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. പുതിയ സംവിധാനത്തിൽ ചകിരിയുടെ ലഭ്യതയും വൈദ്യുതിയും പ്രതിസന്ധികൾ സൃഷ്ടിച്ചേയ്ക്കാം എന്ന ഭയപ്പാട് സംഗതമാണ്. ഒന്നാം വാർഡിൽ ഒരു അഴുക്ക തൊണ്ട് തല്ലൽ

യന്ത്രം പ്രവർത്തിക്കുന്നുണ്ട്.

കശുവണ്ടി മേഖലയിൽ പ്രവർത്തനസജ്ജമായ എട്ടു ഫാക്ടറികൾ മയ്യനാട് പ്രദേശത്തുണ്ടെന്ന കാര്യം പരിഗണിച്ചാൽ ഇവിടത്തെ ഏറ്റവും വലിയ തൊഴിൽ മേഖലയാണ് ഈ രംഗം എന്ന് മനസ്സിലാക്കാം. എന്നാൽ അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം, മാനേജ്മെന്റിന്റെ അലസത തുടങ്ങി പല കാരണങ്ങളാലും ഇവയിൽ അഞ്ചെണ്ണം മാത്രം മുടങ്ങിയും തുടങ്ങിയും പ്രവർത്തിക്കുന്നു. തുടർച്ചയായി ജോലി നൽകാൻ കഴിയാത്തതുമൂലം സാധാരണ കുടുംബങ്ങളിൽ രൂക്ഷമായ തൊഴിലില്ലായ്മയും സാമ്പത്തികത്തകർച്ചയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

അനുബന്ധ വ്യവസായമെന്ന നിലയിൽ കേരളത്തിലെ ഏക ടാനിൽ ഫാക്ടറി കാഷ്യൂ കോർപ്പറേഷൻ 1-ാം നമ്പർ ഫാക്ടറിയോട് ചേർന്ന് പ്രവർത്തിക്കുന്നു.

തടിസംഭരണവും വിപണനവും ഉരുപ്പടി നിർമ്മാണവുമായി ബന്ധപ്പെട്ട് 19 മില്ലുകൾ ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നിർമ്മാണം, തീപ്പെട്ടി നിർമ്മാണം എന്നീ മേഖലയുമായി ഇവയിലെ ഉത്പാദനം ബന്ധപ്പെട്ടിരിക്കുന്നു. പ്രവർത്തനക്ഷമത, മുതൽമുടക്ക് ഇവ പരിഗണിച്ചാൽ ഈ വ്യവസായം ഒന്നാം സ്ഥാനത്താണെന്ന് പറയാം.

ആറ് ഇഷ്ടിക നിർമ്മാണയൂണിറ്റുകൾ തൃപ്തികരമായ നിലയിൽ പുല്ലിച്ചിറ പള്ളിക്ക് കിഴക്കും തെക്കും ഭാഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ 180 പേർ ജോലിചെയ്യുന്നു.

നാളികേര സംഭരണവും വെളിച്ചെണ്ണ ഉത്പാദനവും ഒരു പ്രധാന തൊഴിൽ മേഖലയാണ്. ഈ രംഗത്ത് 19 മില്ലുകൾക്ക് ലൈസൻസ് ഉണ്ടെങ്കിലും പലതും പ്രവർത്തിക്കുന്നില്ല. തേങ്ങയുടെ ഉത്പാദനത്തിൽ വന്ന കുറവ് ഈ മേഖലയെ തളർത്തിയിട്ടുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പച്ച പിടിച്ചുവന്ന ഒരു വ്യവസായമാണ് സ്റ്റീൽ ഫിറ്റിംഗ്സ് നിർമ്മാണം (ഫാബ്രിക്കേഷൻ യൂണിറ്റ്). ഈ മേഖലയിൽ 16 യൂണിറ്റുകൾ മെച്ചപ്പെട്ട നിലവാരത്തിൽ പ്രവർത്തിക്കുന്നു.

ഫർണിച്ചർ നിർമ്മാണം – തടിയിലും സ്റ്റീലിലും – അഭിവൃദ്ധിപ്പെട്ടുവരുന്ന മറ്റൊരു മേഖലയാണ്. ഇതിന്റെ 10 യൂണിറ്റുകളുണ്ട്. മരപ്പണിക്കാരെ ആവശ്യത്തിന് ലഭ്യമല്ല എന്നത് ഈ രംഗത്തെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

അച്ചടിശാലകൾ 9 എണ്ണം ഈ ഗ്രാമത്തിലുണ്ട്. സ്ത്രീകൾ പണിയെടുക്കുന്ന ഒരു രംഗമായി ഇതു മാറിയിരിക്കുന്നു.

മൂന്നു `സി ക്ലാസ്സ്' സിനിമാ തിയേറ്റർ നടന്നുവരുന്നു എന്നാൽ ഈ രംഗത്ത് വലിയ പുരോഗതി ദൃശ്യമല്ല.

വിപുലമായ സാദ്ധ്യതയുള്ള ഒരു മേഖലയാണ് `ഫാസ്റ്റ് ഫുഡ്', ബേക്കറി, പലഹാര നിർമ്മാണം തുടങ്ങിയവ. വനിതകളുടെ നേതൃത്വത്തിൽ നടക്കുന്ന രണ്ടുപലഹാര നിർമ്മാണ യൂണിറ്റുകൾ നിലവിലുണ്ട്. കൂടിൽ വ്യവസായമായും പലഹാര നിർമ്മാണം 10-ഉം, 12-ഉം വാർഡുകളിൽ നടന്നുവരുന്നു.

മയ്യനാട്ടൊട്ടാകെ 29 പൊടിപ്പുമില്ലുകൾ നടന്നുവരുന്നു. ധാന്യങ്ങൾ പൊടിച്ചു വിതരണം ചെയ്യുന്ന സ്ഥാപനങ്ങളും ഇതിൽ പെടുന്നു. കൂടുതൽ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

പഴയ കെട്ടിടങ്ങൾ വിലയ്ക്കെടുത്ത് പൊളിച്ച് ഭാഗങ്ങൾ വില്പന നടത്തുന്ന സമ്പ്രദായം ഒരു പുതിയ തൊഴിൽ മേഖലയായി വികസിച്ചിട്ടുണ്ട്. കൊട്ടിയം, പരക്കുളം, ഉമയനല്ലൂർ ഭാഗങ്ങളിൽ ഈ വ്യാപാരം ഏറെ കാണപ്പെടുന്നത്.

മോട്ടോർ സർവ്വീസ് രംഗത്ത് നിയമങ്ങളിൽ അയവുവന്ന സാഹചര്യങ്ങളിൽ വൻപിച്ച പുരോ

ഗതി ഉണ്ടായിട്ടുണ്ട്. മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏകദേശം 65 സർവ്വീസ് ബസ്സുകളുടെയും 50 ടാക്സികാറുകളുടെയും 60 ഓട്ടോറിക്ഷകളുടെയും 17 ലോറികളുടെയും ഉടമകളുണ്ട്.

മറ്റ് പല പഞ്ചായത്ത് പ്രദേശവുമായി താരതമ്യപ്പെടുത്തുമ്പോൾ വ്യാപാരമേഖല ഇവിടെ അത്രഭേദപ്പെട്ട നിലയിലല്ല നടക്കുന്നത് എന്നു കാണാം. അതിന് പ്രധാനമായി രണ്ട് കാരണങ്ങളാണ് ചൂണ്ടിക്കാണിക്കാവുന്നത്. അതിലൊന്ന് ഭൂമിശാസ്ത്രപരമാണ്. മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതിനാൽ അയൽ പ്രദേശവുമായി വ്യാപാരബന്ധം ഉണ്ടാകുന്നില്ല. കൊല്ലം കമ്പോളത്തിൽ എത്താൻ 10 കി.മീ. സഞ്ചാരദൂരമേ ഉള്ളൂ എന്നതിനാൽ ജനങ്ങൾ അവരുടെ പ്രധാന ആവശ്യങ്ങൾക്കായി കൊല്ലം കമ്പോളത്തെയാണ് ആശ്രയിക്കുന്നത്. എന്നിരുന്നാലും അത്രമോശമല്ലാത്ത വ്യാപാരങ്ങൾ ഇവിടെയും നടക്കുന്നുണ്ട്.

പലചരക്ക്, സ്റ്റേഷനറി എന്നിവയുടെ വ്യാപാരവുമായി ബന്ധപ്പെട്ട് 110 കടകൾ നിലവിലുണ്ട്. സഹകരണ രംഗത്തും ഒരു പ്രൊവിഷൻ സ്റ്റോർ ലാഭകരമായി നടക്കുന്നുണ്ട്. ടേണോവറിന്റെ കാര്യത്തിൽ സിമെന്റും ഹാർഡ്വെയറും മുൻപന്തിയിൽ നിൽക്കുന്നു.

വികസിച്ചുവരുന്ന മറ്റൊരു തൊഴിൽ മേഖലയാണ് ഹോട്ടൽ വ്യവസായം. ജനങ്ങളുടെ മാറിവരുന്ന അഭിരുചിമുതലെടുത്ത് ഈ രംഗത്ത് വികസനം സാധ്യമാണ്.

പരമ്പരാഗത കൈത്തൊഴിലായ സ്വർണ്ണപ്പണിയും അനുബന്ധവ്യവസായമായ ഗോൾഡ് കവറിങ്ങും പുരോഗതി പ്രാപിച്ചുവരുന്നുണ്ട്. പത്തോളം സ്റ്റുഡിയോകൾ പ്രവർത്തിക്കുന്ന ഈ ഗ്രാമത്തിൽ 4 കേബിൾ ടി.വി.യും പ്രവർത്തിപ്പിക്കുന്നു. വീഡിയോ റെക്കാർഡിങ് വളർന്നുവരുന്ന പുതിയ തൊഴിൽ മേഖലയാണ്. കൂടാതെ ഇന്ത്യയിൽ തന്നെ എണ്ണപ്പെട്ട വ്യവസായങ്ങളിൽ ഒന്നായ ഹൈ-ടെക്ക്, കൊപ്രാ നിർമ്മാണശാല ഉമയനല്ലൂർ വാർഡിലാണ്. ജോയ് ഐസ്ക്രീം ഫാക്ടറി നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

ഇലക്ട്രോണിക്സ് രംഗത്ത് വികസന സാദ്ധ്യതയുള്ള രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 9-ാം വാർഡിൽ പ്രവർത്തിക്കുന്ന ഫൈബർ ഗ്ലാസ് യൂണിറ്റും വികസനസാദ്ധ്യതയുള്ളതാണ്. കൊട്ടിയം വാർഡിൽ ജോയ് ഐസ്ക്രീം ഫാക്ടറി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു.

ആകെ പരിശോധിക്കുമ്പോൾ വൻകിട വ്യവസായങ്ങൾ തുടങ്ങാനുള്ള സാധ്യത ഇല്ലെങ്കിൽ പോലും കൈത്തൊഴിലുകൾക്കും കുടിൽ വ്യവസായങ്ങൾക്കും ഉള്ള സാദ്ധ്യതയ്ക്ക് മങ്ങലേറ്റിട്ടില്ല എന്നുകാണാം. പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉത്പാദിപ്പിച്ച് കയർ നിർമ്മിക്കുന്ന സാങ്കേതിക വിദ്യ പരിഷ്ക്കരിച്ച് കയർ രംഗത്തെ തൊഴിൽ സാദ്ധ്യത നിലനിർത്തേണ്ടത് ആവശ്യമാണ്. പരമാവധി തൊഴിൽ ദിനങ്ങൾ കശുവണ്ടി രംഗത്ത് സൃഷ്ടിക്കാനുതകുന്ന പദ്ധതികൾ സംസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

പ്രശ്നങ്ങൾ :

1. കൈത്തറി സംഘങ്ങൾക്ക് ലഭിക്കേണ്ട റിബേറ്റും മറ്റാനുകൂല്യങ്ങളും യഥാസമയം നൽകാൻ ഗവൺമെന്റ് ശ്രദ്ധിക്കണം.

2. കൈത്തറി രംഗത്തേക്കാവശ്യമായ നിറം, രാസവസ്തുക്കൾ എന്നിവ സിവിൽ സപ്ലൈസ് വഴി ലഭ്യമാക്കണം.

3. കയർ രംഗത്തെ യന്ത്രവത്ക്കരണം നടപ്പാക്കുന്ന സാഹചര്യത്തിൽ പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉത്പാദിപ്പിക്കുന്ന യൂണിറ്റ് ഇവിടെ സ്ഥാപിക്കണം.

4. എസ്. എസ്. ഐ. രജിസ്ട്രേഷൻ ഉള്ള തൊഴിൽ സംരംഭകർക്ക് ക്രമമായി അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കണം.

5. വൈദ്യുതി കമ്മി അടിയന്തിര പ്രാധാന്യം നൽകി പരിഹരിക്കണം.

6. ഉള്ള വൈദ്യുതിയുടെ വിതരണം ചിട്ടപ്പെടുത്തിയാൽത്തന്നെ ചെറിയ ആശ്വാസം ഇക്കാര്യത്തിലുണ്ടാവും. (ഓഫീസ് സമയം, വ്യാപാര സമയം, സ്ക്കൂൾ സമയം ഇവ പുനഃക്രമീകരിക്കണം)

7. ദേശസാൽക്കൃത ബാങ്കുകൾ വ്യവസായ സംരംഭകരെ വേണ്ടതുപോലെ സഹായിക്കുന്നില്ല.

8. സഹകരണത്തെ ബാങ്കുകളിലെ വ്യവസ്ഥിതികളിൽ വ്യവസായ സംരംഭകരെ സഹായിക്കും വിധം മാറ്റം വരുത്തുക.

9. വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ പ്രവർത്തന ശൈലിയിൽ സഹായകകമായ മാറ്റം വരുത്തുക.

10. ചെറുകിട വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന കൗൺസിലിങ് സൗകര്യം താലൂക്ക് തലത്തിൽ രൂപീകരിക്കുക.

11. പുതിയ ചെറുകിട വ്യവസായ സംരംഭകരുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്താനും പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിച്ചു വ്യവസായങ്ങളെ നിലനിർത്താനും സംവിധാനം ഉണ്ടാക്കുക.

12. നിർമ്മാണ രംഗത്തെ വിദഗ്ദതൊഴിലാളികളുടെ കുറവ് പരിഹരിക്കുവാൻ തൃതല പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. ഇതുമൂലം തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഒരളവുവരെ ഉണ്ടാകും.

സാദ്ധ്യതകൾ :

1. റേന്ത നിർമ്മാണം പുനരുദ്ധരിക്കാം.

2. പ്രാദേശികമായി ലഭ്യമായ അസംസ്കൃത സാധനങ്ങൾ (കേരോത്പന്നങ്ങൾ) ഉപയോഗിച്ചുള്ള കൈത്തൊഴിലുകളും (കുട്ട, വട്ടി നിർമ്മാണം) മറ്റും ആരംഭിക്കാം.

3. ഇലക്ട്രോണിക് മേഖലയിൽ നിർമ്മാണവും റിപ്പയറിങ്ങും യൂണിറ്റുകൾ ആരംഭിക്കാം.

4. റീപാക്കിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കാം.

5. പരവൂർ കായൽ, മുക്കം കടപ്പുറം എന്നീ ഭാഗങ്ങൾ ഉൾപ്പെടുത്തി പത്തായക്കോടി 9-ാം വാർഡ് വിനോദസഞ്ചാരകേന്ദ്രമാക്കി വികസിപ്പിക്കാം. (പ്രൈവറ്റ് മേഖലയും പരിഗണിക്കാവുന്നതാണ്.)

6. വല നിർമ്മാണം പ്രോത്സാഹനം അർഹിക്കുന്ന കൈത്തൊഴിലാണ്.

7. ഖാദി-ഗ്രാമ വ്യവസായ വകുപ്പിന്റെ പ്രവർത്തനം ഇവിടെ വ്യാപിപ്പിക്കണം.

8. മയ്യനാടിന്റെ വടക്കെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ ഗവ: നടപടി സ്വീകരിക്കണം. അതിനുസമീപം ഗവ: പ്രസിന് തറക്കല്ലിട്ടിട്ടുണ്ട്. അവിടെ പ്രസ്സ് സ്ഥാപിക്കണം.

9. ഗാർമെന്റ് നിർമ്മാണത്തിന് പല വാർഡുകളിലും താല്പര്യമുള്ളവരുണ്ട്. അവർക്ക് വേണ്ട സഹായം നൽകണം.

പരിസ്ഥിതി പ്രശ്നങ്ങൾ


1. ഇറച്ചി വെട്ടുമൂലമുണ്ടാകുന്ന മലിനീകരണത്തെക്കുറിച്ച് വടക്കൻ മേഖലയിലെ ഗ്രാമസഭകളിൽ ശക്തിയായ പരാതി ഉയർന്നുവന്നിട്ടുണ്ട്.

2. കശുവണ്ടി ഫാക്ടറികളിൽ നിന്നും ഇഷ്ടിക ച്ചൂളകളിൽ നിന്നും വമിക്കുന്ന പുക അന്തരീക്ഷമലിനീകരണം ഉണ്ടാക്കുന്നു.

3. ഹോട്ടൽ അവശിഷ്ടങ്ങൾ ഇടുന്നതുമൂലം 9-ാം വാർഡിൽ മലിനീകരണം നടക്കുന്നതായി ഗ്രാമസഭയിൽ പരാതി ഉയർന്നു.

ഈ മലിനീകരണ പ്രശ്നങ്ങൾ ഗൗരവമായി കണ്ട് പരിഹാര നടപടികൾ സ്വീകരിക്കണം.

ഗതാഗതം - ഊർജ്ജം



മയ്യനാട് ഗ്രാമപഞ്ചായത്തിൽ റോഡ്, ജലം, റെയിൽവേ എന്നീ മാർഗ്ഗങ്ങളാണ് ഗതാഗതത്തിന് ഉപയോഗിക്കുന്നത്. പഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് 5 വാർഡുകളുടെ മദ്ധ്യത്തുകൂടി 31/2 km നീളത്തിൽ N.H. 47 കടന്നുപോകുന്നു. തെക്ക് ഭാഗത്ത് 5 വാർഡുകളിൽ കൂടി 3 km. നീളത്തിൽ റെയിൽവേ ലൈനുകളും നിലവിലുണ്ട്. താന്നി, മുക്കം എന്നീ കടവുകളിൽ വള്ളം ഗതാഗത സൗകര്യത്തിനായി ഉപയോഗിക്കുന്നു. പണ്ട് കാലങ്ങളിൽ കൊല്ലം തോടിലൂടെയുള്ള ചരക്ക് ഗതാഗതം പരവൂർ കായലിലൂടെയും നടത്തിയിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിയിൽ കടന്നുപോകുന്ന 21 ട്രെയിനുകളിൽ 3 എണ്ണം മാത്രമെ മയ്യനാട് റെയിൽവെ സ്റ്റേഷനുകളിൽ നിറുത്താറുള്ളൂ. പഞ്ചായത്തിനുള്ളിൽ ഏകദേശം നാല്പതോളം ബസ്സുകൾ സർവ്വീസ് നടത്തുന്നു. നമ്മുടെ പഞ്ചായത്തിൽ 19.150 km. ടാർ റോഡുകളാണ് നിലവിലുള്ളത്. മെറ്റൽ റോഡുകളുടെ നീളം 6.310 km. ആണ്. ട്രാവൽ റോഡുകൾ ഇരുഭാഗവും സഞ്ചാരയോഗ്യമല്ല.

പഞ്ചായത്തിലെ വിവിധ റോഡുകളുടെ പട്ടികകൾ ചുവടെ ചേർക്കുന്നു.

പട്ടിക - 1
P.W.D. റോഡുകൾ

I.

ക്രമ നമ്പർ	പേര്	നീളം
1.	മയ്യനാട് - കൊട്ടിയം റോഡ്	5 km.
2.	മയ്യനാട് - കൂട്ടിക്കട - തട്ടാമല	5 km
3.	മയ്യനാട് - മുക്കം	1.8 km
4.	കൂട്ടിക്കട - ആലുംമൂട്	1.60 km
5.	ഉമയനല്ലൂർ - ക്ഷേത്രം - കലുങ്ക് മുക്ക്	2.30 km
6.	പുല്ലിച്ചിറ - കാക്കോട്ടുമൂല	1.400 km
7.	മേവറം - പീഠിക മുക്ക് - വെള്ളാപ്പിൽ	3.200
8.	കൊന്നയിൽ മുക്ക് - നടുവിലക്കര	1.900
9.	ഉമയനല്ലൂർ - കല്ലുകുഴി	1.400
10.	മുക്കം - കുളങ്ങര റോഡ്	1.4 km

II. N.H. 47

കൊട്ടിയം – തട്ടാമല – ദൂരം – 31/2 km.

പട്ടിക – 2
പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	പേര്	നീളം
1.	മയ്യനാട് ചന്തമുക്ക് – ധവളക്കുഴി	1.600 km.
2.	കാക്കോട്ടുമൂല പള്ളി – ആലുവിള റോഡ്	0.850 km.
3.	സുചിത്രമുക്ക് – വലിയവിള	1.65 km.
4.	ശാസ്താം കോവിൽ – ശാസ്താം തൊടി	0.550 km.
5.	ആയിരം തെങ്ങ് പള്ളി – കല്ലറാം തോട്	350 m.
6.	അമ്മാച്ചൻ മുക്ക് – അംബേദ്ക്കർ കോളനി	900 m.
7.	ആലുംമൂട് ജംഗ്ഷൻ – ഉമയനല്ലൂർ ഏല –	700 m.
8.	കണ്ടച്ചിറ – ഫുഡ്ബാൾ ഗ്രൗണ്ട് – ചൂരൻണ്ടയൂർ	1.250 km.
9.	കണ്ടച്ചിറ – പ്ലാവിള മുക്ക്	1.400 m
10.	റേഷൻ കട – വലിയമാടം	1.50 m.
11.	ബ്രില്യന്റ് ക്ലബ് – പുല്ലാൻ കുഴി	230 m.
12.	E.S.I. ജംഗ്ഷൻ – കമ്പി വിള	600 m.
13.	പരക്കുളം – ലക്ഷംവീട് – വലിയവിള	750 m.
14.	ശാരദാവിലാസിനി വായനശാല – തുണ്ടിൽ മുക്ക്	1.300 m.
15.	പറയത്തുമുക്ക് – നോട്ടത്തു മുക്ക്	650 m.
16.	വാഴപ്പള്ളി സ്കൂൾ – കാണാൻ തല	560 m.
17.	കുട്ടിക്കട കവിത – മിൽമ	100 m.
18.	കരിക്കുഴി – മാർക്കറ്റ് ജംഗ്ഷൻ	800 m.
19.	ആയിരം തെങ്ങ് –പുളിയത്ത് മുക്ക്	1.75 km.
20.	ഫാത്തിമ റോഡ്	1.4 m.
21.	തെങ്ങഴികം – വെള്ളമണൽ – പിള്ളവീട്	1 km.

പട്ടിക 3
പഞ്ചായത്തിലെ മെറ്റൽ റോഡുകൾ

ക്രമ നമ്പർ	പേര്	നീളം
1	ലൂഷ്യസ് പാർക്ക് – ഫുട്ബാൾ ഗ്രൗണ്ടുവരെ	560 m.
2	ഉമയനല്ലൂർ ഏല – കല്ലുവിള ജംഗ്ഷൻ	600 m.
3	തുണ്ടിൽ മുക്ക് – പാലറക്കട	950
4	പാലമുക്ക് – കല്ലുവിള ജംഗ്ഷൻ	–
5	ആശുപത്രി മുക്ക് – കിഴക്ക് – വടക്കേപെണ	350 m
6	ശാസ്താംകോവിൽ – കുളങ്ങര	300
7	C. കേശവൻ (ഗവ: ഹോസ്പിറ്റൽ) - കിഴക്കോട് തോടിൻകര റെയിൽവേ സ്റ്റേഷൻ	730

8	കുമ്മകുളം L.M.S. - L.P.S.	650
9	കാരിക്കുഴി – മാർക്കറ്റ് റോഡ്	850
10	കവിത – ആറാട്ടുകുളം	600
11	പിള്ളവീട് – ശാസ്താംകോവിൽ	1 km.

തീരദേശ റോഡ് നീളം

1	താന്നി – മുക്കം	2.5 km.

പട്ടിക – 4
പഞ്ചായത്തിലെ മൺ റോഡുകൾ

നമ്പർ	പേര്	നീളം
1	പാലയത്ത് മുക്ക് – വയലിൽ മാടൻ നട	
2	കുറ്റിക്കാട്ട് പള്ളി – പള്ളിത്തൊടികോളനി	
3	ശാസ്താംകോവിൽ വടക്കോട്ടുള്ള റോഡ്	
4	വെള്ളമണൽ – അമ്മുയഴികം	
5	മയ്യനാട് H.S. മുതൽ വടക്കോട്ട് ഇമാറസ്	
6	നല്ലുവിള – കുറ്റിക്കാട് റോഡ്	
7	താമരശ്ശേരി – തെക്കോട്ട് റെയിൽവേ ലൈൻ വരെ	
8	റെയിൽവേ ലൈൻ – പന്നിയൻ തൊടി	
9	D.J.M. ഹോസ്പിറ്റൽ റോഡ്	
10	ശ്രീലക്ഷ്മി – ശ്രീലകം	
11	ജമ്മക്കുളം – കുറ്റിക്കാട് റോഡ്	
12	തോട്ടുംകര – മെയിൻ റോഡ്	
13	ധവളക്കുഴി ജംഗ്ഷൻ – ലക്ഷംവീട് റോഡ്	
14	കാവടി മുക്ക് റോഡ് – കുളങ്ങര	
15	അപ്പിച്ചിമുക്ക് – കടവ് വരെയുള്ള റോഡ്	
16	അപ്പിച്ചിമുക്ക് – കോയിക്കൽ തൊടി	
17	മല്ലശ്ശേരി – റെയിൽവേ ലൈൻ	
18	കാക്കോട്ടുമൂല – ചാണിവയൽ	
19	പരട്ടപ്പുറം റോഡ്	
20	കണ്ണാട്ട് മുക്ക് – ചേഫറൻ തറ	
21	ഹരിശ്രീമുക്ക് – കുളങ്ങര തൊടി	
22	പുലയൻ വിള മുക്ക് – പുളിയത്തുമുക്ക്	
23	കരുവാൻ കുഴി റോഡ്	
24	പുളിമൂട്ടിൻ – പാലേത്തുമുക്ക്	
25	ആമ്പലിമുക്ക് – ഉമയനല്ലൂർ ഏലാ	
26	വയ്ക്കം തോടം – ആലുംമൂട്ടിൽ	
27	കൊട്ടിലിൽ റോഡ്	
28	വെള്ളാപ്പിൽ താന്നിക്കുഴി റോഡ്	

29 പുല്ലിച്ചിറ പമ്പ്ഹൗസ്
30 L.P.S.-ന് കിഴക്ക് റോഡ്
31 മൃഗാശുപത്രി റോഡ്
32 പ്ലാവിള – ഉമയനല്ലൂർ ഏല
33 പട്ടർ മുക്ക് – ഉമയനല്ലൂർ നടുവിലക്കര
34 കൊട്ടിയംതട്ടാനുവിള – പുല്ലൻ കുഴി റോഡ്
35 പരമുളം കമ്പനി – മുറന്നച്ചിറ
36 കണ്ണപ്പള്ളി – റേഷൻ കട റോഡ്
37 വായനശാല – വാട്ടർ ടാങ്ക്
38 വായനശാല – പുല്ലിച്ചിറ പള്ളി
39 വലിയമാടം – കണ്ടച്ചിറ റോഡ്
40 മുളക്കട റോഡ്
41 ഗ്രൗണ്ട് – പത്തായക്കോടി
42 കലുങ്ക്മുക്ക് – കൊട്ടിയം ആശുപത്രി റോഡ്
43 പുല്ലിച്ചിറ കോൺവെന്റ് റോഡ്
44 മൃഗാശുപത്രി – കിഴക്ക്
45 കണ്ടച്ചിറ – പറന്തി
46 പട്ടർമുക്ക് – നെറ്റിക്കുഴി
47 S.N. Junction - മൈത്രി ജംഗ്ഷൻ
48 ലക്ഷംവീട് – കല്ലുകുഴി
49 കല്ലുകുഴി – മാടൻ ക്ഷേത്രം
50 കടമ്പാട്ട് മുക്ക് – പന്നിമൻ ഏലാ
51 മുണ്ടുച്ചിറ – മൈലാപ്പൂന്
52 കോട്ടമുറി വടക്ക്
53 വാഴപ്പള്ളി – പാർക്ക് മുക്ക്
54 പാർക്ക്മുക്ക – മുണ്ടുചിറ
55 മേവറം – വൈശ്യനഴികം
56 മേവറം – ലതാ കാഷ്യൂ ഫാക്ടറി റോഡ്
57 പാലമുക്ക് – കോയിപ്പുറത്ത്
58 പനവിള ലക്ഷംവീട് മദ്ധ്യേയുള്ള റോഡ്
59 കല്ലുവിള – കടമ്പാട്ടമുക്ക്
60 പട്ടർ മുക്ക് – ഉമയനല്ലൂർ ഏല
61 പട്ടർ മുക്ക് – ഹരിജൻ കോളനി – ഉമയനല്ലൂർ ഏല
62 പരക്കുളം – ഉമയനല്ലൂർ ഏലാ
63 മേവറം – പടനിലം കുഴിയിൽ കോളനി
64 കാഞ്ഞിരംവിള – പറയത്തുമുക്ക്
65 കൊച്ചുവിളമുക്ക് – മണ്ണാണിക്കുളം
66 പടി:പടനിലം – അടവിനഴികം
67 പതിരുവിള – പടി: പടനിലം
68 പതിരുവിള – തുണ്ടിൽ മുക്ക്
69 തുണ്ടിൽ മുക്ക് – ഉമയനല്ലൂർ ഏലാ

70 പടനിലം കോളനിക്ക് മദ്ധ്യേയുള്ള റോഡ്
71 പടനിലം കോളനി – തെക്കുവശമുള്ള റോഡ്
72 അയ്യനാടത്ത് – പടനിലം
73 അഞ്ചുകോയിയ്ക്കൽ – ഓലിക്കര
74 പറയത്ത് മുക്ക് – ഓലിക്കര
75 ശാർക്കരക്കുളം റോഡ്
76 മാതാംവിള – തെക്കെ തുണ്ടിൽ
77 പൂതക്കാട് – കൈപ്പുഴ
78 പടിയിൽ റോഡ്
79 അമ്മാച്ചൻ മുക്ക് – പുളിയത്ത് മുക്ക്
80 കൂട്ടിക്കട തുണ്ടത്തിൽ – കുഴിയിൽ പാലം
81 കണിച്ചേരി സ്ക്കൂൾ റോഡ്
82 മുള്ളിനോടം – ആറാട്ട് കുളം
83 അരിവാൾമുക്ക് – മുള്ളിതോടം
84 ആറാട്ട് കുളം – കവിത ജംഗ്ഷൻ
85 കൂട്ടിക്കട – മാർക്കറ്റ് – റെയിൽവേ ലൈൻ
86 കൂട്ടിക്കട
87 ചെട്ടിയാർ മുക്ക് – ഒറ്റയിൽ മുക്ക്
88 ഹൈസ്ക്കൂൾ മുക്ക് – ഒറ്റിയിൽ മുക്ക്
89 നടുവിലക്കര റേഷൻ കട – N.S.S. കരയോഗം – വാട്ടർ മുക്ക്
90 കുറ്റിക്കാട് ലക്ഷംവീടിന്റെ മുമ്പിലുള്ള റോഡ്
91 കുറ്റിക്കാട് പള്ളി – പള്ളിതൊടി
92 അക്കരത്തോട്ടം – കായൽവാരം
93 H.S. ഗ്രൗണ്ടിന് തെക്കോട്ടുള്ള റോഡ്
94 ആലയ്ക്കൽ കിഴക്ക് – കായൽ വാരം
95 മയ്യനാട് T. Exchange - കായൽ വാരം
96 വെയിലകത്ത് – പത്തിയം വിളാകം
97 വലിയവിള – കായൽവാരം
98 പുള്ളിയിൽ കാവ് – തിട്ടയിൽ വീട്
99 കൈതപ്പുഴ – ചിറ്റവിളാകം
100 കൈതപ്പുഴ – പതിനാറാം ഹരിജൻ കോളനി
101 പട്ടന്തയിൽ മുക്ക് – കോട്ടവിള
102 ധവളക്കുഴി – ചേലയഴികം
103 കാണാൻ തല – ഉമയനല്ലൂർ ഏലാ
104 കളരിവിളമുക്ക് – കാവുച്ചേരി കുളം
105 ജന്മംകുളം – കല്ലുംമൂട്
106 നല്ലുവിള – കല്ലുംമൂട് – കുളങ്ങര
107 ഗുരുനാഗപ്പൻകാവ് – കൂട്ടിൻമുക്ക്
108 കായാവിൻ മുക്ക് – മുസ്ലീം പള്ളിമുക്ക്
109 St. ജോർജ്ജ് പള്ളി – മുക്കം കുളങ്ങര റോഡ്
110 മാലിക്കഴികം – കായൽവാരം

111 പുത്തൻവീട് – ഫാത്തിമ റോഡ്
112 വാഴവിള – മൃഗാശുപത്രി റോഡ്
113 കടമ്പാട്ട് തെക്ക് – എണതോട് വാഴപ്പള്ളി
114 നെല്ലിവിള – കോട്ടയ്ക്കവയൽ
115 ഉമയനല്ലൂർ മുക്കംപള്ളി മുതൽ കുറ്റിവിള (വടക്കോട്ട്)
116 പോച്ചവിള മുക്ക് – തെയ്ക്കാവ് മുക്ക്
117 വിളയിൽ മുക്ക് പടിഞ്ഞാറോട്ട് – N.H. 47
118 ഉമയനല്ലൂർ കിഴക്ക് – മാടച്ചിറ
119 ഉമയനല്ലൂർ N.H. 47 - കാടാച്ചേരി മുക്ക്
120 കുറ്റിവിള K.I.P. ക്രോപ്പിംഗ് റോഡുമുതൽ പഞ്ചായത്ത് അതിർത്തിവരെ
121 ലക്ഷംവീട് – കിഴക്ക് – ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡ്
122 K.I.P. ക്വാർട്ടേഴ്സ് – കതയിൻ മുക്ക്
123 കല്ലുകുഴി – കിഴക്കേ വലിയവിള മുക്ക്
124 ഐയ്ക്കരഴികം – തെറ്റിക്കുഴി
125 വലിയവിള റോഡുമുതൽ വടക്കോട്ട് പൊറ്റപ്പുറം വഴി വിളക്കുമരം റോഡു വരെ
126 മയ്യനാട് H.S. മുതൽ വടക്കോട്ട് ഒറ്റിയിൽ മുക്കുവരെ

ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക്

1 വലിയവിള – ഇരവിപുരം വിളക്ക്മരം റോഡ്
2 ആലുംമൂട് – പന്നിമൻ – ഉമയനല്ലൂർ എസ്റ്റേറ്റ്
3 N.H. പട്ടരുമുക്ക് – തെറ്റിക്കുഴി പമ്പുഹൗസ് റോഡ്

ജില്ലാ പഞ്ചായത്തിലേയ്ക്ക്

1 ഉമയനല്ലൂർ ഏലാമുതൽ വടക്കോട്ട് ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ്
2 കല്ലുകുഴി – വലിയവിള മുക്ക്

ഡ്രെയിനേജുകൾ

1. താന്നിമുക്കിൽ നിന്നും കിഴക്കോട്ടുള്ള റോഡിൽ ഓടനിർമ്മാണം.
2. കാക്കോട്ടുമൂല കോയിക്കൽ മുക്കിൽ നിന്നും കിഴക്കോട്ട് കലുങ്ക് കെട്ടുക.
3. മല്ലശ്ശേരി മുക്കിൽ നിന്നും പടി: മുക്കളം കറങ്ങി കുളങ്ങര വഴി തെങ്ങഴികം മുക്കുവരെ ഓടനിർമ്മാണം.
4. തെക്കെപണയിൽ കലുങ്ക് നിർമ്മാണം.
5. ആക്കോലിൽ ആയിരം തെങ്ങ് പള്ളികളുടെ നടുവിലുള്ള റോഡിൽ ഓട.
6. പറന്തിത്തോട്, മുതുക്കുളത്തും കുഴിത്തോട് സൈഡ് കെട്ടുക.
7. മേവറം ബൈ പാസിന് വടക്ക് വശം പെരുങ്കുളം ഏലായിലേയ്ക്കുള്ള തോടിന്റെ സൈഡ് കെട്ടുക.
8. ഉമയനല്ലൂർ ജംഗ്ഷനിൽ N.H.-ൽ ഓട നിർമ്മിക്കുക.
9. മണ്ണാണികുളം കോളനിയിലെ വെള്ളക്കെട്ട് ഒഴിവാക്കുവാൻ ഓടിനിർമ്മിച്ച് കവറിംഗ് സ്ലാബ് ഇടുക.
10. വാഴപ്പള്ളി ഭാഗത്തുനിന്നും കിഴക്കോട്ട് മണ്ണാണിക്കുളം ഭാഗം വരെയുള്ള റോഡിൽ ഓട നിർമ്മിച്ച് സ്ലാബ് ഇടുക.
11. കൂട്ടിക്കട കിഴക്ക് കലുങ്ക് മുതൽ വടക്കോട്ട് പാതനിർമ്മാണം

12. വെള്ളാപ്പിൻമുക്ക് – തെക്കോട്ട് കല്ലറതോട് – ഓട
13. കൂട്ടിൽ വടക്ക് മുക്ക് – കോട്ടയ്ക്കവയൽ ഓടനിർമ്മിച്ച് കവറിംഗ് സ്ലാബ് ഇടുക.
14. ഉപ്പുട്ടിൻവടക്ക് വശം – ഏലാവയൽ
15. പുല്ലച്ചിറ പള്ളിവടക്ക് വശം – C.S. -ലേയ്ക്കുള്ള വഴി – ഓട.
16. കുഴിത്തടിക്കുളം – കോയിയ്ക്കൽ തൊടി – കാവടി വയൽ – ചാണയിൽ

പുതിയ റോഡുകൾ

1. ആലുംമൂടിന് തെക്കോട്ട് – പണയിൽ വയൽ വഴി മുക്കുളം – കുളങ്ങര മുക്ക്.
2. പറയത്തുമുക്ക് – ഓലിക്കര – മേവറം ബൈപാസ്സിൽ എത്തുന്ന റോഡ്.
3. പുതക്കാട്ട് പുളിയത്ത് മുക്ക് – കൈപ്പുഴ തോട് വഴി കുളങ്ങര മുക്ക്.
4. കൊട്ടിയം വടക്ക് വശം റോഡിൽ നിന്നും K.I.P. ക്വാർട്ടേഴ്സ് വരെയുള്ള പഞ്ചായത്ത് ബോർഡറിൽ പുതിയ റോഡ് നിർമ്മിക്കുക.
5. മുക്കം ട്രാൻസ്ഫോർമർ (കാവടിയിൽ നിന്നും പടിഞ്ഞാറോട്ട് കായൽ വാരം വരെയുള്ള റോഡ്)
6. കുറ്റിക്കാട്ട് കയർഫാക്ടറി – നല്ലുവിള വഴി – കല്ലുംമൂട് – മുക്കം – കുളങ്ങര റോഡ്.
7. കുളങ്ങര – കാട്ടിൽ – കുഴുത്തടികുളം.
8. കാട്ടുംപുറം മുക്ക് – കുഴുത്തടി – മുക്കളം

ടാറിംഗ് – നിർദ്ദേശങ്ങൾ

1. മയ്യനാട് H.S. - കുറ്റിക്കാട്ട്
2. ശാസ്താംകോവിൽ – കൈപ്പുഴ
3. കാരിക്കുഴി ഈസ്റ്റ് – ഞാറയിൽ
4. ഓട്ട്പുര – മയ്യനാട് മാർക്കറ്റ്.
5. ശാസ്താംകോവിൽ – കാരിക്കുഴി
6. ജന്മംകുളം – കുറ്റിക്കാട്ട് റോഡ്
7. കുറവന്റെഴികം റോഡ്
8. കല്ലുംമൂട് – കുഴിത്തടിക്കുളം – മാടൻവിള
9. കോരുവിള മുക്ക് – റെയിൽവേ ലൈൻ
10. പുളിമൂട് – കല്ലുംമൂട്
11. കല്ലുംമൂട്ടിൽ – മുക്കം
12. ആശുപത്രി മുക്ക് – വടക്കോട്ട്
13. പുല്ലാൻകുഴി – കുന്നുവിള
14. മുക്കട – M.L.A. റോഡ്
15. E.S.I. - പുല്ലാൻകുഴി
16. പട്ടർമുക്ക് – കോച്ചഴികം നടുവിലക്കര റോഡ്
17. ലൂഷ്യസ് പാർക്ക് റോഡ്
18. പുല്ലിച്ചിറ കോൺവെന്റ് റോഡ് – കായൽക്കടവ്
19. മുണ്ടുചിറ – കോട്ടമുറി
20. വാഴപ്പള്ളി സ്ക്കൂൾ – പന്നിമൻ പാർക്ക്

21. കടമ്പാട്ടുമുക്ക് – പന്നിമൻ ഏലാ.
22. ഉമയനല്ലൂർ – ഫാക്ടറി – പട്ടർ മുക്ക്
23. ഉമയനല്ലൂർ ഏലാ – കടമ്പാട്ട് മുക്ക്
24. പാലമുക്ക് – തുണ്ടിൽ മുക്ക്
25. പടി: പടനിലം – അടവിനഴികം
26. വതിരുവിള – പടി: പടനിലം
27. കാഞ്ഞിരം വിള – പറയത്തുമുക്ക്
28. ആലപ്പുര – അംബേദ്ക്കർ കോളനി
29. മുള്ളിത്തോടം – പീഠികമുക്ക്
30. കൂട്ടിക്കട L.P.S. - റെയിൽവേ ലൈൻ
31. ആലുംമൂട് ഷാപ്പ്മുക്ക് – പടി: കരുവാൻ കുഴി
32. തച്ചന്റെഴികം – പുത്തൂർ മുക്ക്
33. ആലുംമൂട് L.P.S. - കുഞ്ഞന്റഴികം
34. കവിതാതിയേറ്റർ – ആറാട്ട് കുളം
35. തെക്കെപിള്ള വീട് – ശാസ്താംകോവിൽ റോഡ്
36. തോട്ട്കര – ആശുപത്രി
37. വെള്ളമണൽ – അല്ലമ്മഴികം റോഡ്
38. ചേരൂർ മുക്ക് – N.S.S. മുക്ക്
39. പിള്ളവീട് – ശാസ്താംകോവിൽ
40. തോട്ടുകര – ഗവ: ആശുപത്രിമുക്ക്.

പാലങ്ങൾ

1. താന്നിപാലം പണി പൂർത്തീകരിക്കുക.
2. കൈതപ്പുഴ തോടിന് കുറുകെ പാലം നിർമ്മിക്കുക.
3. മയ്യനാട്–പരവൂർ കായൽ പാലം പണിയുക.

ഓവർ ബ്രിഡ്ജ്

1. മയ്യനാട് റെയിൽവേ ക്രോസ്സിംഗിൽ
2. കൂട്ടിക്കട റെയിൽവേ ക്രോസ്സിംഗിൽ
3. കുളങ്ങര റെയിൽവേ ക്രോസ്സിംഗിൽ

ലെവൽ ക്രോസ്സിംഗ്

1. പുളിയത്ത് മുക്ക്

കടത്ത്

മുക്കം കടത്തിൽ പഞ്ചായത്ത് സ്വന്തമായി വള്ളം വാങ്ങി കടത്ത് നടത്തുക.

വണ്ടിത്താവളം

മയ്യനാട്, കൂട്ടികട, കൊട്ടിയം, തട്ടാമല

ബസ്സ്റ്റാൻഡ്

കൊട്ടിയം, ഉമയനല്ലൂർ, മയ്യനാട്.

വാർത്താവിനിമയം

ടെലഫോൺ :

മയ്യനാട്, കൊട്ടിയം ടെലഫോൺ എക്സ്ചേഞ്ചുകൾ പഞ്ചായത്തിന്റെ ഏരിയായിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ പരിധിയിൽ 2,000- ത്തോളം കണക്ഷനുകൾ നിലവിലുണ്ട്.

പോസ്റ്റ് ഓഫീസുകൾ :

മയ്യനാട്, കൂട്ടിക്കട, പുല്ലിച്ചിറ, കാക്കോട്ടുമൂല എന്നിവ പഞ്ചായത്ത് അതിർത്തിയിലും, തട്ടാമല, കൊട്ടിയം, ഉമയനെല്ലൂർ എന്നീ പോസ്റ്റാഫീസുകളുടെ അധികാരപരിധി നമ്മുടെ പഞ്ചായത്തിലും നിലവിലുണ്ട്. കൂട്ടിക്കട പോസ്റ്റാഫീസ് സബ് പോസ്റ്റാഫീസായി ഉയർത്തുക.

മാർക്കറ്റ്

പൊതുമാർക്കറ്റുകൾ

കൂട്ടിക്കട, മയ്യനാട്, പടനിലം

നിർദ്ദേശം

പൊതുമാർക്കറ്റുകളിൽ പിരിവിന്റെ പരസ്യപലക സ്ഥാപിക്കുക.

ഊർജ്ജം

ആമുഖം

മയ്യനാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വൈദ്യുതി വിതരണം നടത്തുന്നത് മയ്യനാട് കൊട്ടിയം പള്ളിമുക്ക് എന്നീ മൂന്ന് വൈദ്യുതി ഓഫീസുകളുടെ നിയന്ത്രണത്തിലാണ്. 1952-ൽ മയ്യനാട്ടും 1964-ൽ കൊട്ടിയത്തും 1970-ന് ശേഷം പള്ളിമുക്കിലും പുതിയ ഓഫീസുകൾ നിലവിൽ വന്നു. ഒരു ഓവർസിയർ ഓഫീസ് ആയിട്ടായിരുന്നു മയ്യനാട് തുടക്കം കുറിച്ചതെങ്കിലും 1.11.1970 മുതൽ ഇവിടം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു.

പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലഭിക്കുന്നതിന് മുൻപു തന്നെ തെരുവുവിളക്കുകൾ സ്ഥാപിച്ചിരുന്നതിന് ഇന്ധനമായി ഉപയോഗിച്ചിരുന്നത് മണ്ണെണ്ണയായിരുന്നു. ഇപ്പോൾ പഞ്ചായത്ത് പരിധിയിൽ വിവിധ തരത്തിൽപ്പെട്ട 1240 തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

സ്ഥിതിവിവര കണക്കുകൾ

വിതരണ രംഗം

മയ്യനാട് സെക്ഷനാഫീസിന്റെ നിയന്ത്രണത്തിൽ 3070 KVA പ്രസരണശക്തിയുള്ള 26 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം കൊല്ലം അയത്തിൽ സബ്സ്റ്റേഷനിൽ നിന്നും വ്യത്യസ്തമായ മൂന്നുഫീഡറുകൾ വഴിയാണ് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. കൊട്ടിയം സെക്ഷനാഫീസിന്റെ നിയന്ത്രണത്തിൽ 1450 KVA പ്രസരണശക്തിയുള്ള 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനും കൊല്ലം അയത്തിൽ സബ്സ്റ്റേഷനിൽ നിന്നുമാണ് വൈദ്യുതി ലഭിക്കുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ കുണ്ടറയിൽ നിന്നും ഉള്ള ഫീഡറിലേയ്ക്ക് മാറ്റാനുള്ള സംവിധാനവും ഉണ്ട്. പള്ളിമുക്ക് സെക്ഷൻ ഓഫീസിന്റെ നിയന്ത്രണത്തിൽ 200 KVA പ്രസരണശക്തിയുള്ള രണ്ട് ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവയ്ക്കും കൊല്ലം അയത്തിൽ സബ്സ്റ്റേഷനിൽ നിന്നുമാണ് വൈദ്യുതി ലഭിക്കുന്നത്.

വൈദ്യുതീകരണം :

പഞ്ചായത്തിലെ 85% വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. S.C./S.T. കേന്ദ്രങ്ങളിൽ പൂർണ്ണമായും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ നല്കുവാൻ കഴിഞ്ഞിട്ടില്ല. മൂന്നുസെക്ഷനുകളുടെ പരിധിയിൽപെടുന്ന മേൽപറഞ്ഞ മേഖലകളിൽ ആവശ്യമായ എഗ്രിമെന്റുകൾ വച്ച് C.D. അടച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.

വൈദ്യുതി ഉപഭോഗം

വീട്ടാവശ്യങ്ങൾക്ക്	– 75%
വ്യവസായം	– 8%
കൃഷി	– 2%
ഗാർഹികം	– 15%

തെരുവുവിളക്കുകൾ

ആകെ എണ്ണം – 1240

ഇനംതിരിച്ചുള്ള കണക്കുകൾ

സാധാരണ ബൾബുകൾ	– 40 W	- 731
Do	- 60 W	- 219
Do	- 100 W	- 50
		1000.00
ട്യൂബ് ലൈറ്റുകൾ	– 80 W	- 207
മെർക്കുറി വേപ്പർ ലാമ്പ്	– 125 W	- 22
	– 80 W	- 11
	ആകെ	– 1240

പ്രതിമാസ വൈദ്യുതി ചാർജ്ജ്
ഇനത്തിൽ പഞ്ചായത്ത് നല്കുന്ന തുക – 22,188.00 രൂപാ.

വൈദ്യുതി രംഗത്ത് പഞ്ചായത്തിൽ അനുവപ്പെടുന്ന ബുദ്ധിമുട്ടുകൾ

1. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. കാക്കോട്ട മൂല പള്ളിയുടെ തെക്കുവശം, റെയിൽവേ ലൈനിന് പടിഞ്ഞാറുവശം കോടിയിൽ ഭാഗം, നടുവിലക്കര ചരുവിൽ (കുന്നുവിള) പന്നിമൺ എന്നീ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും ഉണ്ടായ അമിതമായ വർദ്ധനവും ട്രാൻസ്ഫോർമറുകളുടെ ശേഷിക്കുറവും മൂലമാണ് ഇത് സംഭവിച്ചിട്ടുള്ളത്.

പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്ത് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി വിതരണം സുഗമമായി ലഭിക്കുന്നതിനും താഴെപറയുന്ന പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. കൊട്ടിയം സബ്സ്റ്റേഷന്റെ പണി എത്രയും വേഗം പൂർത്തിയാക്കി മയ്യനാട് ഭാഗത്തേയ്ക്ക് രണ്ട് സ്വതന്ത്ര 11 K.V. ഫീഡറുകൾ സ്ഥാപിക്കുക.
2. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുക. ഇതിന് അനുയോജ്യമായ സ്ഥലങ്ങൾ താന്നി, പത്തായക്കോടി, കോട്ടമുറി എന്നിവയാണ്.
3. വീടുകളിലേയും കടകളിലേയും നിലവിലുള്ള കണക്ടഡ് ലോഡ് വൈദ്യുതി ബോർഡിന്റെ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ, യഥാർത്ഥത്തിൽ, വളരെ കൂടുതലാണ്. ഇതുമൂലം ബോർഡിന് ലഭിക്കേണ്ട നല്ലൊരു തുക നഷ്ടമാകുന്നു. വോൾട്ടേജ് ക്ഷാമത്തിനെപ്പറ്റി ആധികാരികമായ കണക്ക് നിജപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു.
4. ഏകദേശം 2% മീറ്ററുകൾ കേടായവയാണ്. യഥാസമയം അവ മാറ്റിസ്ഥാപിക്കുക.
5. സ്വകാര്യ വ്യക്തികൾക്ക് സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് വായ്പ അനുവദിക്കുക.
6. വാണിജ്യ സ്ഥാപനങ്ങൾ വൈകിട്ട് 8 മണിക്കുശേഷം തുറന്ന് പ്രവർത്തിക്കാതിരിക്കുക.
7. വൈദ്യുതലൈനുകളിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ ജനകീയ പങ്കാളിത്തത്തോടെ മുറിച്ചുനീക്കി പ്രസരണനഷ്ടം ഒഴിവാക്കുക.
8. കാർഷിക മേഖലയ്ക്ക് നൽകുന്ന വൈദ്യുതിയുടെ നിരക്ക് സൗജന്യമാക്കുക.
9. അപ്രഖ്യാപിത പവർകട്ട് ഒഴിവാക്കുക.
10. ഊർജ്ജലാഭം ഉള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കുക.
11. വൈദ്യുതി ഉപയോഗം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുവാൻ സെമിനാറുകളും പ്രചരണ മാർഗ്ഗങ്ങളും സംഘടിപ്പിക്കുക.
12. തെരുവ് വിളക്കുകൾ അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ സ്ഥാപിക്കുക.

പ്രതീക്ഷിക്കുന്ന വൈദ്യുതി ഉപയോഗം

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഉപയോഗത്തിന്റെ 10% വർദ്ധനവ് ഓരോ വർഷവും ഉണ്ടാകും. തെരുവ് വിളക്കുകൾക്ക് 5% വർദ്ധനവ് ഉണ്ടാകും.

മറ്റ് ഊർജ്ജ വസ്തുക്കൾ

വൈദ്യുതി കഴിഞ്ഞാൽ പ്രധാനമായും ഉപയോഗിക്കുന്നത് മണ്ണെണ്ണ, വിറക്, പെട്രോൾ, ഡീസൽ, പാചക ഗ്യാസ് എന്നിവയാണ്. ബയോഗ്യാസ് നാമമാത്രമാണ്. ബയോഗ്യാസിന്റെ സബ്സിഡി നിരക്ക് 50% ആക്കി ഉയർത്തി ബയോഗ്യാസിന്റെ പ്രചരണം വർദ്ധിപ്പിക്കുക.

പാചക ഇന്ധനം

പഞ്ചായത്തിലെ പാചക ആവശ്യത്തിന് പ്രധാനമായും ആശ്രയിക്കുന്നത് വിറകിനേയും മണ്ണെണ്ണയെയുമാണ്. ആകെ വീടുകളുടെ 10% മാത്രമെ പാചക വാതകം ഉപയോഗിക്കുന്നുള്ളൂ. മണ്ണെണ്ണയുടെ ദൗർലഭ്യവും വിറകിന്റെ വർദ്ധിച്ചവിലയും ഉപഭോക്താക്കളെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

ഉപഭോഗം

ഗ്യാസ് – 10%
മണ്ണെണ്ണ – 20%
വിറക് – 70%


ഇന്ധനലാഭം

1. വിറക് ഉപയോഗിക്കുമ്പോൾ മെച്ചപ്പെട്ട ദക്ഷതയേറിയ അടുപ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കണം, പ്രചരിപ്പിക്കണം.
2. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ദക്ഷതയേറിയ ഉപകരണങ്ങൾ പ്രചരിപ്പിക്കൽ.
3. വിറകുല്പാദനം വർദ്ധിപ്പിക്കാൻ സാമൂഹ്യവത്ക്കരണം ത്വരിതപ്പെടുത്തുക.

നിർദ്ദേശം

മയ്യനാട് പഞ്ചായത്ത് ഇപ്പോൾ പാചക വിതരണം ചെയ്യുന്ന ഏജൻസികളുടെ പരിധിയിൽ വരാത്തതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ കൊട്ടിയം കേന്ദ്രമാക്കി ഒരു പാചകവാതക വിതരണ ഏജൻസി ആരംഭിക്കണം.

പാർപ്പിടം - സാമൂഹ്യക്ഷേമം



ആമുഖം

വികേന്ദ്രീകൃത ജനകീയാസൂത്രണം 9-ാം പദ്ധതിയിൽ സമ്പൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കി പദ്ധതിവിഹിതം ചോർന്നു പോകാതെ മുൻഗണനാക്രമം നിശ്ചയിക്കലാണ് ലക്ഷ്യം. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പാർപ്പിടം, തൊഴിൽ, ക്ഷേമം എന്നിവയ്ക്കാണ് പ്രാധാന്യം. ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ. ജീവിതത്തിലെ ക്ഷേമ ഐശ്വര്യങ്ങൾ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. നിർഭയത്തോടുകൂടിയുള്ള ഒരു സംതൃപ്ത ജീവിതം സാമൂഹിക ക്ഷേമം ഉറപ്പുവരുത്തിയാൽ കരഗതമാകും എന്ന വസ്തുത അവിതർക്കിതമാണ്. വർദ്ധിച്ച മനുഷ്യാവശ്യങ്ങൾ, പരിമിതമായ ലഭ്യത വച്ചുനോക്കുമ്പോൾ ആസൂത്രണത്തിന്റെ പ്രസക്തിയേറുന്നു.

മയ്യനാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഗൃഹനിർമ്മാണം പ്രാചീന വാസ്തുവിദ്യയും നവീന സാങ്കേതിക വിദ്യയുമായി സമന്വയിപ്പിച്ചിരിക്കുന്നു. നാലുകെട്ടും അറപ്പുരയും നടുമുറ്റവും പടിപ്പുരയും ഉള്ള വീടുകൾ പഴയ കൂട്ടുകുടുംബ വ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാന്തരത്തിൽ കുടുംബവ്യവസ്ഥയിലും ജീവിത രീതിയിലും സാമ്പത്തിക രംഗത്തുവന്ന മാറ്റങ്ങൾ നാലുകെട്ടുകളിലും ഉണ്ടായി. ഭാഗം വച്ച് പിരിഞ്ഞ തറവാടിന്റെ സ്ഥാനത്ത് നവീനരീതിയിലും പാശ്ചാത്യമാതൃകയിലും ഉള്ള വീടുകൾ സ്ഥാനം പിടിച്ചു.

ഒരു വീട് ഉടമസ്ഥന്റെ സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക നില വ്യക്തമാക്കുന്നവയാണ്. പ്രധാനമായും സാമ്പത്തിക നില. കുടിൽ മുതൽ രണ്ടുനില വരെ വലിപ്പമുള്ള വീടുകൾ ഏതാണ്ട് 20 ചതുരശ്ര അടിമുതൽ 2000 ചതുരശ്ര വിസ്തൃതിയുള്ളവയാണ് ഈ പഞ്ചായത്തിലുള്ളത്. എങ്കിലും കയറിക്കിടക്കാൻ ഒരു കൂര പോലുമില്ലാത്ത അനവധി മനുഷ്യജീവികൾ ഒരത്താണി തേടി വിഷമിക്കുകയും ചെയ്യുന്നുണ്ട്.

ചരിത്രം

ഭവനനിർമ്മാണം പ്രാദേശിക കാലാവസ്ഥയ്ക്കനുസരിച്ചായിരിക്കണം. വാസ്തുവിദ്യയുടെ പ്രമാണവാക്യമാണിത്. ഇപ്രകാരം അറിയപ്പെടുന്ന മയ്യനാട്ടിലെ പ്രാചീന വീടിന് ഒന്നേകാൽ നൂറ്റാണ്ട് പഴക്കമുണ്ട്. ഉമയനല്ലൂർ, മയ്യനാട്, മുക്കം എന്നീ ഭാഗങ്ങളിൽ ഓരോ വീടുകളും ചിലതിന്റെ ചെറുഭാഗങ്ങളുമായി ഇപ്പോഴുണ്ട്. വീട്ടിൽ വെളിച്ചവും വായുവും കടക്കാത്ത നിലയിലും അന്തരീക്ഷ താപനില നിയന്ത്രിക്കത്ത രീതിയിലും ആണ് ഇത്തരം വീടുകളുടെ നിർമ്മിതി. അടിത്തറ വലിയ വെട്ടുകല്ലുകൾ ഉപയോഗിച്ചുള്ളതും മതിലുകൾ വെട്ടുകല്ലും ചെളിയും മൺകട്ടകളും കൊണ്ട് കെട്ടിയതും കുമ്മായം പൂശിയവയും കട്ടിളകളും വാതിലുകളും ജനാലകളും തേമ്പാവ്, പ്ലാവ്, തേക്ക്, തെങ്ങ്, ആഞ്ഞിലി തുടങ്ങിയ തടികൾ കൊണ്ട് നിർമ്മിച്ചവയും മേൽക്കൂരകൾ തട്ടടിച്ച് ഓല മേഞ്ഞവയും ആയിരുന്നു പഴയകാല വീടുകൾ.

എഴുപത് -എൺപത് വർഷങ്ങളുടെ പഴക്കമുണ്ട് ഓടുകളുടെ വരവിന്. എന്നാൽ കോൺക്രീറ്റ്

ഫ്ലാറ്റ് മേൽക്കൂരകൾ ഉണ്ടായിട്ട് അരനൂറ്റാണ്ടായിട്ടുണ്ട്.

നിലവിലുള്ള വീടുകളുടെ സ്ഥിതി

1721.83 ഹെക്ടർ വിസ്തീർണ്ണമുള്ള മയ്യനാട് പഞ്ചായത്തിലെ 14 വാർഡുകളിലെ പാർപ്പിട സ്ഥിതി സമ്മിശ്രമാണ്. സർക്കാർ ജീവനക്കാരും വിദേശത്ത് പണിയെടുക്കുന്ന ആളുകളും അധിവസിക്കുന്ന മയ്യനാട്, പുല്ലിച്ചിറ, കാക്കോട്ടുമൂല പ്രദേശങ്ങളിൽ ഉന്നത ജീവിത സൗകര്യം പുലർത്തുന്ന കെട്ടിടങ്ങൾ ഉണ്ട്. മറ്റിടങ്ങളിൽ ഇടത്തരം വീടുകളും, തീരദേശത്ത് കുടിലുകളും, ഹരിജനങ്ങളും ദുർബല വിഭാഗങ്ങളും ഉള്ളിടത്ത് കൊച്ചു വീടുകളും ഉണ്ട്. ആഡംബരം വെളിവാക്കുന്ന ഏതാനും വീടുകൾ ചില വാർഡുകളിലായി ഉണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ലക്ഷക്കണക്കിന് രൂപ മുടക്കി മാർബിൾ ഭിത്തികൾ കെട്ടി ടൈൽസ് പാകി കെട്ടി ഉയർത്തുന്ന കെട്ടിടസംസ്ക്കാരം തല ഉയർത്തിത്തുടങ്ങിയിരിക്കുന്നു.

മയ്യനാട് പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിന് തടസ്സമുണ്ടാക്കുന്ന നിയമങ്ങൾ നടപ്പാക്കിയിട്ടില്ല. സാമ്പത്തിക ശേഷി ഉള്ളവരും കൊച്ചു പുതിയ കുടുംബങ്ങളും ഗൃഹനിർമ്മാണത്തിലാണ്. രണ്ടുമൂന്ന് വർഷങ്ങളിലായി കെട്ടിട നിർമ്മാണത്തിന്റെ എണ്ണത്തിൽ വർദ്ധനവ് ധാരാളമാണ്. 1980-90 കാലയളവിൽ ഉണ്ടായ വീടുകളുടെ അത്ര എണ്ണം 90-95 കാലയളവിൽ ഈ പഞ്ചായത്തിലുണ്ട്.

കോളനി പ്രദേശങ്ങളിലും വയൽ നികത്തി വീടുവയ്ക്കുന്ന ഭാഗത്തും സർക്കാർ ദുർബല വിഭാഗങ്ങൾക്കായി അനുവദിച്ചു നൽകിയിട്ടുള്ള വീടുകൾ ഓടുമേഞ്ഞവയാണ്. കോൺക്രീറ്റ് മേൽക്കൂരകൾ ഇപ്പോൾ ധാരാളമാണെങ്കിലും ചരിഞ്ഞ മേൽക്കൂരയും ഓടുപാകി ചൂട് നിയന്ത്രിക്കുന്നവയുമാണ്.

ഗൾഫ് നാടുകളിൽ ജോലിചെയ്തുകിട്ടുന്ന തുക ഉപയോഗിച്ച് സ്വന്തം നാട്ടിൽ സങ്കല്പത്തിനനുസരിച്ച് വീടുപണിയുന്നവരുടെ എണ്ണം ഇപ്പോൾ കുറഞ്ഞുവരുന്നു. സ്വയം അദ്ധ്വാനിച്ച് സമ്പത്ത് ശേഖരിച്ച് വീട് നിർമ്മിക്കാൻ വർദ്ധിച്ച അസംസ്കൃത വിലയും കൂലിച്ചെലവും സാധാരണക്കാർക്ക് സാധിക്കാതായിരിക്കുന്നു. സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഭവനനിർമ്മാണ വായ്പ ലഭിക്കുമെങ്കിലും മയ്യനാട്ട് ഭവന നിർമ്മാണത്തിന് മാത്രമായി വായ്പ നൽകുന്ന ഒരു പണമിടപാട് സ്ഥാപനമോ സർക്കാർ ഏജൻസിയോ പ്രവർത്തിക്കുന്നില്ല. L.I.C., ഹൗസിംഗ് ബോർഡ്, ഡിപ്പാർട്ടമെന്റ് ഹൗസിങ്ങ് ലോൺ എന്നിവയിലൂടെ വായ്പ ലഭ്യമാക്കി നിർമ്മിച്ചിട്ടുള്ള ഏതാനും വീടുകളുണ്ട്.

ഭവന നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം, വിലക്കയറ്റം, കൂലിചെലവ് ഇവ സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതായിരിക്കുന്നു. തമിഴുനാട്ടുകാരായ തൊഴിലാളികളും സ്വസ്ഥലവാസികളുമായി 1600-ഓളം തൊഴിലാളികൾ കെട്ടിട നിർമ്മാണത്തിലുണ്ട്. സാങ്കേതിക പരിജ്ഞാനം നേടിയ ഒട്ടേറെ സിവിൽ എഞ്ചിനീയർമാരുടെയും മറ്റും നേതൃത്വത്തിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ വീട് നിർമ്മാണം നടക്കുന്നുണ്ട്. ചെലവുകുറഞ്ഞ രീതിയിൽ നിർമ്മിതി കേന്ദ്രവും ചില വീടുകൾ മയ്യനാട്ട് നിർമ്മിച്ചുതുടങ്ങിയിട്ടുണ്ട്. മയ്യനാട് വില്ലേജ് ആഫീസ് കെട്ടിടം ഈ രീതിയിലുള്ളതാണ്.

വിവിധ പദ്ധതികൾ പ്രകാരം മയ്യനാട് ലഭിച്ചിട്ടുള്ള വീടുകളുടെ വിവരം

ബ്ലോക്കിൽ നിന്നും IAYA പദ്ധതി പ്രകാരം

വർഷം	ലക്ഷ്യം	പൂർത്തിയാക്കിയത്	പുരോഗമിച്ചത്
1992-93	7	9	8
93-94	5	11	6
94-95	4	4	6
95-96	19	11	6

J.R.Y. പ്രകാരം

വർഷം	വീടുകൾപൂർത്തിയാക്കിയത്	പ്രാഥമിക സൗകര്യം
92-93	6	ഇല്ല
93-94	13	3
94-95	5	ഇല്ല
95-96	42	ഇല്ല

M.W.S. ദുർബല വിഭാഗം

	പൂർത്തീകരിച്ചവ	പുരോഗമിക്കുന്നവ	ഉപയോഗം
92-93	9	8	5
93-94	20	3	3
94-95	3	7	3
95-96	8	3	5

വികസന അതോറിറ്റിയിൽ നിന്നും പഞ്ചായത്തിൽ നിന്നും ഭവന വായ്പ ലഭിച്ചവർ

	തുക	എണ്ണം
E.W.S. (ദുർബല വിഭാഗം)	19,500	12
L.I.G. (താഴ്ന്ന വരുമാനം)	42,000	9
M.I.G. (ഇടത്തര വരുമാനം)	10,00,00	3
H.I.G. (ഉയർന്ന വരുമാനം)	20,000	1

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം

1992	10,228
1993	10,506
1994	11,033
1995	11,177
1996	11,448

ഈ കെട്ടിടങ്ങളിൽ 214 ഒന്നിൽ കൂടുതൽ നിലകളുള്ളതും 3421 കോൺക്രീറ്റ് ചെയ്തവയും ഓട് മേഞ്ഞത് 4425 വീടുകളും, ഓലമേഞ്ഞ മേൽക്കൂരയുള്ളത് 2699 എണ്ണവും മറ്റുതരത്തിലുള്ള കുടിലുകൾ 343-ഉം ആണ്. വിവിധ ഭവന പദ്ധതികളിലൂടെ 349 വീടുകളും ഉണ്ട്.

കൂടാതെ 1969-ൽ കേരള സർക്കാർ ആവിഷ്ക്കരിച്ച ലക്ഷംവീട് പദ്ധതി പ്രകാരം 1970-ൽ പനവിള കോളനിയിൽ 20 വീടുകൾ നിർമ്മിച്ചു കൊടുത്തു കൊണ്ട് ദുർബലവിഭാഗങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കി തുടങ്ങി. ഈ പദ്ധതി പ്രകാരം 140 കുടുംബങ്ങൾക്ക് ഭവനങ്ങൾ നൽകിയെങ്കിലും അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കാത്തതിനാൽ പലതും പ്രതികൂല കാലാവസ്ഥയിൽ താമസിക്കാൻ സൗകര്യം ലഭിക്കാത്തതാകുന്നു. J.R.Y. പദ്ധതിയിൽ നിർമ്മിച്ച വീടുകളും താമസിക്കാൻ പറ്റിയ രീതിയിൽ അറ്റകുറ്റപണികൾ ചെയ്യാൻ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

സ്വന്തം ഉടമസ്ഥതയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ പതിനായിരത്തിനകമേ വരുന്നുള്ളൂ. ആയിരത്തിലധികം കുടുംബങ്ങൾ ഇപ്പോഴും വാടക വീടുകളിലാണ് പഞ്ചായത്തിന്റെ വിസ്തീർണ്ണം വച്ചുനോക്കിയാൽ ചതുരശ്രകിലോമീറ്ററിൽ 61 വീടുകളെ ഉള്ളൂ. രണ്ടു ചെറിയ ലോഡ്ജുകളും ഉണ്ട്.

ഭവന രഹിതരായ വികലാംഗർ 14 പേരുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നതും ഒരു പദ്ധതി പ്രകാരവും വീടുകൾ ലഭിച്ചിട്ടില്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. റൂറൽ ഹൗസിംഗ് സ്ക്കീം പ്രകാരം വീടില്ലാത്തവർക്ക് 4 സെന്റ് പുരയിടവും ഒരു വീടും നിർമ്മിച്ചു നൽകുന്നതിൽ അലോട്ട്മെന്റ് തുക അപര്യാപ്തമായതിനാൽ ഇപ്പോൾ ഈ പദ്ധതി ഇവിടെ നടക്കുന്നില്ല. ഗൃഹനിർമ്മാണത്തിന് പറ്റിയ പുരയിടങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും നിലവിലുള്ള ഗവൺമെന്റ് താരിഫ് വില കൂടുതലാണ്. പദ്ധതിയ്ക്കുള്ള തുക വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

റവന്യൂ കണക്കനുസരിച്ച് ഇവിടെ മിച്ചഭൂമിയും പുറമ്പോക്ക് വസ്തുവും ഇല്ല. എന്നാൽ റെയിൽവേ പുറമ്പോക്കായ കല്ലറാം തോട് കോളനി, കാക്കോട്ടുമൂല കോളനി എന്നിവിടങ്ങളിൽ താമസിക്കുന്നവരെ അടിയന്തിരമായി പുനഃരധിവസിപ്പിക്കേണ്ടിയിരിക്കുന്നു. 20 കുടുംബങ്ങൾ അനാഥരായി കഴിയുന്നു. പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാൻ

കഴിയാത്ത കോളനികൾ ഇപ്പോഴുമുണ്ടെന്നത് നമുക്ക് ഒരു തലവേദനയായിരിക്കുന്നു.

മയ്യനാട് പഞ്ചായത്തിൽ 1,4 വാർഡുകളിലായി ഏകദേശം 1 കിലോമീറ്റർ കടലോരമുണ്ട്. ഇവിടെ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് മത്സ്യഫെഡിൽ നിന്നോ ഫിഷറീസ് വകുപ്പിൽ നിന്നോ സഹായമോ വായ്പയോ ലഭിച്ചിട്ടില്ല. ഈ സഹായവും കാത്ത് കടൽക്ഷോഭത്തിൽ കൂടിലും നഷ്ടപ്പെട്ട് കഴിയുന്ന മത്സ്യത്തൊഴിലാളികൾ ഉണ്ട്. ഈ ഭാഗത്ത് ഉറപ്പുള്ള വീടുകളൊന്നുംതന്നെയില്ല. ഇവരുടെ പുന:രധിവാസത്തിന് ഒരു പദ്ധതിയും മയ്യനാട് പഞ്ചായത്തിലില്ല. സ്വന്തമായി വീടില്ലാതെ കൊച്ചുകൂരയിൽ ഞെരുങ്ങിക്കഴിയുന്ന നിരവധി കുടുംബങ്ങൾ കടലോരത്തുണ്ട്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പൊതുവായ ആവശ്യങ്ങൾ

1. ഇവിടെ 14 വാർഡുകളിലുമായി പൊതുവെ ഉയർന്ന ഒരാവശ്യം ദുർബലവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കണമെന്നതാണ്. ഓരോ വീടിനും ഓരോ കക്കൂസ് നിർമ്മിച്ചു നൽകണം.

2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വീടില്ലാത്തവർക്ക് സാമ്പത്തിക സഹായവും ദീർഘകാല വായ്പയും നൽകി വീടുകൾ നിർമ്മിക്കാൻ നടപടികൾ കൈക്കൊള്ളണം.

3. കെട്ടിട നിർമ്മാണ തൊഴിലാളി സഹായ സഹകരണസ്ഥാപനം തുടങ്ങണം.

4. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ച് കൂടെക്കൂടെ ആഫീസ് മാറുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് സ്വന്തമായ കെട്ടിടവും സ്ഥലവും ഉണ്ടാകണം.

5. ഇവിടെ സ്ലാട്ടർ ഹൗസുകൾ അത്യാവശ്യം സ്ഥാപിക്കണം.

6. പഞ്ചായത്തിൽ 1,2,3,4,5,7,14 വാർഡുകളിൽ ധാരാളം വീടുകൾ 2 മുതൽ 5 സെന്റുകളിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ ശവദാഹത്തിനുള്ള സൗകര്യമില്ല. അതിനാൽ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ആവശ്യമാണ്.

7. വിവിധ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക സഹായം എത്രയും വേഗം നൽകണം.

8. നൂറ് ചതുരശ്ര അടിയ്ക്ക് താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് പഞ്ചായത്ത് നികുതി ഏർപ്പെടുത്തരുത്.

9. പഞ്ചായത്തിന് നിലവിലുള്ളതിനുപുറമെ മറ്റ് പ്രധാന സ്ഥലങ്ങളിൽ ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിക്കേണ്ടതാണ്.

സാമൂഹിക ക്ഷേമം

വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികനില, സംസ്ക്കാരം എന്നിവയുമായി ബന്ധപ്പെട്ട ചിത്രമാണ് സാമൂഹിക ക്ഷേമത്തിനുള്ളത്. ഒരു വികസിത രാജ്യത്തോ, വികസിത സംസ്ഥാനത്തോ, മുൻസിപ്പൽ പഞ്ചായത്ത് പ്രദേശത്തോ ഇത് ഉയർന്നതായിരിക്കും. എന്നാൽ ഇന്ത്യയെ പോലെ ഒരു വികസ്വര രാജ്യത്ത് സാമൂഹിക ക്ഷേമപദ്ധതികൾക്ക് അനിവാര്യതയുണ്ട്.

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ ഏജൻസികളുടെ മേൽനോട്ടത്തിൽ ദുർബല ജനവിഭാഗങ്ങളെ മേൽപ്പറഞ്ഞ രംഗങ്ങളിൽ ഉയർത്തിയെങ്കിൽ മാത്രമെ സാമൂഹിക ക്ഷേമം കൈവരിക്കുകയുള്ളൂ. ഭാരതത്തിന്റെ വികാസം അതിന്റെ ഗ്രാമീണ ജനതയുടെ ക്ഷേമത്തിൽ അധിഷ്ഠിതമാണ്. ഗ്രാമം ദേശത്തിന്റെ കണ്ണാടിയാണ്. ഈ രീതിയിൽ ക്ഷേമപദ്ധതികൾക്ക് പ്രസക്തി ഏറുന്നു. ആബാലവൃദ്ധരുടേയും ക്ഷേമം ഇതാകട്ടെ നമ്മുടെ ലക്ഷ്യം.

മയ്യനാട് പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള വിവിധ സർക്കാർ പെൻഷനുകൾ 1991 മുതൽ 1996 വരെ

	പെൻഷൻ	അപേക്ഷ	അനുവദിച്ചത്	റിപ്പോർട്ടി നിയച്ചത്	ബാക്കി
1	വിധവാ പെൻഷൻ	98	29	38	21
2	വികലാംഗ "	59	14	45	-
3	വാർദ്ധ്യക്യകാലം	23	8	15	-
4	ക്ഷയരോഗി	74	28	46	
5	കുഷ്ഠരോഗി	5	1	4	-
6	ക്യാൻസർ	2	0	2	-
7	കർഷകത്തൊഴിലാളി	37	25	12	-
8	തൊഴിലില്ലായ്മ				
9	സ്വയംതൊഴിൽ	1309	1151	-	158

പ്രസവാനുകൂല്യം (ഒന്നും രണ്ടും പ്രസവങ്ങൾക്ക്) നൽകുന്ന പദ്ധതിപ്രകാരം സാമ്പത്തിക സഹായം നൽകാനുള്ള അപേക്ഷകൾ കൊടുത്തിട്ടുണ്ടെങ്കിലും അനുവദിച്ചുവന്നിട്ടില്ല.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നാളിതുവരെയുള്ള പദ്ധതികൾ പ്രയോജനപ്പെട്ടിട്ടില്ല. സാമ്പത്തിക മേഖലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, പദ്ധതികൾ പ്രാവർത്തികമാക്കുമ്പോഴുണ്ടാകുന്ന പാളിച്ചകൾ, അനർഹർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ഉദ്യോഗസ്ഥരുടെ താല്പര്യങ്ങൾ, സ്വജന പക്ഷപാതം തുടങ്ങിയ വിവിധ കാരണങ്ങളാൽ എല്ലാ വിഭാഗങ്ങളിലേയും അർഹർക്ക് ക്ഷേമം ലഭിക്കാതെ വരുന്നു.

വാർദ്ധക്യകാല പെൻഷനുകൾ സാങ്കേതിക നിയമ കുരുക്കിൽപെട്ട് അവർക്ക് ലഭിക്കാതെ പോകരുത്. കുടുംബ വ്യവസ്ഥയും ജീവിതരീതികളും മാറിയപ്പോൾ ആൺമക്കൾ വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കണമെന്ന പഴയ വിശ്വാസത്തിന് കോട്ടം തട്ടിയിട്ട് നാളുകളേറെയായി. സ്വന്തമായി ശേഷിയില്ലാതെ മക്കളാൽ അവഗണിക്കപ്പെട്ട് വാർദ്ധക്യത്തിലും രോഗത്തിലും പെട്ട് കഷ്ടപ്പെടുന്ന നിരവധി മനുഷ്യാത്മാക്കളുണ്ട്. അവരുടെ സംരക്ഷണം പഞ്ചായത്തിന്റെ ഒരു ലക്ഷ്യമാകണം. വൃദ്ധസദനങ്ങളുടെ പ്രസക്തി ഇവിടെയാണ്.

പലവിധകാരണങ്ങളാൽ വൈധവ്യം അനുഭവിക്കേണ്ടിവരുന്ന സ്ത്രീകൾ നമ്മുടെ സമൂഹത്തിലുണ്ട്. അവർക്കൊരു തൊഴിലും സംരക്ഷണവും ആവശ്യമല്ലേ. വിവാഹിതകളാകാൻ കഴിയാതെ മുടിച്ച ജീവിതം നയിക്കുന്ന ഒട്ടേറെ പെൺകുട്ടികൾ ഈ ഗ്രാമത്തിലുണ്ട്. സമൂഹ വിവാഹം ഈ പഞ്ചായത്തിൽ ഒരു സന്നദ്ധസംഘടനകളും നടത്തിയിട്ടില്ല. വനിതാ സംഘടനകളും ഈ രംഗത്തേയ്ക്ക് ചിന്തിച്ചിട്ടില്ലെന്നു തോന്നുന്നു. വനിതാക്ഷേമ പദ്ധതികളെക്കുറിച്ച് വിഭാവനചെയ്യുമ്പോൾ ഈ വസ്തുത ചിന്തിക്കുന്നത് നന്നായിരിക്കും.

അംഗനവാടി, ബാലവാടികൾ പോലതന്നെ വൃദ്ധാരാമങ്ങൾ നിർമ്മിക്കണം. സമൂഹത്തെ ദുഷിപ്പിക്കുന്ന മദ്യം, മയക്കുമരുന്ന്, മനോരോഗം തുടങ്ങിയവയ്ക്കടിമകളായ ധാരാളം യുവജനങ്ങൾ ഇവിടെയുണ്ട്. ഇവർ സമൂഹത്തിൽ പലരുടേയും പരിഹാസത്തിന് പാത്രമായി ജീവിതമില്ലാതെ നശിക്കുന്നു. ഇവരെ കണ്ടെത്തി അഭയം നൽകി ശുശ്രൂഷിച്ച് സമൂഹത്തിന് പ്രയോജനമുള്ളവരാക്കാൻ സ്നേഹ സദനങ്ങൾ നിർമ്മിക്കേണ്ടതാണ്.


ഭിക്ഷക്കാരുടെ എണ്ണവും സാന്നിധ്യവും ഈ പഞ്ചായത്തിൽ വളരെയേറെയുണ്ട്. അനാഥരും അഭയാർത്ഥികളുമായ ഈ ദേശവാസികളുടെ സംരക്ഷണം സാമൂഹിക ക്ഷേമ പ്രവർത്തനമാണ്. തൊഴിലാളികൾക്ക് ശക്തി ഉണ്ടെങ്കിലും അവശതയനുഭവിക്കുമ്പോൾ ജീവിക്കാൻ കടക്കെണിയിൽ നട്ടം തിരിയേണ്ടിവരുന്നവരാണധികം. സർക്കാർ ധനസഹായവും ശുശ്രൂഷയും അത്യാവശ്യമാണ്. വിവിധ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ അപേക്ഷകർക്ക് യഥാസമയം സഹായം വിതരണം ചെയ്യുന്നതാണ് ഏറ്റവും വലിയ സാമൂഹിക ക്ഷേമ പ്രവർത്തനം.

I.R.D.P. പദ്ധതിപ്രകാരം ലിസ്റ്റിലുള്ള കുടുംബങ്ങൾക്ക് യഥാസമയം വായ്പകൾ ലഭ്യമാക്കി സഹായം ചെയ്യാൻ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾക്ക് കടുത്ത നിർദ്ദേശം നൽകേണ്ടതാണ്.

മയ്യനാട് ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

1. മയ്യനാട് സി. കേശവൻ മെമ്മോറിയൽ ഗവ: ആശുപത്രി
2. വില്ലേജ് ആഫീസ്
3. K.S.E.B. ആഫീസ്, മയ്യനാട്
4. K.S.E.B. ആഫീസ്, കൊട്ടിയം
5. കൃഷിഭവൻ
6. വെറ്റിനറി ആശുപത്രി
7. റെയിൽവേസ്റ്റേഷൻ
8. E.S.I. ആശുപത്രി, കൊട്ടിയം
9. V.E.O. ആഫീസുകൾ
10. ടെലിഫോൺ എക്സ്ചേഞ്ച്
11. N.H. ബൈപാസ് സബ്ഡിവിഷൻ
12. K.I.P. ആഫീസുകൾ
13. പോസ്റ്റാഫീസ് – മയ്യനാട്, പുല്ലിച്ചിറ,
14. സബ് പോസ്റ്റാഫീസ് – കാക്കോട്ടുമൂല, കൂട്ടിക്കട.
15. മത്സ്യഫെഡ് ക്ഷേമനിധി ആഫീസ്.
16. കശുവണ്ടിതൊഴിലാളി ക്ഷേമനിധി ബോർഡ് ആഫീസ്.

സംസ്ക്കാരം



മയ്യനാടിന്റെ സാംസ്കാരിക ഈറ്റില്ലം ഉമയനല്ലൂർ ആയിരുന്നു. ശങ്കരാചാര്യർ മുതൽക്ക് ചാതുർവണ്യ വ്യവസ്ഥ നിലവിലില്ലാതിരുന്നപ്പോൾ കേരളീയർ എല്ലാം ബുദ്ധമതക്കാരായിരുന്നു. പതിമൂന്നാം നൂറ്റാണ്ടുവരെ തിരുവിതാം കൂറിലെ പ്രസിദ്ധമായ ബുദ്ധമത ക്ഷേത്രമായിരുന്നു ഉമയനല്ലൂർ. ബുദ്ധപ്രതിമ ഇപ്പോഴും ക്ഷേത്രത്തിനു മുൻപിലുണ്ട്.

സുബ്രമണ്യന്റെ പര്യായമാണല്ലോ 'ഉമയനൻ'. അതുകൊണ്ടാണ് ഉമയനന്റെ ഊർ ഉമയനല്ലൂർ എന്നായത്. പണ്ട് അരി ആഹാരം രാജാക്കൻമാർക്കും പ്രഭുക്കൻമാർക്കും മാത്രമായിരുന്നു. സാധാരണക്കാരക്ക് വിശേഷദിവസങ്ങളിൽ മാത്രം അരി ലഭിച്ചിരുന്നു. വരേണ്യവർഗ്ഗത്തിന്റെ അരി ആഹാരത്തിനായി ഉമയനല്ലൂർ ഏല നെൽകൃഷിയ്ക്കായി വികസിപ്പിച്ചെടുത്തു. ആ വിളവെടുപ്പുൽസവത്തോടൊപ്പം ഉമയനല്ലൂർ അമ്പലത്തിലെ ഉത്സവവും നടത്തിപ്പോരുന്നു. ദക്ഷിണ കേരളത്തിൽ ആനവാൽപ്പിടുത്തം ഉത്സവാചാരമായി നടത്തിപ്പോരുന്നത് ഉമയനല്ലൂർ ക്ഷേത്രത്തിൽ മാത്രമാണ്.

ചൈനാക്കാരുടെ സ്വാധീനത്തിൽ ആയിരുന്നു കൊല്ലം. പതിമൂന്നാം നൂറ്റാണ്ടോടെ അത് അറബികളുടെ ആധിപത്യത്തിലായി. അവരുടെ ലക്ഷ്യം കുരുമുളകായിരുന്നു. കൊല്ലത്തിനു കിഴക്കുള്ള വൃക്ഷനിബിഡമായ കുന്നിൻ പ്രദേശങ്ങളിൽ കുരുമുളക് സമൃദ്ധമായി വിളഞ്ഞിരുന്നു. കുരുമുളക് ശേഖരണത്തോടൊപ്പം മത പരിവർത്തനം കൂടി നടത്തിയിരുന്നു. പള്ളികളും സ്ഥാപിച്ചു. കൊല്ലം, തട്ടാമല മുസ്ലീം പള്ളികൾ ഇതിൽപ്പെടും.

1502-ൽ പോർട്ടുഗീസുകാർ കൊല്ലം തങ്കശ്ശേരിയിൽ കോട്ടകൾ പണിതു ആധിപത്യം നേടി. അവരുടേയും ലക്ഷ്യം കുരുമുളകും ഇഞ്ചിയുമായിരുന്നു. കൊല്ലം പെരുവഴിയിലൂടെ സഞ്ചരിച്ച അവർ ഇത്തിയ്ക്കര ആറിന്റെ തീരത്തുള്ള പുല്ലിച്ചിറയിൽ എത്തി. ഈ പ്രദേശത്ത് നിന്നും കാളവണ്ടിയിലൂടെയായിരുന്നു കുരുമുളകും ഇഞ്ചിയും തങ്കശ്ശേരിയിൽ എത്തിച്ചിരുന്നത്. വർഷത്തിൽ നീണ്ടകാലവും തുറന്ന് കിടന്നിരുന്ന പരവൂർ പൊഴിയിൽ കൂടി ഇത്തിയ്ക്കര ആറുവഴി വഞ്ചിയിൽ പിന്നീട് പുല്ലിച്ചിറയിൽ എത്തിയിരുന്നു. പുല്ലിച്ചിറ ഗോഡൗണിന് സമീപം പള്ളിയും സ്ഥാപിച്ചു. ഇവിടെയുള്ള ജോലിക്കാരേയും വിദേശത്തു നിന്നു കൊണ്ടുവന്നവരേയും മതപരിവർത്തനം ചെയ്യിച്ചു ക്രിസ്ത്യാനികളാക്കി. അവർക്ക് മതപഠനം നടത്തുന്നതിന് ജെസൂട്ട് പാതിരിമാരും എത്തി. കാക്കോട്ടു മൂലയിൽ മതപാഠശാലകളും മൺട്രോസായിപ്പിന്റെ സഹകരണത്തിൽ തിരുവിതാംകൂർ ഭരണകൂടത്തിന്റെ അംഗീകാരത്തോടെ ഒരു വിദ്യാലയവും സ്ഥാപിച്ചു. മയ്യനാട്ടെ ആദ്യവിദ്യാലയം കാതോട്ടുമൂലയിൽ ആയിരുന്നു.

പതിനെട്ടാം .നൂറ്റാണ്ടിൽ പ്രവാസികളായി എത്തിയവരായിരുന്നു ഇവിടത്തെ ഈഴവർ. ആലുവാ, ചെങ്ങന്നൂർ തുടങ്ങിയ വടക്കൻ പ്രദേ

ശത്ത് നിന്നുമാണ് അവർ എത്തിയത്. അവർ അക്ഷര വിദ്യയും കൃഷിയും വശമുള്ളവരായിരുന്നു. മയ്യനാട് ശാസ്താംകോവിൽ ഭാഗം ഇവരുടെ പ്രബലമായ സങ്കേതമായിരുന്നു എന്നു "കാസ്റ്റ് ആന്റ് ട്രൈബ്സ് ഇൻ സൗത്ത് ഇന്ത്യ" എന്ന പുസ്തകത്തിൽ പറയുന്നു.

നാടിന്റെ മുഖ്യ ധാരയിൽ നിന്നും അകറ്റി നിർത്തപ്പെട്ടിരുന്ന ഈഴവരാദി അവർണ്ണ വിഭാഗത്തിന്റെ അവകാശവാദങ്ങൾക്ക് വേണ്ടി നടത്തിയിട്ടുള്ള പോരാട്ടങ്ങളിൽ മയ്യനാട് എന്നും മുൻപന്തിയിലായിരുന്നു.

സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള അവകാശത്തിന് വേണ്ടി നടന്ന ചാന്നാൾ ലഹള, മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, സ്കൂൾ പ്രവേശനം, ക്ഷേത്ര പ്രവേശനം എന്നിവയ്ക്ക് വേണ്ടി നടന്ന സമരങ്ങളിലൊക്കെ ഇവിടുത്തെ ജനങ്ങൾ പങ്കാളികളായിരുന്നു.

ടി സമരങ്ങളുടെയൊക്കെ നേതൃനിരയിൽ നിലകൊണ്ടിരുന്ന ശ്രീ. സി. വി. കുഞ്ഞുരാമനും, ശ്രീ. സി. കേശവനും നാടിന്റെ അഭിമാനഭാജനങ്ങളാണ്. കേരള സാമൂഹ്യ ചരിത്രത്തിൽ കോളിളക്കം സൃഷ്ടിച്ച ശ്രീ. സി. കേശവന്റെ നേതൃത്വത്തിലുള്ള നിവർത്ത പ്രസ്ഥാനത്തിന്റെ അലകൾ മയ്യനാടിന്റെ നവോത്ഥാനത്തിന് വളരെയധികം സഹായിച്ചതായി കാണാം.

മയ്യനാടിന്റെ സാംസ്കാരിക പുരോഗതിക്ക് ചലനാത്മകത കൈവന്നത് 1895-ൽ വെളളമണൽ സ്കൂളിന്റെ സ്ഥാപനത്തോടുകൂടിയാണ്. ശ്രീ.സി.വി. കുഞ്ഞിരാമനായിരുന്നു ഈ സ്കൂളിന്റെ ആദ്യത്തെ പ്രഥമാദ്ധ്യാപകൻ. 1911-ൽ കേരളാകൗമുദി വാരികയായി മയ്യനാട്ട് നിന്നും പ്രസിദ്ധീകരിച്ചു. ശ്രീ. സി. വി. കുഞ്ഞുരാമനായിരുന്നു പത്രാധിപർ.

ഗ്രാമീണ ഗ്രന്ഥശാലകൾ ഗ്രാമീണ സർവ്വകലാശാലകളാണ്. ഗ്രാമങ്ങളിൽ സാംസ്കാരിക നവോത്ഥാനം ഉണ്ടാക്കിയത് സാംസ്കാരിക സമിതികളും ഗ്രന്ഥശാലകളുമായിരുന്നു. പുസ്തകം വായനക്കാരന്റെ മുന്നിൽ എത്തിച്ചുകൊടുക്കുന്ന ഒരു പ്രവർത്തന ശൈലിയായിരുന്നു ഗ്രന്ഥശാലാപ്രവർത്തകർ സ്വീകരിച്ചിരുന്നത്. 1927-ൽ കന്നിമ്മേൽ ശ്രീ.റ്റി.കെ. രാഘവൻ എന്ന അഭ്യുദയാകാംക്ഷി നൽകിയ 20 സെന്റ് സ്ഥലത്ത് വെൺപാലക്കരയിൽ സ്ഥാപിച്ച മയ്യനാട്ടെ ആദ്യ ഗ്രന്ഥശാലയായ 'ശാരദാ വിലാസിനി' മയ്യനാടിന്റെ സാംസ്കാരിക വളർച്ചയ്ക്ക് നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ന് ഇതിന് വെൺപാലക്കര മഹിളാസമാജം, ബാലവാടി, പൊതു T.V. കേന്ദ്രം എന്നിവയിലേക്ക് വ്യാപിച്ചു.

1941-ൽ സ്ഥാപിതമായ L.R.C മയ്യനാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കും സാംസ്കാരിക വികസനത്തിനും ഈടുറ്റ സംഭാവനകൾ നൽകി. ഇതിന്റെ ആദ്യകാല പ്രവർത്തകരുടെ ഫലമായാണ് മയ്യനാട്ടെ ആദ്യത്തെ മിഡ്വൈഫറി സെന്റർ, മയ്യനാട് ഗവ : ആശുപത്രി, വില്ലേജ് യൂണിയൻ, ടെലഗ്രാഫ് ഓഫീസ് എന്നിവ സ്ഥാപിക്കുന്നതിന് സഹായകമായത്. 1941-ൽ സ്ഥാപിക്കപ്പെട്ട ഉമയനല്ലൂർ K.K.V തീയേറ്റേഴ്സ് മയ്യനാടിന്റെ കലാരംഗത്ത് അദ്വിതീയ സ്ഥാനം വഹിച്ചിട്ടുണ്ട്. 1968-ൽ സ്ഥാപിച്ച "നവരംഗം കലാക്ഷേത്രം" കഥകളി, ശാസ്ത്രീയ സംഗീതം, ഭരതനാട്യം, മോഹിനിയാട്ടം മുതലായ കലകൾ ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്ന ജില്ലയിലെ ഏകസ്ഥാപനമാണ്.

സജീവമായൊരു കായിക സംസ്കാര പൈതൃകം മയ്യനാടിന് സ്വന്തമായുണ്ട്. 1946-ൽ ഫുട്ബോളിൽ മയ്യനാട് ഹൈസ്കൂളിലെ ടീം സംസ്ഥാനതലത്തിൽ ചാമ്പ്യനായി. 52, 53, 54 കാലഘട്ടങ്ങളിൽ സംസ്ഥാനകായികമേളയിൽ മയ്യനാട് ഹൈസ്കൂൾ ചാമ്പ്യൻഷിപ്പ് നേടിയിരുന്നു. ആ കാലഘട്ടത്തിൽ ചെസ്സിൽ പുരുഷ, വനിതാ ജില്ലാ ചാമ്പ്യന്മാരായിരുന്നു മയ്യനാട്. Mr. Kerala മത്സരത്തിൽ മയ്യനാട്ടിലെ പറയന്റഴികം സമ്മർവില്ലയിൽ കെ.സോമനാഥൻ 1952-മുതൽ നാലുവർഷം തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്തിയിരുന്നു. സന്തോഷ് ട്രോഫിയും മറ്റ് മത്സരങ്ങളിലും മയ്യനാട് ചരിത്രത്തിന്റെ ഭാഗമായിട്ടുണ്ട്.

കൊല്ലം, തിരുവനന്തപുരം പ്രദേശങ്ങളിലെ കലാലയങ്ങളുടെ ആവിർഭാവം മയ്യനാടിന്റെ വിദ്യാഭ്യാസ വളർച്ചയ്ക്ക് സംഭാവനകൾ നൽകി. വിദേശങ്ങളിൽ ജോലി തേടിപ്പോയവരുടെ സമ്പർക്കം മൂലം മയ്യനാടിന്റെ സമ്പത്തും സംസ്കാരവും വളർന്നു.

ഇപ്പോൾ 14 ഗ്രന്ഥശാലകളും, 17 വായനശാലകളും, 29 കലാകായികസമിതികളും, ഒരു കോളേജും, 2 ഹൈസ്കൂളുകളും, ഒരു യു.പി സ്കൂളും, 11 എൽ.പി. സ്കൂളുകളും, 8 കളിസ്ഥലങ്ങളും, 7 പൊതു TV കേന്ദ്രങ്ങളും, 3 സിനിമാശാലകളും, 2 ജിംനേഷ്യങ്ങളും കൊണ്ട് സമൃദ്ധവും, സജീവവുമാണ് മയ്യനാടിന്റെ സാംസ്കാരികരംഗം. 93% ജനങ്ങളും സാക്ഷരരാണ്.

ഇവിടുത്തെ ജനത ഹിന്ദു-മുസ്ലീം-ക്രിസ്തീയ വിഭാഗത്തിൽപെട്ടവരാണ്. ഈ ജനവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളും, ഉത്സവങ്ങളും, പെരുന്നാളും, നബിദിനാഘോഷങ്ങളും സമുചിതമായി അതാത് വിഭാഗക്കാർ മറ്റ് വിഭാഗങ്ങളുടെ സഹകരണത്തോടെ ആഘോഷിക്കും. മയ്യനാട് മതസൗഹാർദ്ദത്തിന് അടിത്തറയുള്ള ഒരു ഗ്രാമപഞ്ചായത്താണ്.

ഇന്ന് ഇവിടുത്തെ കലാകായിക-സാംസ്കാരിക രംഗങ്ങളിലെ ഊർജ്ജസ്വലത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കലാകായികസമിതികൾ വർഷം മുഴുവൻ പ്രവർത്തനമില്ലാത്തവയാണ് അധികവും. പുത്തൻ ഉപഭോഗ സംസ്കാരം പുതുതലമുറയെ ലക്ഷ്യബോധം ഇല്ലാത്തവരാക്കാൻ ശ്രമിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം വായനയിൽ നിന്നും യുവതലമുറയെ അകറ്റി നിർത്തുന്നു.

I.A.S, I.P.S മേഖലകളിലും, കര-വ്യോമ-നാവിക സേനകളിലും ആരോഗ്യമേഖലകളിലും, ക്രമസമാധാനരംഗത്തും, കാർഷികമേഖലയിലും, മൃഗസംരക്ഷണ-മത്സ്യ മേഖലയിലും, വിദ്യാഭ്യാസ മേഖലയിലും, കലാകായിക രംഗങ്ങളിലും, രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലും, നീതിന്യായ മേഖലകളിലും മയ്യനാട് ഗ്രാമപഞ്ചായത്തിലെ അംഗങ്ങളുടെ ഒരു നിര തന്നെ പടർന്ന് പന്തലിച്ച് നിൽക്കുന്ന കാഴ്ച ഏറ്റവും അഭിമാനകരമാണ്. ഒരുപക്ഷേ, സമകാലീന ചരിത്രത്തിൽ മയ്യനാട് ഗ്രാമപഞ്ചായത്തിന് അദ്വിതീയ സ്ഥാനം അവകാശപ്പെടാം.

ഗ്രാമസഭകളിൽ നിന്നും ഉണ്ടായ നിർദ്ദേശങ്ങൾ

വികസന പ്രക്രീയയുടെ മുൻ നിരയിലേക്ക് യുവതലമുറയെ കൊണ്ടുവരുവാൻ വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്. ഇതിനായി ശിൽപശാലകൾ സംഘടിപ്പിക്കുക, ഗ്രന്ഥശാലകളുടെയും സാംസ്കാരിക നിലയങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക. ഗ്രന്ഥശാലകൾ മാനവസംസ്കാര നവോത്ഥാന ശില്പികളായതിനാൽ ഇവയുടെ നിലവാരത്തകർച്ച ഒഴിവാക്കാൻ ആവശ്യമായ സാമ്പത്തിക സഹായവും മാർഗ്ഗനിർദ്ദേശവും യഥാസമയം ലഭ്യമാക്കുക. സാംസ്കാരിക രംഗം സമ്പുഷ്ടമാക്കുന്നതിന് വിദഗ്ധ സമിതിയുണ്ടാക്കി പ്രവർത്തന വൈകല്യങ്ങൾ വിലയിരുത്തി പരിഹരിക്കണം.

കായികസംസ്കാരത്തിന്റെ ഉന്നതിയ്ക്കായി ഓരോ വാർഡിലും ഒരു കളിസ്ഥലമെങ്കിലും നിർമ്മിക്കുക. പഞ്ചായത്ത് വക സ്റ്റേഡിയത്തിന്റെ പൂർത്തീകരണം ത്വരിതപ്പെടുത്തുക. അന്തർദ്ദേശീയ നിലവാരമുള്ള കളികൾക്ക് കൂടുതൽ ഊന്നൽ നൽകുക. വിവിധ കായിക സംഘടനകളുടെ അംഗങ്ങൾ പരിശീലിക്കാനെത്തുന്ന മയ്യനാട് ഹൈസ്കൂൾ ഗ്രൗണ്ടിൽ പഞ്ചായത്ത് നേതൃത്വത്തിൽ പരിശീലകനെ ഏർപ്പെടുത്തുക.

ഗ്രന്ഥശാലകൾ

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തക--ങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വരുമാനം	ആനകാലിക--ങ്ങളുടെ എണ്ണം	മറ്റനുബന്ധ പ്രവർത്തനങ്ങൾ
1. ശാരദാവിലാസിനി	1928	A	9502	ദിവസം 5 പുസ്തകങ്ങൾക്ക് മേൽ വിതരണം	ദിനപത്രങ്ങൾ-4 മറ്റുള്ളവ - 6	മാസം തോറും സെമിനാറുകളും ചർച്ചയും നടക്കുന്നു
2. L.R.C	1941	A	12730	"	ദിനപത്രങ്ങൾ-3 മറ്റുള്ളവ - 7	
3. ലിറ്റിൽ ഫ്ളവർ	1958	A	7627	"	ദിനപത്രങ്ങൾ-3	വനിതാസമാജം പ്രവർത്തനം നടക്കുന്നു
4. ശ്രീ. ഷണ്മുഖവിലാസം	1949	C	3800	"	ദിനപത്രങ്ങൾ-2 മറ്റുള്ളവ - 3	
5. ആർ.ബാലകൃഷ്ണപിള്ള മെമ്മോറിയൽ	1950	A	7000	"	ദിനപത്രങ്ങൾ-3 മറ്റുള്ളവ - 3	
6. നേതാജി മെമ്മോറിയൽ	1967	C	2330	"	ദിനപത്രങ്ങൾ-2 മറ്റുള്ളവ - 3	അനുബന്ധ ബാവാടി പ്രവർത്തിക്കുന്നു
7. അലയൺഡ് യൂത്ത് സെന്റർ	1996			"	ദിനപത്രങ്ങൾ-3	
8. പബ്ലിക് ലൈബ്രറി				"	ദിനപത്രങ്ങൾ-3	
9. ഗാന്ധി സെന്റനറി ഗ്രന്ഥശാല	1969	B	4769	"	ദിനപത്രങ്ങൾ-3	
10. സുഹൃത്ത് ഗ്രന്ഥശാല					ദിനപത്രങ്ങൾ-2	
11. K.M.Y.F ലൈബ്രറി					ദിനപത്രങ്ങൾ-2	
12. ജനകീയ ലൈബ്രറി ആൻഡ് റീഡിംഗ് റൂം	1962				ദിനപത്രങ്ങൾ-2	
13. സഹൃദയ വായനശാല	1948				ദിനപത്രങ്ങൾ-2	
14. ജനതാ വായനശാല						
15. മാസ്ക്ക് വായനശാല						
16. യുവജന കലാവേദി					ദിനപത്രങ്ങൾ-2	

LOCAL ADMINISTRA
SUR-666
4212

വനിത





ആമുഖം

വികസിതരാജ്യങ്ങൾ മാത്രമല്ല വികസ്വരരാജ്യങ്ങളും ഉപഭോഗസംസ്കാരത്തെയാണ് അംഗീകരിക്കുന്നത്. ഇത് മനുഷ്യനേയും പ്രകൃതിയേയും സർവനാശത്തിലേക്ക് വഴിതെളിക്കുന്നു. ഇതിനുള്ള രക്ഷാമാർഗ്ഗം വികസനതന്ത്രം മാറ്റുക എന്നുള്ളതാണ്. ഗ്രാമസ്വരാജ്, വികേന്ദ്രീകരണം തുടങ്ങിയകാര്യങ്ങൾ നേരത്തേ നാം വിസ്മരിച്ചു. ഗാന്ധിജിയുടെ ഭാവനയിലെ ഗ്രാമപഞ്ചായത്ത് ഭരിക്കുന്നത് ഗ്രാമീണരാണ്. ഗ്രാമീണരെന്നു പറയുമ്പോൾ ഗ്രാമത്തിലെ പുരുഷന്മാരും സ്ത്രീകളും.

ഭാരതത്തിലെ സ്ത്രീകൾക്ക് അവരുടെ പദവിയ്ക്ക് പലപ്പോഴും ഉയർച്ചയും താഴ്ചയും സംഭവിച്ചിട്ടുണ്ട്. പഴയകാലത്തെ ഭാരതസ്ത്രീകൾ പുരുഷനുതുല്യമായ പദവികൾ അലങ്കരിച്ചിരുന്നു. അതുപോലെതന്നെ മയ്യനാട്ടെ വനിതകളും സ്ത്രീ സമത്വത്തിനും സ്ത്രീകളുടെ ഉന്നമനത്തിനും വേണ്ടി വനിതകളും വനിതാ പ്രസ്ഥാനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ശ്രീ. സി.വി കുഞ്ഞുരാമൻ തന്റെ ഏഴാമത്തെ വയസ്സിൽ (1877-ൽ) ധർമ്മപള്ളിക്കൂടത്തിൽ ചേർത്തപ്പോൾ അക്ഷരമാല പഠിപ്പിച്ചത് 'കൊച്ചിക്കാവ്' എന്ന് പേരുള്ള ഗുരുനാഥയായിരുന്നു. A.D.1923-ൽ വൈക്കം സത്യാഗ്രഹത്തിന്റെ കാലഘട്ടത്തിൽ ഇവിടുത്തെ വനിതകൾ സജീവമായി രംഗത്തിറങ്ങിയിരുന്നു. അന്ന് മയ്യനാട്ട് സ്ത്രീകളുടെ യോഗങ്ങൾ നടന്നിരുന്നു. പിടിഅരിശേഖരിച്ച് വൈക്കത്തേക്ക് അയച്ചുകൊടുക്കുമായിരുന്നു. വൈക്കത്ത് നിന്നും തിരുവനന്തപുരത്തേക്ക് പോയ കാൽനടജാഥയ്ക്ക് മയ്യനാട്ടെ സ്ത്രീകൾ ഗാന്ധി തൊപ്പിയും ധരിച്ച് സ്വീകരണം നൽകി. അന്നത്തെ യോഗങ്ങളിൽ സ്ത്രീകൾ ധാരാളം പങ്കെടുത്തിരുന്നു. അച്ചടി പ്രസ്ഥാനത്തിന് കേരളത്തിൽ പറയത്തക്ക പ്രചാരം ലഭിച്ചിട്ടില്ലാത്ത കാലത്ത് സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിക്കുകയും സി.വി.കുഞ്ഞിരാമന്റെ സ്നേഹാദരങ്ങൾക്ക് പാത്രമാവുകയും ചെയ്ത വളളിമാവുങ്ങൽ ഇക്കാവമ്മ മയ്യനാടിന്റെ അഭിമാനഭാജനമായിരുന്നു. സ്ത്രീകൾക്ക് വേണ്ടി സതീ രത്നം എന്ന ഒരു മാസിക തന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. മദ്യവർജ്ജനം, നൂൽ നൂൽപ്പ് തുടങ്ങി ഗാന്ധിജിയുടെ തത്വങ്ങളും പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്ക് സ്ത്രീകൾ പ്രചരണം നടത്തിയിരുന്നു.

ഏകദേശം 65 വർഷങ്ങൾക്ക് മുമ്പ് ഇവിടെ മഹിളാ സമാജം കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. സി.വി. കുഞ്ഞുരാമന്റെ സഹോദരിയായ സി.വി. കുഞ്ഞമ്മയുടെ നേതൃത്വത്തിലായിരുന്നു പ്രവർത്തനം. മാസത്തിൽ ഒരു ദിവസമെങ്കിലും യോഗം കൂടുമായിരുന്നു. അന്നാചാണ്ടി, കാദംബരി B.A, തുടങ്ങിയ മഹതികളെ യോഗങ്ങളിൽ പങ്കെടുപ്പിച്ചിരുന്നു. വനിതാസമാജം പ്രവർത്തകർ പിടിഅരി ശേഖരിച്ച് മയ്യനാട് ആശുപത്രി നിർമ്മാണത്തിനു സംഭാവന നൽകിയിരുന്നു. വിദ്യ അഭ്യസിക്കുന്നതിനു വേണ്ടി സ്ത്രീകൾ മറ്റു പട്ടണങ്ങളിലേക്ക് പോകുമായിരുന്നു. എമ്മിലി, ഇക്കാവമ്മ ഇവർ ആതുരശുശ്രൂഷാ രംഗത്ത് മികച്ച സേവനം നൽകിയിരുന്നു.

എന്നാൽ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭ്യമായതിന് ശേഷം ആവേശങ്ങളും പ്രവർത്തനങ്ങളും മന്ദഗതിയിലായി. സാംസ്കാരികമായ അധഃപതനം ഏതാണ്ട് എല്ലാ തട്ടുകളിലും കണ്ടു തുടങ്ങി. എന്നാൽ, വിദ്യഭ്യാസപരമായി സ്ത്രീകൾ പല നേട്ടങ്ങളും കൈവരിച്ചു. ഡോക്ടർമാർ, ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, അധ്യാപികമാർ, വക്കീലൻമാർ, വകുപ്പു മേധാവികൾ തുടങ്ങി എല്ലാ ഔദ്യോഗിക രംഗങ്ങളിലും ശോഭിക്കുവാൻ മയ്യനാട്ടെ വനിതകൾക്ക് സാധിച്ചിട്ടുണ്ട്. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് മുൻകാലങ്ങളിൽ മറ്റ് ഗ്രാമങ്ങളിൽ നിന്നും വളരെ ഉയർന്നതായിരുന്നു. കലാ സാഹിത്യ രംഗങ്ങളിലും വ്യക്തി മുദ്ര പതിപ്പിക്കുവാൻ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. മയ്യനാട്ടെ പെൺകുട്ടികൾ വിദ്യാഭ്യാസകാലത്ത് കലകൾക്ക് വളരെ പ്രാധാന്യം നൽകിയിരുന്നു. അവർ അവതരിപ്പിച്ചിരുന്ന വിദ്യാലയവിനോദം പോലുളള പരിപാടികൾ ഇന്നും പ്രായമായവരുടെ മനസ്സിൽ മായാതെ നിൽക്കുന്നു.

മയ്യനാട് ഗ്രാമപഞ്ചായത്തിലെ 41011 ജനങ്ങളിൽ 20697 പേർ സ്ത്രീകളാണ്. പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. ഇതിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട സ്ത്രീകൾ 2369. പിന്നോക്ക വിഭാഗത്തിൽ പുരുഷന്മാരുടെ എണ്ണം സ്ത്രീകളേക്കാൾ കുറവാണ്. സ്ത്രീകളിൽ 16229 പേർ സാക്ഷരരാണ് (78.41%). പുരുഷന്മാരുടെ സാക്ഷരത ഇതിനേക്കാൾ കൂടുതലാണ്. വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന 10170 പേരിൽ 2379 പേർ സ്ത്രീകളാണ്. ഭാഗികമായി പണിയെടുക്കുന്ന 498 സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. തൊഴിൽ രഹിതരായിട്ടുളള 29586 പേരിൽ 17828 സ്ത്രീകൾ. തൊഴിൽ രഹിതരായ സ്ത്രീകളുടെ എണ്ണം മുഖത്തല ബ്ലോക്ക് പഞ്ചായത്തിലെ മറ്റ് ഗ്രാമപഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടെക്കുറവാണ്. ഏകദേശം 20 ശതമാനത്തോളം കർഷകത്തൊഴിലാളികളും 22 ശതമാനത്തോളം വിവിധ സർവ്വീസ് മേഖലകളിൽ പണിയെടുക്കുന്നവരുമാണ്. മത്സ്യ സംസ്കരണം, വിപണനം ഇവയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്ന സ്ത്രീകളും ധാരാളമുണ്ട്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 42.12% വരുമ്പോൾ സ്ത്രീകളുടേത് 13.86% മാത്രമാണ്. സ്ത്രീകളുടെ ശരാശരി ആയുസ്സ് 72 ആണ്. I.R.D.P സർവ്വേ പ്രകാരം 1992-ൽ സ്ത്രീകൾ ചുമതല വഹിക്കുന്ന കുടുംബങ്ങളിൽ 279 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. 1995-ൽ ഇത് 63 ആയി കുറഞ്ഞിട്ടുണ്ട്. 1991-92-ൽ 15ഉം, 1993-94-ൽ 20ഉം 1995-96-ൽ 18ഉം സ്ത്രീകൾക്ക് I.R.D.P സഹായം ലഭ്യമായിട്ടുണ്ട്.

തൊഴിൽ മേഖല

തൊഴിൽ പങ്കാളിത്തം

സെൻസസ് 1991

തൊഴിൽ മേഖല	ജോലിക്കാരുടെ എണ്ണം	സ്ത്രീ
കർഷകർ	789	250
കർഷകത്തൊഴിലാളി	1771	590
മൃഗസംരക്ഷണം/ മത്സ്യ ബന്ധനം	725	300
ഖനനം	25	10
കുടിൽ വ്യവസായം	145	90
മറ്റ് വ്യവസായങ്ങൾ	1822	120
കെട്ടിട നിർമ്മാണം	471	130
വ്യാപാരം	1432	20
ഗതാഗതം, വാർത്താവിനിമയം	747	75
മറ്റുളളവ	2243	794
ആകെ	10170	2379

Work participation rate

Male - 42.12%

Female - 13.86%

TRYSEM പദ്ധതിപ്രകാരം പരിശീലനം ലഭിച്ച സ്ത്രീകൾ 1992-93-ൽ 2, 1993-94-ൽ 7, 1994-95-ൽ 6, 1995-96-ൽ 3. DWCRA പദ്ധതിപ്രകാരം സഹായം ലഭ്യമായിട്ടില്ല.

അങ്കനവാടികൾ 2 എണ്ണം പ്രവർത്തിക്കുന്നു. ബാലവാടികൾ 2. സാമ്പത്തിക പരാധീനത മൂലം

ഇവയുടെ പ്രവർത്തനം മെച്ചമാക്കാൻ സാധിച്ചിട്ടില്ല.

വിവിധ ബാങ്കുകൾ വഴി സ്ത്രീകൾക്ക് തൊഴിൽ ചെയ്യുന്നതിന് നൽകിയ വായ്പകൾ പകുതിയോളം പേർ തുക തിരിച്ചടയ്ക്കുന്നതിന് വീഴ്ച വരുത്തിയിരിക്കുന്നു. ഉത്പന്നങ്ങൾക്ക് ശരിയായ marketing സൗകര്യം ലഭ്യമല്ലാതെ വന്നത് മൂലം പല സ്വയംതൊഴിൽ സംരംഭങ്ങളും വിജയമാക്കാൻ സാധിച്ചിട്ടില്ല. വനിതകൾക്ക് WIP പ്രകാരം ഒരു ഗ്രൂപ്പ്സിസ്റ്റം വെൺപാലക്കര ഭാഗത്ത് നൽകിയിട്ടുണ്ട്. അതും ലാഭകരമാക്കാൻ സാധിച്ചിട്ടില്ല. ബ്ലോക്ക് അടിസ്ഥാനത്തിൽ വനിതകളുടെ ഉന്നമനത്തിന് വേണ്ടി നൽകിയ പദ്ധതി ഒരെണ്ണം മാത്രമാണുള്ളത്. 13 മഹിളാസമാജങ്ങൾ നിലവിലുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നവ കുറവാണ്. മഹിളാ സമാജങ്ങൾ വഴി cutting and tailoring, garment making, craft, പലഹാര നിർമ്മാണം, സ്ക്വാഷ്, ജാം മുതലായവ നിർമ്മാണം, സോപ്പ് നിർമ്മാണം, പച്ചക്കറികൃഷി, മസാലപ്പൊടി നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകിവരുന്നു.

വനിതാ വ്യവസായ സഹകരണസംഘങ്ങളും ക്ഷീരോൽപ്പാദന നിർമ്മാണ യൂണിറ്റുകളും ഒരു വിധം ഭംഗിയായി പ്രവർത്തനം നടത്തുന്നു. സ്ത്രീകളുടെ മേൽനോട്ടത്തിൽ ധാന്യം പൊടിക്കുന്ന ഒരു മില്ലും പ്രവർത്തിക്കുന്നു. വനിതാ സഹകരണസംഘങ്ങളും മഹിളാസമാജങ്ങളും "garment making"-ന് കൂടുതൽ പ്രാധാന്യം നൽകുന്നു. ഇതുമൂലം വിപണനത്തിന് പ്രയാസം ഉണ്ടാകുന്നു.

വനിതകളുടെ പ്രധാന തൊഴിൽമേഖല കൃഷി, മത്സ്യ വിപണനം, കെട്ടിട നിർമ്മാണത്തിലെ മൈയ്ക്കാട് പണി, കയറുൽപ്പാദനം, കശുവണ്ടി സംസ്കരണം മുതലായവയാണ്. സ്വകാര്യ നെഴ്സിങ് ഹോമുകളിലും ക്ലിനിക്കുകളിലും കുറഞ്ഞ ശമ്പളത്തിന് കഠിനാദ്ധ്വാനം ചെയ്യുന്ന ധാരാളം വനിതകൾ ഈ പഞ്ചായത്തിലുണ്ട്. പല മേഖലകളിലും വനിതകളുടെ കൂലി നിരക്ക് കുറവാണ്. മിക്ക മേഖലകളിലും സ്ത്രീ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. തൊഴിൽ ശാലകളിൽ സ്ത്രീകൾക്കുമാത്രമായി കക്കൂസ്, കുളിപ്പുര എന്നിവ നിലവിലുണ്ടാകണം. റേഷൻകടകൾ, മാവേലി സ്റ്റോറുകൾ എന്നിവിടങ്ങളിൽ കൂടുതലും സ്ത്രീകളാണ് സാധനങ്ങൾ വാങ്ങാൻ പോകുന്നത്. സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നില്ല. ആശുപത്രികളിൽ എത്തുന്ന ആളുകളിൽ കൂടുതലും സ്ത്രീകളാണ്. പുരുഷന്മാരുടെ മദ്യപാനം, മയക്കുമരുന്ന് എന്നിവ മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ പീഡനമനുഭവിക്കുന്ന സ്ത്രീകൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.

മയ്യനാട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ പല സ്ഥാപനങ്ങളുടെയും മേധാവികൾ സ്ത്രീകളാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം വനിതാ ജീവനക്കാർ കൂടുതലാണ്. പെൺകുട്ടികൾക്കുമാത്രമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലില്ല. ജോലിക്ക് പോകുന്ന വനിതകൾക്ക് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന "ക്രെഷ്" വാർഡിന് ഒന്ന് എന്ന കണക്കിൽ ആവശ്യമാണ്. ബഹുജന സംഘടനകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുണ്ടെങ്കിലും എണ്ണത്തിൽ കുറവാണ്. അടുത്തകാലത്തായി ചെറിയ മാറ്റങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ട്.

സ്ത്രീകളുടെ ആരോഗ്യനിലവാരം പൊതുവേ മെച്ചമല്ല. 6659 ദമ്പതിമാർ പഞ്ചായത്ത് പ്രദേശത്ത് വസിക്കുന്നു. ഇതിൽ 15നും 19നും ഇടയ്ക്ക് പ്രായമുള്ള 191 സ്ത്രീകളും 20 നും 24 നും ഇടയ്ക്ക് പ്രായമുള്ള 1356 സ്ത്രീകളും 25നും 29നും ഇടയ്ക്ക് പ്രായമുള്ള 1686 സ്ത്രീകളും 35നും 39നും ഇടയ്ക്ക് പ്രായമുള്ള 1262 സ്ത്രീകളും 40നും 44 നുമിടയ്ക്ക് പ്രായമുള്ള 663 ദമ്പതികളുമുണ്ട്. ബാക്കിയുള്ള സ്ത്രീകൾ 44 നുമുകളിൽ പ്രായമുള്ളവരാണ്. ഇതിൽ ഒരു കുട്ടിയുള്ള അമ്മമാർ 862ഉം രണ്ട് കുട്ടികളുള്ളവർ 2883ഉം ബാക്കിയുള്ളവർ രണ്ടിൽക്കൂടുതൽ കുട്ടികളുള്ളവരുമാണ്. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ ഒരു പരിധിവരെ ഫലപ്രദമാക്കാൻ സാധിച്ചിട്ടുണ്ട്. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച അമ്മമാരിൽ ഒരു കുട്ടിയുള്ളവർ 413ഉം രണ്ട് കുട്ടികളുള്ളവർ 2733ഉം രണ്ടിൽക്കൂടുതൽ കുട്ടികളുള്ളവർ 2430ഉം ആണ്. പ്രൈമറി ഹെൽത്ത്

സെന്ററുകൾ വഴി സ്ത്രീകളുടെ ആരോഗ്യനില കാര്യമായി മെച്ചപ്പെടുത്തുവാൻ പരിമിതികൾ കാരണം സാധിക്കുന്നില്ല. മയ്യനാട് ഗവ: ആശുപത്രിയിൽ സിസേറിയൻ ചെയ്യുന്നതിനുള്ള സൗകര്യം പോലും ലഭ്യമല്ല. ഇതുമൂലം നിർധനരായ സ്ത്രീകൾ വളരെ പ്രയാസങ്ങൾ അനുഭവിക്കുന്നു. ആശുപത്രികളിൽ സ്ത്രീകൾക്കുവേണ്ടിയുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

പെൺകുട്ടികൾ കൂടുതലായി വിദ്യാഭ്യാസം ചെയ്യുന്ന ഗ്രാമമാണ് മയ്യനാട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതനുള്ള സൗകര്യം ഇവിടെ കുറവാണ്. ഇവർക്ക് യാത്രാസൗകര്യവും കുറവു തന്നെ. കായിക പരിശീലനത്തിനുള്ള സൗകര്യവും ഇല്ല. സ്ത്രീകളുടെ പ്രധാന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ 'തൊഴിലില്ലായ്മ' ഒരു പ്രാധാന പ്രശ്നം തന്നെയാണ്. അഭ്യസ്തവിദ്യരായ യുവതികൾ, സാങ്കേതിക വിദ്യ കൈവശമാക്കിയവർ, കർഷകത്തൊഴിലാളികൾ തുടങ്ങിയവരെയെല്ലാം അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നം തൊഴിലില്ലായ്മയാണ്. സ്ത്രീധനം കൊടുക്കാനില്ലാത്തതിന്റെ പേരിൽ അവിവാഹിതകളായിക്കഴിയുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്നു. സന്നദ്ധസംഘടനകളെ ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിൽ സമൂഹവിവാഹം സംഘടിപ്പിക്കുക. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരികയും സ്ത്രീകൾക്ക് സീറ്റ് സംവരണം ഉണ്ടാവുകയും ചെയ്തത് വനിതകളിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്.

നിർദ്ദേശങ്ങൾ

വികസന പ്രക്രിയയിലും പ്രാദേശികാസൂത്രണ പ്രക്രിയിലും വികസന പ്രവർത്തനങ്ങളിലും വൻതോതിൽ സ്ത്രീകളെ പങ്കെടുപ്പിക്കുക.

സമൂഹത്തിൽ സ്ത്രീകൾക്ക് പലപ്പോഴും നീതി കിട്ടാതെ പോകുന്നു. നീതി ലഭ്യമാക്കാൻ എന്തു ചെയ്യണമെന്ന് പലർക്കും അറിയില്ല. സൗജന്യ നിയമസഹായ ക്ലിനിക്ക് മയ്യാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

പഞ്ചായത്തു തലത്തിൽ മഹിളാസമാജം രൂപീകരിച്ച് ചെറുകിട വ്യവസ്ായങ്ങൾ ആരംഭിക്കുക. കാലിത്തീറ്റ, കോഴിത്തീറ്റ മുതലായവയുടെ ഉൽപ്പാദനം പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കുകയും സ്ത്രീ തൊഴിലാളികളെ കൂടുതലായി നിയമിക്കുകയും വേണം.

വനിതാ food process unit ആരംഭിക്കുക. അരിമാവ്, ഗോതമ്പ്മാവ്, മസാലപ്പൊടികൾ, അച്ചാറുകൾ, ജാം, സ്ക്വാഷ്, പലഹാരങ്ങൾ മുതലായവ മായം ചേർക്കാതെ തയ്യാറാക്കി വീടുകളിൽ നിന്നും ഓർഡർ സ്വീകരിച്ച് അതിൻ പ്രകാരം വീടുകളിലെത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുകയും പഞ്ചായത്തിന് വരുമാനമുണ്ടാകുകയും ചെയ്യും.

മഹിളാ സഹകരണസംഘം രൂപീകരിക്കുക.

കല്ലട ഇറിഗേഷൻ പദ്ധതി നടപ്പിൽ വന്നപ്പോൾ ഒഴിഞ്ഞു കിടക്കുന്ന പ്രദേശങ്ങൾ കനാലിന്റെ ഇരുവശത്തും ഉണ്ട്. കൃഷി ചെയ്യാൻ ഭൂമിയില്ലാത്ത വനിതകൾക്ക് plot തിരിച്ച് മത്സരാടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കിക്കൊടുക്കുക. അനുയോജ്യരായ സ്ത്രീകളെ മാതൃകാപരമായി തെരഞ്ഞെടുക്കുകയും കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനി, ഹാന്റ് പമ്പ് എന്നിവ ഒരു പ്രാവശ്യം സൗജന്യമായി വിതരണം നടത്തുകയും ചെയ്താൽ വനിതൾക്ക് പ്രയോജനമായിരിക്കും.

വരുമാനം നോക്കാതെ സ്വന്തം കൃഷിഭൂമിയിൽ പച്ചക്കറി കൃഷി, ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവയുടെ കൃഷി മത്സരാടിസ്ഥാനത്തിൽ ആരംഭിക്കുന്നിന് ആവശ്യമായ തുക ഗ്രാന്റായി അനുവദിക്കുകയും വിത്ത്, വളം, കീടനാശിനി ഇവ ഒരു പ്രാവശ്യം സൗജന്യമായി നൽകുകയും ചെയ്യുക.

നല്ലയിനം കോഴികളെ കുത്തിവെപ്പ് നടത്തി, വളർത്തുന്നതിന് വേണ്ടി നൽകുകയും ഗ്രൂപ്പടിസ്ഥാനത്തിൽ കുത്തിവെപ്പ് സൗകര്യം ഏർപ്പടുത്തുകയും ചെയ്യണം. കോഴിത്തീറ്റ സബ്സിഡി റേറ്റിൽ ലഭ്യമാക്കുക.

ആടുവളർത്തൽ യൂണിറ്റ്, പട്ടുനൂൽപ്പുഴു നിർമ്മാണ യൂണിറ്റ് ഇവ പഞ്ചായത്തിന്റെ ഗ്രാന്റോടുകൂടി വിധവകളായ സ്ത്രീകൾക്ക് നൽകുക.

കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്രോഫ്റ്റ്, റേന്തതുന്നൽ, നിറ്റിംങ് മുതലായ കൈത്തൊഴിലാളികൾ വീട്ടിലിരുന്ന് ചെയ്യുന്നതിനും അവ വാങ്ങി വിപണനം നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപ്പിൽ വരുത്തുക. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളും പഞ്ചായത്തു വഴി നടപ്പാക്കുക.

TRYSEM പരിപാടിയുടെ സെലക്ഷൻ പഞ്ചായത്തു വഴിനടപ്പിൽ വരുത്തുക.

മാതൃ ശിശു സംരക്ഷണകേന്ദ്രം, അങ്കനവാടി, അനാഥാലയം, കുട്ടികളുടെ പാർക്ക്, സ്പോർട്സിൽ പരിശീലനം നടത്തുന്നതിന് പെൺകുട്ടികൾക്ക് മാത്രമായി പരിശീലന കേന്ദ്രം തുടങ്ങിയവ ആരംഭിക്കുക.

അനാഥരായ 10 വയസ്സിൽ കൂടുതലുള്ള പെൺകുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ഒരു ആശ്വാസകേന്ദ്രം പഞ്ചായത്തു മുൻകൈയെടുത്ത് ആരംഭിക്കുക. വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സംരക്ഷണം ഇതെല്ലാം ഉൽപ്പെടുത്തിക്കൊണ്ട് സാമൂഹ്യ സംഘടനകളുടെ സഹായം തേടി ഇവരുടെ വിവാഹം നടത്താൻ പഞ്ചായത്ത് സമിതി മുൻകൈയെടുത്ത് പ്രവർത്തിക്കുക. പാവപ്പെട്ടവർക്ക് പെൻഷൻ പദ്ധതികൾ പഞ്ചായത്തുവഴി നടപ്പിൽ വരുത്തുക. കാലതാമസം ഒഴിവാക്കുക.

വനിതകളുടെ എല്ലാ ക്ഷേമപ്രവർത്തനങ്ങളും വിലയിരുത്തുന്നതിന് വേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കുക.

മത്സരകൃഷി സമ്പ്രദായം നടപ്പിൽ വരുമ്പോൾ ആഴ്ചതോറും ശ്രദ്ധിക്കുന്നതിന് കാർഷിക വിദഗ്ധരുടെ ഒരു കമ്മിറ്റി ഉണ്ടാക്കുക.

പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി, കക്കൂസ് നിർമ്മാണം തുടങ്ങിയവയുടെ ചുമതല 35 വയസ്സു കഴിഞ്ഞ വിദ്യാസമ്പന്നരായ യുവതികൾക്ക് സംവരണം ചെയ്ത് നടപ്പിൽ വരുത്തുക.

വനിതകൾക്ക് വേണ്ടി സെൽഫ് എംപ്ലോയ്മെന്റ് സ്കീം നടപ്പിലാക്കുക.

സ്ത്രീ പീഢന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ നിയമസഹായം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് സൗജന്യമായി ലഭ്യമാക്കുക. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിന് വേണ്ടി വനിതാ ലൈബ്രറി ആരംഭിച്ച് പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. കുട്ടികളെ സംരക്ഷിക്കുന്നതിന് വേണ്ടി ക്രെഷ് ആരംഭിക്കുക. വാർഡ് തോറും മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക. വിധവാ പെൻഷൻ, അഗതികൾക്കുള്ള പെൻഷൻ ഇവ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. വനിതകൾ കൂടുതലായി എത്തിച്ചേരുന്ന ആശുപത്രികൾ, മാർക്കറ്റുകൾ ഇവിടെയുള്ള പൊതുകക്കൂസുകൾ, കുളിമുറികൾ എന്നിവ ശുചിയായി സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. ഓരോ ആശുപത്രിയിലും സ്ത്രീകൾക്ക് മാത്രമായി ഓരോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

ഒരു വനിതാ ഐ.റ്റി.സി ഈ പഞ്ചായത്ത് പ്രദേശത്ത് വേണ്ടിയിരിക്കുന്നു.

എയിഡ്സ് പോലുള്ള മാരകരോഗങ്ങളെക്കുറിച്ചും പ്രതിരോധനടപടികളെക്കുറിച്ചും സ്ത്രീകളെ ബോധവൽക്കരിക്കാൻ പഞ്ചായത്ത് തലത്തിൽ പരിശ്രമം നടത്തേണ്ടിയിരിക്കുന്നു.

സ്കൂൾ പി.ടി.എ, മാതൃസംഗമം ഇവയിൽ അമ്മമാരെ പങ്കെടുപ്പിക്കാൻ ആവശ്യമായ ബോധവൽക്കരണം നൽകേണ്ടിയിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസത്തിന് പോകുന്ന പെൺകുട്ടികളുടെയും, ഉദ്യോഗസ്ഥരുടെയും

സൗകര്യാർത്ഥം ലേഡീസ് ഒൺലി ബസ് അനുവദിക്കുക.

സ്കൂളിൽ പഠിക്കുന്നതും അക്ഷരജ്ഞാനമില്ലാത്തതുമായ പെൺകുട്ടികൾ ഉൾപ്പെടെ നാട്ടിലെ എല്ലാ വനിതകളെയും സാക്ഷരരാക്കുവാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുക.

കശുവണ്ടി, കയർ തൊഴിലാളികളായ എല്ലാ സ്ത്രീകൾക്കും എല്ലാ ദിവസവും ജോലി ഉറപ്പ് വരുത്തുന്നതിനാവശ്യമായ സംവിധാനം ഉണ്ടാകണം. അവരുടെ ക്ഷേമപരിപാടികൾ എല്ലാവർക്കും ലഭ്യമാകാനുള്ള നടപടികൾ ഉണ്ടാകണം.

സ്ത്രീ തൊഴിലാളികൾ കൂടുതലായി ഏർപ്പെട്ടിരിക്കുന്ന മേഖലയായ മത്സ്യവിപണന സംസ്കരണ രംഗത്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഭവനനിർമ്മാണം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ എല്ലാവർക്കും ലഭ്യമാക്കുക.

ഇവിടെയുള്ള തീപ്പെട്ടിക്കമ്പിനികളിൽ നിർമ്മിക്കുന്ന തീപ്പെട്ടിക്കൊള്ളി മുഴുവൻ തമിഴ്നാട്ടിലേക്ക് കയറ്റിവിടുകയും അവിടെ തീപ്പെട്ടി നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ രീതി മാറ്റേണ്ടിയിരിക്കുന്നു. ഇവിടെത്തന്നെ തീപ്പെട്ടി നിർമ്മാണം നടത്തുന്നതിനുള്ള സംവിധാനം സ്ത്രീകൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കും.

നെയ്ത്ത് വ്യവസായരംഗം താറുമാറായിക്കൊണ്ടിരിക്കുന്നു. നെയ്ത്ത് വ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനം പുഷ്ടിപ്പെടുത്തി സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കണം.

ചാരായ നിരോധന നടപടികൾ ഊർജ്ജിതപ്പെടുത്തണം. DWCRA പദ്ധതികളേക്കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കുകയും യൂണിറ്റുകൾ ആരംഭിക്കുകയും വേണം.

വനിതാ വികസന കോർപ്പറേഷനുമായി സഹകരിച്ച് സ്ത്രീകളുടെ ഉന്നമനവും പരിരക്ഷയും ലഭ്യമാക്കിയുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുക.

Bio-gas plant സ്ഥാപിച്ചും, ഊർജ്ജലാഭമുള്ള അടുപ്പുകൾ ഉപയോഗിച്ചും, വൈദ്യുതിയുടെ ഉപയോഗം കുറച്ചും ഊർജ്ജക്ഷാമം ഉണ്ടാകാതിരിക്കേണ്ടതിന്റെ ആവശ്യകത സ്ത്രീകളെ മനസ്സിലാക്കിക്കൊടുക്കുകയും സാമ്പത്തിക ഭദ്രതയുള്ള വീട്ടമ്മമാർക്ക് സോളാർ സെല്ലുകൾ ഉപയോഗിച്ച് ഊർജ്ജം ഉത്പാദിപ്പിക്കാനുള്ള പ്രേരണയും സഹായവും നൽകുകയും ചെയ്യുക.

വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങളെക്കുറിച്ച് സാധാരണസ്ത്രീകൾക്ക് ആവശ്യമായ സഹായവും ബോധവൽക്കരണവും നൽകുവാനുള്ള സംവിധാനം പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാകണം.

ഏത് രംഗത്തും വനിതകൾക്ക് ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം നൽകുന്ന കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ വിമുഖത കാണിക്കുന്നു. ഇതിൽ നിന്നും മോചനം ലഭ്യമാക്കുവാൻ സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കത്തക്കതരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

അടിച്ചേൽപ്പിക്കപ്പെടുന്നതും ഏറ്റ് വാങ്ങേണ്ടി വരുന്നതുമായ എല്ലാത്തരം സ്ത്രീപീഡനങ്ങൾക്കുമെതിരെ സ്വയം സജ്ജരാകുവാൻ സാധാരണ സ്ത്രീകൾക്ക് ബോധവൽക്കരണം നൽകുക.

ഗ്രാമസഭകളിൽ നിന്നുള്ള ആവശ്യങ്ങൾ

വൃദ്ധമന്ദിരം, ക്രെഷ്, സ്വയംതൊഴിൽ സംരംഭത്തിന് കുറഞ്ഞ പലിശനിരക്കിലുള്ള സഹായം, തയ്യൽ പരിശീലനകേന്ദ്രം മുതലായവ എല്ലാ വാർഡുകളിലും ആവശ്യപ്പെട്ടിട്ടുണ്ട്.

രണ്ടാം വാർഡിലെ വനിതകൾ മയ്യനാട് പ്രദേശത്ത് ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെയോ, ഭാരത് പെട്രോളിയം കമ്പിനിയുടെയോ ഒരു ഗ്യാസ് ഏജൻസി ആവശ്യപ്പെട്ടിരിക്കുന്നു. മത്സ്യ സംസ്കരണ യൂണിറ്റ്, ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്, ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല ഇവ കൃഷി ചെയ്യുന്നതിനും പൂക്കൾ വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ആവ

ശ്യപ്പെട്ടിരിക്കുന്നു. മെഴുകുതിരി നിർമ്മാണ യൂണിറ്റ്, തീപ്പെട്ടിക്കമ്പിനി, നാരുകൾ ഉപയോഗിച്ചുള്ള ബാഗ് നിർമ്മാണം എന്നിവ മറ്റ് ആവശ്യങ്ങളാണ്. കേലാം തോട്ടം ഭാഗത്ത് ഒരു വനിതാ വ്യവസായ സഹകരണ സംഘം ആരംഭിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെന്നും ആവശ്യമുന്നയിച്ചിരിക്കുന്നു. ചന്ദനത്തിരി യൂണിറ്റും, റബ്ബർ ഉൽപ്പന്നങ്ങളുടെ യൂണിറ്റും, social forestry വഴിയുള്ള വൃക്ഷത്തൈ നിർമ്മാണം മൂന്നാം വാർഡിന്റെ പ്രധാന ആവശ്യങ്ങളാണ്. റേന്ത നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ സഹായം ആവശ്യപ്പെട്ടിരിക്കുന്നു.

റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണകേന്ദ്രവും, ഖാദി ബോർഡിൽ നിന്നും സ്വയം തൊഴിൽ ചെയ്യാനുള്ള സഹായവും അഞ്ചാം വാർഡിന്റെ ആവശ്യങ്ങളാണ്.

ഏഴാം വാർഡിൽ വനിതകൾക്ക് തൊഴിൽ ലഭ്യമാകുന്നവിധത്തിൽ വനിതാ സൊസൈറ്റി രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെന്ന് അവർ ആവശ്യപ്പെട്ടിരിക്കുന്നു.

ഒരു വനിതാ സഹകരണസംഘം ഉണ്ടാക്കി വനിതകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണമെന്നും റബ്ബർ ബോർഡിന്റെ സഹായത്തോടെ റബ്ബർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള ഒരു യൂണിറ്റും എട്ടാം വാർഡിലെ വനിതകൾ ആവശ്യപ്പെട്ടിരിക്കുന്നു. ഉമയനല്ലൂർ ക്ഷേത്രത്തിനു സമീപമുള്ള നെഴ്സറിക്കെട്ടിടത്തിൽ ഇതിനുള്ള സാഹചര്യം ഉണ്ട്. Handi crafts ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു യൂണിറ്റ് ഗവ: സഹായത്തോടെ കൊച്ചാലുംമൂടിന് സമീപം ആരംഭിക്കണമെന്നും അവർ ആവശ്യപ്പെടുന്നു.

നിത്യോപയോഗ സാധനങ്ങൾ വാങ്ങുവാൻ മാവേലി സ്റ്റോർ, ധാന്യങ്ങൾ പൊടിച്ച് പാക്ക് ചെയ്ത് വില്പന നടത്തുന്നതിനുള്ള ഒരു യൂണിറ്റ്, സബ്സിഡി അനുവദിച്ചുകൊണ്ട് തയ്യൽമെഷീൻ വിതരണം ഇവ പത്താം വാർഡിലെ ആവശ്യങ്ങളാണ്.

സമാജങ്ങൾ രജിസ്റ്റർ ചെയ്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നും മഹിളാ സഹകരണ സംഘം രൂപികരിക്കണമെന്നും ക്ഷീരോൽപ്പന്ന നിർമ്മാണം ആരംഭിക്കണമെന്നും പതിനാലാം വാർഡിലെ വനിതകൾ ആവശ്യമുന്നയിച്ചു.

വിധവകൾക്കുവേണ്ടി Widows Women's forestry യൂണിറ്റ് സ്ഥാപിക്കുക, വിധവകളുടെ കുടുംബക്ഷേമം കണക്കിലെടുത്ത് K I P കനാലിന്റെയും ദേശീയ പാതയുടെയും ഉപയോഗം കഴിഞ്ഞ് അവശേഷിക്കുന്ന ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് കുത്തക പാട്ടം അംഗീകരിച്ച് വിധവകൾക്ക് നൽകുക. മുക്കം, താന്നി എന്നീ മത്സ്യ ബന്ധന മേഖലയിൽ സ്ത്രീകൾക്കായി മത്സ്യ സംസ്കരണ വ്യവസായം നടത്തുവാനുള്ള നടപടികൾ ഉണ്ടാകുക.

സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഒട്ടേറെ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന്റെ ഫലമായി മയ്യനാട് പഞ്ചായത്തിലെ വനിതകൾക്ക ഒരു പരിധിവരെ സുരക്ഷിതത്വ ബോധം വളർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പദ്ധതികൾ പലതും നടപ്പിലാക്കേണ്ടിയിരിക്കുന്നു. മനസ്സുകളെ കൂട്ടിയിണക്കുവാൻ കഴിവുള്ള മനുഷ്യത്വപൂർണ്ണമായ പെരുമാറ്റവും സ്വന്തം സഹജീവികളോട് സ്നേഹത്തോടെ സഹകരിക്കുവാനുള്ള കഴിവും നമ്മുടെ സ്ത്രീകൾ ഉണ്ടാകട്ടെ. ചിതയിലേക്ക് വലിച്ചെറിയപ്പെടുന്ന സ്ത്രീ ജീവിതങ്ങൾ ആവർത്തിക്കാതിരിക്കട്ടെ. പൊട്ടിത്തെറിക്കുന്ന സ്റ്റൗ ആയുസ്സിന്റെ അടിവരയാകാതിരിക്കട്ടെ. ഒമ്പതാം പദ്ധതിയിലെ വനിതാ ക്ഷേമപ്രവർത്തനങ്ങൾ, അടിച്ചേൽപ്പിക്കപ്പെടുന്നതും ഏറ്റുവാങ്ങേണ്ടിവരുന്നതുമായ എല്ലാത്തരം സ്ത്രീ പീഡനങ്ങൾക്കും എതിരെ സ്വയം സജ്ജരാകുവാൻ സ്ത്രീകളെ പ്രാപ്തരാക്കട്ടെ എന്ന് ആശംസിക്കുന്നു.

സഹകരണം



പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിലാരംഭിച്ച വ്യവസായ വിപ്ലവം മാനവ ചരിത്രത്തിൽ പുതിയ വ്യതിയാനങ്ങൾ വരുത്തി ഫ്യൂഡലിസം മുതലാളിത്തത്തിന് വഴിമാറി. കൃഷിയിൽ നിന്നും വ്യവസായത്തിലേക്ക് ഉല്പാദന മേഖല വ്യതിചലിച്ചു. ചെറുകിട കുടിൽ വ്യവസായങ്ങൾ അപ്രത്യക്ഷമായി. വൻകിട ഫാക്ടറികൾ നിലവിൽ വന്നു. ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് പുതിയ തൊഴിലന്വേഷകർ പ്രയാണം തുടങ്ങി. വലിയ തോതിലുള്ള തൊഴിലില്ലായ്മയും വിലക്കയറ്റവും ഈ ജീവിതം ദുസ്സഹമാക്കി. ഈ സാമൂഹ്യ പശ്ചാത്തലത്തിലാണ് ഇംഗ്ലണ്ടിൽ ഉപഭോക്ത സഹകരണസംഘങ്ങളും ജർമ്മനിയിൽ വായ്പാ സഹകരണ സംഘങ്ങളും രൂപം കൊണ്ടത്. " ഓരോരുത്തരും എല്ലാപേർക്കും എല്ലപേരും ഓരോരുത്തർക്കും " Each for all and All for each " എന്ന സഹകരണ തത്വം യൂറോപ്പിൽ ഒരു ജനകീയ പ്രസ്ഥാനമായിട്ടാണ് രൂപം കൊണ്ടത്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു സർക്കാർ പദ്ധതിയായിട്ടാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം കടന്നു വരുന്നത്. 1904 -ലെ സഹകരണ നിയമം ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് നാന്ദി കുറിച്ചു. സംഘ ശക്തിയിലൂടെ നേടൻ കഴിയാത്ത തൊന്നുമില്ലയെന്ന് ഈ കാലയളവിൽ ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനം തെളിയിച്ചു. ഇൻഡ്യയിൽ പൊതുവിലും കേരളത്തിൽ പ്രത്യേകിച്ചും സഹകരണം ഒരു തത്വശാസ്ത്രത്തിനുപരി ഒരു ജീവിത രീതിയായി മാറിയിരിക്കുന്നു. സ്വമേധായുള്ള അംഗത്വം, ജനാധിപത്യസ്വഭാവം, മിതവ്യയം, സ്വാശ്രയം, സേവനാധിഷ്ടിതം എന്നീ സഹകരണ തത്വങ്ങൾ എന്ന് ഒരു ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുന്നു. സാമ്പത്തിക ആസൂത്രണം സഹകരണപ്രസ്ഥാനങ്ങളിലൂടെയെന്ന ആശയം ഇൻഡ്യയിലെ ആസൂത്രണ വിദഗ്ക്തർ അംഗീകരിച്ചിരിക്കുന്നു.

കേരളത്തിൽ സഹകരണസംഘങ്ങളെ വായ്പ, വായ്പേതര സഹകരണ സംഘങ്ങൾ എന്നീ രണ്ട് വിഭാഗമായി തിരിച്ചിരിക്കുന്നു. പ്രാഥമിക വായ്പാ സഹകരണ ബാങ്കുകളും, ജില്ലാ സഹകരണ ബാങ്കുകളും അപ്പക്സ് സ്ഥാപനമായ സംസ്ഥാന സഹകരണ ബാങ്കും സഹകരണ വായ്പാവിതരണ മേഖലയിൽ ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്നു. പ്രാഥമിക സഹകരണ കാർഷികവികസന ബാങ്കും, സെൻട്രൽ കാർഷിക ഗ്രാമവികസന ബാങ്കും, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളും അതിന്റെ അപ്പക്സ് സ്ഥാപനമായ കേരളാ സ്റ്റേറ്റ് സഹകരണ ഹൗസിംഗ് ഫെഡറേഷനും വായ്പാ വിതരണ മേഖലയിൽ ദീർഘകാല വായ്പ വിതരണം ചെയ്യുന്ന ദ്വിതല സംവിധാനങ്ങളാണ്. പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങൾ ജില്ലാ മൊത്ത വ്യാപാര കൺസ്യൂമർസഹകരണ സംഘങ്ങൾ, അപ്പക്സ് സ്ഥാപനമായ കേരളാ സ്റ്റേറ്റ് സഹകരണ കൺസ്യൂമർ ഫെഡറേഷൻ എന്നീ സ്ഥാപനങ്ങൾ ഉപഭോക്തൃമേഖലയിൽ ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്നു. പ്രാഥമിക മാർക്കറ്റിംഗ് സഹകരണ സംഘങ്ങൽ അപ്പക്സ് സ്ഥാപനമായ കേരളാ സ്റ്റേറ്റ് റമ്പർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവ ദ്വിതല സംവി

ധാനത്തിൽ പ്രവർത്തിക്കുന്ന വായ്പേതര സഹകരണ സ്ഥാപനങ്ങളാണ്. കയർ, കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങൾ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവയും കേരളത്തിലെ പ്രധാനപ്പെട്ട വായ്പേതര സഹകരണ സ്ഥാപനങ്ങളാണ്. വിദ്യാഭ്യാസം, പൊതു ജനാരോഗ്യം, പൊതു വിതരണം എന്നീ മേഖലകളെപ്പോലെ സഹകരണ രംഗത്തും കേരളം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി തീർന്നിട്ടുണ്ട്.

മയ്യനാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മയ്യനാട് റീജിണൽ കോ- ഓപ്റേറ്റിവ് ബാങ്ക് ക്ലീപ്തം നമ്പർ 94, ഉമയനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3034, മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2294, എന്നീ 3 പ്രാഥമിക സഹകരണ ബാങ്കുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഈ മൂന്ന് സഹകരണ സ്ഥാപനങ്ങളിൽ കൂടി 30392പേർ അംഗങ്ങളാണ്. പരിഞ്ഞടഞ്ഞ ഓഹരി മൂലധനം 10396188 രൂപയും നിക്ഷേപം 138830625 രൂപയും അംഗങ്ങളിൽ വയ്പാ ബാക്കി നില്പ് 13287551 രൂപയുമാണ്.

മയ്യനാട് റീജണൽ സഹകരണ ബാങ്ക് ക്ലിപ്തം – 94

കൈത്തറി സഹകരണ സംഘമായി പ്രവർത്തനം ആരംഭിച്ചു. 15-5-57 റീജണൽ സഹകരണ ബാങ്കായി രൂപം കൊണ്ടു. കേരകർഷകരെ സഹായിക്കാൻ പഞ്ചായത്തിൽ കാര്യക്ഷമമായി കെട്ട് തെങ്ങ് വ്യവസ്ഥ നടപ്പിലാക്കി വന്നിരുന്നു. ഇരവിപുരം മയ്യനാട് പഞ്ചായത്തുകൾ പ്രവർത്തന മേഖലയുള്ള ഈ സ്ഥപനം വായ്പാ പ്രവർത്തനം കൂടാതെ ചിട്ടി, കൺസ്യൂമർ, വളം വിതരണം, ടെക്സ്റ്റയിൽസ് ഡിപ്പോകളും നടത്തി വരുന്നു. മയ്യനാട് പഞ്ചായത്തിലെ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹകരണ സ്ഥാപനങ്ങൾ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. ബാങ്ക് നല്ല രീതിയിൽ ചിട്ടി നടത്തിവരുന്നു. ലാഭകരമല്ലാത്ത കാരണത്താൽ ടെക്സ്റ്റയിൽ, വളം ഡിപ്പോകൾ പ്രവർത്തന രഹിതമാണ്. സാദ്ധ്യതകളനുസരിച്ച് പ്രവർത്തന ക്ഷമമല്ലായെന്ന് ഗ്രാമസഭകളിൽ വിമർശനം ഉയർന്നുവന്നു. സ്വന്തം ഫണ്ട് ഉപയോഗിച്ച് മദ്ധ്യകാല കാർഷികേതര വായ്പാ പ്രവർത്തനം മാത്രമാണ് ഏറ്റടുത്ത് നടപ്പിലാക്കുന്നത്. കാർഷിക വായ്പ്പാ പ്രവർത്തനം പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു. NABARD തുടങ്ങിയ കാർഷിക വികസന ഏജൻസികളുടെ കാർഷിക പദ്ധതികൾ നടപ്പിലാക്കി കർഷകർക്ക് കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നില്ലായെന്ന വിമർശനം നിലനിൽക്കുന്നു. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കും, വിവാഹം, മുൻകടം വീട്ടാൻ എന്നീ ആവശ്യങ്ങൾക്ക് ബാങ്ക് നമ്മുടെ പഞ്ചായത്തിൽ നൽകി വരുന്ന വായപകൾ പഞ്ചായത്തിലെ വികസന പുരോഗതിക്ക് നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

ഉമയനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 3034

ഉമയനല്ലൂർ കേന്ദ്രമാക്കി പഞ്ചായത്തിലെ ആറു വാർഡുകൾ മാത്രം പ്രവർത്തന മേഖലയുള്ള ഈ സ്ഥാപനം 17-01-50-ൽ രജിസ്റ്റർ ചെയ്തു. 07-02-51-ൽ സർവ്വീസ് സഹകരണ സംഘമായി പ്രവർത്തനമാരംഭിച്ചു. 27-06-83-ന് സഹകരണ ബാങ്കായി മാറി. IRDP വായ്പ പദ്ധതികൾ ഉൾപ്പെട്ട കാർഷികവും കാർഷികേതരവുമായ എല്ലാ വായ്പാ പദ്ധതികളും ചിട്ടിയും നടപ്പാക്കി വരുന്നു. ബാങ്കിന്റെ നിയന്ത്രണത്തിൽ ഒരു വളം ഡിപ്പോ പ്രവർത്തിക്കുന്നു. ബാങ്കിന്റെ സമീപ ഭാവിയിലെ വളർച്ച അസൂയാർഹമാണ്.

മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 2294

ഇരവിപുരം പഞ്ചായത്തിലെ ഒരു വാർഡും മയ്യനാട് പഞ്ചായത്തിലെ ഒന്നുമുതൽ ആറുവരെ വാർഡുകൾ പൂർണ്ണമായും മൂന്ന്, ഏഴ്, പതിനാല് എന്നീ വാർഡുകൾ ഭാഗികമായും പ്രവർത്തന മേഖലയുള്ള ഈ സ്ഥാപനം 1943-ൽ പ്രവർത്തനമാരം

ഭിച്ചു. സ്വന്തം ഫണ്ട് മാത്രം ഉപയോഗിച്ച് മദ്ധ്യകാല കാർഷികേതര വായ്പ വിതരണം ചെയ്യുന്നു. കൂടാതെ ചിട്ടി, ടെക്സ്റ്റയിൽസ്, വളം ഡിപ്പോകളും നടത്തിവരുന്നു.

കൊല്ലം സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം 167

കൊല്ലം, കൊട്ടാരക്കര താലൂക്കുകൾ പ്രവർത്തന മേഖലയുള്ളതും കൊല്ലം കേന്ദ്രമാക്കിയും കൊട്ടാരക്കര കടയ്ക്കൽ ബ്രാഞ്ചുകളോടുകൂടി പ്രവർത്തിക്കുന്ന കൊല്ലം സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കാർഷികവും കാർഷികേതരവും ആയ ആവശ്യങ്ങൾക്ക് ദീർഘ കാല വായ്പകൾ വിതരണം ചെയ്യുന്നു.

കുളം, കിണർ, കുഴൽ കിണർ എന്നിവ കുഴിക്കുന്നതിന് സ്റ്റോറേജു ടാങ്ക്, കണിക ജലസേചനം, പമ്പു സെറ്റ് സ്ഥാപിക്കുക, തുടങ്ങിയ ജലസേചന പദ്ധതികൾക്കും, തെങ്ങിൻ തോട്ടങ്ങളിൽ മണ്ണിട്ടു നികത്തുക, ചുറ്റുകയ്യാല, മുള്ളുവേലി നിർമ്മാണം എന്നിവയ്ക്കും കൃഷി പണികൾ യന്ത്ര വൽക്കരിക്കുന്നതിനും നേഴ്സറികൾ സ്ഥാപിക്കുന്നതിനും ചരക്കു വണ്ടികൾ വാങ്ങുക, ഗ്രാമീണ വ്യവസായ യൂണിറ്റികൾ ആരംഭിക്കുക, മാടുവളർത്തുന്നതിന്, മൽസ്യകൃഷി, അലങ്കാര മൽസ്യ കൃഷി എന്നീ ആവശ്യങ്ങൾക്ക് 50,000 രൂപാ മുതൽ 10 ലക്ഷം രൂപാ വരെ 9% മുതൽ 15.5% വരെ പലിശ നിരക്കിൽ 20 വർഷം വരെ കാല അളവിൽ വായ്പകൾ ലഭിക്കുന്നു.

ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് (NABARD) കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വ്യവസായ വകുപ്പ് മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ആവശ്യകത കണക്കിലെടുത്താണ് വായ്പ അനുവദിക്കുന്നത്. മയ്യനാട് പഞ്ചായത്തിൽ 95-96 വർഷം 31 പേർക്ക് 4,51,700/- രൂപ കാർഷിക മേഖലയിലും 2 പേർക്ക് 4,50,000/- രൂപ വ്യവസായ മേഖലയിലും വായ്പ നൽകി.

മുഖത്തല ബ്ലോക്ക് റൂറൽ ഹൗസിങ് സഹകരണ സംഘം

മുഖത്തല ബ്ലോക്ക് പ്രവർത്തനമേഖലയുള്ള ഈ ഭവനനിർമ്മാണ സഹകരണസംഘം 55000 മുതൽ 5ലക്ഷം രൂപ വരെ 20 വർഷം വരെയുള്ള കാലാവധിക്ക് 15.2% മുതൽ 20.5% വരെ പലിശ നിരക്കിൽ ഭവനനിർമ്മാണ വായ്പ വിതരണം ചെയ്യുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പട്ടികജാതി വിഭാഗത്തിനും 19500 രൂപ വരെ 12% പലിശയ്ക്ക് ഭവനനിർമ്മാണവായ്പ ലഭ്യമാണ്. കൃത്യമായി വായ്പാ ഗഡുക്കൾ തിരിച്ചടയ്ക്കുന്ന സർക്കാർ ജീവനക്കാർക്ക് 3 % പലിശ സബ്സിഡിയും നിലവിലുണ്ട്. പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം 474800 രൂപയ്ക്ക് ആധാരങ്ങളിൽ ബാക്കി നിൽപ്പ് വായ്പ 4200401 രൂപയ്ക്കാണ് മയ്യനാട് പഞ്ചായത്തിലും ഭവനനിർമ്മാണവായ്പ വിതരണം ചെയ്തത്.

ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ നടുവിലക്കര, പുല്ലിച്ചിറ, മയ്യനാട്, കല്ലുംമൂട്, കൂട്ടിക്കട, മേവറം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് 6 ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. 400 ഓളം കുടുംബങ്ങൾ ഈ സംഘങ്ങളുമായി ബന്ധപ്പെട്ട് 1300 ലിറ്റർ പാൽ നൽകുന്നു. 800 ലിറ്റർ പാൽ പുറത്തേയ്ക്ക് കയറ്റി അയയ്ക്കുകയും 500 ലിറ്റർ പാൽ പ്രാദേശികമായി വിതരണം ചെയ്യുകയും ചെയ്യുന്നു.

പഞ്ചായത്തിൽ മയ്യനാട് ഒരു കയർ വ്യവസായ സഹകരണസംഘവും തെക്കുംകര ഒരു കൈത്തറി വ്യവസായ സഹകരണ സംഘവും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ വിവരം

പേര്	അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞെടുത്ത ഓഹരി മൂലധനം	സർക്കാർ ഓഹരി	അംഗസംഖ്യ	നിക്ഷേപം		
					സ്ഥിരം	സേവിംഗ്സ് /കറന്റ്	ആകെ
മയ്യനാട് റീജണൽ സഹകരണ ബാങ്ക് ക്ലിപ്തം 94	10000000	5226973	42000	19912	65493039	8927780	74420819
മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 2294	5000000	3118513	50000	4600	24477727	9298864	33776591
ഉഴയന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 3034	5000000	2050702	-	5880	18237410	2295805	20633215

വായ്പ ബാക്കിനില്പ്			സ്ഥാപനങ്ങളിൽ കടം മറ്റ്	തൻചെലവ്	സിൽബന്ധി ചെലവ്	ലാഭം/നഷ്ടം
കാർഷികം	കാർഷികേതരം	ആകെ				
-	72170149	72170149	-	1688624	355712	ലാഭം
86500	32353767	32440267	-	316414	186731	ലാഭം
1216000	25584000	26800000	7705268	319390	3330205	ലാഭം

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയെന്ന കാഴ്ചപ്പാടിന് നമ്മുടെ പഞ്ചായത്തിലെ വികസനത്തിന് സഹായകരമായ വിധത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന ഈ സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം താഴെ പറയുന്ന വിധത്തിൽ പുനഃക്രമീകരണം നടത്തേണ്ടതാണ്.

1. സഹകരണ നിയമം കാലോചിതമായി പരിഷ്കരിക്കുക. സഹകരണസ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്തുകളുടെ കൂടെ നിയന്ത്രണത്തിൽ കൊണ്ടുവരിക.

2. ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ സഹകരണസ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുന്ന വായ്പകളെ സംബന്ധിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും സമയാസമയങ്ങളിൽ ബോധവൽക്കരണം നടത്തുക.

3. ഒൻപതാം പദ്ധതി വിഭാവന ചെയ്യുന്ന തരത്തിൽ കാർഷികമേഖലയ്ക്കും, ഉൽപ്പാദനവർദ്ധനവിനും സഹായകരമായ വായ്പകൾക്ക് പ്രാമുഖ്യം നൽകുക.

4. റീജിയണൽ സഹകരണബാങ്ക് ഉൾപ്പെടെ കാർഷിക വായ്പാ വിതരണവും രാസവള വിതരണവും നടപ്പിലാക്കുക, ചെറുകിട, മാർജിനൽ, വൻകിട കർഷകർ എന്നീ തരത്തിൽ നബാർഡ് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പ ജില്ലാ സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുക.

5. സ്വന്തം ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം തുക നിർബന്ധമായും കാർഷിക ആവശ്യത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിതരണം ചെയ്യുമെന്ന് പ്രാഥമിക സംഘങ്ങൾ ഉറപ്പ് വരുത്തുക.

6. നല്ലയിനം ഏത്തവാഴ, പച്ചക്കറി, കുരുമുളക് വിത്തുകൾ ശേഖരിച്ച് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുകയും മെച്ചപ്പെട്ട കർഷകർക്ക് ആകർഷകമായ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുക. സഹകരണ സ്ഥാപനങ്ങളുടെ പൊതു തത്വ ഫണ്ട് ഇതിനായി ഉപയോഗിക്കാവുന്നതാണ്.

7. സഹകരണ സ്ഥാപനങ്ങൾ കർഷകരിൽ നിന്നും നേരിട്ട് കൊപ്ര ശേഖരിക്കുകയും കേരഫെഡുമായി ബന്ധപ്പെട്ട് വിതരണം നടത്തുകയും, കൊപ്ര ശേഖരണത്തിന് പ്രാമുഖ്യം നൽകി സഹകരണ മാർക്കറ്റിംഗ് സംഘം രജിസ്റ്റർ ചെയ്യുക.

8. രണ്ട് വാർഡിന് ഒരു കൺസ്യൂമർ സഹകരണ സംഘം ആരംഭിച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക, വനിതാ സഹകരണസംഘങ്ങൾക്ക് മുൻഗണന നൽകുക.

9. മയ്യനാട് മുക്കം കേന്ദ്രീകരിച്ച് ഒരു ടൂറിസം വികസന സഹകരണസംഘം രജിസ്റ്റർ ചെയ്യുക.

10. സാമ്പത്തിക ശേഷിയുള്ള പ്രാഥമിക സഹകരണസംഘത്തിന് ഒരു അഗ്രിക്കൾച്ചറൽ ഓഫിസറുടെ തസ്തിക സൃഷ്ടിക്കുകയും സഹകരണ സ്ഥാപങ്ങളുടെയും കൃഷി ഭവന്റെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെയും പ്രവർത്തനം ഏകോപിപ്പിക്കുകയും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുകയും ചെയ്യുക.

11. ചെറുകിട കച്ചവടക്കാർക്ക് ദിവസവും തിരിച്ചടയ്ക്കാവുന്ന ഹ്രസ്വകാല ക്യാഷ് ക്രെഡിറ്റ് വായ്പകൾ ഏർപ്പെടുത്തുക.

12. കാർഷിക വ്യവസായ വായ്പകൾ പഞ്ചായത്ത് സമിതികളുടെ നിർദ്ദേശം കൂടി പരിഗണിച്ച് മാത്രം വിതരണം ചെയ്യുക.

13. വായ്പകളുടെ ഉപയോഗം, തിരിച്ചടയ്ക്കാനുള്ള കഴിവ്, കുടിശ്ശിഖ എന്നിവ കൃത്യമായി പരിശോധിക്കുകയും ദുർവിനിയോഗം തടയുകയും ചെയ്യുക.

14. പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ ദ്വയാംഗത്വം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക.

15. ബ്രാഞ്ചുകൾ ആരംഭിച്ച് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വികേന്ദ്രീകരിക്കുക.

16. ഉമയനല്ലൂർ S.C.B ഉമയനല്ലൂരും, മയ്യനാട് S.C.B കൂട്ടിക്കടയിലും, മയ്യനാട് R.C.B മയ്യനാട്ടും ഓരോ ഓഡിറ്റോറിയം പണികഴിപ്പിക്കുകയും സാസ്കാരിക സമ്മേളനങ്ങൾക്കും വിവാഹങ്ങൾക്കും വാടകയ്ക്ക് നൽകുക.

17. സഹകരണ ബാങ്കുകൾ ഓരോ ആംബുലൻസ് വാങ്ങി വാടകയ്ക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുക.

18. പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിൽപന കാര്യക്ഷമമാക്കുക.

പട്ടികജാതി - പട്ടികവർഗ്ഗം



പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

മയ്യനാട് ഗ്രാമ. പഞ്ചായത്തിൽ 14 അംഗീകൃത കോളനികളും നിരവധി പട്ടികജാതി കേന്ദ്രങ്ങളും ഉണ്ട്. പട്ടിക വർഗ്ഗത്തിൽപെട്ടവർ നാമമാത്രവും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വളരെയധികം പേർ ലക്ഷം വീട് കോളനികൾ, ജയന്തി കോളനികൾ എന്നിവയിൽ താമസിച്ചുവരുന്നു. എന്നാൽ അംഗീകൃത കോളനികളിലല്ലാതെ ഇതര ജാതിമത വിഭാഗങ്ങളുമായി ഇടകലർന്നു ജീവിക്കുന്നവരും കുറവല്ല. ഈ വിഭാഗത്തിൽപ്പെട്ടവരുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ ഇപ്പോൾ ലഭ്യമല്ല. 1991-ലെ സെൻസസ് പ്രകാരം മയ്യനാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 4799 ആണ്. അതിൽ 2432 പുരുഷന്മാരും 2367 സ്ത്രീകളും ഉൾപ്പെടുന്നു.

അംഗീകൃത പട്ടികജാതി കോളനികളുടെ പേര്

A. 1. ധവളക്കുഴി (എസ്.ആർ.ഡി.പി കോളനി)
2. പരക്കുളം സെറ്റിൽമെന്റ് കോളനി (പട്ടികജാതി)
3. ഉമയനല്ലൂർ പട്ടരുമുക്ക് കോളനി (പട്ടികജാതി)
4. കുന്നുവിളള സെറ്റിൽമെന്റ് കോളനി (പട്ടികജാതി)
5. പറന്തിയിൽ സെറ്റിൽമെന്റ് കോളനി (പട്ടികജാതി)
6. വലിയവിള പട്ടികജാതി കോളനി
7. പൊറ്റയിൽ വടക്കേക്കര കോളനി (പട്ടികജാതി)
8. കുഴിയിൽ (പടനിലം) സെറ്റിൽമെന്റ് കോളനി
9. കോവൂച്ചിറ പട്ടികജാതി കോളനി
10. വലിയവാടം പട്ടികജാതി കോളനി
11. അമ്മാച്ചൻ മുക്ക് അംബേദ്കർ കോളനി

B. റൂറൽ ഹൗസിങ് കോളനി
1. മങ്ങാട്ട് വിള കോളനി
2. പളളിത്തൊടി കോളനി
3. മുല്ലശ്ശേരി കോളനി

C. ലക്ഷം വീട് കോളനികൾ
1. മുക്കം ലക്ഷം വീട് കോളനി
2. കുറ്റിക്കാട് ലക്ഷം വീട് കോളനി
3. പുത്തൻ കടവ് ലക്ഷം വീട് കോളനി
4. പരക്കുളം AKMDLH കോളനി
5. പനവിള ലക്ഷം വീട് കോളനി
6. മുല്ലശ്ശേരി കോളനി

D. മറ്റ് പട്ടികജാതി സങ്കേതങ്ങൾ
1. ഓലിക്കര കോളനി
2. പരട്ടപ്പുറം കോളനി
3. നടുവിലക്കര മല്ലശ്ശേരി കോളനി

4. മുക്കം കോട്ടയ്ക്കവിള വയലിൽ പട്ടികജാതി കോളനി
5. ചാണി വയലിൽ പട്ടികജാതി കോളനി

ഇവകൂടാതെ, 10ലധികം പട്ടികജാതി കുടുംബങ്ങൾ കൂട്ടമായി താമസിക്കുന്ന വളരെയധികം പട്ടികജാതി കേന്ദ്രങ്ങളുണ്ട്. മയ്യനാട് പഞ്ചായത്താഫീസ്, മാർക്കറ്റ് എന്നിവയ്ക്ക് കിഴക്ക് തെക്കുള്ള കൈതപ്പുഴ വടക്ക് അഥവാ കോട്ടപ്പുറം എന്ന സ്ഥലവും, വടക്ക് വയലിൽ വീട്ടിൽ കിഴക്കതിൽ എന്ന സ്ഥലവും അത്തരത്തിൽപ്പെടുന്നു. അവ കോളനികളായി അംഗീകരിക്കാവുന്നതാണ്. ഇത് തന്നെയാണ് വിവിധ വാർഡുകളിലെയും സ്ഥിതി.

ഒൻപതാം പഞ്ചവൽസരപദ്ധതിയുടെ പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ പദ്ധതികൾ ഫലപ്രദമാകണമെങ്കിൽ ഇത്തരം കേന്ദ്രങ്ങളെ തീവ്രവികസന സങ്കേതങ്ങളായി പ്രഖ്യാപിച്ച് പദ്ധതികളും പരിപാടികളും സംയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. അതിന്, നിലവിലുള്ള കാലഹരണപ്പെട്ട നിയമ ചട്ടങ്ങളിൽ കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് മാറ്റങ്ങൾ അനിവാര്യമാണ്. അതിനുള്ള ഒരു മുഖ്യ മുൻ ഉപാധി, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വരെ സംബന്ധിച്ച സത്യസന്ധമായ ഒരു സ്ഥിതിവിവരമാണ്. ഒരു സമഗ്ര സർവ്വേയിലൂടെ അതു സാധിക്കും. പഞ്ചായത്ത് അതിന് മുൻകൈയെടുക്കണം.

മയ്യനാട് ഗ്രാമപഞ്ചായത്തിലെ എല്ലാവാർഡുകളിലും കോളനികളുണ്ട്. അവിടങ്ങളിൽ, അടിസ്ഥാന ജീവിത സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി,കക്കൂസ് എന്നിവ പരിതാപകരമാം വിധം ദയനീയ സ്ഥിതിയിലാണ്. ഇതിന് പരിഹാരമുണ്ടാവണം.

പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ മയ്യനാട് ഗ്രാമപഞ്ചായത്തിലെ പൊതുഅവസ്ഥ താരതമ്യേന മെച്ചപ്പെട്ടതാണ്.അവരുടെ കുട്ടികൾ കൃത്യമായി സ്കൂളുകളിൽ പോകുന്നു. ഇതിന് ചില്ലറ അപവാദങ്ങൾ ഇല്ലെന്നില്ല. സ്കൂളുകളിൽ പോകേണ്ട പ്രായത്തിലുള്ള കുറെ കുട്ടികളെങ്കിലും അത് മുടക്കി മറ്റുള്ള സമ്പന്നരുടെ ഭവനങ്ങളിൽ ജോലിക്ക് പോകാറുണ്ട്. അതിന് പ്രധാനകാരണം, കുടുംബത്തിലെ ദാരിദ്ര്യം തന്നെ. മാതാപിതാക്കളുടെ തൊഴിലില്ലായ്മയും ഒരു ഘടകം തന്നെ. പഞ്ചായത്തിലെ ഈ വിഭാഗം ആൾക്കാർ അധികവും തൊഴിലെടുത്ത് ജീവിക്കുന്നത് കശുവണ്ടിമേഖല, മൽസ്യത്തൊഴിലാളിമേഖല, മരംകയറ്റത്തൊഴിൽ, കെട്ടിടനിർമ്മാണത്തൊഴിൽ, കർഷക- കർഷകത്തൊവിലാളി മേഖല, വസ്ത്രം അലക്ക് തുടങ്ങിയ മേഖലകളിലാണ്. ഇവിടെ നിരക്ഷരുടെ സംഖ്യവളരെ കുറവാണ്. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ എല്ലാ വാർഡുകളിലുമുണ്ട്. ബഹുജന സംഘടനാ നേതൃത്വത്തിലുള്ളവർ നാമമാത്രമാണ്. ജാതിപരമായ ഉച്ചനീചത്വം നിലവിലില്ല. ഇവരുടെ സാമൂഹ്യപദവി തൃപ്തികരമാണ്. ജാതിപറഞ്ഞ് വിളിക്കുന്ന രീതി ഇവിടെയില്ല.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കണക്കിന്റെ നിജസ്ഥിതി അറിയാൻ വളരെപ്പെട്ടെന്നുള്ള ഒരു അന്വേഷണം നടത്തുകയുണ്ടായി. അങ്ങനെ ബോദ്ധ്യമായ വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. മിക്ക വീടുകൾക്കും അറ്റകുറ്റപ്പണി (Maintanance) അത്യാവശ്യമാണ്.
2. ഉപയോഗയോഗ്യമായ കക്കൂസുകളും ജല നിർഗ്ഗമന മാർഗ്ഗങ്ങളുമുണ്ടാകണം.
3. ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാകണം.
4. വൈദ്യുതിക്ക് വേണ്ടി വയർ ചെയ്ത പട്ടികജാതി സങ്കേതങ്ങളിലെ എല്ലാ വീടുകൾക്കും വൈദ്യുതി ലഭ്യമാകണം.
5. കോളനികളിലേക്കും അവയ്ക്കുള്ളിലും യാത്രാ സൗകര്യം മെച്ചപ്പെടുത്തണം.
6. (വയൽ നികത്തിയ ഇടങ്ങളിലുള്ള) ഓല മേഞ്ഞ ചെറ്റകുടിലുകളിൽ യാതൊരു പ്രാഥമിക സൗകര്യവുമില്ലാതെ ജീവിക്കുന്നവരുടെ വീടുകൾ ബലമുള്ളതും ഓടുമേഞ്ഞതുമാക്കാൻ സമഗ്രമായ നടപടിയുണ്ടാകണം.

7. ഭൂരഹിതരും, ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക പദ്ധതിയുണ്ടാകണം.

8. തൊഴിലില്ലായ്മക്ക് ഒരു പരിധി വരെയെങ്കീലും പരിഹാരമുണ്ടാക്കാൻ കഴിയുംവിധം മയ്യനാടിന്റെ തെക്കൻ ഭാഗത്തെവിടെയെങ്കിലും ഒരു കാഷ്യൂ ഫാക്ടറി സ്ഥാപിക്കണം.

9. പഞ്ചായത്തിലെ ഏക I. H. D. P സെറ്റിൽമെന്റായ ധവളക്കുഴിയിലെ പട്ടികജാതിക്കാരുടെ ദാരിദ്രം, തൊഴിലില്ലായ്മ എന്നിവയ്ക്ക് പരിഹാരമാകത്തക്കവിധത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

10. ഈ പഞ്ചായത്തിലെ വിവിധ പട്ടികജാതി സങ്കേതങ്ങളിലും ലക്ഷം വീടുകളിലും ടി. വി.സെറ്റു സ്ഥാപിക്കുക.

11. സഹകരണ ബാങ്കുകളുടെ സേവനം എല്ലാവർക്കും ലഭ്യമായരീതിയിൽ ആക്കിതീർക്കുക.

12. കോളനികളിൽ താമസിക്കുന്ന പട്ടയം ലഭിക്കാത്തവർക്ക് അത് ഉടനെ ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണം.

13. ഗ്രന്ഥശാലകളുടേയും, സാംസ്കാരിക നിലയങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ ഉണ്ടാവണം.

14. ഹരിജൻ കോളനികളിൽ കുടുംബക്ഷേമ കേന്ദ്രങ്ങളും, പഞ്ചായത്ത് ക്രഷുകളും പ്രീപ്രൈമറി സ്കൂളുകളും ഉണ്ടാവണം.

15. പട്ടികജാതി സങ്കേതങ്ങളിൽ മിൽമാ ബൂത്തുകളും, വിപണന ശാലകളും ആരംഭിക്കണം.

16. എല്ലാ കോളനികളും സമഗ്ര വികസന പദ്ധതിയിൽ (I. H. D. P) ഉൾപ്പെടുത്തണം.

17. വിവിധ വകുപ്പുകളിൽ നിന്നും ഹരിജനങ്ങൾക്കു നൽകിയിട്ടുള്ള, 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും താമസയോഗ്യമല്ലാത്തതുമായ വീടുകൾ, പുന:രുദ്ധരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ നിന്നും സ്വീകരിക്കണം.

നടപ്പു പദ്ധതികളുടെ അവലോകനം

പട്ടിക ജാതി വികസന വകുപ്പ് കൊല്ലം ജില്ലയിൽ ഇക്കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇരുപതോളം വികസനപദ്ധതികളിലും. കേരള സംസ്ഥാന പട്ടിക ജാതി – വർഗ്ഗ വികസന കോർപ്പറേഷന്റെ 37 പദ്ധതികളും, 9 ട്രെയിനിംഗ് കോഴ്സുകളും മയ്യനാട് പഞ്ചാത്തതിർത്തിയിലുള്ള പട്ടിക ജാതിക്കാർക്ക് എടുത്ത് പറയത്തക്കയാതൊരു പ്രയോജനവും ലഭിച്ചതായി അറിവില്ല. പട്ടികജാതി – പട്ടിക വർഗ്ഗ സഹകരണ വിപണന ഫെഡറേഷൻ, പരിവർത്തിത ക്രൈസ്തവർക്ക് വേണ്ടിയുള്ള കോർപ്പറേഷൻ, കിർത്താഡ്സ് എന്ന പട്ടിക ജാതിക്കാർക്കു വേണ്ടിയുള്ള വകുപ്പ് എന്നിവയെക്കുറിച്ചും അവയുടെ പ്രവർത്തന പദ്ധതികളെകുറിച്ചും വേണ്ടത്ര അറിവ് ഈ പഞ്ചായത്ത് പ്രദേശത്തുള്ളവർക്കില്ല. അതിന് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഈ ദിശയിലുള്ള പ്രവർത്തനത്തിന്റെ ഭാഗമായി മയ്യനാട് പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗത്ത് ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കേണ്ടതാണ്. അതിന് ബഡ്ജറ്റിൽ തുക കൊള്ളിക്കുകയും വേണം.

സാമൂഹ്യക്ഷേമ പരിപാടികൾ

ദാരിദ്ര്യ നിർമ്മാർജനം, പരിശീലന സഹായം, മറ്റു ക്ഷേമ പരിപാടികൾ എന്നിവയിൽ സർക്കാർ ഭാഗങ്ങളിൽ നിന്നുണ്ടായ പ്രവർത്തനങ്ങളുടെ ഒരു ഏകദേശ ചിത്രം താഴെ വിവരിക്കുന്ന പട്ടികയിൽ നിന്ന് ലഭിക്കുന്നതാണ്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ടത് കുടിവെള്ളം, വൈദ്യുതി, കക്കൂസ്, കോളനി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, സഞ്ചാര സൗകര്യം മെച്ചപ്പെടുത്തൽ എന്നിവയാണ്. ഇക്കാര്യങ്ങളിൽ മുൻ ഗണനാക്രമം ആവശ്യമാണ്.

ദാരിദ്ര്യം, പട്ടിണി എന്നിവ രൂക്ഷമല്ലെങ്കിലും കുട്ടികളുടെ വിദ്യാഭ്യാസത്തെ ഇത് പരോക്ഷമായെങ്കിലും ബാധിക്കുന്നതായി ബോധ്യപ്പെട്ടു. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ മയ്യനാട് പഞ്ചായത്തിൽ നിലവിലില്ല. പട്ടിക ജാതിക്കാർക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന സാഹചര്യം ചെറിയ

തോതിലെങ്കിലും ഉണ്ട്. എന്നാൽ, വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാലും കാലഹരണപ്പെട്ട നിയമങ്ങൾ മൂലവും പൊതുജനങ്ങൾ– വിശേഷിച്ചും പട്ടികജാതിക്കാർക്ക് സർക്കാർ ആഫിസുകളിൽ നിന്നും നീതി ലഭിക്കുന്നില്ല എന്ന് പരക്കെ പരാതി ഉണ്ട്.

ഓരോ ഗ്രാമ പഞ്ചായത്തും പട്ടികജാതി–പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് ആനുപാതികമായി വികസന പദ്ധതികൾക്കുള്ള തുക നിക്കി വയ്ക്കണം എന്നത് ഒൻപതാം പദ്ധതിയുടെ അംഗീകൃത മാനദണ്ഡങ്ങളിലൊന്നാണ്. ആ നിലയ്ക്ക്, മയ്യനാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി– പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാ കണക്ക് വ്യക്തമായും എടുക്കാൻ അടിയന്തിര ശ്രമം വേണ്ടിയിരിക്കുന്നു. അത്തരം ഒരു സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം സമതുലിതമായി എല്ലാ വാർഡുകളിലുമുള്ള ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നീതിപൂർവ്വകമായി വിതരണം ചെയ്യപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആവശ്യമെങ്കിൽ, വിവിധ പട്ടികജാതിവികസനവകുപ്പുകളിലൂടെയും അല്ലാതെയും നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും പരിപാടികൾക്കും സമാന്തരമായിത്തന്നെ ആളുകൾക്ക് എത്രയും പെട്ടെന്ന് പ്രയോജനം ലഭ്യമാകത്തക്ക വിധത്തിൽ പഞ്ചായത്തിന്റെതായ പദ്ധതികൾ ഉണ്ടാകണം.

1970കളിലാരംഭിച്ച സ്പെഷ്യൽ കംപോണന്റ് പ്ലാൻ (S C P) എന്ന പദ്ധതിയുടെ പ്രയോജനം മയ്യനാട് പഞ്ചായത്തിൽ കാര്യക്ഷമമായി നടക്കുന്നു എന്ന് തോന്നുന്നില്ല. ഓരോ വികസന വകുപ്പും പ്രതിവർഷം ചെലവഴിക്കുന്ന പദ്ധതിത്തുകയുടെ പത്തു ശതമാനം തുക പട്ടികജാതി– വർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികൾക്കായി വിനിയോഗിക്കണം എന്ന വ്യവസ്ഥ കാലോചിതമായി മാറ്റം വരുത്തുകയും ഈ പദ്ധതി പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കുകയും വേണം.

പട്ടികജാതി കുടുംബങ്ങളുടെ വരുമാന വർദ്ധനവിന് നൂതന പദ്ധതികളാവിഷ്കരിക്കുക ഒൻപതാം പദ്ധതിയുടെ പ്രധാന പരിപാടികളിലൊന്നാണ്. ഇതിന്, പഞ്ചായത്തിന്റെ ഓരോ വാർഡിലും കോളനിയിലും ഒരു നിശ്ചിത എണ്ണം കുടുംബങ്ങളെ തെരഞ്ഞെടുക്കണം. പ്രാദേശിക സാദ്ധ്യതകൾ കണക്കിലെടുത്ത് ഗ്രാമീണ തൊഴിലുകളിലേർപ്പെടാനും വരുമാനവർദ്ധനവിനുള്ള പദ്ധതികളാവിഷ്കരിച്ചു നടപ്പിലാക്കാനും സാധിക്കും. ഖാദി ബോർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ കൈത്തൊഴിലിന്റെ വികാസം ഉറപ്പുവരുത്താനാവും. തദ്ദേശബാങ്കുകളെ ഇതിന് സജ്ജമാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതുണ്ട്. വീടുകൾതോറും പച്ചക്കറികൃഷി വ്യാപകമാക്കുക, കോഴി, ആട്, താറാവ് എന്നിവയുടെ പരിപാലനം, സോപ്പ്, മെഴുകുതിരി, തീപ്പെട്ടി നിർമ്മാണം, മെറ്റൽ ഉടച്ച് വിൽക്കൽ, ഓല മെടച്ചിൽ, ഈറ, ഈർക്കിൽ എന്നിവ ഉപയോഗിച്ച് കരകൗശലവസ്തുക്കൾ നിർമ്മിക്കൽ, എന്നിങ്ങനെ പരമ്പരാഗതതൊഴിലുകൾ വീട്ടിലിരുന്ന് പോലും ചെയ്ത് കുടുംബങ്ങളിൽ വരുമാനമുയർത്താൻ നിലവിലുള്ള പദ്ധതികളും പരിപാടികളും പ്രയോജനപ്പെടുത്താം. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ലിംഗ്, ഗാർമെന്റ് മേക്കിംഗ്, ടൈലറിംഗ് എന്നിവയിലെല്ലാം തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങളിലെ യുവതീയുവാക്കളുൾപ്പെടെയുള്ളവർക്ക് ആവശ്യമായ പരിശീലനം നല്കാനുള്ള ചെലവ് പഞ്ചായത്ത് വഹിച്ചുകൊണ്ട് ഓരോ വിഭാഗം ഉദ്യോഗസ്ഥന്മാരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. ഇത്തരം പരിപാടികൾക്ക് വ്യാപകമായ ബോധവൽക്കരണ പരിപാടികളും പഞ്ചായത്ത് നടപ്പിലാക്കണം. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ഉപഭോക്തൃസമിതി എന്നീ സംഘടനകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഈ കാര്യത്തിൽ പഞ്ചായത്ത് സമിതിക്ക് നേടാവുന്നതാണ്.

പ്രാദേശിക പശ്ചാത്തല വികസനത്തിന്റെ ഭാഗമായുള്ള ജലസേചന സൗകര്യത്തിന് ചെറുകുളങ്ങളും കിണറുകളും ആവശ്യമായത്ര നിർമ്മിക്കാൻ പദ്ധതി ആവിഷ്കരണം–വിശേഷിച്ചും പട്ടികജാതി കുടുംബങ്ങൾ വയൽ നികത്തിയ സ്ഥലങ്ങളിലും വയലുകളിൽപ്പോലും താമസിക്കുന്നു. അത്തരം സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണം ഉറപ്പ് വരുത്താൻ സൈഡ് ഭിത്തികൾ കെട്ടിക്കൊടുക്കാൻ പദ്ധതിയുണ്ടാകണം. ഇത്, ഇത്തരം സ്ഥലങ്ങളിലെ വഴി

പ്രശ്നം അഥവാ യാത്രാസൗകര്യപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സഹായിക്കുകയും ചെയ്യും. മണ്ണിന്റെ ഫലപുഷ്ടി ഉറപ്പാക്കാൻ സോയിൽ കൺസർവേഷൻ വകുപ്പിന്റെ സേവനം പരമാവധി ഉറപ്പ് വരുത്തണം.

രണ്ടായിരാമാണ്ടിൽ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കണമെന്ന നിശ്ചയദാർഢ്യമുണ്ടെങ്കിൽ മയ്യനാട് പഞ്ചായത്തിൽ ആരോഗ്യവകുപ്പിന്റെയും പ്രാദേശിക സ്ഥാപനങ്ങളുടെയും സഹായത്തോടെ നിഷ്പ്രയാസം സാധിക്കും. വ്യക്തി ശുചിത്വം, പരിസരശുചിത്വം എന്നിവ ഉറപ്പുവരുത്താനാവശ്യമായ വ്യാപകമായ ബോധവൽക്കരണപരിപാടികൾ പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പിലാക്കണം–വിശേഷിച്ചും പട്ടികജാതി സങ്കേതങ്ങളിൽ. അത്തരം കേന്ദ്രങ്ങളിൽ കൂടുതൽ പോഷകാഹാര വിതരണം ഉറപ്പാക്കണം. അംഗൻവാടികൾ, ബാലവാടികൾ, പ്രീപ്രൈമറി വിദ്യാലയങ്ങൾ എന്നിവ ആവശ്യമായത്ര സ്ഥലങ്ങളിൽ സജ്ജമാക്കണം. കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യപരിരക്ഷ ഉറപ്പാക്കാൻ പാകത്തിൽ ആരോഗ്യവകുപ്പു പ്രവർത്തകരുടെ പ്രവർത്തനം കൂടുതൽ വ്യാപകവും വികേന്ദ്രീകൃതവുമാക്കണം.

പട്ടികജാതി കേന്ദ്രങ്ങളിലും കോളനികളിലും വിദ്യാഭ്യാസപരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകണം. ഓരോ കേന്ദ്രത്തിലും ട്യൂട്ടോറിയൽ സമ്പ്രദായം ആവിഷ്കരിക്കണം. ആവശ്യമായത്ര വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവ സ്ഥാപിക്കണം. വിദ്യാഭ്യാസത്തിന്റെ ഭാഗമായി കഴിവുള്ളിടത്തോളം കേന്ദ്രങ്ങളിൽ ടി.വി സെറ്റുകളുടെ പ്രവർത്തനത്തിന് സംവിധാനമുണ്ടാക്കണം.

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് പ്രത്യേക പരിശീലന പരിപാടികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. അങ്ങനെ പരിശീലനം ലഭിക്കുന്ന പട്ടികജാതിയിൽപ്പെട്ടവർക്കും ദുർബ്ബലവിഭാഗങ്ങൾക്കും തൊഴിൽ സംരംഭങ്ങളാരംഭിക്കാൻ പഞ്ചായത്തിന്റെ ശുപാർശപ്രകാരം തദ്ദേശ ബാങ്കുകളിൽ നിന്നും ധനസഹായം തേടാവുന്നതാണ്.

അഭ്യസ്ത വിദ്യരും ആരോഗ്യമുള്ളവരുമായ പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കൾ മയ്യനാട് പഞ്ചായത്തിലുള്ളതെന്ന് പരിഗണിച്ച് അവരുടെ തൊഴിലില്ലായ്മയ്ക്ക് ചെറിയതോതിലെങ്കിലും പരിഹാരമായി, കൊല്ലം ജില്ലാ കളക്ടറിൽ നിന്നും ആവിഷ്കൃതമായിട്ടുള്ള സെൽഫ് എംപ്ലോയ്മെന്റ് പദ്ധതി പഞ്ചായത്ത് തലത്തിലേക്ക് കൊണ്ട് വരാനും യുവതീ യുവാക്കളെ അതിൽ സജീവ പങ്കാളികളാക്കാനും പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

വൃദ്ധരും അശരണരുമായ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ ദുരിതങ്ങൾക്ക് സത്വരമായി ആശ്വാസം നൽകാനുതകുന്ന വിധത്തിലുള്ള ദുരിതാശ്വാസനിധി പഞ്ചായത്ത് പ്രസിഡന്റിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ).

ഐ. ആർ. ഡി. പി, ട്രൈസെം, ജെ. ആർ. വൈ തുടങ്ങിയ പദ്ധതികളെക്കുറിച്ച് വ്യാപകമായ പ്രചരണം ആവശ്യമാണ്. അതുപോലെ, ബ്ലോക്കിൽ നിന്നും ഈ പദ്ധതികൾ പഞ്ചായത്ത് തലത്തിലേക്ക് കൈമാറണം. ഓരോ പദ്ധതിയിലും ഗുണഭോക്താക്കളുടെ എണ്ണവും സ്കീമുകൾക്കനുവദിക്കുന്ന ഫണ്ടും വർദ്ധിപ്പിക്കാൻ അടിയന്തിര നടപടികളുണ്ടാകണം. ബോധവൽക്കരണപ്രവർത്തനങ്ങൾ ജില്ലാ തലത്തിലും ആവശ്യമാണ്. ഗവൺമെന്റിന്റെയും പഞ്ചായത്തിന്റെയും അതാത് കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ലഭ്യമാകുന്ന എല്ലാ വിവരങ്ങളും പട്ടികജാതികേന്ദ്രങ്ങളിൽ എത്തിക്കുക, പട്ടികജാതിക്കാർക്ക് ഉളള ആനുകൂല്യങ്ങൾ അവർക്കു തന്നെ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുക, അവർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുക, എല്ലാ തലത്തിലും സാമൂഹ്യ നീതി ലഭ്യമാകുന്നു എന്ന ബോധം ജനിപ്പിക്കുക എന്നതിലൂടെയാണ് ഒൻപതാം പദ്ധതിയുടെ വിജയം സാധിതമാകുന്നത്. ധനവിനിയോഗത്തിന്റെ കാര്യത്തിലും മറ്റ് ക്ഷേമകാര്യങ്ങളിലും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനായി/അദ്ധ്യക്ഷയായി ഒരു മോണിറ്ററിംഗ് സെൽ അഥവാ കാര്യോപദേശകസമിതിയുടെ രൂപീകരണവും ആശാസ്യമായിരിക്കും.

വിഭവസമാഹരണം



പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിന് സമ്പത്ത് അത്യന്താപേക്ഷിതമാണല്ലോ. ആവശ്യമായ സമ്പത്ത് കണ്ടെത്താതെ ഒരു വികസന പ്രവർത്തനവും നടത്തുവാൻ സാധ്യമല്ല. സർക്കാരിൽ നിന്ന് കിട്ടുന്ന വിഹിതവും പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന നികുതികളും കൊണ്ട് മാത്രം പഞ്ചായത്തിലെ എല്ലാവിധ വികസനപ്രവർത്തനങ്ങളും സാധ്യമാകുന്നതല്ല. നികുതിയിനത്തിലും മറ്റും പിരിച്ചെടുക്കുന്ന തുകയുടെ നല്ലൊരു പങ്കും പഞ്ചായത്തിന്റെ ഭരണച്ചെലവുകൾക്കായി ചെലവഴിച്ച് വരുകയാണ് പതിവ്. പുതിയ ആസൂത്രണ പ്രക്രിയയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന വിഭവങ്ങളുടെ 40% വരെ പഞ്ചായത്തുകൾക്ക് നൽകുകയാണല്ലോ. ഇതുകൊണ്ടും പഞ്ചായത്തിലെ എല്ലാ വികസനപ്രവർത്തനവും നടത്തുക സാധ്യമല്ല. ഈ ഒരു അവസ്ഥയിലാണ് പ്രാദേശികതലത്തിൽ എത്രത്തോളം വിഭവങ്ങൾ സമാഹരിക്കുവാൻൻ കഴിയുക എന്ന ചിന്ത സംജാതമാകുന്നത്.

പ്രായോഗികമായി ചിന്തിക്കുമ്പോൾ പ്രാദേശികമായി വിഭവസമാഹരണം നടത്തുവാനുള്ള സാധ്യത തുലോം വിരളമാണ്. എന്നാൽ കൂടിയും നമ്മുടെ നാടിന്റെ വികസനത്തിന് ഒരു പരിധിവരെയെങ്കിലും വിഭവങ്ങൾ ശേഖരിച്ചേ മതിയാകൂ. ഇതിലേക്ക് സഹായകമായ വെളിച്ചം വീശാൻ കഴിയുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിഭവസമാഹരണവും – ബാങ്കുകളും

a) വാണിജ്യ ബാങ്കുകൾ

പഞ്ചായത്തിൽ 3 വാണിജ്യ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. (State Bank Of Travancore, Indian Bank, Federal Bank). ബാങ്കുകളിൽ നിന്നും ലഭിക്കാവുന്ന വായ്പകൾ പരമാവധി പ്രയോജനപ്പെടുത്തി കൃഷി (തെങ്ങ്, നെല്ല്, വാഴ തുടങ്ങിയവ) പരമാവധി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. കൂടാതെ വായ്പകൾ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനും നിലവിലുള്ളവ വികസിപ്പിക്കുവാനും കഴിയുന്നതാണ്. ഇതിനായി ബാങ്കുകളുടെ വായ്പാ നയത്തിൽ ഉദാരവൽക്കരണം നടപ്പിലാക്കുവാൻ ആവശ്യമായ നപടികൾ സ്വീകരിക്കണം.

b) സഹകരണ ബാങ്കുകൾ

പഞ്ചായത്തിന്റെ പരിധിയിൽ 3 സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട് (മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക്, മയ്യനാട് റീജിയണൽ കോ-ഓപ്പറേറ്റിവ് ബാങ്ക്, ഉമയനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്). ഈ ബാങ്കുകളിൽ നിന്ന് കിട്ടാവുന്ന വായ്പകൾ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം പരമാവധി പ്രയോജനപ്പെടുത്തി കൃഷി (തെങ്ങ് നെല്ല്, വാഴ, അലങ്കാര പുഷ്പം തുടങ്ങിയവ) അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. തൊഴിൽ

രഹിതർക്ക് വായപ്പകൾ ഉപയോഗിച്ച് സ്വയം തൊഴിൽ കണ്ടെത്താവുന്നതാണ്. കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുവാനും കൂടുതൽ തൊഴിൽ പ്രസ്തുത മേഖലകളിൽ കണ്ടെത്തുവാനും സഹകരണ ബാങ്കുകളുടെ സേവനം സഹായകമായിരിക്കും. പച്ചക്കറികളും മറ്റു കൃഷികളും ചെയ്യുക വഴി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ദുസ്ഥിതിക്ക് പരിഹാരം കണ്ടെത്തുവാനും കഴിയും.

c) മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾ

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്, കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ കോർപറേഷൻ തുടങ്ങിയവയിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ചെറുകിട വ്യവസായങ്ങളും മറ്റും സ്ഥാപിച്ച് നല്ല രീതിയിൽ നടത്തുവാൻ കഴിയുന്നതാണ്.

2. ശ്രമദാനം

ജനങ്ങളുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ പ്രയത്നം മരാമത്ത് പണികൾ നിർവ്വഹിക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്. റോഡുകളുടെ നിർമ്മാണം, പുനരുദ്ധാരണം, സാമൂഹ്യ സേവനം ഇവകൾക്കായി ജനങ്ങളുടെ അദ്ധ്വാനം സമാഹരിച്ച് പ്രയോജനപ്പെടുത്താവുന്നതാണ്. മുൻകാലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗാന്ധി ജയന്തിയോടനുബന്ധിച്ചുള്ള സേവനവാരത്തിൽ–ശ്രമദാനത്തിലൂടെ പൊതുജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദങ്ങളായ മരാമത്ത് പണികൾ നിർവ്വഹിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് നമ്മുടെ സ്കൂളിലെ സോഷ്യൽ സർവ്വീസിന്റെയും നാട്ടിലെ സന്നദ്ധസംഘടനകളുടെയും മഹത്തായ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്രകാരമുള്ള ശ്രമദാന പ്രവർത്തനങ്ങൾക്ക് ജനങ്ങളിൽ നിന്നും സമ്മർദ്ദം കൂടാതെയുള്ള പിരിവുകളും ഉൽപ്പന്ന പിരിവുകളും സംഘടിപ്പിക്കാവുന്നതാണ് (ജോലിക്ക് ഭക്ഷണം എന്ന നിലയിൽ ശ്രമദാനം നൽകുന്നവർക്ക് ആഹാരം നൽകുന്നതിനായി അരി, തേങ്ങ, പയർ, ചീനി തുടങ്ങിയ വിഭവങ്ങൾ ശേഖരിക്കാവുന്നതാണ്). ഇതിന് വേണ്ടി ഓരോ വാർഡിലും സന്നദ്ധ സംഘടനകൾ രൂപീകരിക്കുന്നത് ഏറെ നന്നായിരിക്കും. അതാത് വാർഡുകളിലെ റോഡുകളുടെയും ഓടകളുടെയും അറ്റകുറ്റപ്പണികൾ അതാത് സ്ഥലത്തെ താമസക്കാർ തന്നെ ശ്രമദാനത്തിലൂടെ നിർവ്വഹിക്കാനുള്ള ഒരു സമർപ്പണബോധം ജനങ്ങളിൽ വളർത്തിയെടുക്കണം.

3. ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ വിഭവസമാഹരണം

ജനങ്ങളിൽ നിന്നും ഓരോ ആവശ്യത്തിനും നിശ്ചിത തുകകൾ പിരിച്ചെടുത്ത് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുക അപ്രായോഗികമാണ്. അതിനാൽ ജനങ്ങളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുകയും അവരെക്കൊണ്ട് ദേശീയ സമ്പാദ്യ പദ്ധതിയിൽ ചേരുന്നതിനും ഇന്ദിരാ വികാസ് പത്രിക തുടങ്ങിയവ വാങ്ങിക്കുന്നതിന് പ്രേരിപ്പിക്കുകയും അതുവഴി ലഭിക്കുന്ന വിഭവം പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് വിനിയോഗിക്കുകയും ചെയ്യുക. ഇതിലേക്കാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

4. വൈദ്യുതിചെലവ്

പഞ്ചായത്തിൽ നിന്നും തെരുവു വിളക്കുകൾക്കായി മാസം തോറും വൈദ്യുതി ബോർഡിന് 22188 രൂപ നൽകി വരുന്നു. എന്നാൽ ഈ തുക ഉപയോഗിക്കുന്ന വൈദ്യുതിയുടെ കണക്കെടുത്ത ശേഷമല്ല നൽകുന്നത്. ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് തിട്ടപ്പെടുത്തി അതിന് മാത്രം ചാർജ്ജ് കൊടുക്കുന്നതിനുള്ള ഒരു ശാസ്ത്രീയ സംവിധാനം ഉണ്ടായാൽ പഞ്ചായത്തിന് ഒരു വലിയ തുക ലാഭിക്കാവുന്നതാണ്. പ്രസ്തുത തുക പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് ഉപയോഗിക്കാവുന്നതാണ്.

5. എസ്റ്റാബ്ലിഷ്മെന്റ് ചെലവ്

ആവശ്യമില്ലാത്ത തസ്തികകൾ സൃഷ്ടിക്കാതിരിക്കുക, ആഫിസ് ചെലവുകൾ പരമാവധി കുറയ്ക്കുക, ഫോൺ ബില്ലുകൾ, ആവർത്തന ചെലവുകൾ പരമാവധി കുറയ്ക്കുക, ജീപ്പ് തുടങ്ങിയ വാഹനങ്ങൾ കഴിവതും വാങ്ങാതിരിക്കുക.

6. നികുതികൾ-ഫീസുകൾ

വിനോദനികുതി പരമാവധി പിരിച്ചെടുക്കുക. ഈ കാര്യത്തിൽ ഇളവുകൾ പരമാവധി അനുവദിക്കാതിരിക്കുക, ചെറുകിട കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീ യഥാസമയം ഈടാക്കുക, നിലവിലുള്ള ലൈസൻസ് ഫീസുകളും മറ്റും പഠിച്ച് പുനർ നിർണ്ണയം ചെയ്യുക.

7. കമ്മ്യൂണിറ്റി ഹാൾ

പഞ്ചായത്തിന്റെ വകയായി വലിയ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് അടിയന്തിരങ്ങൾക്കും മറ്റും വാടകയ്ക്ക് നൽകിയാൽ അതിൽ നിന്നും ലഭിക്കുന്ന ആദായം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് സഹായകമായിരിക്കും.

8. വിദേശ മലയാളികൾ

ഗൾഫ്, അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിൽ ഏകദേശം ആറായിരത്തോളം വ്യക്തികൾ ഈ പഞ്ചായത്തിൽ നിന്നും ജോലി ചെയ്ത് വരുന്നുണ്ട്. നാടിന്റെ വികസനപ്രവർത്തനത്തിന് ഉദാരമതികളായ വിദേശത്തുള്ള നമ്മുടെ സഹോദരങ്ങളിൽ നിന്ന് ധനം സമാഹരിക്കാവുന്നതാണ്. ഒപ്പം അവരുടെ ക്ഷേമത്തിനായി ചില കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നത് അവരുടെ പൂർണ്ണമായ സഹായം ലഭിക്കുന്നതിന് സഹായകരമായിരിക്കും.

ചുരുക്കത്തിൽ ജനകീയാസൂത്രണത്തിന്റെ വിജയം ജനപങ്കാളിത്തമാണല്ലോ. വിഭവസമാഹരണത്തിന്റെ കാര്യത്തിലും മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ മുഴുവൻ പങ്കാളിത്തവും ലഭ്യമാക്കുവാൻ കഴിയുമെന്ന പ്രത്യാശയോടെ നമുക്ക് മുന്നോട്ട് പോകാം.

വരുമാനം

തൊഴിൽ നികുതി	-	252520.00
കെട്ടിട നികുതി	-	552370.10
വിനോദ നികുതി	-	43072.70
നികുതിയേതര വരുമാനം	-	35985.00
സംസ്ഥാന നികുതി വിഹിതം	-	274140.00
ഗ്രാന്റുകൾ	-	73485.00

ചെലവ്

എസ്റ്റാബ്ലിഷ്മെന്റ്	-	674226.00
പൊതുമരാമത്ത് വകുപ്പ്	-	525822.00
മറ്റ് വികസനച്ചെലവുകൾ	-	265524.00
	-	390453.00

ഒരു തിരിഞ്ഞുനോട്ടം

1995 സെപ്തംബർ 30-ാം തീയതിയാണ് മയ്യനാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നത്. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ലളിതമായ ചടങ്ങായിരുന്നു സത്യ പ്രതിജ്ഞാകർമ്മം. പഞ്ചായത്തിന്റെ പുരോഗതിക്കുവേണ്ടി ഒത്തൊരുമയോടെ പ്രവർത്തിക്കുമെന്ന് 14 അംഗങ്ങളും ഐകകണ്ഠ്യേന സമ്മതിച്ചു.

വ്യാവസായികമായി മയ്യനാട് ഗ്രാമപഞ്ചാത്ത് വളരെ പിന്നോക്കമാണ്. വീട്ടുകരം, തൊഴിൽക്കരം, വിനോദനികുതി, ചന്തലേലം, ഇറച്ചി ലേലം, ഷോപ്പിംഗ കോംപ്ലെക്സ് വാടക തുടങ്ങിയവ മാത്ര മാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ.

R.D.B. യിൽ നിന്നും ലോൺ എടുത്ത് സ്ഥാപിച്ചതാണ് ഷോപ്പിംഗ് കോംപ്ലെക്സ്. ആണ്ടിൽ മൂന്നുലക്ഷം രൂപവീതം ലോൺ തിരിച്ചടച്ചുകൊണ്ടിരിക്കുന്നു. 1999 മേയ് മാസം വരെ കടം അടച്ചു തീർക്കേണ്ടതായുണ്ട്. അത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

ഈ പഞ്ചായത്തിന്റെ മിക്കവാർഡുകളിലും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. അതിന് പരിഹാരം കാണാൻ പത്തായക്കോടിയിൽ ഒരു കുഴൽക്കിണർ പുതിയ ഭരണസമിതിയുടെ കാലത്ത് സ്ഥാപിച്ചു. പൈപ്പുലൈൻ നീട്ടി. പുല്ലിച്ചിറ ടാങ്കിനോട് ചേർന്ന് പുതിയ കുഴൽക്കിണർ സ്ഥാപിച്ചു. പീറ്റികമുക്കിലും പുല്ലാംകുഴിയിലും പുതിയ കുഴൽകിണർ ഉണ്ടാക്കാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ പഞ്ചായത്തിലെ പൊതുക്കിണറുകൾ ആഴം കൂട്ടിയും മെയിന്റ നൻസ് നടത്തിയും ഉപയോഗയോഗ്യമാക്കി.

മയ്യനാട് പഞ്ചായത്തിന്റെ തീരാദുഃഖമായ ശുദ്ധജലക്ഷാമം ശാശ്വമായി പരിഹരിക്കുന്നതിന് കൊട്ടിയം ചൂരൽപ്പൊയ്കയിൽ ഒരു ഓപ്പൺവെല്ലും ഓവർഹെഡ്ടാങ്കും സ്ഥാപിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകി.

J.R.Y., I.A.Y., മില്യൺ വെൽ സ്ക്കീം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ദുർബലവിഭാഗ ത്തിൽപ്പെട്ടവർക്കും പട്ടികജാതിക്കാർക്കും നൂറിൽ പരം വീടുകൾ നൽകി. പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിർദ്ധനർക്ക് 20 കക്കൂസുകൾ നൽകി. കൂടാതെ നിർദ്ധനരായ കുടും ബങ്ങൾക്ക് ഓലമേച്ചിലിനുവേണ്ടി 28000 രൂപ പഞ്ചായത്ത് സമിതി അനുവദിച്ച് നൽകി.

വിദ്യാഭ്യാസ കാര്യങ്ങളിലും ഭരണസമിതി ശ്രദ്ധപതിഷ്പിച്ചിട്ടുണ്ട്. 1994-95, 95-96 എന്നീ വർഷങ്ങളിൽ മയ്യനാട് ഗ്രാമപഞ്ചായത്തിലെ ഹൈസ്ക്കൂളുകളിൽ നിന്നും S.S.L.C. പരീക്ഷകളിൽ ഉന്നതവിജയം നേടി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ജനറൽ വിഭാഗത്തിലും S.C. വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകി അനുമോദിച്ചു. 95-96 വർഷത്തിൽ കേരളയൂണിവേഴ്സിറ്റി നടത്തിയ B.A. ലിറ്ററേച്ചർ പരീക്ഷയിൽ റാങ്കുനേടിയ കുമാരി സോണി സുധീറിനെ ക്യാഷ് അവാർഡ് നൽകിയും കുഷ്ഠരോഗികൾക്ക് പ്രയോജനപ്രദമായ `ഇലക്ട്രോ ന്യൂറോഗ്രാഫ്' കണ്ടുപിടിച്ച മയ്യനാട് സ്വദേശിയും T.K.M. എഞ്ചിനീയറിംഗ് കോളേജ് അധ്യാപകനുമായ സജിത്ത് വിജയരാഘവന് പ്രോത്സാഹനസമ്മാനം നൽകിയും കമ്മിറ്റി ആദരിച്ചു. നമ്മുടെ പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം ആസ്പദമാക്കി ജനകീയാസൂത്രണ ക്വിസ്സ് മത്സരം ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് ഹാളിൽ വച്ച് നടത്തി.

ഫോറം ഫോർ സോഷ്യൽ ജസ്റ്റസിന്റെ ആഭിമുഖ്യത്തിലുള്ള സഞ്ചരിക്കുന്ന നിയമസഹായ ക്ലിനിക്ക് മയ്യനാട് ഗ്രാമപഞ്ചായത്തിൽ സിറ്റിംഗ് നടത്തി പൊതുജനങ്ങൾക്ക് നിയമ പ്രശ്നങ്ങളിൽ സൗജന്യനിയമോപദേശം നൽകുകയും വിവിധ നിയമങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ സൗജന്യമായി വിതരണം ചെയ്യുകയും "സ്ത്രീകളും സ്ത്രീപീഡനവും" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുക്കുകയും ചെയ്തു.

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത്പ്രദേശത്തുള്ള ഏറ്റവും നല്ല 10 കർഷകരെ പഞ്ചായത്ത് ഹാളിൽ ക്ഷണിച്ചുവരുത്തി ആദരിച്ചു. സ്ക്കൂളിൽ പച്ചക്കറി കൃഷി നടത്തിയ വിദ്യാർത്ഥികളിൽ ഏറ്റവും നന്നായി കൃഷി ചെയ്തവരെ കണ്ടെത്തി സമ്മാനം നൽകി. എല്ലാവീടുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിന് ജനങ്ങളെ പ്രോത്സാഹിഷ്പിക്കുന്ന പരിപാടികൾ തുടങ്ങി.

മയ്യനാട് ഗ്രാമപഞ്ചായത്തിലെ SC/ST വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പടെ എല്ലാ വിഭാഗം ജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനും SC/ST വിഭാഗത്തെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും നടുവിലക്കര കുന്നുവിള കാഷ്യൂഫാക്ടറിയിൽ വച്ച് പഞ്ചായത്ത് സമിതിയുടെ സാന്നിധ്യത്തിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണവും സൗജന്യഹോമിയോ മെഡിക്കൽ ക്യാമ്പും നടത്തി. തദവസരത്തിൽ അഡ്വ: ഹാരിസ് നിയമസഹായപദ്ധതികളെക്കുറിച്ച് വിശദീകരണം നടത്തി.

ആരോഗ്യരംഗത്തും ഭരണസമിതി പ്രത്യേക താല്പര്യം കാണിച്ചിട്ടുണ്ട്. മയ്യനാട് ശ്രീ.സി. കേശവൻ മെമ്മോറിയൽ ആശുപത്രിയ്ക്ക് ഒരു മോട്ടോർ വാങ്ങി നൽകി. ആശുപത്രിയിലെ മറ്റുസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനപ്രതിനിധികൾ സ്വന്തമായും പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ ശേഖരിച്ചും ആശുപത്രി അധികൃതരെ ഏല്പിച്ചു.

മയ്യനാട് പഞ്ചായത്തിന് അനുവദിച്ച പുതിയ മൃഗാശുപത്രി ഈ സമിതിയുടെ കാലത്താണ് പ്രവർത്തനം തുടങ്ങിയത്.

പഞ്ചായത്തിലെ ധവളക്കുഴിയിൽ ഉള്ള `ചൈൽഡ് ക്രഷ്' ഒരു പുതിയ വാടകെട്ടിടത്തിലേയ്ക്ക് മാറ്റി കുഞ്ഞുങ്ങളുടെ കളിയ്ക്കും പഠിത്തത്തിനും കൂടുതൽ സൗകര്യം നൽകി.

ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡുകളുടെ പണിയ്ക്കുവേണ്ടി 2,86,000 രൂപ united fund-ൽ നിന്നും ചെലവാക്കിയിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്കായി 53,500 രൂപ ചെലവായി. മുക്കുളം ജംഗ്ഷൻ മുതൽ കലുങ്കുമുക്കുവരെയുള്ള റോഡിന് 2,75000 രൂപയുടെ പണിനടന്നുവരുന്നു. മറ്റ് രണ്ട് റോഡുകൾക്ക് 1,32,000 രൂപയ്ക്കുള്ള ഭരണാനുമതി കിട്ടിയിട്ടുണ്ട്. ഉടൻ പണി തുടങ്ങും.

പുനരർപ്പണദിനമായ നവംബർ ഒന്നിന് മയ്യനാട് പഞ്ചായത്തിലെ XII-ാം വാർഡിൽ 700 മീറ്റർ നീളത്തിൽ ഒരു റോഡ് പുതുതായി നിർമ്മിച്ചു. പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒരു പൈസ പോലും ചെലവഴിക്കാതെ ആസ്ഥലത്തെ വാർഡുമെമ്പറും ഗുണഭോക്താക്കളും ചേർന്നാണ് മേൽപ്പറഞ്ഞ റോഡുനിർമ്മിച്ചത്. III-ാം വാർഡിൽ കാക്കോട്ടുമൂലയിൽ പഞ്ചായത്തുവക സ്റ്റേഡിയത്തിന് സമീപമുള്ള ഓട മണ്ണുമൂടി ക്കിടന്നിരുന്നത് ആ സ്ഥാലത്തെ സന്നദ്ധപ്രവർത്തകർ വൃത്തിയാക്കി വെള്ളം തടസ്സമില്ലാതെ ഒഴുകുന്നതിന് വഴിയൊരുക്കി. ഇത്തരം പ്രവർത്തനങ്ങൾ അർപ്പണബോധത്തോടെ ചെയ്യുവാൻ കഴിയുന്നവർ മയ്യനാട് ഗ്രാമപഞ്ചായത്തിലുണ്ട് എന്നത് ഭരണസമിതിക്ക് കൂടുതൽ ഉത്സാഹവും കരുത്തും നൽകുന്നു.

ദുർബലവിഭാഗത്തിൽപ്പെട്ടവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം മറ്റുള്ളവരുടെയും സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി ബഹുജനസഹകരണത്തോടെ ആത്മാർത്ഥമായി പ്രവർത്തിക്കുക എന്ന ശൈലിയാണ് ഭരണസമിതി സ്വീകരിക്കുന്നത്. സേവന മനസ്ഥിതിയോടെ പെരുമാറുന്ന സന്നദ്ധ പ്രവർത്തകർ ഭരണസമിതി അംഗങ്ങൾക്ക് ശുഭ പ്രതീക്ഷ നൽകുന്നു.

വികസനപ്രവർത്തനങ്ങൾക്ക് ഒരു സമാപനം ഇല്ല. അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ ആണ്. ഈ വികസന രേഖ തയ്യാറാക്കുന്നതിന് ആത്മാർത്ഥമായി സഹകരിച്ച എല്ലാവർക്കും പഞ്ചായത്ത് കമ്മിറ്റിയുടെ കൃതജ്ഞത രേഖപ്പെടുത്തുന്നു

കമ്മിറ്റിക്കുവേണ്ടി

G. രുഗ്മിണി
പ്രസിഡന്റ്.

1996 ഡിസംബർ 9, 10 തീയതികളിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്ത് അംഗീകരിച്ച വികസന രേഖ.

നമസ്തേ

വികസന രേഖ തയ്യാറാക്കിയ റിസോഴ്സ് ഗ്രൂപ്പ്

ആമുഖം :
ചെയർമാൻ – A. സൈനുദ്ദീൻ
കൺവീനർ – M. പ്രഭാകരൻ തമ്പി
A. യഹിയ

ഭൂപ്രകൃതി, ജലപ്രകൃതിയും :
സജി കൃഷ്ണൻ – എർത്ത് സയന്റിസ്റ്റ്, തിരുവനന്തപുരം.

കൃഷിയും ജലസേചനവും :
ചെയർമാൻ – T.K. രഘു
കൺവീനർ – K. രാമചന്ദ്രൻ പിള്ള
S. രാജൻ
K. പവിത്രൻ
N. രാജൻ
M. ബദറുദ്ദീൻ
N. ലക്ഷ്മണൻ
J. ജനാർദ്ദനൻ പിള്ള
T. കുഞ്ഞച്ചൻ

മൃഗസംരക്ഷണവും മത്സ്യബന്ധനവും :
ചെയർമാൻ – C. രാധാകൃഷ്ണൻ
കൺവീനർ – A. കാസിംപിള്ള
A. കുമാരദാസ്
– Dr. ലതാകുമാരി (വെറ്റിനറി സർജൻ)
– Dr. C. ശംഭു (അസ്സി: സയന്റിസ്റ്റ് അക്വാട്ടിക് ബയോളജി)

വിദ്യാഭ്യാസം :
ചെയർമാൻ – K. ഇന്ദിരക്കുട്ടി
കൺവീനർ – M. സോമൻ
– K. മുത്തുകുമാരൻ
– പ്രൊഫ: തോമസ്സ് വർഗ്ഗീസ്
– E. സോമൻ
– ഭാസ്ക്കരപിള്ള

ആരോഗ്യം :
ചെയർമാൻ – J. ഷാഹിദ
കൺവീനർ – V. യശോധരനുണ്ണി
– K. സുഗതൻ
– S. ദിവാകരൻ

വ്യവസായം :
ചെയർമാൻ – G. സരോജിനി അമ്മ
കൺവീനർ – N. ചന്ദ്രബാബു
– ബാലേന്ദ്രൻ
— M. മോഹനൻ പിള്ള
— R. സുനിൽ

റോഡുകൾ – ഊർജ്ജം :
ചെയർമാൻ – S. വിപിനചന്ദ്രൻ
കൺവീനർ – K. ദേവദാസ്
R. ചന്ദ്രദത്തൻ, K. ധർമ്മദൻ, K. പ്രസാദ്

ഭവനനിർമ്മാണം :
ചെയർമാൻ – ഡൊണാൾഡ് ക്രിസോസ്റ്റം
കൺവീനർ – K. നാസ്സർ
N. ഗോപാലകൃഷ്ണപിള്ള, മോഹൻദാസ്

സംസ്ക്കാരം :
ചെയർമാൻ – A. ഹനീഫാകുഞ്ഞ്
കൺവീനർ – J. രാജു

വനിത :
ചെയർമാൻ – G. ഓമന
കൺവീനർ – A.K. ജയശ്രീ
V.S. ഇന്ദിരാദേവി, കുമാരി ചിത്രാ ഗോവിന്ദ്, K. ലീല ക്കുട്ടി, ബേബി സുദേവൻ, ത്രേസ്യാമ്മ, L. ചന്ദ്രാനന, സുശീലാ ഈപ്പൻ, സി. സരസ്വതി അമ്മ, നിർമ്മല, പി. ദേവകി. എം. യമുന, കെ. കൊച്ചനിയൻപിള്ള, ഉഷ.

സഹകരണം :
ചെയർമാൻ – എം. ഷാജഹാൻ
കൺവീനർ – A. മാധവൻപിള്ള
എം. മധുസൂദനൻ പിള്ള, എച്ച്.എ. മജീദ്. ആർ. രഘുനാഥൻ, എസ്. കുഞ്ഞുകൃഷ്ണപിള്ള

പട്ടികജാതി – പട്ടിക വർഗ്ഗം :
ചെയർമാൻ – M. നകുലൻ
കൺവീനർ – N. കൃഷ്ണൻ കുട്ടി
കെ. നടരാജൻ, കെ. വ്യാസൻ, ആർ. രാജൻ

വിഭവസമാഹരണം :
ചെയർമാൻ – ജനോവാ ലോറൻസ്
കൺവീനർ – B. ഡിക്സൻ
ജോബായ്

കർമ്മപാതയിൽ ഒത്തൊരുമിച്ച്

monarch, svks. ph. 04562-20601